KOTTAYAM PUBLIC LIBRARY

Call No M 294.5 Acc. No 77778

Author ഗോവിന്ദ മേനോൻ

Title ശബരിഗിരിവാസൻ

1048

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

ശ്രീ

# ശബരിഗിരീവാസൻ

ഗ്രന്ഥകൎത്താ:

ഭക്തദാസാനുദാസൻ

**തച്ചപ്പിള്ളി ഗോവിന്ദമേനോൻ**, ചൊവ്വര

KOTTAYAM PUBLIC LIBRARY
77778
KOTTAYAM.

പ്രസാധകർ:—

**ശാന്താ ബുക്ക് സ്റ്റാൾ, ഗുരുവായൂർ.**

NATIONAL BOOK STALL LTD. BR. KOTTAYAM

വില:— 1ക. 25ന.പ.

കോപ്പീറൈററ്, പ്രസാധകക്ക്.

ഒന്നാംപതിപ്പ്:—

കോപ്പി:— 1000

1138/1962.

വൃശ്ചികം / നവമ്പർ.

സർവ്വാവകാശവും പ്രസാധകന്ന്.

അച്ചടി:—

മാതാപിതാ പ്രസ്സ്, ഗുരുവായൂർ.

# വിഷയവിവരം

## സമർപ്പണം

* * *


1 ശബരി ഗിരീശോപാഖ്യാനം വിസ്തരിച്ചു പറയുന്നതിനായി ശൌനകാദി മഹർഷികൾ സൂതനോടപേക്ഷിക്കുന്നതു്.

2 മഹിഷാസുരവധം.

3 മഹിഷി തപസ്സുചെയ്തു് ബ്രഹ്മാവിനെപ്രത്യക്ഷപ്പെടുത്തിവരത്തെ വാങ്ങുന്നതു്.

4 മഹിഷിയുടെ പൂവ്വൃത്താന്തം.

5 ദത്തന്റെ വാനപ്രസ്ഥയാത്രയും, ലീലയുടെ നിരോധനവും.

6 ദത്തന്റെ തത്വോപദേശം. 11

7 ലീലയുടെ ദുശ്ശാഠ്യവും ശാപവും.

8 വരബലത്താൽ മഹിഷി ദേവലോകം പ്രാപിക്കുന്നതു്.

9 ദേവന്മാർ ദേവഗുരുവിനോടൊരുമിച്ചു് സത്യലോകത്തിൽ ചെന്നു് വിധിയെക്കണ്ടു് സങ്കടമുണർത്തിക്കുന്നതു്.

10 മഹാവിഷ്ണു സുന്ദരമഹിഷത്തെ ദേവലോകത്തേക്കയക്കുന്നതു്.

11 സുന്ദരമഹിഷത്തെക്കണ്ട മഹിഷി സ്വർഗ്ഗലോകം വെടിഞ്ഞു സുന്ദരമഹിഷവുമായി വനവാസത്തിനു പോകുന്നതു്.

12 നാരദദേവേന്ദ്ര സന്ദർശനം. 17

13 നാരദദേവേന്ദ്ര സംവാദം.

| | | |
|---|---|---|
| 14 | ദേവേന്ദ്രൻ പർവ്വതപക്ഷങ്ങളെ ഛേദിക്കുന്നതു്. | 18 |
| 15 | ദേവഗുരുവും ദേവേന്ദ്രനുമായുള്ള സംഭാഷണം | |
| 16 | ദുർവ്വാസാവു് ദേവേന്ദ്രനു് ഒരു ദിവ്യ മാല്യത്തെ സമ്മാനിക്കുന്നതു്. | |
| 17 | മാലയുടെ നാശത്താൽ ദുർവ്വാസാവിൻെറ ശാപം. | 22 |
| 18 | ദേവേന്ദ്രനോടു് ദേവഗുരുവിൻെറ ഉപദേശം. | |
| 19 | ശാപമോചനത്തിനു ബ്രഹ്മാദിമൂർത്തികളുടെ ആലോചന. | |
| 20 | പാലാഴി മഥനം. | 25 |
| 21 | അമൃതകുംഭോത്ഭവവും അസുരന്മാരുടെ അപഹരണവും. | |
| 22 | ദേവാസുരയുദ്ധം. | 27 |
| 23 | മഹാവിഷ്ണു മോഹിനീവേഷം ധരിച്ചുചെന്നു് അസുരന്മാരെ വശീകരിക്കുന്നതു്. | |
| 24 | അസുരന്മാരും മോഹിനിയുമായുള്ള സംഭാഷണം. | |
| 25 | മോഹിനി അസുരന്മാരെ മയക്കി അമൃതകുംഭം കൈക്കലാക്കി ദേവന്മാർക്കു കൊടുത്തു് അവരുടെ ജരാനര ശമിപ്പിക്കുന്നതു്. | |
| 26 | അസുരന്മാരുടെ നിരാശ. | |
| 27 | മോഹിനീരൂപം കാണ്മാൻ ശങ്കരൻ ആഗ്രഹിക്കുന്നതു്. | |
| 28 | മായാവൈഭവത്താലുണ്ടായ മഹനീയോദ്യാനം. | |
| 29 | മായാമോഹിനീ രൂപവർണ്ണന. | |
| 30 | ശിവൻ മോഹിനിയെ പരിഗ്രഹിക്കുന്നതു്. | 36 |
| 31 | ഹരിഹരാത്മജാവതാരം | |
| 32 | ഹരിഹരാത്മജവർണ്ണന. | |
| 33 | ഓരോരുത്തരുടേയും സാഷ്ടാംഗപ്രണാമം. | 38 |
| 34 | ഹരിഹരാത്മജൻെറ അവതാരസമയം. | 39 |
| 35 | ഹരിഹരാത്മജൻെറ തിരുനാമങ്ങൾ. | |

36 മഹാവിഷ്ണു മോഹിനീപുത്രനെ ഉപദേശിക്കുന്നതു്. 40
37 ഹരിഹരാത്മജൻെറ കൈലാസയാത്ര.
38 പിതാവിൻെറ ഉപദേശം.
39 ഹരിഹരപുത്രൻെറ പമ്പാതീരവാസം 42
40 വിജയ ബ്രാഹ്മണൻെറ കഥ
41 ശബരിയെ ദർശിക്കുന്നതിനു് ബ്രാഹ്മണൻെറ യാത്ര
42 ശബരിയുടെ ഉപദേശം 45
43 തീർത്ഥമാഹാത്മ്യവും ബ്രാഹ്മണൻെറ പാപമോചനവും
44 ശ്രീഭൂതനാഥദർശനം
45 കലികാലവിശേഷങ്ങൾ 49
46 വിശ്വരൂപദർശനം 53
47 പാണ്ഡ്യവംശജനായ രാജശേഖരൻെറ ജീവിതഗതി
48 രാജശേഖരനും മന്ത്രിയും
49 രാജാവു് മണികണ്ഠനെക്കാണുന്നതു് 59
50 മണികണ്ഠൻെറ പന്തളവാസം
51 വിദ്യാഭ്യാസപൂർത്തിയും ഗുരുദക്ഷിണയും
52 രാജാവിനു് അനന്തരസന്താനലാഭം 63
53 മണികണ്ഠനെ രാജാവാക്കുന്നതിനുള്ള ആലോചന.
54 മന്ത്രിയുടെ ചിന്താഗതിയും നീചകർമ്മങ്ങളും 64
55 സന്യാസിയുടെ ആഗമനവും രോഗശമനവും
56 നിരാശനായ മന്ത്രിയുടെ രണ്ടാമത്തെ ചതിപ്രയോഗം
57 മന്ത്രിയുടെ മൂന്നാമത്തെ ചതിപ്രയോഗം
58 രാജ്ഞിയുടെ തലവേദനയും വൈദ്യന്മാരുടെ ചികിത്സാവിധിയും
59 രാജാവിൻെറ ആത്മഗതം 72

| | | |
|---|---|---|
| 60 | മണികണ്ഠന്റെ സാന്ത്വനവാക്കുകൾ | 72 |
| 61 | പുല്പ്പാലിനായി മണികണ്ഠൻ കാട്ടിലേയ്ക്കു് പോകുന്നതു് | |
| 62 | മണികണ്ഠന്റെ പൊന്നമ്പലവാസം | |
| 63 | മഹിഷീ മർദ്ദനവും ശാപമോക്ഷവും | 76 |
| 64 | ശാപവിമുക്തയായ മഹിഷിയുടെ സ്തുതി | |
| 65 | മഞ്ചമാതാസ്ഥാനം | 81 |
| 66 | മണികണ്ഠനോടു് ഹരിഹരന്മാരുടെ ഉപദേശം | |
| 67 | കല്ലിടും കുന്നു് | |
| 68 | മണികണ്ഠൻ പുലിപ്പുറത്തുകേറി പുലിക്കുട്ടികളുമായി പന്തളത്തേയ്ക്കു പോകുന്നതു്. | |
| 69 | പന്തളേശന്റെ അപേക്ഷ | 85 |
| 70 | അഗസ്ത്യമഹർഷിയുടെ ആഗമനം | |
| 71 | രാജാവു് മണികണ്ഠനെ സ്തുതിക്കുന്നതു് - | |
| 72 | പുലികളുടെ അന്തർദ്ധാനവും മണികണ്ഠോപദേശവും | |
| 73 | രാജ്ഞിയുടേയും മന്ത്രിയുടേയും സങ്കടാവസ്ഥ | |
| 74 | ശ്രീഭൂതനാഥഗീത | 91 |
| 75 | ഗീതാമാഹാത്മ്യം | |
| 76 | ശ്രീഭൂതനാഥനോടു് രാജാവു് തന്റെ സങ്കടം ഉണർത്തിക്കുന്നതു് | |
| 77 | എന്റെ ഭക്തന്മാർ ആചരിക്കേണ്ടതു് | 114 |
| 78 | കർമ്മകാണ്ഡോപദേശം | |
| 79 | പൂജാവിധാനം | |
| 80 | ലഘുപൂജാവിധി | 129 |
| 81 | ക്ഷേത്രനിർമ്മാണത്തിനുള്ള യാത്ര | |
| 82 | ശ്രീഭൂതനാഥദർശനവും ക്ഷുരികായുധവും | 135 |
| 83 | ദേവേന്ദ്രനും രാജാവും തമ്മിലുള്ള യുദ്ധം | 142 |

84 പന്തളരാജാവു് ഇന്ദ്രനു അഭയം കൊടുക്കുന്നതു്
85 ക്ഷേത്രനിമ്മാണം 145
86 ഭാഗ്ഗവരാമന്റെ ആഗമനവും മഷിനോട്ടവും
87 ക്ഷേത്രസ്ഥാനനിണ്ണയം
88 അശരീരിവാക്യം 148
89 വിഗ്രഹനിമ്മാണവും പ്രതിഷ്ഠയും
90 രാജാവു് പരിവാരസമേതം പന്തളത്തേയ്ക്കു് പുറപ്പെടുന്നതു്
91 ശ്രീഭൂതനാഥ ഭജന മാഹാത്മ്യം 153

# സമർപ്പണം

അഖിലാണ്ഡകോടിബ്രഹ്മാണ്ഡനായകനായി ഹരിഹരപുത്രനായി ശബരിമലയിൽ അധിവസിക്കുന്ന ശ്രീ അയ്യപ്പസ്വാമിയെ ദർശനം ചെയ്യുന്നതിനായി വ്രതമെടുത്തു ശബരിമലക്കുപോകുന്ന സ്വാമിഭക്തന്മാരുടെ സംഖ്യ ഓരോ കൊല്ലം കഴിയുന്തോറും വർദ്ധിച്ചു കൊണ്ടാണിരിക്കുന്നതു് എന്നു നാം ഓരോരുത്തരും പ്രത്യക്ഷത്തിൽ മനസ്സിലാക്കിക്കൊണ്ടിരിക്കുന്ന തക്കമെററ ഒരു സംഗതിയാണു്.

ഇത്രയും സ്വാമിഭക്തന്മാരുടെ മുമ്പാകെ താഴെ പറയുന്ന പുസ്തകങ്ങൾ ഞങ്ങൾ സമപ്പിച്ചിട്ടുണ്ടു്.

സ്വാമി ദർശനത്തിന്നായി ശബരിമലക്കു പോകുമ്പോൾ അനുഷ്ഠിക്കേണ്ടതായ സകല കാര്യങ്ങളും മാർഗ്ഗമദ്ധ്യേ കാണുവാൻ കഴിയുന്ന മനോഹരവും അത്ഭുതകരവുമായദൃശ്യങ്ങളെക്കുറിച്ചുള്ള ഐതിഹ്യങ്ങളും സവിസ്തരമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്ന

1 **ശബരിമലയാത്ര**

അഥവാ

**അയ്യപ്പഭക്തന്മാരുടെ വ്രതാനുഷ്ഠാനപദ്ധതി**

*

അയ്യപ്പസ്വാമിയുടെ ജനനം മുതലുള്ളതായ ചരിത്രങ്ങൾ അടങ്ങുന്ന

2 **"അയ്യപ്പൻ പാട്ടുകൾ"**

ഒന്നും രണ്ടും ഭാഗങ്ങളായി വേർതിരിച്ചും അല്ലാതെയും

3 **അയ്യപ്പസ്വാമിസേവാമൃതം**

4 ശബരിമലപ്പൂങ്കാവനത്തിലെ അത്ഭുതബാലൻ

ഓം ശ്രീ ഭൂതനാഥായ നമഃ

## സമർപ്പണം

=========

ഭഗവാനേ! ഹരിഹരനന്ദനനായ് വിളങ്ങുന്ന
നിഗമാന്തതത്വവിത്താം ധർമ്മശാസ്താവേ!
സകലലോകവും തിങ്ങിലസിച്ചീടും പരമാത്മാ
സകലബ്രഹ്മമായ് ഭക്തരക്ഷയ്ക്കുവേണ്ടി
അവതാരമെടുത്തുള്ള സകലേശൻ ധർമ്മശാസ്താ
ഭവാമയം സത്വചിത്തർക്കണഞ്ഞീടാതെ
അവികല ഭാസ്സോടിന്നീശബരീഗിരീശനായി
ഭവ്യകം നീളെപ്പുരത്തിശ്ശോഭിച്ചുവാഴും
ധർമ്മശാസ്താവാകും ധർമ്മമൂർത്തിയെന്റെതാപഭാരം
കർമ്മദോഷമണയാതെ തീർക്കേണംവിഭോ!
ഭവത്തത്വം പലതായിപ്പറയുന്നിന്നറിഞ്ഞപോ—
ലിവ-നതുവഴിപോലെ തെററുപററാതെ
ചമയ്ക്കുവാൻ, ഭഗവാന്റെ പുരുകൃപലഭിക്കുവാൻ
നമസ്കാരപ്രാർത്ഥനകൾ ചെയ്തുകൊണ്ടമ്പിൽ
മാനസപുഷ്പങ്ങൾകൊണ്ടിങ്ങർച്ചനകൾ , ബഹുവിധം
ദീനതക്കൂടാതെചെയ്വൂ, നിർദ്ധനൻഞാനും
നിർദ്ധനത്വമൊഴിച്ചെന്റെചിത്തേ തത്വസാരങ്ങളെ
വർദ്ധിപ്പിച്ചു ദാരിദ്ര്യത്തെയകററിക്കൊണ്ടു്

ഭൂതേശന്റെ മഹിമകളറിഞ്ഞതമട്ടുരയ്ക്കുന്നു
പ്രീതിയോടെ ധർമ്മശാസ്താവനുഗ്രഹിയ്ക്കൂ!
സത്ബുദ്ധിയോടുകൂടിചമച്ചുള്ളീയുപാഖ്യാനം
ഭക്തിയോടെ ധർമ്മശാസ്താതൻ പാദപത്മേ
സമർപ്പിച്ചുവണങ്ങുന്നു മംഗളംകൈവന്നീടുവാൻ
നമസ്ക്കാരം ചെയ്യുന്നിവനയ്യപ്പസ്വാമി!

(ഗ്രന്ഥകർത്താ)

KOTTAYAM PUBLIC LIBRARY
KOTTAYAM

# ശ്രീ
# ശബരിഗിരിവാസചരിത്രം.

ഹരിഃ ശ്രീ ഗണപതയേ നമഃ അവിഘ്നമസ്തു

✶

**ഓം ശ്രീ ഹരിഹരപുത്രായനമഃ**

ശബരിഗിരിവാസചരിത്രം വിസ്തരിച്ചു പറയുന്നതിന്നായി
ശൌനകാദി മഹർഷിമാർ സൂതനോടു്
അപേക്ഷിക്കുന്നതു്.

★

ഭക്തിപരങ്ങളും തത്വപരങ്ങളുമായ നിരവധി പുരാണ കഥകളെ കേട്ടിട്ടും തൃപ്തരാകാത്ത ശൌനകാദിമഹഷിമാർ ഒരിക്കൽ നൈമിശാരണ്യത്തിൽ വച്ചു് ശുകബ്രഹ്മമഹഷിയുടെ ശിഷ്യനുംസവ്ശാസ്ത്രപാരംഗതനുമായ സൂതനോടു്—അല്ലയോ മഹാത്മാവേ! ഭവാന്റെ മാധുര്യമേറിയതും മനസ്സിനെ ആനന്ദാമൃതസാഗരത്തിൽ ആറാടിക്കുന്നതുമായ ഭക്തിപ്രഭാവവിശേഷങ്ങളെ വാക്ചാതുര്യത്തോടുകൂടി പറഞ്ഞുതന്നതിനെ ശ്രദ്ധിച്ചും ശ്രവിച്ചും ഞങ്ങൾ കൃതാത്ഥരായ്തീർന്നെങ്കിലും അതീതമാഹാത്മ്യങ്ങളരുളുന്ന

ശങ്കരനാരായണമൂർത്തിയുടെ മഹനീയവും വിശിഷ്ടവുമായ ചരിത്രത്തെക്കൂടി ഞങ്ങളെ കേൾപ്പിക്കുവാൻ ഭവാനുകാരുണ്യമുണ്ടാകണമെന്നപേക്ഷിച്ചു.

കലിമലധ്വംസകനായും സർവ്വഭൂതാശയനായും സകലലോകനിയന്താവായും ഭക്തജനാവലോകനനായും ഭക്തദാസനായുമിരിക്കുന്ന ആ—പുണ്യപ്രദൻെറ അതേ; ആ—ശ്രീഭൂതനാഥൻെറ പുണ്യകഥയെ ചുരുക്കമായി ഭാഗവതോത്തമനായ അങ്ങു ഒരിക്കൽ ഞങ്ങൾക്കു പറഞ്ഞുതരികയുണ്ടായി. എന്നാൽ ആ ധർമ്മശാസ്ത്രപുരാണം കേൾക്കുന്നതിനു ബദ്ധശ്രദ്ധരായികാത്തിരിക്കുന്ന ഞങ്ങൾക്കു ഒരിക്കൽ കൂടി വിസ്തരിച്ചു പറഞ്ഞുതരണം. അതിനുള്ള കഴിവു ഭവാനുള്ളതുപോലെ മററാക്കുമുണ്ടാകയുമില്ല.

ഭക്തവിത്തമന്മാരായി ശാന്തിനികേതനത്തിൽ തന്നെ അധിവാസമുറപ്പിച്ചിരിക്കുന്ന താപസന്മാരുടെ അപേക്ഷയേകേട്ടു്-സർവ്വജ്ഞനായ സൂതമാമുനി അവരെ നോക്കി പുഞ്ചിരിച്ചുകൊണ്ടു്—

അല്ലയോ മഹാതാപസന്മാരെ! നിങ്ങൾക്കു, ദിവ്യപ്രഭാവമിയലുന്നതും അത്യത്ഭുതകരമായിട്ടുള്ളതുമായ ശ്രീഭൂതനാഥൻെറ മഹത്ചരിതം കേൾക്കുവാൻ ആഗ്രഹം അങ്കുരിക്കുന്നതു്, ചിത്തശുദ്ധിയുടേയും പരമാത്മഭക്തിയുടേയും പാരമ്യതകൊണ്ടാണു്, താരകബ്രഹ്മമൂർത്തിയായ ആ—ധർമ്മശാസ്താവിൻെറ മഹനീയകഥാശ്രവണം കൊണ്ടുതന്നെ ഒരുവനു പരമപദം ലഭിക്കുമെന്നിരിക്കേ, മാഹാത്മ്യമേറിയതും തത്വജ്ഞാനപരങ്ങളുമായ പ്രണവാത്മകമൂർത്തിയുടെ

ഉപാഖ്യാനത്തെ ശ്രദ്ധിക്കുന്നവനും നിത്യപാഠമാക്കി ഉപജീവിക്കുന്നവനും പുരുഷാൎത്ഥസിദ്ധി, കൈവല്യപ്രാപ്തിതന്നെ സിദ്ധമാകുമെന്നു പറയുന്നതിൽ അത്ഭുതപ്പെടുവാൻ ഒട്ടും തന്നെ അവകാശമില്ല. അതുകൊണ്ടു—നിങ്ങളുടെ ആഗ്രഹപ്രകാരം പുണ്യപൂൎണ്ണമായ ശ്രീഭൂതനാഥചരിതത്തെ അല്ലെങ്കിൽ ശബരിഗിരീശനായി അധിവസിക്കുന്ന ധൎമ്മശാസ്താവിൻെറ ഉപാഖ്യാനത്തെ സാമാന്യമായി ഞാനറിഞ്ഞതുപോലെ നിങ്ങളോടു പറയാം. ഈ ചരിത്രം വ്യാസഭഗവാൻ ബ്രഹ്മാണ്ഡപുരാണത്തിൽ വിസ്തരിച്ചുപ്രതിപാദിച്ചിട്ടുള്ളതാണ്.

സൂതമാമുനിയുടെ പുഞ്ചിരിവചനങ്ങൾ കേട്ടു സന്തുഷ്ടരായിത്തീൎന്ന ശൌനകാദികൾ ആ—മഹത് ചരിതം കേൾക്കുന്നതിന് ഏകാഗ്രചിത്തന്മാരായിരുന്നു.

2 ശൌനകാദികളുടെ അപേക്ഷപ്രകാരം സൂതൻ ശബരിഗിരീശോപാഖ്യാനത്തെ വിസ്തരിച്ചു പറയുന്നത്.

## മഹിഷാസുരവധം

* * *

പണ്ട് കരംഭൻ എന്ന ദാനവേന്ദ്രന് മഹിഷമുഖത്തോടുകൂടിയും വീൎയ്യശൌൎയ്യപരാക്രമങ്ങളോടുകൂടിയും പുരുഷനു സമാനയായി ഒരു പുത്രിലോകകണ്ടകിയായിപ്പിറന്നു. അവളെ പരാക്രമിയായ മഹിഷി എന്നാണ് ദേവന്മാർ സംബോധന ചെയ്തിരുന്നതു്. അതുപോലെതന്നെ കരംഭൻെറ

ജ്യേഷ്ഠപുത്രനായി രംഭൻെറ പുത്രനായി മഹിഷമുഖത്തോടു കൂടി മഹിഷാസുരൻ എന്ന പേരോടുകൂടി ഒരുപുത്രനുണ്ടായി. ആ അസുരപ്രമാണിയായിത്തീൎന്ന മഹിഷാസുരൻ ലോകത്തെ അത്യധികം പീഡിപ്പിച്ചുകൊണ്ടാണ് വളൎന്നുവന്നത്. അവൻെറ ഉപദ്രവം നിമിത്തം ദേവാദികളും ദുഃഖിതരായിത്തീൎന്നു. ദേവന്മാരാകട്ടെ! മഹിഷാസുരൻെറ ഉപദ്രവങ്ങളെ സൃഷ്ടിസ്ഥിതി സംഹാരകൎത്താക്കളായ ത്രിമൂൎത്തികളെ അറിയിച്ചു. എന്നുമാത്രമല്ല തങ്ങൾക്ക നേരിട്ടിരിക്കുന്ന ആപത്തുകളേയും വിശദീകരിച്ചു. ദേവന്മാരുടെ സങ്കടങ്ങളറിഞ്ഞ ത്രിമൂൎത്തികൾ ദേവന്മാരോടുകൂടി മൂലകാരണമായി പ്രശോഭിക്കുന്ന പരംപൊരുളായ മഹാദേവിയെ വേദോക്തങ്ങളായ ദിവ്യസ്തോത്രങ്ങൾകൊണ്ടു സ്തുതിക്കുകയും,തത്സമയം സന്തോഷവിവശയായ ദേവി സംതൃപ്തയായി ലക്ഷ്മീദേവിയുടെ അവതാരമെടുത്തു മഹിഷാസുരവധത്തിനു് തയാറായിനിന്നു. അതിനുശേഷം ആ ദേവിയേ പോരാട്ടഹാസത്താൽ ജീവരാശികളെ വിറപ്പിച്ചു. ദേവിയുടെ ഭയങ്കരാട്ടഹാസം കേട്ടു ദൈത്യേന്ദ്രനായ മഹിഷാസുരനും കൂടി ഭയവിഹ്വലനായിത്തീൎന്നു. ആ—മഹാദേവി തന്നെ വധിപ്പാൻ പുറപ്പെട്ടുകയാണെന്നറിഞ്ഞ മഹിഷാസുരനും ഭയചകിതനായിത്തീരാതിരുന്നില്ല. എന്നാലും ആ—അസുരേശൻ യുദ്ധസന്നദ്ധനായിവന്നു് ദേവിയോടു അതിഭയങ്കരമായ യുദ്ധംചെയ്തു. അവൻെറ സേനാപതികളായ ദുൎദ്ധരൻ, ചിക്ഷുരൻ, ദുൎമ്മുഖൻ, ബാഷ്കലൻ താമ്രസാരൻ, ബിഡാലവദനൻ, മുതലായ ഒട്ടധികം സേനാപതികളേയും സൈന്യങ്ങളേയും ക്ഷണനേരംമാത്രം കൊണ്ടു

കൊന്നൊടുക്കിയശേഷം ദേവി പിന്നേയും ക്രോധതാമ്രാക്ഷ വദനയായിനിന്നു. മഹിഷാസുരനാകട്ടെ, പിന്നെയും സൈന്യങ്ങളെ ഒരുക്കി കോപശിഖാകാന്തിയോടുകൂടിയുദ്ധത്തിന്നൊരുമ്പെട്ടു. അത്യന്തം തേജസ്സിയല്ലുന്ന ദേവി മഹിഷാസുരനെക്കണ്ടിട്ട് കോപാതുരയായി അവൻെറ മായാപ്രയോഗത്തെ തെല്ലും വകവെക്കാതെ അവനോട്ട് നേരിട്ട് നിന്നു യുദ്ധംചെയ്തു. അവൻെറ സൈന്യബലത്തെ നിശ്ശേഷം തകൎത്തു അവനെ നാഗപാശത്താൽ ബന്ധിച്ചു ശിരച്ഛേദം ചെയ്തു. ദേവന്മാരുടെ ശത്രുവായ മഹിഷാസുരൻ മരിച്ച വിവരമറിഞ്ഞ് ദേവകൾദേവീമൂൎദ്ധനി പുഷ്പവഷം ചെയ്തു് ദുന്ദുഭിനാദം മുഴക്കി അനവരതം പുകഴ്ന്നു. ദേവാംഗനമാർ സംഗീത മധുരിമയോടുകൂടിയ ഗാനാലാപങ്ങളാൽ നൃത്തം ചെയ്തു. ഋഷിഗണം മഹിമാവിശേഷങ്ങളോടുകൂടിയ മഹൽസ്തോത്രങ്ങളാൽ ദേവിയെ വാഴ്ത്തി സ്തുതിച്ചു. മഹിഷാസുരനെകൊല്ലുവാൻ വേണ്ടി കൈക്കൊണ്ട ദേവിയുടെ ലക്ഷ്മ്യവതാരത്തെ എല്ലാവരും ശ്ലാഘിച്ച് ദേവിയെ പ്രത്യേകമായിസ്തുതിച്ചു. ലക്ഷ്മീദേവിക്ക് അതു കാരണം മഹിഷാസുരമൎദ്ദിനി എന്ന നാമവുമുണ്ടായി.

— ** —

## 3 — മഹിഷി തപസ്സുചെയ്തു് ബ്രഹ്മാവിനെ പ്രത്യക്ഷപ്പെടുത്തി വരത്തെവാങ്ങുന്നതു്.

മഹിഷീരൂപത്തോടുകൂടി ജാതയായ കരംഭപുത്രി സഹോദരൻെറ വേർപാടിനാൽ ദുഃഖിതയും കോപാക്രാന്തയുമായി ഭവിച്ചു ദേവന്മാരുടെ പ്രാൎത്ഥനയാൽ ദേവി ത

ൻെറ സഹോദരനെക്കൊന്നതു നിമിത്തം ദേവന്മാരോട്ട് പകരം ചോദിക്കാതിരിക്കയില്ലെന്നുറച്ച് ദേവന്മാരെ ജയിക്കുവാനും വേണ്ടിവന്നാൽ നശിപ്പിക്കുവാനും തക്കതായ വീയ്യശൌയ്യാദികളോടുകൂടി ശക്തിലഭിക്കുന്നതിനു വേണ്ടി അവരം ബ്രഹ്മാവിനെ ചിന്തിച്ച് അത്യുഗ്രമായി തപസ്സു ചെയ്തു. അതിഘോരമായ തപശ്ശക്തിയാൽ ബ്രഹ്മാവു് സന്തുഷ്ടനായി അവളുടെ മുൻപിൽ ആവിർഭവിച്ച് സങ്കടാവസ്ഥയെപ്പററി ചോദിച്ചു.

തപോവൈഭവത്താൽ പ്രത്യക്ഷപ്പെട്ട ബ്രഹ്മാവിൻെറ ചോദ്യം കേട്ട് സന്തുഷ്ടയായ മഹിഷി:—അല്ലയോ ഭഗവാനെ! ആദ്യമായി ഇവരംക്ക് ത്രൈലോക്യം മുഴുവനും കീഴടക്കുവാനുള്ള ശക്തിയെ തരുന്നതിനു് ദയവുണ്ടാകണം കൂടാതെ-എൻെറ രോമകൂപങ്ങളിൽനിന്നു് ഞാൻ വിചാരിക്കുന്ന സമയത്തു് എന്നെപ്പോലെയുള്ള രൂപങ്ങരം ഉത്ഭവിക്കുകയും വേണം. മൂന്നാമതായി—എനിക്ക് എപ്പോഴെങ്കിലും മരണമുണ്ടാകുമെങ്കിൽ—ആയതു്-ശങ്കരനാരായണന്മാരിൽ നിന്നു് ഒരു പുത്രനുണ്ടായി അവൻ പന്ത്രണ്ടുവഷക്കാലം ഒരു മനുഷ്യനു് ദാസനായി ഇരുന്നശേഷം അവനിൽനിന്നുമായിരിക്കണം മരണം സംഭവിക്കേണ്ടതു്. തദവസരം ഞാൻ ശാപമോക്ഷത്തിനഹയായി ഭവിക്കണം അല്ലാതെ മററൊരു കാരണവശാലും എനിക്കു മരണം സംഭവിച്ചു കൂടാ. ഈവിധകാര്യങ്ങരം സാധിക്കുന്നതിനു വേണ്ടി അവിടന്നു് വരം തന്നു് എന്നെ അനുഗ്രഹിക്കണമെന്നപേക്ഷിച്ചു.

മഹിഷിയുടെ അപേക്ഷപ്രകാരം തന്നെ വിധിയും വരങ്ങളെ കൊടുത്തു് അന്തർദ്ധാനം ചെയ്തു.

മഹിഷിയാകട്ടെ! താമസംവിനാ തൻെറ രോമകൂപങ്ങളിൽനിന്നും അനവധി മഹിഷിമാരെഉത്ഭവിപ്പിച്ച്അവരോടുകൂടി അവൾ അവിടെ നിന്നും വിരമിച്ചു.

കഥാശ്രവണത്തിൽ ശ്രദ്ധാലുക്കളായിരുന്ന ശൌനകാദികൾ ഇടയ്ക്കു്—മഹിഷിയുടെ പൂർവ്വവൃത്താന്തവും കൂടി പറഞ്ഞുതരണമെന്നു സൂതനോടഭ്യർത്ഥിച്ചതു കാരണം സൂതൻ മഹിഷിയുടെ പൂർവ്വവൃത്താന്തം്പറയുവാനാരംഭിച്ചു.

*

## 4 മഹിഷിയുടെ പൂർവ്വവൃത്താന്തം

മാമുനിവൃന്ദമേ! ആ—മഹിഷിയുടെ പൂർവ്വചരിത്രം അറിയേണ്ടതുതന്നെയാണു്. അതും പറയാം, കേൾക്കവിൻ!

പണ്ടു് ത്രിമൂർത്തികൾ മൂന്നുപേരും അത്രിക്കും അനസൂയക്കും പുത്രന്മാരായി ജനിക്കാമെന്നു സമ്മതിച്ചു് വരം കൊടുത്തിരുന്നു. അതനുസരിച്ചു് സത്വഗുണാവലംബനായ വിഷ്ണുമൂർത്തി മററു രണ്ടു പേരുടേയും അംശത്തോടുകൂടി അത്രിയുടേയും അനസൂയയുടേയും പുത്രനായി ദത്തൻ എന്നപേരോടുകൂടി അവതരിച്ചു. ഈ തത്വം അറിഞ്ഞു് ത്രിമൂർത്തികളുടെ ശക്തികളും അവരവരുടെ അംശത്താൽ ഒന്നായി ചേൎന്നു് ഗാലവൻ എന്ന തപോധനൻെറ പുത്രിയായി ലീലയെന്ന നാമത്തോടെ ഭൂജാതയായി അങ്ങിനെയിരിക്കെ; തത്വജ്ഞനായ ഗാലവമാമുനി പുത്രിയായ ലീ

ലയെ ആത്രേയനായ ദത്തന്ന് വിവാഹം ചെയ്തുകൊടുത്തു. ദത്തൻ യഥാവിധി ഗൃഹസ്ഥാശ്രമത്തെ സ്വീകരിക്കയും അനേകം ഹേഹയ രാജവംശത്തിലുള്ള ക്ഷത്രിയ രാജാക്കന്മാരേക്കൊണ്ട്, വിശേഷിച്ച് കാർത്തവീര്യാർജ്ജുനപ്രഭൃതികളേക്കൊണ്ട് ഏററിയ ധർമ്മകർമ്മങ്ങളും മഹായാഗ തപശ്ചര്യാദികളും അനുഷ്ഠിപ്പിച്ച് അവരെ വീര്യശൌര്യപരാക്രമികളാക്കിത്തീർക്കുകയും ചെയ്തു. ധർമ്മസംസ്ഥാപനം ചെയ്ത് അധർമ്മത്തെ ആട്ടിയകററി ആ — ആത്രേയൻ പല പല സൽക്കർമ്മ മാർഗ്ഗങ്ങളേയും ലോകത്തിന്ന് കാണിച്ചുകൊടുത്തു് മൂന്നാമത്തെ ആശ്രമമായ വാനപ്രസ്ഥത്തിന്ന് ഒരുങ്ങിയപ്പോഠം ഇഷ്ടപത്നിയായ ലീല ഭർത്താവിനെ തടഞ്ഞുനിർത്തി.

★

## 5 ദത്തൻെറ വാനപ്രസ്ഥയാത്രയും ലീലയുടെ നിരോധനവും

പ്രിയനാഥ! അങ്ങിപ്പോഠം വാനപ്രസ്ഥംപ്രവേശിച്ച് തപോവൃത്തിക്കൊരുങ്ങുന്നതു് ഒരിക്കലും ശരിയല്ല. എനിക്കുള്ള കാമാവേശത്തെ തീർക്കാതെ അങ്ങ് തപോവൃത്തിക്കു പോയാൽ എൻെറ അനന്തരഗതിയെന്താണ്? ഞാൻ അങ്ങയുടെ പട്ടമഹിഷിയല്ലേ? എൻെറ ഇംഗിതം സാധിപ്പിക്കാതെയിരുന്നാൽ അങ്ങ് ഒരുവലിയ അധർമ്മിയായിത്തീരുകയില്ലേ? എൻെറ ആഗ്രഹം നിറവേററിത്തരുന്നതിന്ന് കടപ്പെട്ടവനുമല്ലേ? അതുകൊണ്ട്.

എന്റെ കാമിതം സാധിപ്പിക്കാതെ ഭവാൻ തപോവൃത്തിക്കു് തുനിയരുതു്.

* * *

## 6 ദത്തന്റെതത്വോപദേശം

അല്ലയോ ദേവീ! കാമഭോഗാദികളിലുള്ള ആഗ്രഹം നിലനിർത്തിക്കൊണ്ടു ജീവിക്കുന്നതു് ഒരിക്കലും നന്നല്ല. ക്ഷണഭംഗുരങ്ങളും സംസാര വർദ്ധനപരങ്ങളുമായ ഭോഗാദി വിഷയങ്ങളിൽ തൃഷ്ണവർദ്ധിപ്പിക്കുന്നതു് ജനനാശഹേതുകമാണെന്നറിയണം.

എങ്ങിനെയെന്നാൽ — അഗ്നിയിൽ ഇന്ധനം എത്രത്തോളം സമർപ്പിച്ചാലും അഗ്നി ഒട്ടും തൃപ്തിപ്പെടുന്നില്ല. സമുദ്രത്തിൽ എത്രയെത്ര നദികൾ ചെന്നു ചേർന്നാലും സമുദ്രത്തിനു് നലംഭാവമുണ്ടാകയില്ല. അതുപോലെയാണു് ജീവികൾക്കു് ഭോഗാദി സുഖങ്ങളിലുണ്ടാകുന്ന ആഗ്രഹവും. ഈ തത്വം അറിഞ്ഞു് മനനശീലരായ മാനവരാശികൾ ക്രമേണ വിരാഗികളായിത്തീരണമെന്നു് മഹത്തുക്കൾ കല്പിക്കുന്നു. അതു് ജന്തുധർമ്മവുമാണു്. അതിനാൽ ഭവതിയുടെ വളർന്നുവരുന്ന കാമവികാരങ്ങളെ ധർമ്മബോധത്തോടെ വെടിയുക. ഞാൻ വനവാസിയാകാൻ പോകുന്നു.

* * *

## 7 ലീലയുടെ ദുശ്ശാഠ്യവും ശാപവും

ദത്തന്റെ ഉപദേശങ്ങളൊന്നും കേൾക്കാതെ ലീല വീണ്ടും ദത്തനെ തടഞ്ഞു്: — ഞാൻ അങ്ങയുടെ മഹിഷി

പദത്തെ അലങ്കരിച്ചിരിക്കുന്നവളാണു്. എന്റെ കാമ ഭോഗാദിസുഖങ്ങളെ നിവൃത്തിച്ചുതരേണ്ടതു് അങ്ങയുടെ കർത്തവ്യമാണു്. എനിക്കു ഭർത്താവിനോടുകൂടി അനുഭവി ക്കേണ്ടതായ യാതൊരുവിധ സുഖങ്ങളും അനുഭവിച്ചു തൃപ്തിവന്നിട്ടില്ല. അതുകൊണ്ടു—എന്റെ ആഗ്രഹം നിറ വേററിയതിനുശേഷമേ അങ്ങു എന്നെ പ്പിരിഞ്ഞു പോ കാൻ ഞാൻ അനുവദിക്കയുള്ളു. കാമാതുരയായലീലഇപ്ര കാരം പലതും പറഞ്ഞു് ദത്തനെ വീണ്ടും തടഞ്ഞു. ആ മഹർഷിസത്തമൻ അനവധിതത്വസാരങ്ങളെ അവൾക്കു് ഉപദേശിച്ചുവെങ്കിലും അതൊന്നും കേൾക്കാത്തമട്ടിൽ അ വൾ വീണ്ടും വീണ്ടും ആഗ്രഹസാദ്ധ്യത്തിനായി യാചിച്ചു കൊണ്ടേയിരുന്നു. ഗത്യന്തരമില്ലാത്ത പരിതഃസ്ഥിതിയി ലെത്തിയ മഹർഷി കോപാതുരനായി ലീലയെ നോക്കി— മൂഢബുദ്ധിയെ സ്വീകരിച്ചുകൊണ്ടു് പലവുരു മഹിഷി മ ഹിഷീയെന്നുച്ചരിച്ചു ജന്മത്തെ നിഷ്പ്രയോജനമാക്കിക്ക ളയുന്ന നീ ഒരു ആസുരയോനിയിൽ മഹിഷിയുടെ മുഖ ത്തോടുകൂടി ജന്മമെടുക്കുക! എന്നു ശപിച്ചു.

തൽസമയം ലീലയും തെല്ലുംമടിക്കാതെ കോപത്താൽ മതിമറന്നു്—ഞാൻ മഹിഷിയായിത്തീന്നാൽ അങ്ങു ഒരു സുന്ദരമഹിഷമായി ഭവിച്ചു് എന്നോടുകൂടി രമിച്ചു് എ ന്റെ ഇംഗിതം സാധിപ്പിക്കുമാറാകട്ടെ! അതോടെ എനി ക്കു ശാപമോക്ഷവും സിദ്ധിക്കട്ടെ! എന്നു ദത്തനേയും ശ പിച്ചു. ദത്തനാകട്ടെ,—ഭാവികാൎയ്യങ്ങളെപ്പററിച്ചിന്തിച്ച റിഞ്ഞു് തന്റെ കാരണത്തിൽ തൽസമയം വിലയം പ്രാ പിക്കുകയാണു് ചെയ്തതു്. അതിനുശേഷമാണു് ലീല ക

രംഭൻ എന്ന അസുരൻെറ പുത്രിയായി ജനിച്ചത്. അ ല്ലയോ താപസോത്തമന്മാരെ! അവളാണ് മുൻപറഞ്ഞ മഹിഷിയെന്നറിഞ്ഞാലും:— ഇനി അവളുടെ വരബല ത്താൽ സംഭവിച്ച വൃത്താന്തങ്ങളെപ്പററി പറയാം.

* * *

## 8 വരബലത്താൽ മഹിഷീദേവലോകം പ്രാപിക്കുന്നതു്.

ബ്രഹ്മദത്തമായ വരബലത്താൽ ആ—മഹിഷി അ വളുടെ രോമകൂപങ്ങളിൽനിന്നും ജനിച്ച അനേകായിരം മഹിഷികളോടുംകൂടി ദേവലോകത്തിലേക്കുപോയി. അ വരം പുരുഷന്മാരേക്കാരം വീയ്യശൌയ്യാദി പൌരുഷപ്രഭാ വത്തെ പ്രദശിപ്പിച്ചുകൊണ്ടും തൻെറസൈന്യങ്ങളോടുംകൂ ടി ദേവലോകത്തെത്തി ഭയങ്കരമാംവിധം അട്ടഹാസംചെയ്തു ആ—ഘോരാട്ടഹാസം ദേവലോകത്തെ മാത്രമല്ല മററുലോ കങ്ങളേയും കിടുകിടാ വിറപ്പിച്ചു. തെരുതെരെയുള്ള അ ട്ടഹാസത്തോടുകൂടി നന്ദനോദ്യാനത്തിൽ പ്രവേശിച്ചു് ഉ ദ്യാനം നശിപ്പിക്കുവാൻ തുടങ്ങി. ഭയവിഹ്വലരായ ഉദ്യാ നപാലകന്മാർ ഓടിപ്പോയി ദേവേന്ദ്രപ്രഭൃതികളോടു് വൃ ത്താന്തങ്ങളെല്ലാം അറിയിച്ചു.

അപ്പോരം ദേവേന്ദ്രപ്രമുഖന്മാർ യുദ്ധസന്നദ്ധരാകുന്ന തുകണ്ടുകൊണ്ടിരുന്ന ബൃഹസ്പതി, ഭാവികായ്യങ്ങളേയും അ റിയുവാൻ കഴിവുള്ള ആ—ദേവഗുരു ദേവേന്ദ്രനെതടഞ്ഞു് നിത്തി:—ദേവനാഥ! ഭഗവാൻ ഇന്നു് അവളോടു് യുദ്ധ ത്തിനായി പുറപ്പെടരുതു്. അവരം വിധാതാവിൽനിന്നും

ക്രമാതീതമായ വരങ്ങളെ കരസ്ഥമാക്കിക്കൊണ്ടാണു് വ ന്നിരിക്കുന്നതു്. അതിനാൽ നിങ്ങൾക്കവളെ തോല്പിക്കു വാൻ വളരെ പ്രയാസമാണു്. അവളിൽ നിന്നു് നമുക്കു സംഭവിച്ചിരിക്കുന്ന വിപത്തുകളെപ്പററി നിങ്ങൾ നേരിട്ടു ചെന്നു് വിധിയോടുണർത്തിക്കുക! യെന്നു പറഞ്ഞു . ഗുരു വരന്റെ ഉപദേശപ്രകാരം ദേവന്മാർ യുദ്ധത്തിന്നൊരുങ്ങാ തെ തൽക്ഷണം ദേവലോകം വിട്ടുപോയി.

* * *

### 9 ദേവന്മാർ ദേവഗുരുവിനോടൊരുമിച്ചു സത്യ ലോകത്തിൽ ചെന്നു് വിധിയേക്കണ്ടു് സങ്കടമുണർത്തിക്കുന്നതു്.

മഹിഷിയുടെ ഉപദ്രവങ്ങളാൽ അവശരും ദുഃഖിതരു മായിത്തീൎന്ന ദേവന്മാർ ബൃഹസ്പതിയോടു കൂടി സത്യലോ കത്തുചെന്നു് തങ്ങൾക്കു് നേരിട്ട സങ്കടങ്ങളെ സവിസ്തരം വിധിയെ അറിയിച്ചു. ഭാവിയിൽ നടക്കാൻ പോകുന്ന കാൎയ്യങ്ങളെ അറിഞ്ഞിരിക്കുന്നതായ വിധി ദേവന്മാരുടെ സങ്കട നിവൃത്തിക്കായി ദേവാദികളോടുകൂടി ശങ്കരന്റെ സമീപത്തെത്തി. ദേവന്മാരോടുകൂടി ആഗതനായ വിധി യെക്കണ്ടു് ശങ്കരൻ സംഗതികളെല്ലാം മനസ്സിലാക്കിയ ഉ ടനേ ആഗതരോടൊത്തു് ശങ്കരൻ വൈകുണ്ഠേശനെ കാണു ന്നതിനായി പുറപ്പെട്ടു. വൈകുണ്ഠത്തിൽചെന്നു് എല്ലാ വരും കൂടി വിഷ്ണുദേവനെ വണങ്ങി വൃത്താന്തങ്ങളെല്ലാമു ണർത്തിച്ചു. വൃത്താന്തങ്ങളെല്ലാം മുൻകൂട്ടിത്തന്നെയറിഞ്ഞി രിക്കുന്ന മഹാവിഷ്ണു ബ്രഹ്മാവിനേയും ശിവനേയുംതലോടി

കൊണ്ടുസന്തോഷാധിക്യത്താൽമതിമറന്നവനെപ്പോലെ ഒ ന്നുപുഞ്ചിരിച്ചു. തൽസമയം അത്യത്ഭുതകരമാംവിധം ത്രിമൂ ത്തികളുടെ അംശമായി ചേൎന്നുകൊണ്ടുള്ള ഒരു മഹിഷരൂ പത്തെ അവിടെ കാണുവാൻ സാധിച്ചു. ദത്താംശം രൂ പീകരിച്ചു ജാതം ചെയ്ത ആ—മഹിഷത്തിനു് അവർ സുന്ദരമഹിഷമെന്നു് നാമകരണം ചെയ്തു. എല്ലാവരും അത്യന്തം സന്തോഷിച്ചു. അനന്തരം ധനാധിപനായ കു ബേരൻ ഭയഭക്തി വിശ്വാസാദികളെ വെളിപ്പെടുത്തുവാൻ വേണ്ടി ഏററവും മനോഹരമായ ഒരു ദിവ്യമാല്യത്തെ ആ സുന്ദരമഹിഷത്തിൻെറ കഴുത്തിൽ അലങ്കരിച്ചു.

*

## 10 മഹാവിഷ്ണു സുന്ദരമഹിഷത്തെ ദേവ ലോകത്തേക്കു് യാത്രയാക്കുന്നതു്.

വിഷ്ണുഭഗവാനാകട്ടെ, ആ—സുന്ദരമഹിഷത്തെ അ ടുത്തു നിൎത്തി തടവിക്കൊണ്ടു്:_ഹേ! മഹിതാശയ! ഭവാൻ ദേവലോകത്തിൽചെന്നു് ഇന്ദ്രസിംഹാസനേ വാണരുളു ന്നമഹിഷിയേക്കണ്ടു് കാമപരവശയാക്കിത്തീൎക്കുക! പി ന്നീടു് അവളെ ഭൂതലത്തിലുള്ള ഘോരാടവിയിലേക്കാക ഷിച്ചു് കൊണ്ടുപോയി യഥേഷ്ടം വിഹരിക്കുക. നിശ്ച യമായും ഭവാനെക്കാണുമ്പോഠം തന്നെ അവഠം കാമപര വശയാകാതിരിക്കയില്ല. വിശേഷിച്ചു് പൂൎവ്വജന്മത്തിൽ നിങ്ങഠം തമ്മിൽ ബന്ധപ്പെട്ടിരുന്നവരുമാണല്ലോ. എ ന്നുമാത്രമല്ല ഈ സമയം നിങ്ങളെമന്മഥൻവിട്ടു കളകയുമി ല്ല. ദേവകാൎയ്യാൎത്ഥം ഭവാൻ ഇത്രയും ചെയ്താൽ അവരുടെ

സങ്കട നിവൃത്തി വരും. അതിന്നുശേഷം കാരണത്തിൽ ചേ ന്നുകൊള്ളുക! എന്നുപറഞ്ഞു് ആശീർവ്വദിച്ചു. വിഷ്ണുഭഗ വാൻെറ ഉപദേശാശീർവാദങ്ങളോടു കൂടി സുന്ദരമഹി ഷം എല്ലാവരോടും യാത്രപറഞ്ഞു് ദേവലോകത്തിലേക്കു് പുറപ്പെട്ടു.

★

## 11 സുന്ദരമഹിഷത്തെക്കണ്ട മഹിഷി സ്വർഗ്ഗലോകം വെടിഞ്ഞു് സുന്ദരമഹിഷവുമായി വനവാസത്തിനുപോകുന്നതു്.

സുന്ദരമഹിഷം എത്രയും സന്തോഷത്തോടുകൂടി സ്വ ർഗ്ഗലോകത്തിൽ ചെന്നു് കാമാക്രാന്തനെന്നപോലെ അത്യു ഗ്രമായൊന്നട്ടഹസിച്ചു. അട്ടഹാസം കേട്ടമാത്രയിൽ ത ന്നെ ഇന്ദ്രസിംഹാസനത്തിലിരിക്കുന്ന മഹിഷി കന്ദർപ്പവ ശഗയായി സുന്ദരമഹിഷത്തിൻെറ സമീപമെത്തിയെന്നു മാത്രമല്ല, നാനാവിധ ശൃംഗാരനടനങ്ങളോടു കൂടി അവനെ വശത്താക്കി കുറച്ചുനാൾ കന്ദർപ്പകേളികളാൽ ആനന്ദത്തു ങ്ഗിലരായി വർത്തിച്ചതിന്നുശേഷം ഭൂതലത്തിലുള്ള കാനന പ്രദേശങ്ങളിൽപോയി വിഹരിച്ചു. അവർ കാമകേളീ സംതൃപ്തിയുളവാക്കുവാനായിട്ടാണു് വനാന്തരത്തെ പ്രാപി ച്ചതു്. മഹാരണ്യത്തിൽ ചെന്നു് രണ്ടു പേരും കൂടി കാ മലീലകളാടി ആനന്ദമഗ്നരായി വസിച്ചു. അക്കാലത്തു അവർക്കുണ്ടായ സന്താനപരമ്പരകളാണത്രേ ഇന്നുകാണു ന്ന കാട്ടുപോത്തുകൾ.

സ്വർഗ്ഗത്തിൽനിന്നു മഹിഷി സുന്ദരമഹിഷത്തോടു

കൂടി പോയതിനുശേഷം ദേവന്മാർ വീണ്ടും സ്വർഗ്ഗത്തിൽ ചെന്നു് സസുഖം വാസമുറപ്പിച്ചു.

* * *

## 12 നാരദദേവേന്ദ്ര സന്ദർശനം

അങ്ങിനെയിരിക്കെ, ലോകമെല്ലാം ഭഗവൽ കീർത്തനങ്ങളും പാടി ചുററിസ്സഞ്ചരിക്കുന്ന വീണാപാണിയായ നാരദൻ അമരാപുരിയിൽവന്നു. നാരദൻെറ ആഗമനത്തിൽ സന്തോഷിച്ച ദേവേന്ദ്രൻ ആ—മുനിപുംഗവനെ അർഘ്യാദികളാൽ ഭക്ത്യാദരവോടുകൂടി പൂജിച്ചിരുത്തിയതിനുശേഷം ലോക വാർത്തകളെപ്പററി അറിയുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടു് ദേവേന്ദ്രൻ നാരദസമീപത്തിൽ ആസനസ്ഥനായി.

★

## 13 ദേവേന്ദ്രനാരദസംവാദം

അല്ലയോ ദേവനാഥ! ഭവാൻെറ സൽകീർത്തി എങ്ങും പ്രകാശിച്ചു കൊണ്ടേയിരിക്കുന്നു. അപ്രകാരം മേലിലും പ്രശോഭിക്കതന്നെ ചെയ്യും. സുശോഭനമായ ഭാവിയെ പ്രതീക്ഷിച്ചു് സൽക്കർമ്മ നിരതനായി സസുഖം വസിക്കുക! എന്നാൽ തെല്ലൊരു വിശേഷം കൂടിയുള്ളതു് ഭവാനെ അറിയിക്കാതെ നിവൃത്തിയില്ലെന്നു കരുതിയാണു് ഞാൻ ഇപ്പോൾ ഇങ്ങോട്ടു് വന്നതു് അതെന്തെന്നാൽ— ഭൂതലത്തിൽ ഓരോ പർവ്വതങ്ങളും അഹംകാരത്താൽ മതിമറന്നു് പറന്നു് ഓരോസ്ഥലങ്ങളിൽപോയി വീഴുന്നു. അവ ചെന്നു വീഴുന്ന സ്ഥലങ്ങളെല്ലാം നശിച്ചു പോകയും

ചെയ്യുന്നു. ഈ വിധം ഭൂലോകത്തിൽ പർവ്വതങ്ങൾ പറക്കുന്നതുകൊണ്ടു് പലവിധനാശങ്ങളും സംഭവിക്കുന്നതുകൊണ്ടു് മേലാൽ അവ പറക്കാതിരിക്കാൻ അവയുടെ പക്ഷങ്ങൾ ഛേദിക്കുകയാണു് വേണ്ടതു്. അപ്രകാരം ചെയ്യാഞ്ഞില്ലെങ്കിൽ ഭൂലോകം നാമാവശേഷമായിത്തീരും. ഇതിനിടക്കു് ഒന്നു കൂടി ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ!—മന്ദരം, മൈനാകം, ഗന്ധമാദനം, കൈലാസം, ഹിമവാൻ, മഹാമേരു, ഈ ആറു പർവ്വതങ്ങളും ശാന്തരായി നിരഹങ്കാരികളായി ശംഭുദേവനെ ഭജിച്ചു കൊണ്ടിരിക്കുന്നവകളാണു്. അതിനാലവയെ ഒരുവിധത്തിലും ദ്രോഹിക്കരുതു് എന്നു പറഞ്ഞു ആശീർവ്വാദങ്ങളോടു കൂടി നാരദൻ അവിടെനിന്നും അന്തർദ്ധാനം ചെയ്തു.

* * *

## 14 ദേവേന്ദ്രൻ പർവ്വതപക്ഷങ്ങളെ ഛേദിക്കുന്നതു്.

ത്രിലോകസഞ്ചാരിയായ നാരദൻെറ വാർത്തകേട്ടു ദേവേന്ദ്രൻ ഐരാവതാരൂഢനായി ഭൂതലത്തിലെത്തി പർവ്വതപക്ഷങ്ങളെ ഛേദിപ്പാൻ തുടങ്ങി. ഗിരിവരന്മാർ ഭയവിഹ്വലരായിപ്പറന്നു് നാനാദിക്കുകളിലുമായി ഒളിക്കുവാനും വീഴുവാനും തുടങ്ങി. മഹാവനങ്ങളെ അഭയം പ്രാപിക്കുന്നവയും കുറവല്ലായിരുന്നു. എന്നാലും ദേവേന്ദ്രൻ അവയുടേയും ചിറകുകൾ മുറിക്കാതിരുന്നില്ല. തന്നിമിത്തം പർവ്വതങ്ങൾ അചലങ്ങളായി ഭവിച്ചു. അന്നുമുതൽദേവേന്ദ്രനു് "പർവ്വതപക്ഷാരി" എന്നൊരു പേരുകൂടി സിദ്ധിച്ചു എന്നാലും ദേവേന്ദ്രൻ ഇത്രയൊക്കെ ചെയ്തെങ്കിലും തൃപ്ത

നാകാതെ വീണ്ടും ഉത്തമന്മാരായ ആറുഗിരീന്ദ്രന്മാരുടേയും ചിറകുകഠം ഛേദിപ്പാൻ ആഗ്രഹിച്ചു പുറപ്പെട്ടു. ഉടനേ കൈലാസത്തിൻെറ ചിറകുകളെ ഛേദിക്കുവാനാണു് തയ്യാറായതു്. ദേവേന്ദ്രൻെറ ഈ ഒരുക്കം കണ്ടു നന്ദികേശ്വരൻ ഒച്ചപ്പാടുകഠം ഒന്നും ഉണ്ടാകാതിരിക്കുവാൻ വേണ്ടി തൻെറ യോഗബലത്താൽ തൽക്കാലം ആരും ഒന്നും അറിയാത്ത വിധത്തിൽ ശാന്തതയിൽ കൂടി ഇന്ദ്രനെ അമരാപുരിയിലാക്കി.കാര്യമെന്തെന്നറിയാതെ ദേവേന്ദ്രൻ അമ്പരന്നു. പിന്നീടു് നന്ദികേശ്വരൻെറ യോഗബലത്താൽ തന്നെ ദേവലോകത്തിൽ കൊണ്ടാക്കിയതാണെന്നറിഞ്ഞ ദേവേന്ദ്രൻ തൽക്കാലം ആ—സാഹസകമ്മത്തിൽ നിന്നും വിരമിക്കുകയാണുണ്ടായതു്. അതിനാൽ ആ ആറു പവ്വതങ്ങളും പക്ഷത്തോടു കൂടി സ്വസ്ഥരായി അധിവസിച്ചു.

കൈലാസത്തിൻെറ പക്ഷഛേദനത്തിനു് പുറപ്പെട്ടദേവേന്ദ്രൻെറ. ധിക്കാരം അവിടെ ഒളിഞ്ഞു കിടന്നതേയുള്ളു. ഇന്ദ്രൻ പവ്വതങ്ങളുടെ പക്ഷഛേദം ചെയ്തതും ഒടുവിൽ കൈലാസത്തിൻെറ ചിറകുകഠം മുറിപ്പാൻ പുറപ്പെട്ടതും നന്ദികേശ്വരൻ തൻെറ യോഗബലത്താൽ തന്നെ സ്വഗ്ഗത്തിലാക്കിയതും മററും വിസ്തരിച്ചു ഗുരുഭൂതനായ വ്യാഴത്തെ അറിയിച്ചു.

## 15 ദേവഗുരുവും ദേവേന്ദ്രനുമായുള്ള സംഭാഷണം

അല്ലയോ സുരേന്ദ്ര! ഭവാൻ ശംഭുദേവനെ ദ്വേഷിപ്പാൻ ഒരുങ്ങിയതു് വലിയ അബദ്ധമായിപ്പോയി. ചെ

യ്യാൻ പാടുള്ളതിനേയും ചെയ്യാൻ പാടില്ലാത്തതിനേയും പററി നാരദൻ ഭവാനോടു പറകയുണ്ടായി. അഹംകാരത്താൽ അതുകളെല്ലാം മറന്നു് എന്തൊക്കേയോ പ്രവൃത്തിച്ചു. അതിൽ ശംഭുദേവനെ ദ്വേഷിപ്പാൻ പുറപ്പെട്ടതു ഭവാനാപത്തായിത്തീൎന്നു. പണ്ടു് അഹല്യയെ പ്രാപിച്ചതിനാലുണ്ടായ ശാപഫലത്തിൻെറ അവശിഷ്ടം ഇനിയുമുണ്ടായിരിക്കും? എന്തിനു് പറയുന്നു? നല്ലവൎക്കേ നല്ലതുതോന്നുകയുള്ളു നല്ലതും ചീത്തയും തിരിച്ചറിഞ്ഞു സൽകൃതനായിത്തീരുവാനല്ലേ ഗുരുനാഥനിൽ നിന്നു് ഉപദേശം ഗ്രഹിക്കുന്നതു്. വിശേഷിച്ചു സൽബോധമുണ്ടാകുവാനും സൽകൎമ്മങ്ങൾ ചെയ്‌വാനും സംഗതി വരുവാൻ ഈശ്വരഭജനം ചെയ്യണം. ഈശ്വരാനുഗ്രഹം കൊണ്ടുമാത്രമേ ഒരുവൻ സൽകൃതനാകയുള്ളു. തനിക്കു് ബന്ധുവും ശത്രുവും താൻതന്നെയാണു്. ഹേ! വാസവ! ഭവാൻ കൃത്യബോധമില്ലാതെ പല വിഷയങ്ങളിലും അഹംകാരത്തോടു കൂടി പ്രവേശിച്ചു് ദുരനുഭവങ്ങൾക്കു് വശംവദനാകുന്നു. വേദശാസ്ത്രാദികളിലെ പ്രതിപാദ്യ വിഷയങ്ങളെ പഠിച്ചുംഗ്രഹിച്ചുമിരുന്നിട്ടു് ആ പാഠങ്ങളെ ജലരേഖയെപ്പോലെയാക്കിത്തീൎക്കുന്നതു് വലിയ കഷ്ടം തന്നെയാണു്. ഇങ്ങിനെയുള്ള കാൎയ്യങ്ങൾ ഓരോന്നും ദേവഗുരു ദേവേന്ദ്രനെ ഓൎമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനിടക്കു് ദുൎവ്വാസാവെന്നു പേരായ മഹാതാപസൻ അവിടേയ്ക്കാഗതനായി. ഈ മഹാതാപസൻ പാൎവ്വതിയുടെ ആവശ്യപ്രകാരം ശങ്കരൻ തൻെറ കോപാംശം രൂപീകരിച്ചു് അത്രിമാമുനിയിൽനി

ക്ഷോഭിച്ച് ആ കോപാംശം അത്രിപുത്രനായി ജാതം ചെയ്ത ശങ്കരാംശജനാണ്.

* * *

## 16 ദുർവാസാവ് ദേവേന്ദ്രന് ഒരു ദിവ്യ മാല്യത്തെ സമ്മാനിക്കുന്നത്

ശങ്കരാംശ സമുൽഭവനായ ദുർവാസാവ് അമരാപുരിയിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ കൈവശം ഏറ്റവും വിശിഷ്ടവും കമനീയവും സുഗന്ധപൂരിതവുമായ ഒരു പുഷ്പമാലയുണ്ടായിരുന്നു. ആ മനോഹരമാല്യത്തിൽ നിന്നും പുറപ്പെടുന്ന സുഗന്ധം ആ സഭാവാസികളെ അത്യന്തം സന്തോഷിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്തു. ദേവേന്ദ്രൻ താപസശ്രേഷ്ഠനായ ദുർവാസാവിനെ യഥാവിധി പൂജിച്ചിരുത്തി കുശലപ്രശ്നം ചെയ്തുകൊണ്ടിരിക്കുന്നതിനിടക്ക ദേവേന്ദ്രൻ ആ ദിവ്യമാലയേത്തന്നെ നോക്കി കണ്ണിമയ്ക്കാതെയിരിക്കുന്നതുകണ്ട് ദുർവാസാവ് ദേവേന്ദ്രനോട്:- അല്ലയോ സുരേശ! ഈ മാല്യം സർവഗയായ കന്നിൻ മം തിന്നലംകരിക്കുവാൻ നിർമ്മിച്ചതാണ് ഭവാന്റെ സാർവഭൗമത്തെയോർത്ത് ഭവാനലംകരിക്കുവാൻ ആ ദേവിതന്നെ തന്നയച്ചതാണിത്. ഭവാൻ ഈ മാലയെ വേണ്ടപോലെ ധരിച്ചാൽ സർവമംഗളങ്ങളുമുണ്ടാകും. എന്നു പറഞ്ഞ് ആ മാലയെ ദേവേന്ദ്രനു സമ്മാനിച്ചു.

★

## 17 മാലയുടെ നാശവും ദുർവാസാവിൻെറ ശാപവും.

സന്തോഷ സാഗരത്തിലാറാടിയ ഇന്ദ്രൻ ഐരാവതോപരികയറി മാല്യത്തെ ഗജേന്ദ്രമസ്തകമൂല്ധ്നിവച്ചു് ചികുരഭാരം വിടൎത്തികെട്ടിക്കൊണ്ടിരിക്കുമ്പോൾ മാല്യത്തിൽനിന്നും പുറപ്പെട്ട സുഗന്ധത്തിൽ മതിമയങ്ങിയ ഷൾപ്പദ ശ്രേണികൾ കൂട്ടം കൂട്ടമായിവന്നു് മൂളിപ്പാട്ടുകൾ പാടി ഐരാവത മസ്തകത്തെ ഒരു കേളീ രംഗമാക്കിത്തീൎത്തു. തൽസമയം ഹസ്തിപ്രവരൻ ഷൾപ്പദ ശ്രേണികളുടെ വിളയാട്ടത്തിൽ അസംതൃപ്തനായി കോപാവേശത്തോടുകൂടി തൻെറ തുമ്പിക്കരം കൊണ്ടു് ദിവ്യത്വം പ്രകാശിക്കുന്ന ആ — മാലയെ താഴെയിട്ടു് ചവുട്ടിത്തേച്ചു് നാശമാക്കിക്കളഞ്ഞു. ഇതു കണ്ടു നിന്നിരുന്ന ദുർവാസാവു് കോപാക്രാന്തനായി ദേവേന്ദ്രനേ നോക്കി — അല്ലയോ ധൂൎത്താഗ്രേസരനായ വാസവ! ശംഭു പ്രണയിനിയായ പാർവതി അലംകരിക്കുന്ന ആ — ദിവ്യമാല്യത്തെ നിസ്സാരമാക്കി നശിപ്പിച്ചു. അതിനാൽ ഭവാനും ദേവഗണങ്ങളും ഇന്നുമുതൽ ജരാനര ബാധിച്ചു് മനുഷ്യരേപ്പോലെ അവശരായിത്തീരട്ടെ! എന്നു ശപിച്ചു് മറയുകയാണുണ്ടായതു്. ആ — താപസപ്രവരൻെറ ശാപത്താൽ സംഭ്രാന്ത ചിത്തനായിത്തീൎന്ന ദേവേന്ദ്രൻ ജരാനരബാധിതനായി. എന്നു മാത്രമല്ല മററുള്ള ദേവകൾക്കും ജരാനര ബാധിച്ചിരുന്നു.

ജരാനരബാധയാൽ ദുഃഖിതനായിത്തീൎന്ന ഇന്ദ്രൻ ഉടനേതന്നെ ഗുരുവായ ബൃഹസ്പതിയുടെ പാദത്തിൽ വീണു

ദുഃഖവാൎത്തയെ അറിയിച്ചു. ഇനിയെന്തു ചെയ്യണമെന്ന നിശ്ചയമില്ലാതെ ഇതി കൎത്തവ്യതാമൂഢനായി കണ്ണുനീർ തൂകിനില്ക്കുന്ന ഇന്ദ്രനെ നോക്കി ദേവഗുരുവും വ്യസനിച്ചു.

---

## 18 ദേവേന്ദ്രനോടു് ദേവഗുരുവിൻെറ ഉപദേശം.

അല്ലയോ വജ്രപാണേ! ഭവാൻ ദുൎമ്മദാന്ധനായിചെയ്ത ദുഷ്കൎമ്മങ്ങളുടെ ഫലമല്ലേ ഈ അനുഭവിക്കുന്നതു്? കൈലാസത്തെ ക്ലേശിപ്പിക്കുവാൻ തുനിഞ്ഞതിൻെറ ഫലം നല്ലപോലെ അനുഭവിക്കുന്നതിനുവേണ്ടിയാണു് ശംഭുദേവൻ ദുൎവ്വാസാവിനെ ഇങ്ങോട്ടയച്ചതു്. അദ്ദേഹം ഇങ്ങിനെ ചെയ്തതു് ഭവാൻെറ അഹംകാരം നശിപ്പിക്കുന്നതിനു മാത്രമായിട്ടാണു്. സ്വർല്ലോകാധിപനായ അങ്ങു് ത്രൈലോക്യത്തിനു മാതൃകാ പുരുഷനായി ജീവിക്കേണ്ടവനല്ലേ? സങ്കുചിതമനസ്സോടു കൂടിയ ഒരു ശുദ്ധ പാമരനേക്കാളും താഴ്ന്ന പടിയിലാണല്ലോ അങ്ങു് വളരുന്നതു്? ഏതൊരു കാലത്താണു് ഒരു സമാധാനജീവിതം അങ്ങയ്ക്കു ലഭിച്ചിട്ടുള്ളതു്? ഗുരുപ്രീതിവിവൎദ്ധനകൎമ്മങ്ങളാൽ പരിശോഭിക്കേണ്ട ദേവേന്ദ്രൻ, നീചകൎമ്മങ്ങളാലും അധൎമ്മചൎയ്യകളാലും ദുർവൃത്തനായിട്ടാണു് ജീവിക്കുന്നതെന്നു് ലോകവാസികൾ പറഞ്ഞു പരിഹസിക്കയില്ലേ? ഗുരുശാസനക്കു് (ഉപദേശത്തിനു്) കീഴടങ്ങാതെ ചണ്ഡാലകൎമ്മങ്ങൾക്കു വശംവദരായവരുടെ പാരമ്പൎയ്യത്തിൽ പൌരോഹിത്യം വഹിക്കുന്നതുതന്നെ അപമതിക്കുകാരണമായി

ത്തീരും. സദ്ധർമ്മം സദാചാരം എന്നിങ്ങനെയുള്ള പ്ര കൃതി നിയമങ്ങളെ മറന്നും, തന്നേയും തന്റെ പ്രജകളേ യും രക്ഷിച്ചുപോരുന്ന ത്രിമൂർത്തികാംക്കും കൂടി തന്റെ ഐശ്വര്യപ്രഭാവം കൊണ്ടു് അനിഷ്ടം പ്രവർത്തിച്ചും നി ന്ദ്യമായ ജീവിതസാഗരത്തിൽ മുഴുകി ജീവിക്കുന്ന ഭവാ ന്റെ വേഴ്ച എനിക്കും ആത്മാഭിമാനത്തിന്നു് ഹാനികരമാ യിത്തീരുന്നുവെന്നു് ഒന്നു കൂടിപ്പറയട്ടേ!

കഷ്ടം! ഇതാ പല്ലുകാം കൊഴിഞ്ഞു്, രോമങ്ങാം നരച്ചു് ശരീരം മെലിഞ്ഞു് ചുക്കിച്ചുളിഞ്ഞു് വടിയും കു ത്തി വൃദ്ധതയാൽ മുമ്പോട്ടുവളഞ്ഞു ദേവസമൂഹം അങ്ങുമി ങ്ങും അവശരായിനടക്കുന്നതു് കാണുന്നില്ലേ? ഭവാനും അങ്ങിനെതന്നെയായല്ലോ. ഭവാൻ ഇനി വജ്രായുധം ഒ രു ദീർഘദണ്ഡമാക്കി കുത്തിപ്പിടിച്ചു നടക്കുക!

സ്വർല്ലോകസുന്ദരിമാർ വൃദ്ധകളായി നടക്കുന്നു. ഈ നാകലോകത്തെ ആനന്ദസുരഭിലമാക്കുന്ന പാരിജാതകുസു മങ്ങാം വാടിക്കൊഴിയുന്നു. സർവ്വത്ര ദുർന്നിമിത്തങ്ങാം കാ ണുകയും ചെയ്യുന്നു. ഏതായാലും ഇനിമേൽ വേണ്ടും കാ ര്യങ്ങളെ വിധാതാവിനോടു ചോദിച്ചു മനസ്സിലാക്കി പ്രവ ർത്തിക്കുകയാണു് വേണ്ടതു്. എന്നു പറഞ്ഞു് ജരാനരാബാ ധിതരായ ദേവന്മാരോടും ദേവേന്ദ്രനോടും കൂടി ബൃഹസ്പതി ബ്രഹ്മാവിനെ കാണുന്നതിന്നായി സത്യലോകത്തിലേക്കു് യാത്രയായി.

KOTTAYAM PUBLIC LIBRARY KOTTAYAM 77778

## 19 ശാപമോക്ഷത്തിന്ന ബ്രഹ്മാദി ത്രിമൂത്തികളുടെ ആലോചന

ദേവേന്ദ്രാദികൾ സത്യലോകത്തെത്തി നടന്നസംഭവങ്ങളെല്ലാം സവിസ്തരം പിതാമഹനെ അറിയിച്ചു. എങ്കിലും താൻതന്നെ വിചാരിച്ചാൽ ഇവരുടെ സങ്കടത്തിന് പരിഹാരമുണ്ടാകയില്ല എന്നുള്ള ബോദ്ധ്യത്തോടുകൂടി ബ്രഹ്മാവ് ദേവാദികളോടു കൂടി ശങ്കരനെ കാണുന്നതിനായി കൈലാസത്തിലെത്തി. ദുഃഖവൃത്താന്തമെല്ലാമറിഞ്ഞ് മന്ദഹാസത്തോടു കൂടി ശങ്കരൻ അവിടെ നിന്ന് മറ്റെല്ലാവരുമായി വൈകുണ്ഠേശനെച്ചെന്നു കണ്ടു് ദേവാദികളുടെ സങ്കടങ്ങളെ അറിയിച്ചു. സത്വഗുണാവലംബനും സവ്വലോകരക്ഷകനും ദുഃഖഹന്താവും ഭക്തജനാവലോകനനുമായ വിഷ്ണുഭഗവാൻ ദേവകൾക്കുനേരിട്ട വിപത്തിന് പരിഹാരമുണ്ടാകുവാൻ പാൽക്കടൽ കടഞ്ഞ് അതിൽ നിന്നുണ്ടാകുന്ന അമൃതെടുത്ത് സേവിക്കണമെന്ന് കല്പിച്ചു. മഹാവിഷ്ണുവിൻെറ കല്പന എല്ലാവക്കും സമ്മതമായെങ്കിലും പാൽക്കടൽ മഥനത്തിനുള്ള കഴിവിനെപ്പററി ചിന്തിച്ച് വിഷ്ണുഭഗവാൻ ശങ്കരനെ ഒന്നു സൂക്ഷിച്ചു നോക്കി.

## 20 പാലാഴിമഥനം

വിഷ്ണുമൂത്തിയുടെ ഭാവം മനസ്സിലാക്കിയ ചന്ദ്രചൂഡൻ തൻെറ സാമ വാക്യങ്ങളാലും നയോപായങ്ങളാലും അസുരന്മാരേയും വശത്താക്കി ദേവന്മാരോടു് യോജിപ്പിച്ചു. അതിനുശേഷം പാൽക്കടൽ കടയുന്നതിന് മന്ദരപവ്വതത്തെ കടകോലായും വാസുകിയെ പാശമായും നിശ്ചയിച്ചു.

വാസുകിയുടെ തലയ്ക്കൽ അസുരന്മാരേയും വാലിൽ സുരന്മാരേയും നിൎത്തി. വാലിൽ പിടിക്കുന്നതു് അസുരന്മാൎക്കു് അഭിമാനക്ഷയമായിത്തീരുകയാലാണു് അവരെ തലയ്ക്കൽ തന്നെ നിറുത്തിയതു്. മഹാവിഷ്ണുവിൻെറ ആഗ്രഹവും അതുതന്നെയായിരുന്നു. വാസുകിയുടെ വായിൽ നിന്നു വരുന്ന വിഷവായുവേററു് അസുരന്മാർ ഇടയ്ക്കിടെ അവശന്മാരായിത്തീരുകയും ഇടക്കു് മരിക്കുകയും ചെയ്തിരുന്നു. എന്നാൽ അതിനെപ്പററി ആരും അത്ര ശ്രദ്ധപതിപ്പിച്ചിരുന്നതുമില്ല. അങ്ങിനെയുള്ള ദുരവസ്ഥ ദേവന്മാൎക്കു സംഭവിക്കരുതെന്നും വിഷ്ണു ചിന്തിക്കാതിരുന്നില്ല.

മന്ദരമാകുന്ന മത്തിനെ വാസുകിയാൽ ചുററി ദേവാസുരന്മാർ പാലാഴിമഥനം ആരംഭിച്ചു. ഒട്ടേറെ ഔഷധങ്ങളും പാൽക്കടലിൽ നിക്ഷേപിച്ചാണു് മഥനം ചെയ്യുന്നതു്. മഥിച്ചു കൊണ്ടിരിക്കുന്നതിനിടക്കു് മന്ദരം കീഴോട്ടു് താഴ്ന്നുപോകയും, തൽസമയം രക്ഷാകരനായ വിഷ്ണു ഒരു കൂൎമ്മമായി അവതരിച്ചു് തൻെറ മുതുകിൽ താങ്ങി പൎവ്വതത്തെ യഥാസ്ഥാനത്തു് നിൎത്തുകയും ചെയ്തു. വീണ്ടും പാലാഴികടഞ്ഞു തുടങ്ങിയെങ്കിലും വാസുകി ക്ഷീണിതനായി രക്തം ഛൎദ്ദിച്ചു തുടങ്ങി. വിഷനീരോടുകൂടിയ രക്തം ഭൂമിയിൽ പതിച്ചാൽ ഭൂതലം വെന്തു ചാമ്പലായ് തീരുമെന്നും മനസ്സിലാക്കിയ ശങ്കരൻ ആ വിഷരക്തത്തിനെ താൻതന്നെ പാനം ചെയ്തു. ഇതു കണ്ടിരുന്ന ഉമാദേവിയാകട്ടെ ഭൎത്തൃനാശ ഭീതിയാൽ വിഷനീരു് കീഴോട്ടിറങ്ങാതിരിപ്പാൻ ഭൎത്തൃകണ്ഠത്തിൽ മുറുകെപ്പിടിച്ചു. തൻമൂലം ആ വിഷനീരു് കണ്ഠത്തിൽ കെ

ട്ടി നിൽക്കുന്നതിന്നിടയായി. അന്നുമുതൽ ശങ്കരന്ന് നീലകണ്ഠൻ എന്നുകൂടി പേരുണ്ടായി.

* * *

## അമൃതകുംഭോത്ഭവവും അസുരന്മാരുടെ അപഹരണവും

പാലാഴി മഥിച്ചതിൽ നിന്ന് അനേകം അത്ഭുതവസ്തുക്കൾ സംജാതമായി. ഉച്ചൈശ്രവസ്സ് എന്ന അഭ്രതപൂർവ്വമായ ഒരു കുതിര, ഐശ്വര്യദേവതയായ ലക്ഷ്മി,ജ്യേഷ്ഠ, എന്നിങ്ങനെ പലതും സിദ്ധമായതിനുശേഷം വിഷ്ണുപരമാത്മാവിൻെറ ലോകരക്ഷാപരമായ ഒരു ദിവ്യാവതാരമുണ്ടായി. ധന്വന്തരിമൂർത്തിയായ ആ ദിവ്യാവതാരം അമൃതകലശവുമായിട്ടാണ് പാൽക്കടലിൽ നിന്നുമുയന്നതു്. തൽസമയം സമർത്ഥന്മാരായ അസുര വീരന്മാർ അമൃതകലശം കൈക്കലാക്കി അതിവേഗത്തിൽ പാതാളത്തിലെത്തി അമൃതമാസ്വദിപ്പാനൊരുങ്ങിയിരുന്നു.

## ദേവാസുരയുദ്ധം

വൃദ്ധരും അശക്തരുമായ ദേവന്മാർ അസുരന്മാരോടെതൃത്തു യുദ്ധം ചെയ്യാതിരുന്നില്ല. ഭയങ്കരമായ യുദ്ധമുണ്ടായെങ്കിലും ദേവന്മാർ തോററു പിന്മാറുകയാണുണ്ടായതു്. ദേവാസുര യുദ്ധത്തിൽ ദേവന്മാക്ക് തോൽവി സംഭവിച്ചു എന്നുള്ള വിവരം വിഷ്ണുഭഗവാനേയും വ്യാകുലചിത്തനാക്കി. പിന്നെ ദേവന്മാരുടെ സ്ഥിതി എന്തായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

## മഹാവിഷ്ണു മോഹിനിവേഷം ധരിച്ചുചെന്ന് അസുരന്മാരെ വശീകരിക്കുന്നതു്.

അസുരന്മാർ സന്തോഷ വാരിധിയിൽ മുഴുകിക്കൊണ്ടു് സുവർണ്ണത്തളികകൾ നിരത്തിവെച്ചു്—അമൃതം വിളമ്പിക്കൊടുക്കുവാൻ ആളെക്കാണാതെ ചിന്താവിഷ്ടരായിരിക്കുമ്പോൾ അവർക്ക് മാനസോല്ലാസത്തെ നൽകുവാൻ തക്കവൈഭവത്തോടു കൂടി മഹാവിഷ്ണു ഒരു മോഹിനിയുടെ രൂപം ധരിച്ചു് അസുരന്മാരുടെ സമീപമെത്തി നിലയായി അതിമനോഹരമായ ഒരു സുന്ദരി അശരണയായി നിൽക്കുന്നതു കണ്ടു് അസുരന്മാർ ഓരോരുത്തരും കാമപരവശരായിത്തീർന്നു. ആ സൌന്ദര്യറാണി അസുരന്മാരെ ഒററ നോട്ടത്തിൽ തന്നെ മയക്കിക്കഴിഞ്ഞിരുന്നു. അമൃതാസ്വാദനത്തിനുവേണ്ടി തിടുക്കപ്പെട്ടിരുന്ന അസുരന്മാരെല്ലാവരും മോഹനാംഗിയെക്കണ്ടു് സ്തബ്ധരായി.

*

## അസുരന്മാരും മോഹിനിയുമായുള്ള സംഭാഷണം

അല്ലയോ വീര്യശാലികളേ! മഹാനുഭാവന്മാരെ! നിങ്ങളെന്താണിങ്ങനെ അന്ധാളിച്ചിരിക്കുന്നതു്? വിലമതിപ്പാൻ വയ്യാത്തതും ജന്മസാഫല്യത്തെ പ്രദാനം ചെയ്യുന്നതും, എന്നാൽ—കിട്ടാൻ വളരെ ബുദ്ധിമുട്ടുള്ളതുമായ ഈ അമൃതത്തെ ആസ്വാദിക്കാതിരിക്കുന്നതിൻെറ കാരണമെന്താണു്? വാസ്തവമെന്തെന്നു് എനിക്കുമനസ്സിലായി. എങ്കിലും നിങ്ങളുടെ അഭിപ്രായം അറിയാൻ മാത്രം ചോദിച്ചെന്നേയുള്ളു. ഏതൊരു വിശിഷ്ട ഭോജ്യമായിരുന്നാലും വിളമ്പിത്തരുന്നതു് ഒരു കന്യകാരത്നമായാൽ അതിൻെറ മാഹാത്മ്യം ഒന്നു പ്രത്യേകം തന്നെയാണ് ഈ വസ്തുതയെപ്പററി ശാസ്ത്രങ്ങളിലും വിസ്തരിച്ചിട്ടുണ്ടു്. ആ—തത്വം

നിങ്ങളും അറിഞ്ഞിട്ടുണ്ടായിരിക്കണം. അതാണ് ഈ വിധത്തിൽ അന്ധാളിച്ചു നിൽക്കുവാനുള്ള കാരണം. സംശയമില്ല. അതിനാൽ അമൃതകുംഭം ഇങ്ങോട്ടു തന്നാൽ ഞാൻ അതിനെ നിങ്ങൾക്കെല്ലാവർക്കും തൃപ്തിയാകത്തക്ക വിധത്തിൽ വിളമ്പിത്തരാം.

സുന്ദരാംഗിയായ മോഹിനിയുടെ വാക്കുകൾ കേട്ട്- എല്ലാവരും സന്തോഷത്തോടു കൂടി അമൃതകുംഭത്തെ മോഹിനിയുടെ കയ്യിൽ കൊടുത്തു.

* * *

മോഹിനി അസുരന്മാരെ മയക്കി അമൃതകുംഭം
കൈക്കലാക്കി ദേവന്മാർക്കു കൊടുത്ത്
അവരുടെ ജരാനരശമിപ്പിക്കുന്നതു്.

മോഹിനി അമൃതത്തെ വിളമ്പുവാൻ തയ്യാറായ അവസരത്തിൽ അസുരന്മാരിലൊരുവൻ മോഹിനിയുടെ രൂപലാവണ്യാദികളിൽ ഭ്രമിച്ച് കാമപരവശനായി മോഹിനിയോട്:—അല്ലയോ! സുമുഖീ! ഭവതി എന്റെ ഭാര്യയായിത്തീരുമോ? ഒരാളിൽ നിന്ന് ഇപ്രകാരം ഒരു ചോദ്യം ഉത്ഭവിച്ചതോടെ ഓരോരുത്തരും നീയെന്റെ ഭാര്യയായിത്തീരണമെന്നു നിർബ്ബന്ധിച്ചു തുടങ്ങി. അസുരന്മാരുടെ നിർബ്ബന്ധപൂർവമായ അപേക്ഷകളെ തിരസ്കരിക്കുന്നതു് അവസരോചിതമല്ലെന്ന് കരുതി പുഞ്ചിരിയോടു കൂടി മോഹിനി അസുരന്മാരെ നോക്കി:—ഹേ! ദാനവന്മാരെ നിങ്ങളുടെ അപേക്ഷയെ ഞാൻ സ്വീകരിച്ചു. പക്ഷെ ഇവിടെയിരിക്കുന്ന നിങ്ങൾക്ക് എല്ലാവർക്കും കൂടി ഞാനൊരാൾ എങ്ങിനെ ഭാര്യയായിരിക്കും? സാധിക്കുന്ന കാര്യമാ

ണോ? ആരുക്കെങ്കിലും ഒരാൾക്കു് ഞാൻ ഭാൎയ്യയായിരിക്കാം അതിനായി തർക്കം കൂടാത്ത വിധത്തിൽ ഞാനൊരു ഉപായവും പറയാം. നിങ്ങൾ ക്ഷമാശീലരായിരുന്നു് കേൾക്കുക!

അമൃതം ഭുജിക്കുന്നതിനു വേണ്ടി എല്ലാവരും കണ്ണുകെട്ടിയിരിക്കുക. അമൃതുണ്ടുകഴിഞ്ഞു് അവസാനം കണ്ണു തുറക്കുന്നതു് ആരാണോ അയാൾക്കു് ഞാൻ ഭാൎയ്യയായിത്തീരുന്നതാണു്. അങ്ങിനെയാണെങ്കിൽ ആൎക്കും തൎക്കത്തിനും വഴിയില്ല. മോഹിനിയുടെ അഭിപ്രായം എല്ലാവരും ഐകകണ്ഠ്യേന സമ്മതിച്ചു് അമൃതകുംഭം മോഹിനിയെ ഏൽപ്പിച്ചു.

വിഷ്ണുഭഗവാൻെറ മായാപ്രയോഗമാണതെന്നു് മനസ്സിലാക്കുവാൻ തല്ക്കാലം ഈ അസുരജാതികൾക്കു കഴിഞ്ഞില്ല. എന്നുമാത്രമല്ല മായാ മോഹിനിയിൽ കൂടുതലായി ഭ്രമിക്കുന്നതിനുമിടയായി. എന്തിനു പറയുന്നു:—എല്ലാവരും കണ്ണുകളടച്ചു് അമൃതമാസ്വദിക്കുന്നതിനു സന്നദ്ധരായിരുന്നു. മായാമോഹിനിയാകട്ടെ; അമൃതകുംഭവുമായി തൽക്ഷണം അവിടെ നിന്നും പുറപ്പെട്ടു് ദേവലോകത്തെത്തി അമൃതം ദേവന്മാർക്കു് കൊടുത്തു് അവരുടെ ജരാനരകളെമാററി. ദേവന്മാർ വീണ്ടും യൌവ്വനയുക്തന്മാരായി സസുഖം വസിച്ചു.

* * *

## അസുരന്മാരുടെ നിരാശ.

മോഹിനി എൻെറ ഭാൎയ്യയായിത്തീരും. ഞാനാണു് ഒടുവിൽ കണ്ണുതുറക്കുന്നവൻ. എന്നുള്ള വിചാരത്തോടു കൂ

ടി ഓരോരുത്തരും ക്ഷമിച്ചിരിക്കുന്നതിനിടക്കു് കൂട്ടത്തി ലൊരുവൻ അക്ഷമനായി—എനിക്കു് അവളെ കിട്ടിയി ല്ലെങ്കിലും തരക്കേടില്ല.'' എന്നു കരുതി കണ്ണുതുറന്നു്നോ ക്കിയപ്പോൾ മോഹിനിയേയോ അമൃതകുംഭത്തേയോ ഒന്നും തന്നെ കാണുന്നില്ല. ഹാ! കഷ്ടം! അവൾ നമ്മെ ചതിച്ചു എന്നു് തീർച്ചപ്പെടുത്തി വാവിട്ടു കരഞ്ഞു. എന്നുമാത്രമ ല്ല രോഷാകുലനായി അട്ടഹാസം ചെയ്തു. ഇവൻെറ അ ട്ടഹാസം കേട്ടു് മററുള്ളവരെല്ലാം ഞെട്ടിവിറച്ചു്സംഭ്രാന്ത രായി കണ്ണുതുറന്നു നോക്കിയപ്പോൾ എല്ലാവരും നിരാശാ കലുഷിതരായി. അപ്പോഴാണു് ഇതു് വിഷ്ണുവിൻെറ മാ യയായിരുന്നു വെന്നും തങ്ങളെ വഞ്ചിക്കുന്നതിനായിട്ടാണു് ഈ വേഷമെടുത്തു് ഇവിടെ വന്നതെന്നും മനസ്സിലായതു് ഓരോരുത്തരും അവരവരുടെ ബുദ്ധിശൂന്യതയെ സ്വയം ശപിച്ചു. ഏതായാലും യുദ്ധത്തിന്നൊരുങ്ങുകതന്നെയെ ന്നു നിശ്ചയിച്ചു് അസുരന്മാർ ദേവന്മാരോടു യുദ്ധം തുടങ്ങി. പക്ഷെ—യുദ്ധം ഭയങ്കരമായി ചെയ്തെങ്കിലും—തൽക്കാ ലം പരാജിതരായി യഥാസ്ഥാനത്തെ ശരണം പ്രാപിച്ചു.

* * *

## മോഹിനീരൂപം കാണ്മാൻ ശങ്കരൻ ആഗ്രഹിക്കുന്നതു്.

വിഷ്ണുഭഗവാൻ മോഹിനീ രൂപമെടുത്തു് ദാനവന്മാ രുടെ സമീപമെത്തി അവരെ വഞ്ചിച്ചു് അമൃതകുംഭം കൈക്കലാക്കി വാനവന്മാർക്കു കൊടുത്തു ജരാനരകളെ ന ശിപ്പിച്ച വൃത്താന്തം കൈലാസ വാസിയായ ശിവൻ അ

റിഞ്ഞു അത്ഭുതപ്പെട്ടു. എന്നു മാത്രമല്ല—തൽസ്വരൂപം കാണ്മാൻ ആവേശഭരിതനായി വിഷ്ണുവിൻെറ സമീപമെത്തിച്ചേർന്നു. കൈലാസേശ്വരനായ ശങ്കരൻെറ അന്നത്തെ ആഗമനം കണ്ടു് എന്തോ തക്കതായ കാരണവും കൊണ്ടാണു് ശങ്കരൻെറ വരവു് എന്നു് തീർച്ചപ്പെടുത്തിയ വിഷ്ണുഭഗവാൻ പുഞ്ചിരിയോടു കൂടി സ്വീകരിച്ചിരുത്തി കുശലാന്വേഷണം ചെയ്തു.

മായയിൽ തന്നെ അധിവാസം ചെയ്യുന്ന മഹാമതേ! അങ്ങു് ഈയിടെ ത്രൈലോക്യ സുന്ദരിയായ ഒരു മോഹിനിയുടെ രൂപം ധരിച്ചു് ദാനവന്മാരെ മയക്കി അമൃതകുംഭം വീണ്ടെടുത്തു് വാനവന്മാർക്കു കൊടുത്തു് അവരുടെ സങ്കട നിവൃത്തിവരുത്തിയെന്നുള്ളകഥ ഞാൻകേട്ടു് അത്യന്താശ്ചര്യ ഭരിതനായി. ആ—രൂപത്തെ കാണണമെന്നുള്ള ആഗ്രഹവും വർദ്ധിച്ചു. ആ—വിവരം അങ്ങയെ ധരിപ്പിച്ചാൽ എൻെറ ആഗ്രഹത്തിനു് നിവൃത്തിയുണ്ടാകുമെന്നു കരുതിയാണു് ഇപ്പോൾ ഇവിടേക്കു വരുവാൻ കാരണം. ശങ്കരൻെറ അപേക്ഷകേട്ടു് മഹാവിഷ്ണു പുഞ്ചിരിതൂകിക്കൊണ്ടു്:—ഹേ പാർവതീശ! അന്നത്തെ ആ—മോഹിനീ രൂപം കാണിച്ചു തരുന്നതിനു് എനിക്കു് വിരോധമില്ല. പക്ഷെ—അതിനെക്കണ്ടാൽ പല വിഷമങ്ങളും മേലിൽ സംഭവിക്കും അതുകൊണ്ടു് അതിങ്കലുള്ള ആശ ഉപേക്ഷിക്കണമെന്നാണു് എൻെറ അഭിപ്രായം.

"തന്മൂലം എന്തുവിഷമങ്ങൾ തന്നെ സംഭവിച്ചാലും ഞാനതെല്ലാം സഹിച്ചു കൊള്ളാം. എന്നാലും തത്രൂപം എനിക്കൊന്നു കാണിച്ചു തരികതന്നെ വേണം.

"നിർബ്ബന്ധമാണെങ്കിൽ കാണിച്ചുതരാം. എന്നു പറഞ്ഞു് സമാധാനപ്പെടുത്തി ശങ്കരനെ അവിടത്തന്നെയിരുത്തി ഭഗവാൻ മോഹിനിവേഷം കാണിച്ചു കൊടുക്കാൻ അവിടെ നിന്നും മറഞ്ഞു.

* * *

മായാവൈഭവത്താലുണ്ടായ മഹനീയോദ്യാനം

മോഹിനീരൂപത്തെ കാണ്മാൻ അത്യാകാംക്ഷയോടിരുന്ന ശങ്കരൻെറ കണ്ണുകളിൽ ആദ്യമായി പ്രത്യക്ഷപ്പെട്ടതു് ഒരിക്കലും കണ്ടിട്ടില്ലാത്ത തരത്തിലുള്ള ഒരു മഹനീയമായ ഉദ്യാനമാണ്.

* * *

ഷഡ്ഋതു സുഭഗസുമാവൃതരമ്യം

കോകിലകൂജിതകളകളശബ്ദം—ഇങ്ങിനെനോക്കിയാൽ അന്തമില്ലാത്ത വിധത്തിൽ ആശ്ചര്യം ജനിപ്പിക്കുന്ന പലതും നിറഞ്ഞതാണു് ആ ഉദ്യാനം. അത്രമാത്രമോ? ഝംകാര നാദത്തോടു കൂടി ഷഡ്പദശ്രേണികൾ സുന്ദരസൌരഭ്യ സുമങ്ങളിലുള്ള മധുവിനെ ആസ്വദമാക്കുന്നതിനു് പാറി പറക്കുന്നതു കണ്ടാൽ—പുഷ്പശ്രേണികളാലലംകൃതങ്ങളായ വല്ലികളുടെയിടയിൽ മയിലുകൾ തൂങ്ങിക്കിടന്നു് പീലികൾ വിടുർത്തി മനോഹരമായി ആടുന്നതു കണ്ടാൽ—പക്ഷി സമൂഹം ആനന്ദാമൃതാംബുധിയിലാറാടി ഇണകളോടൊത്തു് പാറിക്കളിച്ചു് ശൃംഗാരസല്ലാപം ചെയ്യുന്നതു കണ്ടാൽ—വിസ്തൃതവും മനോഹരവുമായ താമരപ്പൊയ്കയിൽ അരയന്നങ്ങൾ അന്യോന്യം ക്രീഡാ

ദിരസങ്ങളാൽ ഉത്സാഹഭരിതകളായി താമരപ്പൂക്കളിലെ കേസരജാലങ്ങളെ ഭുജിച്ച് സംതൃപ്തകളായി വിഹരിക്കുന്നതുകണ്ടാൽ—കുയിലുകൾ കണ്ണാനന്ദകരമായ പാട്ടുകൾ പാടുന്നതു കേട്ടാൽ—ആരാണ് ആശ്ചര്യഭരിതനാകാത്തതു്? ആരാണ് ആനന്ദതുന്ദിലനാകാത്തതു്; ചുരുക്കിപ്പറഞ്ഞാൽ നന്ദനോദ്യാനത്തെപ്പോലും അതിശയിപ്പിക്കത്തക്കതായ—ആ—ഉദ്യാനത്തിൽ മന്മഥസഖിയായ രതിയേക്കൂടി ലജ്ജിപ്പിക്കുവാൻ തക്ക യോഗ്യതയോടു കൂടി ഒരു സൌന്ദര്യറാണി പന്തടിച്ചും ചിന്തുപാട്ടുകൾപാടി നൃത്തം ചെയ്തു് വിനോദിക്കുന്നതും ശങ്കരൻ കണ്ടു, ഹാ! എന്തൊരാശ്ചര്യം?

**

### മായാമോഹിനിരൂപവർണ്ണന

കാർമേഘകാന്തിയെ കവരുന്നതും, നീണ്ടുചുരുണ്ടു്കണങ്കാലുകൾ വളരെ തൂങ്ങിക്കിടക്കുന്നതുമായ കുന്തളഭാരവും ചന്ദ്രക്കീറെന്നപോലെ അതിമനോഹരമായി പ്രശോഭിക്കുന്ന നെററിത്തടത്തിൽ, അഞ്ചമ്പൻെറ വില്ലിനേപ്പോലും നാണിപ്പിക്കുന്നതും വരിവണ്ടെന്നപോൽ വളഞ്ഞു് കാളാംബുദഭൃതിയോടെ ലസിക്കുന്നതുമായ പുരികക്കൊടികളും, തൻമദ്ധ്യേ മേലോട്ടു്കയററി വിളങ്ങുന്ന തിലകത്തെ ചഞ്ചലിപ്പിച്ചു കൊണ്ടിരിക്കുന്ന കടാക്ഷധോരണിയോടു കൂടിയ കണ്ണിണയും, അതിനുള്ളിൽ തുള്ളിക്കളിക്കുന്ന കരിമീൻ കിശോരങ്ങളേ പോലുള്ള മിഴികളും,കാതിലാടി തൂങ്ങിക്കിടക്കുന്നതും മുകുരാഭപോൽ പ്രശോഭിക്കുന്നതുമായഗണ്ഡഭാഗവും

അതിൽ പ്രതിബിംബിക്കുന്ന മീനകുണ്ഡലദ്യുതിയും,നാസാരന്ധ്രത്തിന്റെ ഇരു പാർശ്വങ്ങളിലായി പ്രശോഭിക്കുന്ന നാസാ ഭൂഷകളോടും, ചെന്തൊണ്ടിപ്പഴത്തിന്റെ പ്രഭയെ അതിലംഘിക്കുന്ന കാന്തിയോടും എന്നാൽ മാന്തളിരുപോലെ അതിലോലവുമായ അധരപാളികൾ, പുഞ്ചിരി തൂകുമ്പോൾ മുല്ലമൊട്ടു നിരത്തി വച്ചപോലുള്ള പല്ലുകളുടെ ശോഭ പൂനിലാവിനെപ്പോലും നാണിപ്പിക്കുന്നതുമായ ഈ ചന്ദ്രാഭിരാമമുഖി ആരായിരിക്കാം? വിചിത്രങ്ങളായ കണ്ഠാഭരണങ്ങൾ അലംകരിച്ച് വക്ഷോജാഭയെ വളർത്തി ആലിലക്കൊത്തൊരുദരത്തേയും മോടിപ്പെടുത്തിക്കിടക്കുന്നതും, കാമകേളീ സൌധമെന്നോണം ലാലസിക്കുന്നതും, മത്തേഭകുംഭങ്ങളെ തോല്പിക്കുന്ന കുചകലശദ്വയവുംസുവർണ്ണകങ്കണങ്ങളാലലംകൃതമായപാണിദ്വയവും മൃഗരാജന്റെഅരക്കെട്ടുപോലെയുള്ള കൃശമായ അരക്കെട്ടും, കടിപ്രദേശം,ജംഘകൾ,ഊരുദ്വയം, നാഭിസ്ഥലം, ജാനുയുഗ്മം മുതലായവയെ മറച്ചിട്ടുള്ള പട്ടാംബരത്തെ ആശ്ലേഷം ചെയ്തിരിക്കുന്ന ദിവ്യാഭരണങ്ങൾ പട്ടാംബരശോഭക്ക് മാററുകൂട്ടിയും, മനോഹര പാദങ്ങളിൽ അണിഞ്ഞിട്ടുള്ള മഞ്ജീരാദ്യലങ്കാരപ്രഭയും-ഇങ്ങിനെ ഓരോന്നിനേപ്പററിയും പ്രത്യേകം വർണ്ണിച്ചാൽ ഒടുങ്ങാത്ത തരത്തിലുള്ള രൂപലാവണ്യങ്ങളോടു കൂടിയ ഈ ത്രൈലോക്യ മോഹനാംഗി എങ്ങിനെ ഇവിടെ വന്നു എന്നുള്ള ചിന്തയാൽ ശിവൻ അത്ഭുതപരവശനായി എന്നു മാത്രമല്ല കാമാതുരനാകുക കൂടിച്ചെയ്തു.

★

### ശിവൻ മോഹിനിയെ പരിഗ്രഹിക്കുന്നതു്

പൂങ്കാവനത്തിൽ ആടിയും പാടിയും ആനന്ദിച്ചുല്ല സിക്കുന്നതായ ആ ത്രൈലോക്യ മോഹിനിയിൽ അനുരാഗപരവശനായിത്തീൎന്ന ശിവൻ എന്തുംവരട്ടെ യെന്നുള്ള ദൃഢനിശ്ചയത്തോടു കൂടി ഓടിച്ചെന്നു പിടിക്കുവാനടുത്തപ്പോഠം അവഠം തുള്ളിച്ചാടി ഓടുകയും കാമാൎത്തിയാൽ മതിമറന്ന ശിവൻ അതിനെവകവയ്ക്കാതെ വീണ്ടും പിന്നാലെയോടിയെത്തി അവളുടെ കയ്ക്കു പിടിച്ചു നിൎത്തി. തൽസമയം അവഠം വിയക്കയും, ശിവനു് വീൎയ്യം സ്രവിക്കുകയും ആവീൎയ്യം അവളുടെ ഘൎമ്മജാലങ്ങളോടു ചേരുകയും ചെയ്തു.

★

### ഹരിഹരാത്മജാവതാരം

സകലചരാചരസ്ഥിതനായ ശ്രീ ഹരിയുടെ മായാവൈഭവത്തിൻേറയും ദുഷ്ടന്മാരെ സംഹരിക്കുന്നതിനു് സമൎത്ഥനായ ശ്രീ ഹരൻെറ കാമസംതൃപ്തിയുടേയും ഫലമായി സകല ലോകങ്ങഠംക്കും ആനന്ദം ജനിപ്പിക്കത്തക്ക ഒരു ദിവ്യതേജസ്വരൂപം താമസംവിനാ പ്രത്യക്ഷപ്പെടുകയും ചെയ്തു. മുൻപു് കണ്ടതായ ഉദ്യാനമോ മോഹിനീ രൂപമോ ഒന്നും തന്നെ കാണുന്നില്ല. ശങ്കരൻ അത്ഭുതപരവശനായി. ദിവ്യതേജസ്സോടു കൂടി അവതരിച്ചതായ ആ ബാലൻെറ അവതാരസമയത്തു് ദേവകഠം പുഷ്പവൃഷ്ടി പൊഴിക്കുകയും ദുന്ദുഭിനാദം മുഴക്കുകയും നൃത്തകോലാഹലങ്ങഠംകൊണ്ടു മുഖരിതമാക്കുകയും ചെയ്തു. തൽസമയം ത

ന്നെ അവിടെ പാർവ്വതിയും ലക്ഷ്മിയും സരസ്വതിയും വ ന്നു് ആ—കുഞ്ഞിനെ മുല കൊടുത്തു് ലാളിച്ചു. സര സ്വതി കുമാരന്റെ നാവിൽ സ്ഥിരവാസമുറപ്പിച്ചു. താര കബ്രഹ്മമൂർത്തിയായ ഹരിഹരാത്മജന്റെ അവതാരം അറി ഞ്ഞു്—ദേവതാപസഗന്ധർവ്വാദികളും ബ്രഹ്മാദി മൂർത്തിക ളും തൽക്ഷണം അവിടെ എത്തിച്ചേർന്നു. ബാലസ്വരൂ പിയായ ആ—തേജഃപുഞ്ജത്തിന്റെ രൂപവർണ്ണന ചെയ്യു വാൻ അനന്തനാലും സാധിക്കയില്ല. ആദ്യന്തരഹിതമാ യ പരബ്രഹ്മംഇച്ഛാസ്വരൂപംകയ്ക്കൊണ്ടു്സഗുണാകാരനാ യിട്ടാണു്അവതാരം ചെയ്തിരിക്കുന്നതു് എന്നു പറഞ്ഞു ത ത്വസാരജ്ഞന്മാരായ താപസപ്രവരന്മാർ പുകഴ്ത്തി. അ ദ്വൈതഭാവനായുതരായ തത്വവേദികൾ ബ്രഹ്മതത്വപ്ര തിപാദകരൂപേണ ആ—ബാലനെ വർണ്ണിച്ചു.

*

## ഹരിഹരാത്മജവർണ്ണന

അനേക കോടി സൂര്യഭാസ്സിനെ വെല്ലുന്ന കിരീടാഭ യോടും കാളമേഘദ്യുതിയെ ജയിക്കുന്ന നീണ്ടു ചുരുണ്ടകേ ശഭാരത്തോടും പഞ്ചമിച്ചന്ദ്രസമാനം പ്രശോഭിക്കുന്ന നെ റ്റിത്തടത്തിൽ വിളങ്ങുന്ന ഊർദ്ധ്വപുണ്ഡ്രത്തോടും, വില്ലു പോലെ വളഞ്ഞു് കരിവണ്ടുപോലെയുള്ള പുരികക്കൊടി കളോടും, കാരുണ്യാമൃതം ഇറവുവീഴുന്ന കമലലോചനയു ഗ്മത്തോടും തിലകുസുമസദൃശമായനാസികയോടും,ഇരുകണ്ണ ങ്ങളിലും തുങ്ങി ഗണ്ഡസ്ഥലങ്ങളിൽ പ്രതിബിംബിക്കുന്ന മീനകുണ്ഡലങ്ങളോടും, കാര്യവും കാരണവുമെന്നപോലെ ചെന്തൊണ്ടിപ്പഴത്തിനു തുല്യമായ അധരദ്വയത്തോടും,പു

ഖെിരിക്കമ്പോറം ചന്ദ്രികയെപ്പോലുംനാണിപ്പിക്കുന്ന ദന്തനിരകളോടും കൂടിയ ചന്ദ്രാഭിരാമ മുഖ പങ്കജവും, മുപ്പിരിശ്ശംഖെന്നപോലെ കണ്ഠത്തിൽ അണിഞ്ഞിട്ടുള്ള കൌസ്തുഭത്തോടും നാനാവിധരത്നാഭരണങ്ങളോടും പുഷ്പമാല്യങ്ങളോടും തുളസീവില്വപത്ര മാല്യങ്ങളോടും കൂടിയ വക്ഷസ്സും സുവർണ്ണദണ്ഡസമാനമായ അഷ്ടബാഹുക്കളും അവയിൽ രാഗദ്വേഷാദികളായ ശത്രുവൃന്ദത്തെ നശിപ്പിക്കുവാനെന്നപോലെ ശംഖം, ചക്രം, ശൂലം, ചുരിക, ഖഡ്ഗം, ചാപബാണം, ചർമ്മം മുതലായ ആയുധങ്ങളോടു കൂടിയും കോടി ബ്രഹ്മാണ്ഡങ്ങളേയും അടക്കി വച്ചിട്ടുള്ള—ആലിലക്കൊത്ത ഉദരവും ഭംഗിയേറുന്ന നീലാംബരം ധരിച്ച് അതിൻമീതെ നാനാരത്നങ്ങളാൽ നിർമ്മിതമായ കാഞ്ചിനൂപുരാദികറം അണിഞ്ഞിട്ടുള്ള കടീതടവും പാദപത്മങ്ങളിൽ അലംകരിച്ചിട്ടുള്ള മഞ്ജീരയുഗവും അവയുടെ കർണ്ണാനന്ദമായ നാദവും—എന്നിങ്ങനെ വർണ്ണിച്ചാലൊടുങ്ങാത്ത വിധത്തിലുള്ള ഭംഗിയോടു കൂടിയ ആ ഹരിഹരാത്മജൻറ ദിവ്യരൂപം മന്മനപ്പങ്കജത്തിൽ സർവ്വനേരവും പ്രകാശിക്കേണമേയെന്നുള്ള പ്രാർത്ഥനയോടുകൂടി അദ്വൈതികളായ തത്വവേദികറം നിശ്ചല ഹൃദയരായിനിന്നു.

*

ഓരോരുത്തരുടേയും സാഷ്ടാംഗപ്രണാമം.

അഷ്ടബാഹുക്കളോടും രാഗാദിദോഷ വിനാശം വരുത്താനുള്ള അഷ്ടായുധങ്ങളോടും സർവ്വത്ര പരിപൂർണ്ണമായി ശോഭിക്കുന്ന ദിവ്യതേജസ്സോടും കൂടി ഹരിഹരാത്മജനായവതരിച്ച താരകബ്രഹ്മമൂർത്തേ! ഓങ്കാരപ്പൊരുളേ! ഭഗവൽപ്പാദപത്മങ്ങളിൽ ഭക്തിശ്രദ്ധാവിനയാന്വിതനായി ഈയുള്ളവനും സാഷ്ടാംഗപ്രണാമം ചെയ്യുന്നു.

ഹരിഹരാത്മജൻെറ ജനനസമയം

ധനുമാസാന്ത്യ സംക്രാന്തി
ഉത്രം നാഠം ശനിയാഴ്ചയും
പഞ്ചമീ പക്കവും ചേൎന്ന
വൃശ്ചികംലഗ്നജാതകം.
ഇങ്ങിനേയുള്ള നൽക്കാലേ
ശ്രീഹരിഹര പുത്രനായ്,
ജനിച്ചു ഭൂതലേ, സൎവ്വ-
ലോകേശൻ, ബാലരൂപിയായ്.

**

ഹരിഹരാത്മജൻെറ തിരുനാമങ്ങഠം

ഹരിഹരാത്മജാവതാരമറിഞ്ഞുവന്ന താപസപ്രവരന്മാർ വേദപാരായണങ്ങളോടുകൂടി ആ ദിവ്യമൂൎത്തിക്ക് ആശിസ്സരുളി. അതിനുശേഷം ബ്രഹ്മദേവൻ ഈ ദിവ്യകുമാരന് ലൌകികരീത്യാ പ്രാധാന്യമേറിയ ചതുൎവ്വിധനാമങ്ങളുച്ചരിച്ചു. സൎവ്വപരാപരാന്തൎഗ്ഗതനായി സൎവ്വഗനായി പരമാത്മാവായി അധിവസിക്കുന്ന ചിൽപുരുഷനാകയാൽ "ശ്രീഭൂതനാഥൻ" എന്നും, അധൎമ്മികളെ ശാസിച്ച് ധൎമ്മബോധമുള്ളവരാക്കിത്തീൎക്കുന്നവനാകയാൽ "ധൎമ്മശാസ്താ"വെന്നും, സകലതത്വങ്ങളും തന്നിൽതന്നെ അടക്കി വച്ചിട്ടുള്ളവനാകയാൽ "പരായഗുപ്തൻ" എന്നും ആൎയ്യന്മാൎക്ക് പിതാവിനേപ്പോലെ വൎത്തിക്കുന്നവനാകയാൽ "ആൎയ്യതാതൻ" എന്നും ഇങ്ങിനെ നാലുനാമങ്ങളാണ് പ്രധാനമായി വിധി കല്പിച്ചതു്. ഇവകൂടാതെ മററു പല നാമങ്ങളും, വിശിഷ്യ സഹസ്രനാമങ്ങളുമുണ്ടു്.

മഹാവിഷ്ണു മോഹിനീപുത്രനെ ഉപദേശിക്കുന്നതു്

പ്രിയകുമാര! നീ ഭൂതലവാസികളെ എപ്പോഴും വേണ്ടപോലെ അനുഗ്രഹിച്ചു് ദേവാദികൾക്കു് ദുഃഖത്തിന്നിടയാകാതെ കാലദേശാവസ്ഥകൾക്കു് അനുയോജ്യമായി ധമ്മമാഗ്ഗങ്ങളെ വേർ തിരിച്ചു് ധമ്മസംസ്ഥാപകനെന്ന വിഖ്യാതിനേടി ശങ്കരനോടുകൂടി കൈലാസത്തിൽ പോയി സസുഖം വസിച്ചാലും! വേണ്ടകാൎയ്യങ്ങളെ ഓരോന്നായി വിശദമായി മഹാദേവൻ അരുളിച്ചെയ്യുന്നതാണ് എന്നുപറഞ്ഞു് ആശീവ്ദിച്ചുകൊണ്ടു് മഹാവിഷ്ണു അന്തൎദ്ധാനംചെയ്തു.

★

ഹരിഹരാത്മജൻെറ കൈലാസയാത്ര.

ഹരിഹരപുത്രനായ ശ്രീഭൂതനാഥൻ പരമേശ്വരനോടുകൂടി കൈലാസത്തിലെത്തി സസുഖം വസിച്ചു. ബാഹ്യധമ്മപ്രകാരം പുത്രനെ സവ്വവിദ്യാവിശാരദനാക്കിത്തീത്തു. ഭൂതനാഥനാകട്ടെ!—സവ്വലോകങ്ങളേയും വീക്ഷണംചെയ്തു് ദുഷ്ടശിക്ഷണം, ശിഷ്ടപരിപാലനം ആദിയായ കാൎയ്യങ്ങൾ നടത്തി സുഖമായി വസിച്ചു.

**

പിതാവിൻെറ ഉപദേശം

ഒരിക്കൽ ബ്രഹ്മസ്വരൂപനും പുത്രനുമായ ധമ്മശാസ്താവിനെ അരികിലിരുത്തി:—പ്രിയപുത്ര! നിൻെറ അവതാരം എന്തിനുവേണ്ടിയാണെന്നു എനിക്കു് അറിയാം. അതിൻെറ ആരംഭസൂചകമായി ചെയ്യേണ്ടതെന്തെന്നാൽ

KOTTAYAM PUBLIC LIBRARY KOTTAYAM

ക്ഷേത്രാഗ്രഗണ്യനും, ജ്ഞാനനിധിയും, സത്യസന്ധനുമായ പന്തളഭൂപാലകന്നു് പുത്രഭാവേന പന്ത്രണ്ടു സംവത്സരം അവിടെപോയി താമസിക്കണം. പുത്രഭാഗ്യം ലഭിക്കാതെ സന്തപ്തചിത്തനായിട്ടാണ് അദ്ദേഹമിരിക്കുന്നതു്. ഇങ്ങിനെ പന്ത്രണ്ടുവത്സരം ഭൂലോകപാലനു് ദാസനായി താമസിച്ചാൽമാത്രമേ ശാപഗ്രസ്തയായി ജനിച്ചിട്ടുള്ള മഹിഷിയെന്ന ദൈത്യതരുണിക്കു് മോക്ഷംകൊടുക്കുന്നതിനു് നിനക്കു സാധിക്കയുള്ളു. അതിനുശേഷവും പലതും നിന്നാൽ സാധിപ്പാനുണ്ടു്. അതിനാൽ നീ വൈശിഷ്ട്യമേറിയ പമ്പാനദീതീരത്തുള്ള വൻകാട്ടിൽ ഒരു കൊച്ചുകുട്ടിയുടെ രൂപമെടുത്തു ഒരു മണിയുംധരിച്ചു് ചെന്നു് കിടന്നുകൊള്ളണം. അങ്ങിനെ കിടക്കുന്ന അവസരത്തിൽ പന്തളരാജൻ അവിടെ നായാട്ടിനായി എത്തുകയും, നിന്നെ കാണുകയുംചെയ്യും. നിൻെറ രൂപലാവണ്യങ്ങളും മററുംകണ്ടു് പുത്രദുഃഖം പാടെ മറന്നു് നിന്നെ അത്യാഹ്ലാദചിത്തനായി എടുത്തു കൊട്ടാരത്തിൽ കൊണ്ടുപോയി ഉത്തമ പുത്രനുതുല്യം ലാളിച്ചുവളർത്തിക്കൊള്ളും. അതിനുശേഷം പല ദുരിതങ്ങളും (പന്ത്രണ്ടുവത്സരത്തിനുള്ളിൽ) അവിടെവച്ചു് അനുഭവിക്കേണ്ടതായിവരും. അവസരോചിതം അതിനെയെല്ലാം ഞാൻ തടുത്തുകൊള്ളാം. നിൻെറ കഴുത്തിലുള്ള മണി കണ്ടു് നിന്നെ മണികണ്ഠൻ എന്നു് അവർ നാമകരണം ചെയ്യും. അതുകൊണ്ടു് ഇനി അങ്ങോട്ടുപോകാൻ യാത്രയാകുക!

**

## ഹരിഹരപുത്രൻെറ പമ്പാതീരവാസം

സർവ്വജ്ഞാനനിധിയായ ഹരിഹരപുത്രൻ അച്ഛൻെറ ഉപദേശങ്ങളെ ശിരസാ വഹിച്ചു അദ്ദേഹത്തെ വണങ്ങി ഭൂലോകത്തിലുള്ള പമ്പാനദിയുടെ തീരത്തിലുള്ള ഒരു വൻകാട്ടിൽ അതിസുന്ദരനായി ഒരു മണിയും കഴുത്തിൽ ധരിച്ചു് ബാലാകൃതി പൂണ്ടു് രോദനം ചെയ്തു ശയിച്ചു.

— ** —

## വിജയബ്രാഹ്മണൻെറ കഥ.

പണ്ടു് പാണ്ഡ്യവംശത്തിൽ ധനാഢ്യനായി ധർമ്മധീരൻ എന്നപേരായ ഒരു ബ്രാഹ്മണോത്തമനുണ്ടായിരുന്നു. ഐശ്വര്യസമൃദ്ധിയോടു കൂടി ജീവിച്ചിരുന്ന അദ്ദേഹത്തിൻെറ മനസ്സിനു യാതൊരു സുഖവുമുണ്ടായിരുന്നില്ല പുത്രഭാഗ്യമില്ലാത്തതാണതിൻെറ കാരണം. സന്താനലാഭേഛയോടു കൂടി നിത്യവും ദാനധർമ്മാദികൾ ചെയ്തും പ്രാർത്ഥിച്ചും കൊണ്ടിരുന്നുവെങ്കിലും പുത്രഭാഗ്യം ലഭിക്കാഞ്ഞതുകൊണ്ടു് —സാമാന്യ ജീവിതത്തിനു മാത്രമുള്ള ധനം സൂക്ഷിച്ചിട്ടു് ബാക്കിയുള്ളതെല്ലാം ദാനധർമ്മാദികൾക്കു വിനിയോഗിച്ചു് കൃതാർത്ഥനായി. അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം അതിഥിയായി ഒരു സാധു തൻെറ ഗൃഹത്തിൽ വന്നു ചേർന്നു. ധർമ്മധീരനാകട്ടെ, ആ സാധുവിനെ യഥാവിധി സൽക്കരിച്ചു് കുശലാന്വേഷണം ചെയ്തു. അക്കൂട്ടത്തിൽ തൻെറ പുത്രഭാഗ്യദോഷത്തേയും അതിഥിയെ അറിയിച്ചു. ധർമ്മധീരൻെറ പുത്രഭാഗ്യദോഷത്തെപ്പററി ചിന്തിച്ചുകൊണ്ടിരുന്ന ഭിക്ഷു, ധർമ്മധീരനോടു്:-

അല്ലയോ ബ്രാഹ്മണശ്രേഷ്ഠ! അങ്ങ് പുത്രദുഃഖത്തിന് പാത്രമായിരിക്കുന്ന ആളാണെന്നു് എനിക്കു് മനസ്സിലാക്കുവാൻ സാധിച്ചു. എന്നാൽ അങ്ങയ്ക്കു് പുത്രഭാഗ്യം കൈവരുന്നതിനുള്ള ഒരു നല്ല മാർഗ്ഗം ഞാൻ പറഞ്ഞുതരാം പുത്രന്മാരില്ലാത്തവൻെറ പിതൃക്കൾ നരകത്തിൽ കിടന്നു ദുഃഖിക്കുമെന്നാണു് ശാസ്ത്രാദികൾ വിധിക്കുന്നതു്. അതിനാൽ അങ്ങ് പുത്രലാഭത്തിനായി പ്രയത്നിക്കേണ്ടതാണു്. എങ്ങിനെ പ്രയത്നിക്കണമെന്നു ചോദിച്ചാൽ—ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുടേയും മററുദേവന്മാരുടേയും അംശത്താലവതരിച്ച ആ—താരകബ്രഹ്മമൂർത്തിയെ ഭജിച്ചാൽ നിശ്ചയമായും അങ്ങയ്ക്കു് പുത്രഭാഗ്യം സിദ്ധിക്കും. സർവ്വജ്ഞനും സർവ്വേശ്വരനുമായ അദ്ദേഹത്തിൻെറ അനുഗ്രഹം സിദ്ധിക്കുന്നതിന് അദ്ദേഹത്തെത്തന്നെ സുസ്ഥിരതയോടുകൂടി ഏകാഗ്രമാനസയായി തപസ്സു ചെയ്തുകൊണ്ടു് ശബരിയെന്നു പേരായ ഒരു താപസിവസിക്കുന്നുണ്ടു് ആ—പരിശുദ്ധചിത്തയായ ശബരിയെക്കണ്ടു് അങ്ങയുടെ സങ്കടമുണർത്തിയാൽ അവർ വേണ്ടുന്ന സദുപദേശങ്ങൾ നൽകുന്നതാണു്, ത്രൈലോക്യരക്ഷകനായി ദേവതാപസാദികളാൽ പൂജിതനായി വാണരുളുന്ന ഒരു ദിവ്യാവതാരമാണു് താരകബ്രഹ്മമൂർത്തിയായ ഹരിഹരപുത്രൻ. ഭക്തന്മാരെ അനുഗ്രഹിക്കുന്നതിന് സദാകാത്തിരിക്കുന്ന മൂർത്തിയാണു്, വിശിഷ്യ—ഈ കലികാലത്തു് താരകബ്രഹ്മമൂർത്തിയേയാണു് ഭജിക്കേണ്ടതു്. സത്വഗുണസമ്പൂർണ്ണനും കലിമലദ്ധ്വംസകനുമാണദ്ദേഹം.

*

ഭിക്ഷുവിൻെറ ഇപ്രകാരമുള്ള ഉപദേശങ്ങൾ കേട്ടിരുന്ന ധമ്മധീരൻ ആവേശഭരിതനായി ഭിക്ഷുവിനോട്ട്:—ഹേ! സാധോ! ശബരിയെന്ന ആ-താപസിയെ കാണുവാനുള്ള മാർഗ്ഗവുംകൂടി ഉപദേശിച്ചു് എന്നെ അനുഗ്രഹിക്കണം.

ഭിക്ഷു:—ധമ്മിഷ്ഠനും, ഭക്താഗ്രഗണ്യനുമായ ബ്രാഹ്മണോത്തമ! അങ്ങ് ഇവിടെനിന്നു് താരകബ്രഹ്മമൂത്തിയായ ആര്യതാതൻെറ നാമമുരുവിട്ടുകൊണ്ടു ഭക്തിയോടുകൂടി ഈ ഘോരാരണ്യത്തിൽക്കൂടി വടക്കുകിഴക്കുഭാഗം നോക്കി യാത്ര ചെയ്യുമ്പോൾ കരിമലയെന്നു പേരായ ഒരു വൻമല കാണാൻ സാധിക്കും. ആ മലകയറിച്ചെല്ലുമ്പോൾ പമ്പാനദിയെന്നുപേരായ ഒരു പുണ്യനദി ഒഴുകുന്നതുകാണാം.

ആ പുണ്യനദിയിൽ സ്നാനംചെയ്തു സർവ്വപാപവിമുക്തനായി അവിടെനിന്നും ഉത്തരാശാമുഖമായി മുമ്പോട്ടുകേറിച്ചെല്ലുമ്പോൾ ശബരിയെന്ന താപസി ഏകാഗ്രചിത്തയായി തപം ചെയ്യുന്നതു് കാണാൻ കഴിയും. ആ മഹാതാപസിയെവന്ദിച്ചു പ്രദക്ഷിണംചെയ്താൽ അവൾ യോഗാസനത്തിൽ നിന്നും ഉണർന്നു അങ്ങയ്ക്കു് വേണ്ട ഉപദേശങ്ങൾ തരും. ഇപ്രകാരം ഉപദേശിച്ചു് ധമ്മധീരനെ സമാധാനപ്പെടുത്തി അന്നു് ഭിക്ഷു അവിടെത്തന്നെ താമസിച്ചു് പിറേറ ദിവസം രാവിലെ യാത്രയായി.

**

### ശബരിയെ ദർശിക്കുന്നതിന്നു് ബ്രാഹ്മണൻെറ യാത്ര.

ഭിക്ഷുപോയതിനുശേഷം ബ്രാഹ്മണൻ ഭിക്ഷുവിൻെറ

ഉപദേശപ്രകാരം തന്നെ ശബരി തപസ്സുചെയ്യുന്ന സ്ഥാനത്തെ ശരണം പ്രാപിച്ചു.

**

## ശബരിയുടെ ഉപദേശം

പരമഭക്തയും, മഹാതപസ്വിനിയുമായ ശബരി സമാധിയിൽനിന്നുണൎന്ന് ബ്രാഹ്മണനെനോക്കി:—

അല്ലയോ ബ്രാഹ്മണോത്തമ! അങ്ങയുടെ എല്ലാകാൎയ്യങ്ങളും ഞാനറിഞ്ഞു. അങ്ങ് ഇന്നു് ഒരു പുത്രാൎത്ഥിയായിട്ടാണു് ഇവിടെ വന്നിരിക്കുന്നതു്. അതുകൊണ്ടു് അങ്ങ് ഇവിടെനിന്നും അല്പം വടക്കോട്ടുചെന്നാൽ കിഴക്കുനിന്നും ഒരു ജലധാര അതിവേഗത്തിൽ ഒഴുകിവന്നു് കീഴ്പ്പോട്ടു പതിക്കുന്നതു് കാണാം. ആ ജലധാര താരകബ്രഹ്മമൂൎത്തിക്കു് ദേവാദികൾ സുരഗംഗയെക്കൊണ്ടുവന്നു് അഭിഷേകംചെയ്യുന്നതാണു്. ആ ജലധാര കീഴ്പ്പോട്ടുപതിക്കുന്നതിനുമുൻപായി ഏതൊരുവൻ അതിൽ മുഴുകുന്നുവോ അവനു് സൎവ്വാഭീഷ്ടങ്ങളും സിദ്ധിക്കുമെന്നു മാത്രമല്ല അവൻ മുക്തനായിത്തീരുകയും ചെയ്യും. ആ പുണ്യതീൎത്ഥത്തിൽ സ്നാനംചെയ്വാൻ പെട്ടെന്നുസാദ്ധ്യമല്ല. ഒഴുക്കിന്റെ കാഠിന്യമാണു് അതിനു കാരണം. ആകയാൽ ഒരു മൺകുടംകാണിച്ചു് ഒഴുകിവരുന്ന തീൎത്ഥത്തെ എടുത്തു അതുകൊണ്ടു സ്നാനംചെയ്താൽമതി. അപ്രകാരം ചെയ്യുന്നതിനു് ഞാൻ അങ്ങേക്കു് ഒരു മൺകുടവും തന്നയക്കാം. അതുകൊണ്ടുപോയി ഞാൻ പറഞ്ഞതുപോലെ ചെയ്യുക!

ഇപ്രകാരം ഉപദേശം സ്വീകരിച്ചു് മൺകുടവും വാങ്ങി ധൎമ്മധീരൻ താപസിയെ വണങ്ങി തീൎത്ഥം ഒഴുകുന്ന സ്ഥാനത്തിലെത്തിച്ചേൎന്നു.

## തീൎത്ഥമാഹാത്മ്യവും ബ്രാഹ്മണൻെറ പാപമോചനവും

അതിവേഗതയോടും നിൎമ്മലമായും ഒഴുകിവരുന്ന തീൎത്ഥത്തെ ബ്രാഹ്മണൻ ഏററവും സന്തോഷത്തോടും ഭക്തിയോടുംകൂടി കുടത്തിലാക്കുവാൻ കുടം നീട്ടിക്കാണിച്ചു. എന്നാൽ ഒഴുക്കിൻെറ ശക്തികൊണ്ടു് കുടം പെട്ടെന്നു് പൊട്ടിച്ചിതറിപ്പോകുകയാണുണ്ടായതു്. അപ്പോഠംതന്നെ കുടം പൊടിഞ്ഞ കഷ്ണങ്ങഠം എല്ലാം ചേൎന്ന് അവിടെ ഒരു കുന്നുപോലെയായി, മാത്രമല്ല അതിൻെറ നടുവിൽ ഒരു കുഴിയുമുണ്ടായി. അതോടെ—ജലധാരയുടെ ശക്തിയും കുറഞ്ഞു. ഒഴുക്കിൻെറ ശക്തികുറഞ്ഞതുകൊണ്ടു് ബ്രാഹ്മണൻ അത്യധികം സന്തോഷിക്കുകയും ശബരിയുടെ തപഃശക്തിയെ മനസാപ്രശംസിക്കുകയും ചെയ്തു. അതിനുശേഷം ബ്രാഹ്മണൻ താരകബ്രഹ്മമൂൎത്തിയെ ധ്യാനിച്ചും മന്ത്രത്തെ ഉച്ചരിച്ചും ആ-പുണ്യതീൎത്ഥത്തിൽ സ്നാനംചെയ്തു കൃതാൎത്ഥനായി. തൽസമയം ബ്രാഹ്മണൻെറ ഓരോ അവയവങ്ങളിൽ നിന്നും ഓരോ പക്ഷികഠം ജാതമായി മേൽപ്പോട്ടു് പറന്നുപോയി എന്നു മാത്രമല്ല-അല്പസമയത്തിനുള്ളിൽതന്നെ അവ താഴെ വീണു പിടച്ചു മരിക്കുകയും ചെയ്തു. ബ്രാഹ്മണൻഇതുകണ്ടു് അത്ഭുതപരതന്ത്രനായി അവിടെ നിന്നു. അപ്പോഠം ആകാശത്തിൽ നിന്നും പുഷ്പവൃഷ്ടിയുണ്ടായി.

* * *

## ശ്രീഭൂതനാഥദൎശനം

ഭക്തിപരവശനായി നില്ക്കുന്ന ബ്രാഹ്മണശ്രേഷ്ഠ

ൻെറ മുമ്പിൽ കോടി സൂൎയ്യപ്രഭാവത്തോടെ കോമളാകാര നായ ഒരുബാലൻ അസ്ത്രാദ്യായുധങ്ങൾ ധരിച്ചു് കാരുണ്യാമൃതം പൊഴിയുന്ന നേത്രാരവിന്ദങ്ങളോടും ചന്ദ്രാഭിരാമമുഖ പത്മത്തോടും കൂടി ആവിർഭവിച്ചു. തൽക്ഷണം ആ ബ്രാഹ്മണശ്രേഷ്ഠൻ ഏററവും ഭക്തിയോടുകൂടി വേദോക്തങ്ങളായ പുരുഷസൂക്തത്താലും രുദ്രസൂക്തത്താലും സഹസ്രനാമങ്ങളാലും സ്തുതിച്ചു അദ്ദേഹത്തിൻെറ പാദാരവിന്ദങ്ങളിൽ വീണു നമസ്കരിച്ചു. അപ്പോൾ ഭക്തനായ ബ്രാഹ്മണനെ നോക്കി ശ്രീഭൂതനാഥൻ:—അല്ലയോ ബ്രാഹ്മണോത്തമ! ഭവാൻെറ ഭക്തിയാൽ ഞാൻ തൃപ്തനായി. അതുകൊണ്ടു ഭവാൻെറ അഭീഷ്ടമെന്തെന്നറിയിക്കുക!

ബ്രാഹ്മണൻ:—ദീനരക്ഷകനും ഭക്തജനപാലകനുമായ ഭഗവാനേ! ഇവൻ ഇന്നുവരെ പുത്രഭാഗ്യം ലഭിക്കാത്തവനാണ്. ആകയാൽ അവിടന്നു് എൻെറ പുത്രനായിത്തീരുവാനുള്ള ഭാഗ്യം എനിക്കുണ്ടാകണം.

ശ്രീഭൂതനാഥൻ:—ഹേ! ബ്രാഹ്മണശ്രേഷ്ഠ!ഞാൻ ഭവാൻെറ അടുത്ത ജന്മത്തിൽ ഒരു പുത്രനായിപ്പിറന്നുകൊള്ളാം. അന്നു് പുത്രധനഭാഗ്യങ്ങൾ വേണ്ടുവോളം അങ്ങേക്കുണ്ടായിക്കൊള്ളും.ഇതാ നോക്കൂ! അങ്ങയുടെ പൂൎവ്വജന്മാൎജ്ജിതപാപങ്ങൾപക്ഷികളുടെ രൂപത്തിൽ അങ്ങയുടെ ദേഹത്തിൽ നിന്നു വേർപെട്ടുപോയതും വീണ്ടുംഅവ നിലംപതിച്ചതും.

ബ്രാഹ്മണൻ:—ദേവദേവ! ഞാൻ പൂർവ്വജന്മത്തിൽ ചെയ്ത പാപങ്ങളെന്തൊക്കെയാണെന്നു വിവരിച്ചറിയാൻ ആഗ്രഹിക്കുന്നു.

ശ്രീഭൂതനാഥൻ:— ശരി: പറയാം. വിശ്വാസവഞ്ചന, മദ്യപാനം, അന്യന്റെ വസ്തുവകകളെ അപഹരിക്കുക, പരദൂഷണം, പരദാരഗ്രഹണം, അസത്യംപറയുക, കർത്തവ്യബോധമില്ലാതിരിക്കുക, ജന്തുഹിംസ, ഇങ്ങിനെ നാനാവിധ ദുഷ്കർമ്മങ്ങൾ അങ്ങു ചെയ്തിരുന്നു. മേൽപറഞ്ഞവയെല്ലാം മഹാപാപങ്ങളും നരകയാതന അനുഭവിക്കേണ്ടതുമാണ്. ഇങ്ങിനെയുള്ള മഹാപാപങ്ങൾ ചെയ്തിട്ടുള്ളവർ നൂറുജന്മം ജനിച്ചാലും അവരുടെ പാപശക്തി കുറയുകയില്ല. അങ്ങിനെയിരിക്കെ—അങ്ങ് എന്റെ ഭക്തയായ ശബരിയുടെ ഉപദേശമനുസരിച്ചു അതിശക്തിയായി ഒഴുകിക്കൊണ്ടിരുന്ന തീർത്ഥം മന്ദീഭവിച്ച് അങ്ങ് അതിൽ സ്നാനം ചെയ്തതിനാൽ അങ്ങയുടെ പാപങ്ങൾ എല്ലാം നശിച്ചിരിക്കുന്നു. എന്നാലും ഒരു ജന്മം കൂടി അങ്ങ് സ്വീകരിക്കാതെ നിവൃത്തിയില്ല. അങ്ങയുടെ ആഗ്രഹങ്ങൾ അന്നേ നിറവേറുകയുള്ളു. അതുകൊണ്ടു് അടുത്ത ജന്മത്തിൽ ഞാൻ പുത്രഭാവത്തിലും ഭൃത്യഭാവത്തിലും വസിച്ചു കൊള്ളാം. ഞാൻ എപ്പോഴും ഭക്തദാസനാണ്. ആ—ജന്മത്തോടു കൂടി അങ്ങയുടെ ജന്മം അവസാനിക്കുന്നതാണ്. അങ്ങ് ഈ തീർത്ഥമെടുക്കാൻ കൊണ്ടുവന്നതായ കുടം പൊട്ടിച്ചിതറിപ്പോയതുകൊണ്ടു് ഈ തീർത്ഥസ്ഥാനത്തിനു് "കുംഭമേളത്തോട്ട്" (ഉരൽക്കുഴി) എന്ന പേരു സിദ്ധിക്കുന്നു. എന്നുമാത്രമല്ല—അങ്ങ് ഒരു കീർത്തിമാനായും ഭവിക്കും.

കലിയുഗം മുപ്പത്തീരായിരം വർഷം സത്തുക്കൾ സൽകർമ്മങ്ങളാൽ അതിദ്വേഗം മുക്തരായിത്തീരും. അതിനുശേഷമുള്ള കലിയുഗം മുഴുവനും (368000വർഷം) ദുഷ്ടന്മാരുടെ

യും വൃത്തിഹീനന്മാരുടേയും വാഴ്ചക്കാലമായിരിക്കും. അക്കാലം അധമ്മങ്ങളാലും അസത്യങ്ങളാലും ലോകം സന്തപ്തമായിത്തീരും. വണ്ണാശ്രമധമ്മങ്ങൾ കാണാൻ സാധിക്കയില്ല. ദുഷ്ടരക്ഷസ്സുകളാലുണ്ടാകുന്ന ഭയം എങ്ങും വ്യാപിച്ചുകൊണ്ടിരിക്കും. അങ്ങിനെയുള്ള കലിയുഗാവസാനത്തോടുകൂടി ദുഷ്ടരെ നശിപ്പിച്ചും അധമ്മത്തെ നീക്കിയും ധമ്മത്തെ പുനഃസ്ഥാപിച്ച് ലോകരക്ഷചെയ്വാനായി ഞാൻ കൽക്കിയായി അവതരിക്കും. അന്ന് എൻെറ കൽക്ക്യവതാരംകൊണ്ടു് കലിമലം നിശ്ശേഷം കളഞ്ഞു് ലോകം മംഗളമായിത്തീരുന്നതോടെ കൃതയുഗവും ആരംഭിക്കും.

* * *

## കലികാലവിശേഷങ്ങൾ.

ലോകാരംഭകാലത്തു് എൻെറ നിശ്ചയപ്രകാരം വിധി സൃഷ്ടിചെയ്യാൻമുതിന്ന അവസരത്തിൽ ഒരു പുരുഷൻ വിധിയുടെ സമീപം വന്ന് ആദരവോടെ തൊഴുതുനിന്നു. അതുകണ്ടു് ആ പുരുഷനോടു് വിധി നീയാരെന്നു് ചോദിച്ചു. അയാൾ ഉടനേ വിധിയോടു്:— അല്ലയോ സൃഷ്ടികത്താവേ! ഇവൻ അങ്ങയുടെ സൃഷ്ടിയിൽപെട്ട "കൃത" നെന്ന ആദിയുഗനാഥനാണ്. ഇവൻ എന്താണ് ചെയ്യേണ്ടതു് എന്നു അരുളിചെയ്താലും! കൃതൻെറ അപേക്ഷകേട്ടു് വിധി:_ അങ്ങ് സത്യധമ്മാദികളെ വേണ്ടുംവിധം പുലത്തി ഭൂലോകം രക്ഷിക്കുക! എന്നു പറഞ്ഞതുകേട്ടു് കൃതൻ അപ്രകാരം സമ്മതിച്ചു വന്ദിച്ചു യാത്രയായി. രണ്ടാമതായി ഒരുവൻ വന്നു. അയാൾ രണ്ടാംയുഗാധിപനായ ത്രേത

നായിരുന്നു. അയാളേയും വിധി സന്തോഷത്തോടെ സ്വീകരിച്ചു് അനുഗ്രഹിച്ചയച്ചു. മൂന്നാമതായി ഒരുവൻ വന്നു. അയാൾ മൂന്നാംയുഗനാഥനായ ദ്വാപരനായിരുന്നു. അയാളേയും വിധി യഥാവിധിയാത്രയാക്കി. നാലാമതായി ഒരുവൻ വന്നു. അയാൾ കാളമേഘദ്യുതിയേ ജയിച്ചവനും ഘോരാട്ടഹാസത്താൽ ലോകത്തെ ഭയപ്പെടുത്തുന്നവനും തീജ്വാല പ്രകാശിക്കത്തക്കവിധത്തിലുള്ള നേത്രങ്ങളുള്ളവനും, കരാളദംഷ്ട്രകളോടെ ശിശ്നവും കയ്യിൽ പിടിച്ചിട്ടുള്ളവനുമായിരുന്നു. അയാൾ വന്ന ഉടനേ ബ്രഹ്മാവിൻെറ സമീപത്തു കിടക്കുന്ന ഉത്തുംഗ സിംഹാസനത്തിൽ കയറിയിരിപ്പുറപ്പിച്ചു. ബ്രഹ്മാവു് ഈ ഭയങ്കരനെക്കണ്ടു് നീയാരു്? എന്നു ചോദിച്ചപ്പോൾ അവൻ പൊട്ടിച്ചിരിച്ചു് അട്ടഹസിച്ചുകൊണ്ടു് — അല്ലയോ വിധികർത്താവേ അങ്ങയുടെ സൃഷ്ടിയിൽ പെട്ട നാലാംയുഗനാഥനായ കലിയാകുന്നു ഞാൻ. വർണ്ണവിദ്വേഷംചെയ്തു് അധർമ്മ കർമ്മങ്ങൾ പ്രചരിക്കേണ്ട ഒരു കാലമാണു് എനിക്കുള്ളതു്. അസത്യം, വഞ്ചന, വ്യഭിചാരം, ഹിംസ, നിരീശ്വരത്വം, സജ്ജനനിന്ദ, പരദ്രോഹം മുതലായ കാര്യങ്ങളാൽ സന്തോഷിക്കുകയാണു് എൻെറ യുഗധർമ്മം. ഇപ്രകാരം കലി പറഞ്ഞതുകേട്ടു് ബ്രഹ്മാവു് കോപിഷ്ടനായി:— എന്നാൽ ഞാൻ നിനക്കുള്ള വിളയാട്ടകാലം ഇല്ലാതാക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ബ്രഹ്മാവിൻെറ നിശ്ചയമറിഞ്ഞ പാപാത്മാക്കൾ സങ്കടത്തോടുകൂടി ബ്രഹ്മാവിനെ സമീപിച്ചു് വന്ദിച്ചു്:— സൃഷ്ടികർത്താവേ! ഞങ്ങൾക്കു് സുഖിക്കുവാനുള്ള കാലമാണിതു്. അതിനെ നിന്തിരുവടി ഇല്ലായ്മചെയ്യുന്നതു്

ഏററവും പരിതാപകരമാണു് എന്നു പറഞ്ഞു. പാപാത്മാക്കളുടെ അപേക്ഷകേട്ടു് ശുദ്ധമനസ്കനായ വിധി കലികാലാവധി അല്പം കുറച്ചു വയ്ക്കുകയാണുണ്ടായതു്. അതായതു് 32000 വർഷം സത്തുക്കൾക്കായി വച്ചിട്ടു് ബാക്കിയുള്ള കാലം മുഴുവനും അധമ്മികൾക്കായി വിട്ടുകൊടുത്തു. ഇത്രയും കാലംകൊണ്ടു് ഈശ്വര സാക്ഷാൽക്കാരം സിദ്ധിക്കുവാൻ ക്ഷിപ്രസാദ്ധ്യമാണെന്നും വിധികല്പിച്ചു. അതുകൊണ്ടു് ദുഷ്ടന്മാൎക്കും അധമ്മികൾക്കുമായി സിദ്ധിച്ചിട്ടുള്ള കുറച്ചു കാലത്തെ ഞാൻ അപഹരിക്കുന്നില്ല. എൻെറ ഭക്തന്മാൎക്കു് ആ കലിബാധ ഏല്ക്കാതെ ഞാൻ രക്ഷിച്ചുകൊള്ളാം. എന്നാൽ കലിയുടെ ആസുരസ്വഭാവം ഏറുന്നതു് വിപ്രാദി വൎണ്ണങ്ങൾക്കായിരിക്കും. അവർ ശൌചാദി കമ്മങ്ങൾ വെടിഞ്ഞു് അസത്യകമ്മങ്ങളിലുത്സുകരായി, അവിവേകികളായി അഹങ്കാരികളായിത്തീരും. അങ്ങിനെയുള്ള അനവധി വിപ്രന്മാരെ കാണുവാൻ സാധിക്കുന്നതാണു്. ഇങ്ങിനെയുള്ളവർ പൂൎവ്വജന്മത്തിൽ അസുരന്മാരായിരുന്നുവെന്നു് തീച്ചപ്പെടുത്താം. അവൎക്കു് കുളി, ജപം, ഈശ്വരാരാധന മുതലായ കൃത്യങ്ങളിലൊന്നും ശ്രദ്ധയുണ്ടായിരിക്കയില്ല. സവ്വവേദങ്ങളും പഠിച്ചു് അനവധി യാഗകമ്മങ്ങളും ചെയ്തു് ശ്രേഷ്ഠനായിത്തീൎന്നിട്ടുള്ളവനാണു് ഞാനെന്ന ഭാവനയോടുകൂടി അസൂയ, പരനിന്ദ, പരദ്രോഹം മുതലായ നിന്ദ്യകമ്മങ്ങളിൽ തല്പരനായി ജീവിക്കുന്നവനെ എങ്ങിനേയാണു ബ്രാഹ്മണനെന്നു പറയുന്നതു്? ഉദാഹരണങ്ങൾ പലതും പറയാനുണ്ടെങ്കിലും അവയെപ്പററി യാതൊന്നും വിസ്തരിക്കുന്നില്ല. ബ്രാഹ്മണവേഷം ധരിക്കുന്നതുകൊ

ണ്ടുമാത്രം ബ്രാഹ്മണനാകയില്ല. മേൽപറഞ്ഞരീതിയിലുള്ള ബ്രാഹ്മണൻ കച്ചവടം മുതലായവചെയ്തു ജീവിതം പുലത്തുന്നു. സല്ക്കമ്മനിരതന്മാർ വളരെ കുറയുകയും, ഗോപരിരക്ഷണം തീരെയില്ലാതായിത്തീരുകയും, അവക്ക് തിന്നുന്നതിന് പുല്ലില്ലാതായിത്തീരുകയും, മേയുന്നതിന് സ്ഥലമില്ലാതായിത്തീരുകയും ചെയ്യും. ക്ഷത്രിയക്ക് രാജ്യഭരണകാര്യങ്ങളിൽ ശക്തികുറവായിത്തീരും. കൃഷി ചെയ്താൽ വിളവ് കുറഞ്ഞിരിക്കും. മൂഷികവർഗ്ഗം വദ്ധിക്കും. മനുഷ്യക്ക് മധുരവസ്തുക്കളിൽ താല്പര്യമില്ലാതായി കയ്പ്, പുളി, രൂക്ഷം മുതലായവകളിൽ താല്പര്യം വദ്ധിക്കുകയും ചെയ്യും. ഇവയെല്ലാം കലികാലവിശേഷങ്ങളാണ്. എന്നാൽ കലിയുഗത്തിലുള്ള ചില ഗുണങ്ങളെക്കൂടിപ്പറയാം. എന്നെ ഏററവും ഭക്തിയോടുകൂടി ഭജിക്കുന്ന ഏതൊരുവനും ക്ഷണത്തിൽ മുക്തിലഭിക്കുന്നതാണ്. എൻെറ നാമങ്ങളെ നിത്യം ജപിക്കയും എൻെറ മാഹാത്മ്യങ്ങളെ കീത്തിക്കുകയും ചെയ്യുന്നതു മോക്ഷോപായമാണ്. ഏകാഗ്രചിത്തനായി എൻെറ നിർഗ്ഗുണാവസ്ഥയെ ചിന്തിച്ച് ഭജിക്കുവാൻ ഏററവും പ്രയാസമാണെന്ന് തോന്നിയേക്കാം. അങ്ങിനെ തോന്നുന്നവർ എന്നെ സഗുണനായി ഭജിക്കുന്നതും നല്ലതാണ്. അങ്ങിനെ സഗുണാത്മകനെന്ന് കരുതി ഭജിക്കുന്നവക്ക് സകലതും എന്നിൽ തന്നെയാണ് സ്ഥിതിചെയ്യുന്നതു് എന്നു അറിവാൻ കഴിയും. മാത്രമല്ല—സഗുണോപാസനയിൽ തന്നെ മനസ്സിരുത്തി ഏകാഗ്രചിത്തനായി ഭജിക്കുന്നതായാൽ ക്രമേണ ആ—സഗുണരൂപം പ്രകാശിച്ച് ഒടുവിൽ നിർഗ്ഗുണാകാരമായിത്തീരും

ആ—അവസ്ഥ ഏതുപോലെയെന്നൊന്നും ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ആ—ഭക്തൻ ആദ്യന്തരഹിതവും വാചാമഗോചരവുമായ നിർഗ്ഗുണത്തിൽ ലയിക്കുക തന്നെ ചെയ്യും. ഈവകവൃത്തികൾ സത്വഗുണത്തോടുകൂടിയമനോനിഗ്രഹം കൊണ്ടു് സാദ്ധ്യമാകുവാൻ സാധിക്കും. ഈയവസ്ഥയെ പ്രാപിക്കുവാൻ മൂലകാരണമായി നില്ക്കുന്നതു് ചിത്തശുദ്ധിയോടുകൂടിയ ഭക്തിയാണ്. അപ്രകാരം നിർഗ്ഗുണാവസ്ഥയെ പ്രാപിച്ചവനു് ജനനമരണാദികളുണ്ടാകയില്ല. ഇപ്രകാരമുള്ള ഭൂതനാഥൻെറ ഉപദേശങ്ങൾ കേട്ട ആനന്ദത്താൽ മതി മറന്ന ആ—ബ്രാഹ്മണൻ പരമഭക്തനായി സ്വാമിയെ സ്തുതിച്ചുകൊണ്ടു വീണ്ടും പറഞ്ഞു

അല്ലയോ ഭഗവാനേ! അനേകം തത്വസാരങ്ങളേയും സന്മാർഗ്ഗങ്ങളേയും മനഃശാന്തിക്കുവേണ്ടി എനിക്കുപദേശിച്ചു. എന്നാൽ ഇവനു് ഇനി—സർവ്വലോകവ്യാപിയായ അവിടത്തെ സഗുണാകാരത്തെക്കൂടി കാണിച്ചുതരുവാൻ കൃപയുണ്ടാകണം. എങ്കിൽ ഇവൻ കൃതാർത്ഥനായി.

*

## വിശ്വരൂപദർശനം

ഭക്താഗ്രഗണ്യനും പാപനിർമ്മുക്തനുമായ ധർമ്മധീരൻെറ അപേക്ഷയെ കേട്ടു് സംതൃപ്തനായ സ്വാമി:—അല്ലയോ ധർമ്മധീര! എൻെറ വിശ്വരൂപം ദർശിക്കുന്നതിനു ഭവാൻ അർഹനാണ്. എങ്കിലും എൻെറ ഇച്ഛാമാത്രകല്പിതവും പ്രകൃതിയുടെ ഭാവനാപരവുമായ ഈ നാടകവേദിയിൽ നടമാടുന്ന നടനാണു് ഭവാനെന്നുള്ളതിനാൽ എൻെറ വിശ്വരൂപം അങ്ങയുടെ ബാഹ്യനേത്രങ്ങ

ളാൽ കാണുന്നതിന്ന് സാദ്ധ്യമാകയില്ല. അതിനാൽ ഞാൻ അങ്ങക്ക് ദിവ്യചക്ഷുസ്സ് തരുന്നുണ്ട്. അതുകൊണ്ടു നോക്കി ക്കണ്ടാലും! എന്നു പറഞ്ഞു ബ്രാഹ്മണനാകട്ടെ; ഭഗവാ ൻെറ അരുളപ്പാടിൽ അത്യന്തം സന്തുഷ്ടനായി മതിമറ ന്നേകാഗ്രചിത്തനായി നിന്നു.

സഹസ്രസൂര്യപ്രഭയോടുകൂടിയ അനവധി ശിരസ്സുക ളോടും അതിനുതക്കമററവയവങ്ങളോടും കൂടിയ ഒരു വി ശ്വരൂപത്തെയാണ് ബ്രാഹ്മണശ്രേഷ്ഠൻ കണ്ടതു്. കഴി ഞ്ഞതും വരാനിരിക്കുന്നതുമായ എല്ലാ വിശേഷങ്ങളേയും ആ ബ്രാഹ്മണൻ കണ്ട് അത്ഭുതപരതന്ത്രനായി. ആ വിരാട്പുരുഷൻെറ പാദം അതലവും, വിതലം ജാനുപ്ര ദേശവും, രസാതലം കടിപ്രദേശവും ജഘനം മഹീതല വും, നഭഃസ്ഥലം നാഭിപ്രദേശവും ഹൃദയം സുരലോകവും, കണ്ഠദേശം മഹർല്ലോകവും, അതിൻമീതെ സത്യലോകവു മായിട്ടാണ് കാണപ്പെട്ടതു്. കേശങ്ങൾ മേഘങ്ങളായിട്ടും ഭുജങ്ങൾ ലോകപാലകന്മാരായിട്ടും, നാസികകൾ അശ്വിനി ദേവകളായിട്ടും വക്ത്രം അഗ്നിയായിട്ടും, നേത്രങ്ങൾ ആദി ത്യന്മാരായിട്ടും ചന്ദ്രൻ മനസ്സായിട്ടും ഭ്രൂമദ്ധ്യം കാലങ്ങളാ യിട്ടും ബുദ്ധി വാക്പതിയായിട്ടും, അഹങ്കാരം രുദ്രനായി ട്ടും, വാക്കുകളെല്ലാം ഛന്ദസ്സുകളായിട്ടും, ദംഷ്ട്രകൾ യമനാ യിട്ടും-ഇങ്ങിനെയുള്ള ഒരു മഹാപുരുഷനെകണ്ടു് ബ്രാഹ്മ ണൻ വിസ്മിതനായി നോക്കിനിന്നു. വിഷ്ണുവിൻെറ പ ത്തവതാരങ്ങളും ഓരോന്നായി ആ സഗുണ ബ്രഹ്മത്തിൽ ബ്രാഹ്മണൻകണ്ടു. വിരാട്ട് പുരുഷൻെറ ജിഹ്വാസരസ്വ തീദേവിയായും, നാസികയെ അബ്ജോൽഭവനായിട്ടും ക

ണ്ടു. ചുരുക്കിപ്പറഞ്ഞാൽ പതിന്നാലുലോകങ്ങളിലും നിറഞ്ഞ ആ വിശ്വരൂപത്തെ അദ്ദേഹത്തിനു കാണ്മാൻ സാധിച്ചു. ആ വിരാട്ട്പുരുഷൻെറ വക്ത്രാളയേ ദ്യോതിപ്പിക്കുന്ന ദംഷ്ട്രകൾ ദന്താവലിയിലുരുമ്മുന്ന ഖുർഖുർ ശബ്ദങ്ങളാലും, സപ്തജലധികളാകുന്ന വിരാട്ടിൻെറ കണ്ണുനീർകണങ്ങൾ തമ്മിലുരുമ്മിയുണ്ടാകുന്ന ചലംചല ശബ്ദങ്ങളാലും നരസിംഹാകാരംകയ്ക്കൊണ്ടു് ഹിരണ്യകശിപുവെന്ന അസുരൻെറ മാറുപിളൎന്നു് കുടൽമാലചൂടി രക്തധാരയെ കുടുകുടെ കുടിച്ചു് അട്ടഹസിച്ചുകൊണ്ടു് നില്ക്കുന്നതും, ഭക്തനായ പ്രഹ്ലാദൻ സ്തുതിച്ചുകൊണ്ടു് നില്ക്കുന്നതും ശ്രീരാമൻ രാവണനിഗ്രഹം ചെയ്യുന്നതും, ഹനുമാൻ ശ്രീരാമദേവനെ സ്തുതിച്ചു് നമസ്കരിക്കുന്നതും മററും ആ ബ്രാഹ്മണശ്രേഷ്ഠൻ ഭക്തിയുടെ കാഠിന്യതയാൽ ധൈൎയ്യമായി നോക്കിനിന്നു് കണ്ടു. മാത്രമോ ?—ശ്രീപരമേശ്വരൻ ഭൂമിയെ തേരാക്കി അതിൽ കയറിയിരുന്നു് ത്രിപുരന്മാരെ അസ്ത്രങ്ങളാൽ ഹനിക്കുന്നതും ത്രിപുരദഹനം നടത്തുന്നതും മധുകൈടഭന്മാർ ബ്രഹ്മാവിനോടെതൃക്കുന്നതും, വിഷ്ണു മായാരൂപം കയ്ക്കൊണ്ടു് അവരെ നിഗ്രഹിക്കുന്നതും ദേവിമഹിഷാസുരനെക്കൊല്ലുന്നതും, മഹിഷാസുരസോദരിയായ മഹിഷിയുടെ ദേഹത്തിൽനിന്നു് ഭൂതനാഥൻ നൃത്തംചെയ്യുന്നതും, ഇങ്ങിനെ അനവധി സംഭവങ്ങൾ ആ വിശ്വരൂപത്തിൽനിന്നും ദൎശിക്കുന്നതിനു് ആ പരമഭക്തനായ ധൎമ്മധീരനു സാധിച്ചു. വിശ്വരൂപദൎശനഭാഗ്യം സിദ്ധിച്ച ബ്രാഹ്മണൻ സാഷ്ടാംഗപ്രണാമംചെയ്തു് സന്തോഷാശ്രുക്കളോടെ ആ താരകബ്രഹ്മമൂൎത്തിയോടു :—അല്ലയോ ഭഗവാനേ! ഭയാനു

കവും അത്ഭുതാവഹവുമായ രൂപംകണ്ടു് ഭയവും, ഭക്തിയും ഒരുപോലെയുണ്ടാകുന്നു. അതിനാൽ അചഞ്ചലമായ ഭക്തിയെ നിലനിർത്തി ഭയമില്ലാതാകുന്നതിനായി ഈ വിശ്വരൂപത്തെ മറയ്ക്കുവാൻ കൃപയുണ്ടാകണം. ഇവനിപ്പോൾ കൃതാർത്ഥനും ഏററവുംവലിയ ഭാഗ്യവാനുമായിത്തീൎന്നു. ഒരുത്തൻ അച്ഛനെന്നും, ഒരുത്തൻ അമ്മാവനെന്നും മററൊരുത്തൻ ജ്യേഷ്ഠനെന്നും ഇപ്രകാരം ഒരാളെ പലവിധ നാമങ്ങളാൽ സംബോധനചെയ്യുന്നു. അതുപോലെ നിന്തിരുവടിക്കു് ഭക്തജനങ്ങൾ പലവിധനാമങ്ങൾ കല്പിക്കുന്നുവെങ്കിലും ഇവനു് ഭഗവൽഭക്തി സുസ്ഥിരമായിത്തീരുന്നതിൽക്കൂടി അവിടന്നനുഗ്രഹിക്കണം എന്നു് പ്രാർത്ഥിച്ചുകൊണ്ടു് സാഷ്ടാംഗംപ്രണമിച്ചു. ഭക്തദാസനായ ആ സ്വാമി ബ്രാഹ്മണനെപ്പിടിച്ചെഴുന്നേൽപ്പിച്ചു് ഗാഢാശ്ലേഷംചെയ്തു് അനുഗ്രഹിച്ചതിനുശേഷം ചാപബാണധാരിയായ ഒരു ബാലവേഷത്തെ ബ്രാഹ്മണനു കാണിച്ചുകൊടുത്തു പുഞ്ചിരിതൂകിപ്പറഞ്ഞു.

ഹേ! ബ്രാഹ്മണോത്തമ! ഈ വിശ്വരൂപം സാധാരണക്കാൎക്കുംതന്നെ ദർശിപ്പാൻ സാദ്ധ്യമാകുന്നതല്ല. ഭവാൻ എന്നിൽ അത്യന്തം ഭക്തനായിത്തീൎന്നതിനാലും മുൻപു് ചെയ്തിട്ടുള്ള പുണ്യാതിരേകത്താലുമാണു് ഇങ്ങിനെ കണ്ടു് മുക്തനായതു്. ഇതാണു് ഒരുവന്റെ പരമഭാഗ്യംഎന്നു് മഹാത്മാക്കൾ കല്പിക്കുന്നതു്. ഇനി സംസാരബന്ധം അങ്ങക്കുണ്ടാകയില്ലെങ്കിലും ആഗ്രഹനിവൃത്തിക്കായി ഒരു ജന്മംക്കൂടി എടുക്കേണ്ടിയിരിക്കുന്നു. അന്നു മററുതത്വജ്ഞാനരഹസ്യങ്ങളേയും ഉപദേശിക്കുന്നതാണു്. അങ്ങയ്ക്കു് സ

KOTTAYAM PUBLIC LIBRARY KOTTAYAM

വ്വിധമംഗളങ്ങളുമുണ്ടാകട്ടേ! അടുത്തജന്മം എൻെറ സ്വ ന്ധുക്കളോടുകൂടി സായൂജ്യപദം പ്രാപിക്കും. ഇപ്രകാരം ഭൂതനാഥൻ ധർമ്മധീരനോടരുളിച്ചെയ്തു അവിടെ അന്തർദ്ധാനംചെയ്തു. അനന്തരം ബ്രാഹ്മണനും സന്തുഷ്ടചിത്തനായി ആ ദിവ്യരൂപത്തെത്തന്നെ തൻെറ ഹൃദയപത്മത്തിലുറപ്പിച്ചുകൊണ്ടു് സ്വഗൃഹത്തിലെത്തി സുഖമായിവസിച്ചു. അങ്ങിനെ ആ ബ്രാഹ്മണൻ ഭക്തിസുധയിലാറാടി കുറേക്കാലംകൂടി ജീവിച്ചതിനുശേഷം മരിക്കുകയും വീണ്ടും ഒരു ഉത്തമകുലമായ പാണ്ഡ്യരാജവംശത്തിൽ ജനിക്കയും ചെയ്തു. അദ്ദേഹം സകലകലാവല്ലഭനായി ധർമ്മിഷ്ഠനായിഭക്തശിരോമണിയായി ഈശ്വരനെ അനശ്വരപ്രേമത്താൽ ആരാധിക്കുന്നവനായിത്തീരുകയും രാജസിംഹാസനത്തെ അലങ്കരിക്കുകയുംചെയ്തു.

*

## പാണ്ഡ്യവംശജനായ രാജശേഖരൻെറജീവിതഗതി

പാണ്ഡ്യരാജവംശപ്രദീപമായി ശോഭിച്ചിരുന്ന പന്തളരാജൻ എന്ന രാജശേഖരപാണ്ഡ്യൻ ധർമ്മത്തിനും സത്യത്തിനും പിഴവരുത്താതെ സർവ്വജീവികളേയുംഒരുപോലെ സ്നേഹിച്ചു് രക്ഷിച്ചു പോന്നു. എന്നാലും അദ്ദേഹത്തിനു പുത്രഭാഗ്യമുണ്ടായിക്കാണാത്തതിനാൽ ഏററവും ദുഃഖിക്കുകയും ചെയ്തിരുന്നു. ശംഭുപ്രിയനും ഭക്തനുമായിരുന്ന അദ്ദേഹം സർവ്വദുഃഖങ്ങളും ശങ്കരതൃപ്പാദങ്ങളിൽ സമർപ്പിച്ചുകൊണ്ടാണു് രാജ്യം ഭരിച്ചിരുന്നതു്. നിഷ്കളങ്കമായ ഈശ്വരഭക്തി സുദൃഢമായി തന്നിൽ ഉറച്ചു നിന്നിരുന്നതി

നാൽ കൂടുതൽ ക്ലേശമൊന്നും അനുഭവിക്കാതെ സതപചി ത്തനായി ജീവിതം പുലർത്തിപ്പോന്നു.

*

### രാജശേഖരനും മന്ത്രിയും

ഒരു ദിവസം രാജാവ് മന്ത്രിയെ വിളിച്ച്:— ഹേ സചിവോത്തമ! നമ്മുടെ രാജ്യത്തുള്ള വനങ്ങളിൽ കിടക്കു ന്ന ദുഷ്ടമൃഗങ്ങൾ നാട്ടിലേക്കിറങ്ങി മനുഷ്യരെ കൂടുതലായി ശല്യപ്പെടുത്തുന്നുണ്ട് എന്ന് അറിയുന്നു. അതിനാൽ ആ വന്യമൃഗങ്ങൾ മേലാൽ നാട്ടിൽ വന്നുപദ്രവിക്കാതിരിപ്പാൻ വനത്തിൽ ചെന്ന് നായാട്ടുനടത്തി അവരെ ഭയപ്പെടുത്തി നിർത്തേണ്ടിയിരിക്കുന്നു. അതിനായി വനചരന്മാരേയും വരുത്തണം.

രാജശേഖരൻെറ കല്പനയനുസരിച്ച് മന്ത്രി വേടന്മാ രെ വരുത്തി. ഉടനേ രാജാവും മന്ത്രിയും സൈന്യങ്ങളും കാട്ടാളന്മാരോടുകൂടി നായാട്ടിനു പുറപ്പെട്ട് വനത്തിലെ ത്തി. വേടന്മാർ കാടിളക്കിയപ്പോൾ മൃഗങ്ങൾ അങ്ങിങ്ങാ യിപ്പാഞ്ഞുതുടങ്ങി. അവയെ ഓടിച്ചും ഭയപ്പെടുത്തിയും രാജാവും പരിവാരങ്ങളും വനത്തിൽ സഞ്ചരിച്ച് മദ്ധ്യാ ഹ്നത്തോടടുത്തു. സൂര്യാതപത്തിൻെറ ശക്തികൊണ്ട് എ ല്ലാവരും പമ്പയിലിറങ്ങി സ്നാനപാനാദികൾ ചെയ്തു വി ശ്രമിക്കാനാരംഭിച്ചു. ആ സമയം തന്നെ രാജാവും പ മ്പാനദിയിലിറങ്ങി സ്നാനവും മററും വിധിപോലെ ചെയ്തു ജലപാനവും ചെയ്ത് കരക്കുകയറി ഒരു വടവൃക്ഷത്തണ ലിൽ മന്ദമാരുതൻെറ ആശീർവാദത്തോടുകൂടി സുഖമായി വിശ്രമിച്ചു

## രാജാവു് മണികണ്ഠനെ കാണുന്നതു്

രാജാവിൻെറ വിശ്രമവേളയിൽ ആ ഘോര വിപിനത്തിൻെറ ഒരുഭാഗത്തു നിന്നു് ഒരു മനുഷ്യ ശിശുവിൻെറ ദീനരോദനം രാജാവിനു് കേഠംക്കുവാനിടയായി. ഹാ! ഇതെന്തൊരാശ്ചര്യം? ഒരു മനുഷ്യ ശിശുവിൻെറ കരച്ചിലല്ലേ ഈകേഠംക്കുന്നതു്. മനുഷ്യസഞ്ചാരം തീരെയില്ലാത്തതും ദുഷ്ടമൃഗസങ്കേതവുമായ ഈ കാട്ടിൽ എങ്ങിനേയാണു് ആ മനുഷ്യശിശു അകപ്പെട്ടതു് എന്നുള്ള പരിഭ്രമം രാജാവിനെ കൂടുതലായി ബാധിച്ചു. അല്പസമയത്തിനുള്ളിൽ രാജാവു് രോദനം കേട്ട സ്ഥലത്തെകണ്ടുപിടിച്ചു. ഹാ! തേജോരൂപനായ ഒരു ബാലൻ കൈകാലുകഠം കുടഞ്ഞുകൊണ്ടു കരയുന്നു. രാജാവു് അത്ഭുതപരതന്ത്രനായി എന്നുമാത്രമല്ല—തേജോമൂർത്തിയായ ഈ ബാലനെ എന്തു ചെയ്യണം? ഇവിടെ ഇട്ടിട്ടു് പോകുന്നതു് ശരിയല്ല, കൊണ്ടുപോയി വളത്താമെന്നുവച്ചാൽ ഏതു വംശജനാണെന്നറിയാതെ കൊണ്ടുപോയി വളത്തുന്നതു് എൻെറ വംശപാരമ്പര്യത്തിനു് ഒരു പിഴയായിത്തീരുകയില്ലേ? ഭഗവാനേ എനിക്കിതിൻെറരഹസ്യമൊന്നു് മനസ്സിലാക്കിത്തരണേ! എന്നുള്ള പ്രാത്ഥനകളും വിധേയനായിത്തീൻ. അങ്ങിനേ പ്രാത്ഥനാനിരതനായി നില്ക്കുമ്പോഠം പൊട്ടന്നനവേ രാജാവിനു ഒരു ബുദ്ധ്യുദയമുണ്ടായി. എന്താണതു്? പുത്രനില്ലാതെ ദുഃഖിക്കുന്ന എനിക്കു് ഈശ്വരൻ തന്നതായിരിക്കും? ഈ വിചാരം രാജാവിനെ കൂടുതൽ സംഭ്രമിപ്പിച്ചു. തൽസമയം ഒരു വൃദ്ധബ്രാഹ്മണൻ വടിയും കുത്തിപ്പിടിച്ചു അവിടെ പ്രത്യക്ഷപ്പെട്ടു് രാജാവിനോടു്:—പുണ്യാത്മാ

വായ രാജൻ! അങ്ങ് ഒട്ടും ശങ്കിക്കാതെ ഈ ബാലനെ എടുത്തുകൊണ്ടുപോയി പുത്രനെന്നുതന്നെ സങ്കല്പിച്ചു വളത്തിക്കൊള്ളുക. ഇവൻ സൽകുലജാതൻ തന്നെ എന്നു മാത്രം ഇപ്പോഠം ധരിച്ചാൽ മതി. പന്ത്രണ്ടു വഷം കഴിഞ്ഞാൽ ഇവൻെറ സകല ചരിത്രങ്ങളും അങ്ങേക്കു് അറിയുവാൻ സാധിക്കും. ഇതിനേപ്പററി ഇപ്പോഠം കൂടുതലായി യാതൊന്നും ചിന്തിക്കേണ്ട ആവശ്യമില്ല എന്നു പറഞ്ഞു വൃദ്ധബ്രാഹ്മണവേഷധാരി അന്തദ്ധാനം ചെയ്തു. ബ്രാഹ്മണോപദേശം ശിരസാവഹിച്ചുകൊണ്ടു് സുന്ദരകളേബരനായ ആ ദിവ്യകുമാരനേയുമെടുത്തു് രാജാവു് പരിവാരസമേതം കൊട്ടാരത്തിലെത്തി. ബാലൻെറ കഴുത്തിൽ ഒരു മണിയുണ്ടായിരുന്നകാരണം ആ കുട്ടിക്കു് മണികണ്ഠൻ എന്നു് നാമകരണം ചെയ്തു. നായാട്ടിനു കൂടെ വന്നതായ അനുചരന്മാക്കു് നല്ല നല്ല സമ്മാനങ്ങഠം കൊടുത്തു അവരെ യാത്രയാക്കിയതിനുശേഷം ബാലൻെറ അഭ്യുദയത്തിനായി ബ്രാഹ്മണരെ വരുത്തി യഥാവിധി ദാനധമ്മാദികഠം ചെയ്തു് കുട്ടിയെ വാത്സല്യനിധിയേപ്പോലെ വളത്തി.

**

## മണികണ്ഠൻെറ പന്തളവാസം

സൽഗുണസമ്പൂണ്ണനായി പന്തളരാജധാനിയിൽ വസിക്കുന്ന മണികണ്ഠൻ ശുക്ലപക്ഷത്തിലെ ചന്ദ്രനേപ്പോലെ വളന്നു. ബാലനു് ക്ഷത്രിയാചാരമനുസരിച്ചു് വേണ്ടുന്ന കമ്മങ്ങളെല്ലാം ചെയ്തു എന്നു മാത്രമല്ല—വിദ്യാഭ്യാസത്തിനുവേണ്ടി സ്വന്തം ഗുരുനാഥനെത്തന്നെ ഏല്പിക്കുകയും ചെയ്തു. മണികണ്ഠൻ ഒരു മണ്ഡലകാലംകൊണ്ടു

സകല വിദ്യകളും അഭ്യസിച്ചുകഴിഞ്ഞു. മണികണ്ഠന്റെ ബുദ്ധിവിശേഷത്തേയും മറ്റും കണ്ടു് ഗുരുനാഥൻ അത്ഭുതപ്പെട്ടു. ആയുധാഭ്യാസപരിശീലനത്തിൽ കൂടുതൽ സാമർത്ഥ്യം കാണിച്ചിരുന്നതു് ചുരികാപ്രയോഗത്തിലായിരുന്നു. അതുപോലെ അശ്വാരോഹണത്തിലും അതീവസമർത്ഥനായിത്തീർന്നു. ഇങ്ങിനെയിരിക്കെ മണികണ്ഠനേക്കൊണ്ടു ഗുരുദക്ഷിണചെയ്യിക്കുവാൻ രാജാവു് നിശ്ചയിച്ചു. ഗുരുനാഥനു ഹിതമായ തരത്തിൽ ദക്ഷിണകൊടുക്കണെമെന്നും അതെന്തായിരിക്കണമെന്നും ആലോചിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ദിവസം മണികണ്ഠനോടു ഗുരുനാഥൻ ഇപ്രകാരം പറഞ്ഞു.

★

### വിദ്യാഭ്യാസപൂർത്തിയും ഗുരുദക്ഷിണയും

അല്ലയോ കുമാരാ! ഞാൻ ഭവാന്റെ അത്ഭുതാവഹങ്ങളായ പ്രവൃത്തികളെക്കണ്ടിട്ടു് അങ്ങു് ഒരു ദിവ്യനാണെന്നു് കരുതുന്നു. അതുകൊണ്ടു് അങ്ങു് എനിക്കു ചെയ്യേണ്ടതെന്തെന്നാൽ:—എന്റെപുത്രൻ ജന്മനാ മൂകാന്ധനാണു്. എനിക്കു പുത്രനായി ഇവൻ മാത്രമേയുള്ളു. അതിനാൽ അന്ധത്വവും മൂകത്വവും തീർത്തുതരുവാൻ കൃപയുണ്ടാകണം. ഇതാണു് എനിക്കു അങ്ങു് ചെയ്തു തരേണ്ടതായ പ്രധാന കർമ്മം.

ഗുരുനാഥന്റെ അപേക്ഷയെ കേട്ടു് മണികണ്ഠൻ സുസ്മേരവദനനായി:— പ്രിയപ്പെട്ട ആചാര്യോത്തമ! ഭവാൻ ആഗ്രഹിച്ചതുംപോലെത്തന്നെ സാധിക്കുന്നതാണു്.

ഈ കാൎയ്യം ആരേയും തൽക്കാലം ധരിപ്പിക്കാതിരിക്കണം. ഒരു കാലത്തു് എല്ലാം വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. അന്നു് മാത്രമേ ഈ രഹസ്യം പുറത്തു് പറയാൻ പാടുള്ളു. ഇപ്രകാരം പറഞ്ഞുകൊണ്ടു് ഗുരുപുത്രനെ തന്റെ കരപല്ലവങ്ങളാൽ മന്ദമന്ദം തലോടി. അപ്പോൾ തന്നെ ഗുരുപുത്രന്റെ മൂകാന്ധതകൾ തീൎന്നു് ഒരു തേജസ്വരൂപനായ് പ്രശോഭിച്ചു. മകന്റെ മൂകത്വവും അന്ധത്വം തീൎത്ത മണികണ്ഠനെ ഗുരുനാഥൻ സന്തോഷാശ്രുക്കളോടുകൂടി ശിരസ്സിൽ കൈവച്ചു് അനുഗ്രഹിച്ചുകൊണ്ടു്:—മണികണ്ഠ! അങ്ങു് ദീൎഘായുസ്സോടും തേജോവിശേഷത്തോടും വീൎയ്യൈശ്വൎയ്യാദികളോടും ഐശ്വൎയ്യ സമൃദ്ധിയോടുംകൂടി വളൎന്നു് രാജാധിരാജനായി പതിനാലു ലോകങ്ങൾക്കും ആധാരഭൂതനായി ഭവിക്കുക! ലോകസ്വഭാവത്തേയും മനുഷ്യധൎമ്മത്തേയും അനുസരിച്ചാണു് ഞാൻ ഇങ്ങിനെ പറഞ്ഞതെങ്കിലും, ഇവനെ അങ്ങു് വേണ്ടും വിധമനുഗ്രഹിച്ചു് രക്ഷിച്ചു് ജന്മമുക്തനാക്കി തീൎക്കണമേ യെന്നുള്ള പ്രാൎത്ഥനയെ സമൎപ്പിച്ചുകൊണ്ടാണു് ഇങ്ങിനെ പറഞ്ഞതു്. മണികണ്ഠൻ ഗുരുനാഥന്റെ അനുഗ്രഹാശിസ്സുകൾക്കു് പാത്രീഭൂതനായി അവിടെനിന്നും രാജാവിന്റെ സമീപത്തേക്കുചെന്നു. രാജാവു് വാത്സല്യപൂൎവ്വം മണികണ്ഠനെ ആശ്ലേഷിച്ചു് ശിരസ്സിൽ പലവുരു ചുംബിച്ചു.

* * *

## രാജാവിന്നു് അനന്തര സന്താനലാഭം

രാജാവും മണികണ്ഠനും അച്ഛനും മകനുമെന്നുള്ള ഭാവനയോടുകൂടിത്തന്നെ കൊട്ടാരത്തിൽ സസുഖം വാഴുന്ന കാലത്തു് രാജശേഖരപത്നി ലക്ഷണയുക്തനായ ഒരു ആൺകുട്ടിയെ പ്രസവിച്ചു. രാജാവ് ഏററവും സന്തുഷ്ടനായി പുത്രന്നു് ജാതകമ്മാദികളെല്ലാം യഥാവിധിചെയ്തു് രാജരാജൻ എന്നു് നാമകരണം ചെയ്തു. പുത്രഭാഗ്യത്താൽ രാജാവു് അനവധി ദാനധമ്മാദികളുംചെയ്തു. തന്റെ സീമന്തപുത്രൻ മണികണ്ഠൻ തന്നെയെന്നു സങ്കല്പിച്ചാണു് അനുവത്തിച്ചിരുന്നതു്. മണികണ്ഠനാകട്ടെ, താൻ ഒരു രാജഭൃത്യനെന്ന ഭാവത്തോടും ജീവിച്ചു. നിത്യവും പ്രഭാതത്തിലെഴുന്നേററു് നിത്യകമ്മങ്ങളെല്ലാം നിവ്വഹിച്ചു് രാജ സന്നിധിയിൽചെന്നു് മണികണ്ഠൻ കൂപ്പുകൈയോടുകൂടി നിൽക്കും. മാത്രമല്ല — രാജാവിന്നു് യാതൊരുവിധത്തിലും അനിഷ്ടങ്ങൾ വരുത്താതെ കല്പനയനുസരിക്കുന്നതിനു കാത്തുനിൽക്കും. ഇങ്ങിനെ പന്ത്രണ്ടു് സംവത്സരം മണികണ്ഠൻ പന്തളത്തു് താമസിച്ചു.

**

## മണികണ്ഠനെ രാജാവാക്കുന്നതിനുള്ള ആലോചന

സത്യസന്ധനും നീതിജ്ഞനുമായ രാജാവു് മണികണ്ഠനെ യുവരാജാവാക്കി അഭിഷേകം ചെയ്യണമെന്നു ആഗ്രഹിച്ചു് ഒരു ദിവസം മന്ത്രിയെവിളിച്ചു്:— ഹേ! സചിവോത്തമ! നമ്മുടെ മണികണ്ഠനെ യുവരാജാവാക്കി അഭിഷേകം ചെയ്യുന്നതിനു് ഞാൻ ആഗ്രഹിക്കുന്നു. അതുകൊ

ണ്ടു് കഴിയുന്നതും വേഗത്തിൽ അതിനുവേണ്ടുന്ന സകല സ്വാധനങ്ങളും തയ്യാറാക്കി രാജ്യവാസികളേയും അറിയിച്ചു് ഉടൻതന്നെ നടത്തണമെന്നു കല്പിച്ചു.

രാജാവിൻെറ ഈ കല്പന മന്ത്രിയെ ചിന്താപരവശനാക്കിയെങ്കിലും അതൊന്നും പ്രകാശിപ്പിക്കാതെ സന്തോഷം പ്രകടിപ്പിച്ചുകൊണ്ടു് ഒരു മാസത്തിനുള്ളിൽ സകലതും ശേഖരിച്ചു നടത്തിക്കൊള്ളാമെന്നു രാജാവിനെ സമ്മതിപ്പിച്ചു് മന്ത്രി തല്ക്കാലം വിരമിച്ചു.

**

### മന്ത്രിയുടെ ചിന്താഗതിയും നീചകർമ്മങ്ങളും

കഷ്ടം! നായാട്ടിനായി കാട്ടിൽചെന്നപ്പോൾ കിട്ടിയ ഒരു ചെക്കനെയാണു് ഇന്നു് രാജാവു് യുവരാജാവാക്കി അഭിഷേകംചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതു്. ഇതെന്തൊരു ദുർവിധിയാണു്. സ്വപുത്രനെയാണു് അങ്ങിനെ ചെയ്യുന്നതെങ്കിൽ എനിക്കും രാജഭോഗങ്ങളെല്ലാം വേണ്ട പോലെ അനുഭവിച്ചു് സുഖിക്കാമായിരുന്നു. മണികണ്ഠൻ രാജാവായിത്തീർന്നാൽ എൻെറ ആഗ്രഹമെല്ലാം അസ്ഥാനത്തായിത്തീരുകയില്ലേ? ഇതിൽപരം ഒരു കഷ്ടകാലം എനിക്കു വരാനില്ല. അതുകൊണ്ടു് അവനെ ഏതെങ്കിലും തരത്തിൽ നശിപ്പിക്കതന്നെ ചെയ്യണം. അങ്ങിനെ ചെയ്താലെങ്കിൽ മാത്രമെ എൻെറ ആഗ്രഹങ്ങൾ സഫലമാകയുള്ളൂ. ശരി, അതിനു് ഞാൻ ഒരു ഉപായം കാണുന്നുണ്ടു്. അതു ഈശ്വരാനുഗ്രഹമാണു്. മന്ത്രവാദികളേക്കൊണ്ടു് ആഭിചാരകർമ്മങ്ങൾ ചെയ്യിച്ചാൽ അവൻ എങ്ങിനെയെ

ങ്കിലും നശിക്കാതിരിക്കയില്ല എന്നു് തീച്ചപ്പെട്ടുത്തിമന്ത്ര വാദികളെക്കണ്ടു വിവരമറിയിക്കുന്നതിനായി മന്ത്രി പുറപ്പെട്ടു.

ദുരാഗ്രഹിയും ദുർമ്മതിയുമായ മന്ത്രി മന്ത്രവാദികളെ സമീപിച്ചു് കാര്യമെല്ലാം വിശദമായി അറിയിക്കുകയും അതിനുവേണ്ടി അനവധി പണം അവൎക്കു സമ്മാനമായി കൊടുക്കുകയും ചെയ്തു. മന്ത്രിവാദികൾ സസന്തോഷം മണികണ്ഠനെ എങ്ങിനെയെങ്കിലും നശിപ്പിച്ചുകൊള്ളാമെന്നു പ്രതിജ്ഞചെയ്കയും ചെയ്തു. മന്ത്രവാദികളുടെ പ്രതിജ്ഞയിൽ സന്തുഷ്ടനായി മന്ത്രിയും സമാധാനപ്പെട്ടിരുന്നു.

സർവേശ്വരനായ മണികണ്ഠന്റെ മാനുഷാകാരമായ ശരീരത്തിൽ കാലാനുസൃതം മന്ത്രവാദികളുടെ ദുഷ്പ്രയോഗം ലോകബോദ്ധ്യത്തിനെന്നപോലെ ബാധിച്ചു. മണികണ്ഠന്റെ ദേഹമാസകലം വ്രണങ്ങൾനിറഞ്ഞു് അത്യന്തം രോഗപീഡിതനായിത്തീൎന്നു. സത്യസന്ധനായ രാജാവിന്റെ ഹൃദയം സന്താപാഗ്നിയാൽ നീറിത്തുടങ്ങി. രോഗശമനത്തിനുവേണ്ടി രാജകുടുംബവൈദ്യന്മാരെവരുത്തി പല ചികിത്സകളും ചെയ്തുവെങ്കിലും രോഗത്തിനു ശമനമുണ്ടായില്ല. എന്തിനിച്ചെയ്യേണ്ടൂ? എന്നു നിശ്ചയമില്ലാതെ പരിഭ്രാന്തനായിത്തീൎന്ന രാജാവു് ശംഭുദേവനെത്തന്നെ പ്രാൎത്ഥിച്ചുകൊണ്ടിരുന്നു.

* * *

സന്യാസിയുടെ ആഗമനവും രോഗശമനവും.

ദുഃഖനിമഗ്നനായിക്കഴിയുന്ന രാജാവിനെ ദർശിക്കുന്നതിനായി ഒരു സന്യാസിവൎയ്യൻ പെട്ടെന്നു അവിടെ ആഗത

നായി. കാഴ്ചയിൽ അദ്ദേഹം ഒരു ഉത്തമനായ സന്യാസിയാണെന്നു് രാജാവിനു് മനസ്സിലായതുകൊണ്ടു ഭക്തോത്തമനായ രാജാവു് സന്യാസിയെ യഥാവിധി പൂജിച്ചു് സല്ക്കരിച്ചിരുത്തിയതിനുശേഷം സന്യാസിയേ നോക്കി:- അല്ലയോ മഹാത്മാവേ! അങ്ങയുടെ ആഗമനം എനിക്കു് ഇന്നു് കൂടുതൽ സന്തോഷത്തെയുണ്ടാക്കുന്നു. ഇതുവരെ ഞാൻ സന്താപാഗ്നിയിൽ ഉരുകിക്കഴിയുകയായിരുന്നു.എന്റെ മകൻ മണികണ്ഠന്റെ ശരീരം മുഴുവൻ വ്രണപ്പെട്ടു രോഗിയായി അത്യന്തം ക്ലേശമനുഭവിക്കുന്ന സന്ദർഭമാണിതു്. ചികിത്സകൾ പലതും ചെയ്തുകഴിഞ്ഞു. രോഗത്തിനിതുവരെ ശമനമുണ്ടായിട്ടില്ല. ആ ദുഃഖം എന്നെ ക്രമാതീതമായി പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന സമയത്താണു് അങ്ങയുടെ ആഗമനം. അതുകൊണ്ടു് അവിടന്നു് എന്റെ ദുഃഖത്തിന്നു് ഒരു നിവാരണമാർഗ്ഗം കാണിച്ചുതരാതെ ഇവിടെ നിന്നും പോകരുതു് എന്നു ഞാൻ അപേക്ഷിക്കുന്നു.

സംഭവങ്ങളെല്ലാം ജ്ഞാനക്കണ്ണാൽ നേരത്തേ തന്നെ കണ്ടു മനസ്സിലാക്കിയിരിക്കുന്ന സന്യാസി രാജാവിന്റെ അപേക്ഷയെ സ്വീകരിച്ചു്:—അല്ലയോ ഭൂപതേ! അങ്ങയുടെ മണികണ്ഠനെവിടെയാണു് കിടക്കുന്നതു്. ഞാനൊന്നു കാണട്ടെ! എന്നു പറഞ്ഞു.

രാജാവു് മണികണ്ഠനെ യോഗിവര്യനു് കാണിച്ചുകൊടുത്തു. മണികണ്ഠൻ സന്യാസിവര്യനെ സാഷ്ടാംഗപ്രണാമം ചെയ്തു. തൽക്ഷണം മണികണ്ഠനെ എഴുന്നേല്പിച്ചു ആ യോഗിവര്യൻ കുറെ ഭസ്മമെടുത്തു് മണികണ്ഠന്റെ ദേ

ഛത്തിലിട്ടു് ആകെ ഒന്നുതലോടിക്കൊണ്ടു് രാജാവി നോടു്:—അല്ലയോ രാജൻ! ഈരോഗം ആഭിചാരപ്രയോഗ ത്താൽ സംഭവിച്ചിട്ടുള്ളതാണു്. അതിൻെറ പ്രതിവിധി യായിഉടനെ ശത്രുസംഹാരഹോമം നടത്തണം. എന്നാൽ സംശയമെന്യേ കുട്ടി രോഗവിമുക്തനാകും.

സന്യാസിയുടെ ആജ്ഞാപ്രകാരം രാജാവു് ശത്രുസം ഹാരഹോമത്തിനുള്ളവയെല്ലാം സംഭരിച്ചു് ആ മഹൽക്ക ൎമ്മം സന്യാസിയേക്കൊണ്ടു തന്നെ ചെയ്യിച്ചു. കൎമ്മത്തി ൻെറ ശക്തി പെട്ടെന്നു അനുഭവപ്പെട്ടു. കുട്ടിയുടെ രോ ഗം നിശ്ശേഷം മാറിയെന്നു മാത്രമല്ല —മണികണ്ഠൻ മുമ്പി ലത്തേക്കാൾ കുറേക്കൂടി തേജോമയനായിത്തീരുകയുംചെയ്തു

സന്യാസിയുടെ ആഗമനത്താൽ സന്തോഷസാഗര ത്തിൽ നീന്തിക്കഴിഞ്ഞ രാജാവു് യോഗീശ്വരനു എന്താ ണു് സമ്മാനിക്കേണ്ടതു് എന്നുള്ള ആലോചനയിൽ മുഴു കിയിരിക്കുമ്പോൾ തന്നെ യോഗീശ്വരൻ അന്തൎദ്ധാനം ചെയ്തു. രാജാവു് അത്ഭുതപാരവശ്യത്തോടെ അദ്ദേഹ ത്തെ പലയിടത്തും അന്വേഷിച്ചുവെങ്കിലും കാണാത്തതു കൊണ്ടു്—ഇതു് ചന്ദ്രചൂഡൻതന്നെയാണു്, എന്നെ അനു ഗ്രഹിക്കാൻ വേണ്ടിയാണു് ഇവിടേക്കു വന്നതു് എന്നു മ നസ്സിലാക്കി ഭക്തിയോടുകൂടി സ്തുതിച്ചു.

* * *

### നിരാശനായ മന്ത്രിയുടെ രണ്ടാമത്തെ ചതിപ്രയോഗം

മന്ത്രവാദികളെക്കൊണ്ടു ചെയ്യിച്ചതായ ദുഷ്പ്രയോ ഗത്തിൽ നിന്നു് മണികണ്ഠൻ മുക്തനായിത്തീൎന്നതു കണ്ടു്

ദുർമ്മതിയായ മന്ത്രി നിരാശനായി. ഇനിയെന്താണു് ചെയ്യേണ്ടതു്? ഇവനെ ഏതെങ്കിലും വിധത്തിൽ കൊല്ലുകതന്നെ വേണം എന്നുള്ള ചിന്ത മുഴുത്തു. ശരിയായ ഒരു വിദ്യ കണ്ടുപിടിച്ചു. എന്താണതു്? വിഷാന്നം കൊടുത്തു കൊല്ലുകയാണുത്തമമെന്നു തീൎച്ചപ്പെടുത്തി മന്ത്രി ഒരു ദിവസം രാജസന്നിധിയിലെത്തി രാജാവിനെ വണങ്ങി തൻെറ ആഗ്രഹത്തെ അറിയിച്ചു.

അല്ലയോ; രാജശിഖാമണേ! വളരെ നാളുകളായി ഞാൻ ആഗ്രഹിച്ചിരിക്കുന്ന ഒരു കാൎയ്യമാണു്, ഞാനിപ്പോൾ ഇവിടെ അറിയിക്കുന്നതു്. മണികണ്ഠനെ എൻെറ ഗൃഹത്തിൽ കൊണ്ടുപോയി ഒരു ദിവസം സൽക്കരിക്കണമെന്നുള്ളതാണു്. അതിനു് അവിടത്തെ അനുവാദമുണ്ടാകണം. സൽഗുണസമ്പന്നനായ ആ കുട്ടിയോടു് എനിക്കുണ്ടായിട്ടുള്ള വാത്സല്യാതിരേകത്താലാണു് ഞാൻ അപേക്ഷിക്കുന്നതു്. വിശേഷിച്ചു് നാളെ എൻെറ മകൻെറ ജന്മനാളാണു്. ഇരുവരും ഒരുമിച്ചിരുന്നു് ആഹാരം കഴിക്കുന്നതു കാണ്മാനും എൻെറ കണ്ണുകൾ കൊതിക്കുന്നു. അതിനാൽ നാളെത്തന്നെ മണികണ്ഠനെ എൻെറ കൂടെ അയക്കുവാൻ ദയവുണ്ടാകണം.

മന്ത്രിയുടെ സരസവും സ്നേഹമസൃണവുമായ വാക്കുകളെക്കേട്ടു് രാജാവു് മണികണ്ഠനെ കൊണ്ടുപോകുന്നതിനുള്ള അനുവാദം കൊടുത്തു. ത്രികാലജ്ഞാനിയായ മണികണ്ഠൻ മന്ത്രിയുടെ ആഗ്രഹത്തിനു് വിധേയനായി.

പിറേറദിവസം രാവിലെ മന്ത്രി മണികണ്ഠനെ വാത്സല്യപൂൎവ്വം കൊണ്ടുപോയി നാനാവിധ വിഭവങ്ങളോടു

കൂടി സൽക്കരിപ്പാൻ മുതിൎന്നു. വിഷാന്നമാണു് തന്റെ മുമ്പിൽ ഇരിക്കുന്നതു് എന്നു് ജ്ഞാനദൃഷ്ടിയാലറിഞ്ഞ മണികണ്ഠൻ പക്ഷിരാജനെ ചിന്തിച്ചു. പക്ഷിരാജനാകട്ടെ, ഉടൻ തന്നെ ആരുമറിയാതെ അന്നത്തിൽ അമൃതം പൊഴിച്ചു. യാതൊരു സങ്കോചവുംകാണിക്കാതെ വിഷാന്നത്തെ തൃപ്തിയാകും വണ്ണം മണികണ്ഠൻ ഭുജിച്ചു് ക്ലേശരഹിതനായി അവിടെ നിന്നും യാത്രപറഞ്ഞു് സന്തുഷ്ടനായി കൊട്ടാരത്തിലെത്തിച്ചേൎന്നു.

* * *

മന്ത്രിയുടെമൂന്നാമത്തെ ചതിപ്രയോഗം

ചെയ്തപ്രയോഗങ്ങളൊന്നും ഫലിക്കാത്തതു കൊണ്ടുള്ളനിരാശയോടും എങ്ങിനേയെങ്കിലും കൊല്ലാതെ അടങ്ങുകയില്ല എന്നുള്ള വൈരാഗ്യബുദ്ധിയോടുംകൂടി മന്ത്രി രാജപത്നിയുടെ സമീപമെത്തി വരാൻ പോകുന്ന നാശങ്ങളെപ്പററി വിശദമായി അറിയിച്ചു.

അല്ലയോ! ദേവീ! ഭവതിയുടെ പുത്രനു് സിദ്ധിക്കേണ്ടതും അവകാശപ്പെട്ടതുമായ രാജ്യത്തിന്റെ തല്ക്കാലാവകാശം മണികണ്ഠനുകൊടുക്കാനാണു് രാജാവു് നിശ്ചയിച്ചിരിക്കുന്നതു്. ഇനി കുറച്ചു ദിവസങ്ങൾ മാത്രമേയുള്ള ആ കൎമ്മം നിറവേറുന്നതിനു്. അങ്ങിനെ രാജാവു് നിശ്ചയിച്ചിരിക്കുന്ന സ്ഥിതിക്കു് മണികണ്ഠനെ എങ്ങിനെയെങ്കിലും അപായപ്പെടുത്താതിരുന്നാൽ ഭവതിയും മകനും അന്യാധീനത്തിലായിത്തീരുമെന്നു് മനസ്സിലാക്കണം. എന്റെ ഈ എളിയ ബുദ്ധിയിൽ അതിന്നൊരു ശരിയായ വ

ഴി തോന്നുന്നു. അതിനെ ഞാൻ ഭവതിയോടുപറയാം. രഹസ്യമായിരിക്കണം.

രാജ്ഞി:—എന്താണതു്? വേഗം പറയൂ! മന്ത്രി പറഞ്ഞതു് മിക്കവാറും ശരിയാണെന്നു് എനിക്കു് ഇപ്പോൾ തോന്നുന്നു. അതുകൊണ്ടു് അതിനെന്താണു് ഞാൻ ചെയ്യേണ്ടതു് എന്നു് വേഗം പറയൂ!

മന്ത്രി:—പല നല്ലകാര്യങ്ങൾ സാധിക്കുന്നതിനുവേണ്ടി ഒരു ദുഷ്കർമ്മം ചെയ്യുന്നതിൽ വലിയ പാപമൊന്നും സംഭവിക്കയില്ല എന്നു ശാസ്ത്രംപോലും സമ്മതിക്കുന്നുണ്ടു്. അതുകൊണ്ടു് ഭവതി ഉടനേതന്നെ തലവേദനയെന്നു ഭാവിച്ചു് രോഗശയ്യയിൽകിടന്നു് ദുഃഖാർത്തയാകണം. രാജാവു് അതറിഞ്ഞു് വൈദ്യന്മാരെകൊണ്ടുവരുവാൻ എന്നെ നിയോഗിക്കും. ഞാൻ വിവരമെല്ലാം മുൻകൂട്ടി വൈദ്യന്മാരെ ധരിപ്പിച്ചുകൊള്ളാം. വൈദ്യന്മാർ ഇവിടെവന്നു് ഭവതിയുടെ രോഗവിവരം മനസ്സിലാക്കി പുലിപ്പാൽ വേണമെന്നു് അവർ രാജാവിനോടുപറയും. പുലിപ്പാൽ ഇല്ലാതെ രോഗത്തിനുതക്ക ഔഷധം ഉണ്ടാക്കാൻ സാധിക്കയില്ലെന്നു് അവർ നിർബ്ബന്ധമായിപ്പറയുമ്പോൾ മണികണ്ഠൻ പുലിപ്പാലിന്നായി പോകും. പുലിപ്പാലിന്നുപോകുന്ന മണികണ്ഠൻ പുലികൾക്കു് ഇരയാകുന്നതല്ലാതെ മടങ്ങിവരികയില്ല. നിശ്ചയമാണു്. ഈ ഉപായം ഈശ്വരാനുഗ്രഹത്താൽ തോന്നിയതാണു്. ഇതുകൊണ്ടു നമ്മുടെ സങ്കടത്തിനു് പരിഹാരമുണ്ടാകും.

*

## രാജ്ഞിയുടെ തലവേദനയും വൈദ്യന്മാരുടെ ചികിത്സാവിധിയും.

ചതിപ്രയോഗത്തിനുസമർത്ഥനായ മന്ത്രിയുടെഉപദേശംകേട്ട് രാജ്ഞിശരിയാണെന്ന് മനസ്സിലാക്കിചതിപ്രയോഗത്തിനു് അനുസരിച്ചു് തലവേദനയെന്ന ഭാവനയോടുകൂടി ശയ്യാവലംബിയായി ആർത്തനാദം പുറപ്പെടുവിച്ചുതുടങ്ങി. അയ്യോ! ദൈവമേ! തലവേദന സഹിക്കാൻവയ്യേ! എന്തെങ്കിലും നല്ലമരുന്നു് വേഗം തരണേ! ഇല്ലെങ്കിൽ ഞാനിപ്പോഠം മരിക്കുന്നതാണേ! എന്നിങ്ങിനെ രാജാവു കേഠംക്കത്തക്കവണ്ണം പറഞ്ഞു കരയാൻതുടങ്ങി. രാജ്ഞിയുടെ സങ്കടാവസ്ഥയറിഞ്ഞു് രാജാവു് ദുഃഖിതനായിമന്ത്രിയെവിളിച്ചു് വൈദ്യന്മാരെ വരുത്തുന്നതിനാജ്ഞാപിച്ചു.

രാജകല്പനയനുസരിച്ചു് മന്ത്രി താമസമെന്യേ വൈദ്യന്മാരെവരുത്തി രോഗപരിശോധനചെയ്യിച്ചു. വൈദ്യന്മാരാകട്ടെ, ഈ രോഗം സാധാരണചികിത്സകൊണ്ടു മാറുകയില്ലെന്നും പുലിപ്പാൽചേർത്തു് ഒരൗഷധം തയ്യാറാക്കി കൊടുത്താൽ പെട്ടെന്നു് രോഗശമനമുണ്ടാകുമെന്നും വിധിച്ചു. പുലിപ്പാൽകൂടാതെതന്നെ ഈ രോഗം ശമിപ്പിക്കാമെന്നു് ആരെങ്കിലും പറയുമെങ്കിൽ അതു് വെറും വ്യാജപ്രസ്താവനയായിത്തീരും. അതുകൊണ്ടു കഴിയുന്നതുംവേഗം പുലിപ്പാൽ കൊണ്ടുവരുവാൻ ആളെഅയക്കുകയാണു് വേണ്ടതു് എന്നു് നിർബ്ബന്ധമായിപ്പറഞ്ഞുകൊണ്ടു വൈദ്യന്മാർ യാത്രയായി.

★

## രാജാവിൻെറ ആത്മഗതം.

അഹോ! കഷ്ടം! എത്രത്തോളം പരിശ്രമിച്ചാലും കിട്ടുവാൻ പ്രയാസമുള്ളതാണു് പുലിപ്പാൽ. അങ്ങിനെയുള്ള സാധനം കൊണ്ടുവന്നു് ഇത്രപെട്ടെന്നു് ഈ രോഗശാന്തി വരുത്തുന്നതു് എങ്ങിനേയാണു്? മാറാത്ത രോഗത്തിനു് കിട്ടാത്ത മരുന്നുപോലെയാണു് വൈദ്യന്മാർനിശ്ചയിച്ചിരിക്കുന്നതു്. ഇതു് എന്തൊരു ദുർവ്വിധിയാണു്? ദൈവമേ! എന്നിങ്ങനേയുള്ള വിചാരം രാജാവിനെ ക്രമാതീതമായി ബാധിച്ചു.

* * *

## മണികണ്ഠൻെറ സാന്ത്വനവാക്കുകൾ.

വിഷാദാഗ്നിയിൽ വെന്തുനീറുന്ന മഹാരാജാവിൻെറ അടുക്കൽ സന്തുഷ്ടചിത്തനായ മണികണ്ഠൻ ചെന്നു്സമാധാനപ്പെടുത്തുവാൻ ശ്രമിച്ചു.

പ്രിയ പിതാവേ! ഞാൻ ഈ വിധത്തിൽ ഇവിടെ താമസിക്കുമ്പോൾ യാതൊരു പ്രകാരത്തിലും അങ്ങയ്ക്കു് ദുഃഖിക്കേണ്ട ആവശ്യമില്ല. അവിടുന്നു കല്പിക്കുകയാണെങ്കിൽ ഞാൻ ഇപ്പോൾ തന്നെ കാട്ടിൽ പോയി പുലിപ്പാൽ കൊണ്ടുവരാം. ഉണ്ണുന്ന ചോറിനു് നന്ദികാണിക്കേണ്ടതു് ഉണ്ണുന്നവനാണു്. അതിനാൽ സന്തോഷത്തോടുകൂടി അവിടുന്നു് എന്നെ പോകുവാൻ അനുവദിക്കണം.

രാജാവു്:— മണികണ്ഠ! നീയെന്തു വിഡ്ഢിത്തമാണിപ്പറയുന്നതു്? കാട്ടിൽ കിടക്കുന്ന പുലിയെ പിടിക്കാതെ പാൽ

കറന്നെടുക്കാൻ സാധിക്കുമോ! സമീപത്തു ചെല്ലുന്നതിനു മുമ്പേതന്നെ ചാടി മേൽ വീണു് കടിച്ചുകീറി തിന്നുന്ന പുലികളെപ്പിന്നെയെങ്ങിനെയാണു് പിടിക്കുന്നതു്? സാധിക്കാത്ത കാര്യത്തെപ്പററിയെന്തിനാണു് ആലോചിച്ചു മനസ്സു പുണ്ണാക്കുന്നതു്? മററു വല്ല മരുന്നുകളും ഫലിക്കുമോ എന്നു പരീക്ഷിച്ചു നോക്കാമെന്നല്ലാതെ കാട്ടിലേക്കു് നിന്നെ അയക്കുന്ന കാര്യത്തിൽ എനിക്കു ഒട്ടുംതന്നെ ഇഷ്ടമില്ല. ഞാൻ അനുവദിക്കയുമില്ല.

മണികണ്ഠൻ:—മഹാമതേ! എന്നാൽ എനിക്കൊരപേക്ഷ കൂടിയുണ്ടു്. അതെങ്കിലും സാധിച്ചു തരാമെന്നു് അങ്ങു് സത്യം ചെയ്തു പറയണം.

രാജാവു്:—എന്താണതു്? പറയൂ! നിശ്ചയമായും സത്യമായും സാധിച്ചുതരാം.

മണികണ്ഠൻ:—എനിക്കു് കാട്ടിൽ പോയി പുലിപ്പാലു കൊണ്ടുവരുവാൻ കല്പന തരണം. മറെറാരപേക്ഷയുമില്ല.

രാജാവു്:—കുമാര! എന്നെ സത്യം ചെയ്യിച്ചതു് ഈ വിധത്തിൽ വഞ്ചിക്കാനാണോ? ഞാൻ നിന്നെ എങ്ങിനെ പോകാൻ അനുവദിക്കും? പോകരുതു് എന്നു് ഇനി എങ്ങിനെ പറയും? എൻെറ സത്യത്തിനു വിപരീതമാകയില്ലേ പോകരുതെന്നുപറഞ്ഞാൽ? നീയെന്നെ താപാഗ്നികുണ്ഡത്തിലേക്കു് തള്ളിയിടുകയാണല്ലോ ചെയ്തതു്

മണികണ്ഠൻ:—പുണ്യകീർത്തേ! ഞാൻ ചെയ്യേണ്ടതു് ഞാൻ തന്നെ ചെയ്യണം. അങ്ങിനെ ചെയ്യാതിരിക്കുന്നവൻ വെറും മായനാണു്. പോരെങ്കിൽ—ഞാൻ അങ്ങയുടെ മക

നാണെന്നുള്ളബോധം അങ്ങെയ്ക്കുള്ളപ്പോരം അതിന്നനുസരിച്ചു് ഞാൻ കരുതേണ്ടതല്ലേ?

മക്കളെന്നാകിലോ മക്കളല്ലേതുമേ,
തക്കത്തിൽവന്നു തൻെറച്ഛൻെറയിച്ഛക്കു്
തക്കവണ്ണം വേലചെയ്യുന്നവൻ സുതൻ-

എന്നുള്ളമഹദ് വചനത്തേയോക്കുമ്പോരം നിശ്ചയമായും അച്ഛൻെറ സങ്കടത്തെ പരിഹരിക്കുന്നതിന്നു ഇപ്പോരംഞാൻ തന്നെയാണു് കടപ്പെട്ടവൻ. അതിനാൽ കാട്ടിലേക്കു പോകുന്നതിന്നു് ഉടൻതന്നെ കല്പിച്ചാലും.

രാജാവു്:—മണികണ്ഠ! നിൻെറ അപേക്ഷയെ ഞാൻ നിരാകരിക്കുന്നില്ല. നിൻെറ നിർബ്ബന്ധം എന്നെ സമാധാന ചിത്തനാക്കിത്തീർത്തിരിക്കുന്നു. അതുകൊണ്ടു നീ ഒററക്കു് പോകാതെ സൈന്യങ്ങളോടുകൂടിപ്പോകുക!

മണികണ്ഠൻ:—പുലിയേപ്പിടിച്ചു് പാൽ കറന്നെടുക്കുന്നതിന്നു് ഞാൻ തന്നെ പോയാൽ മതി. എൻെറകൂടെ ആരും വരേണ്ട ആവശ്യമില്ല. ആളുകരം കൂടെയുണ്ടായിരുന്നാൽ പുലിയെപ്പിടിപ്പാൻ പ്രയാസമായിത്തീരും. അതുകൊണ്ടു ഞാൻ തനിച്ചു പോകുന്നതിന്നു് അനുവദിക്കണം.

രാജാവു്:—ശരി! എന്നാരം അങ്ങിനെ തന്നെ യാകട്ടെ! ഈശ്വരാനുഗ്രഹത്താൽ യാതൊരുദുഃഖവും ഉണ്ടാകാതെ ഉദ്ദിഷ്ടകാര്യം സാധിച്ചു് മടങ്ങി വരിക!—മാത്രമല്ല-ഭക്ഷണപദാർത്ഥങ്ങരം എന്തെങ്കിലുമൊക്കെ കയ്യിൽ കൊണ്ടുപോകണം ഇല്ലെങ്കിൽ പട്ടിണി കിടക്കേണ്ടതായി വ

ത്തം വിശേഷിച്ചു ശങ്കരനെ ധ്യാനിച്ചു് ഒരു തേങ്ങയും കൂടി കൈവശം വച്ചു കൊള്ളണം.

* * *

## പുലിപ്പാലിന്നായി മണികണ്ഠൻ കാട്ടിലേക്കു പോകുന്നതു്.

മണികണ്ഠൻ കാട്ടിലേക്കു പോകുന്ന ദുഃഖം ക്രമാതീതമായി രാജാവിനെ ബാധിച്ചിട്ടുണ്ടെങ്കിലും അതെല്ലാം മനസ്സിലൊതുക്കിക്കൊണ്ടു് രാജാവു് ഒരു ഇരുമുടി സഞ്ചിയുണ്ടാക്കി അതിൽ ആഹാരത്തിനുള്ളവയെല്ലാം ശേഖരിച്ചു് ഒരു നാളികേരവുമിട്ടു് കെട്ടി മണികണ്ഠന്റെ തലയിൽ വച്ചു കൊടുത്തു. കൂടാതെ ചാപബാണാദികളും കൊടുത്തു് ഗാഢാശ്ലേഷം ചെയ്തു് ആശീർവദിച്ചുകൊണ്ടു് യാത്രയാക്കി. മണികണ്ഠൻ രാജാവിന്റെ പാദങ്ങളിൽ നമസ്കരിച്ചു് പന്തളത്തുനിന്നും പുറപ്പെട്ടു. മണികണ്ഠന്റെ യാത്ര കണ്ടു് മന്ത്രി അത്യന്തം സന്തോഷിക്കുകയും രജാവു് ആന്തിലിരട്ടി ദുഃഖിക്കുകയും ചെയ്തു.

★

## മണികണ്ഠന്റെ പൊന്നമ്പലവാസം

മണികണ്ഠനാകട്ടെ, പന്തളത്തുനിന്നും പുറപ്പെട്ടു് അതിവേഗം മഹാരണ്യത്തിലെത്തിച്ചേൎന്നു. അവിടെ ശങ്കരന്റെ കല്പനയനുസരിച്ചു്—വാപരൻ, കടുരവൻ, വീരഭദ്രൻ, കൂപകർണ്ണൻ, ഘണ്ടാകർണ്ണൻ, കൂപനേത്രൻ മുതലായ അനവധി ഭൂതങ്ങൾ സ്വാമിയെ (മണികണ്ഠനെ) എതിരേൽക്കുന്നതിനായി കാത്തു നിന്നിരുന്നു. അവരോടു

കൂടി മണികണ്ഠൻ പമ്പാനദീതീരത്തിലെത്തി. അവിടെവച്ചു് അനേകം വിശിഷ്ട താപസന്മാർ ഭൂതനാഥനെ ഭക്തിപരവശരായി പൂജിച്ചു. അതിനു ശേഷം ആ താപസന്മാർ അവരുടെ തപോബലത്താൽ അവിടെ നിന്നും പതിനുകാതം വഴി ദൂരെയായി ഒരു സുവർണ്ണമന്ദിരം നിർമ്മിച്ചു അതിൽ ഒരു സുവർണ്ണ സിംഹാസനവും നിർമ്മിച്ചു് സർവ്വലോകൈകനാഥനായ ശ്രീ ഭൂതനാഥനെ യിരുത്തി. അവിടെത്തന്നെ താപസന്മാരും ഭക്തിശ്രദ്ധാവിനയാന്വിതന്മാരായി പൂജാദികൾ സമർപ്പിച്ചു സൌഖ്യമായി വസിച്ചു. പൊന്നമ്പലമേട്ടു് എന്നു് ഇന്നു് ഭക്തന്മാർ പുകഴ്ത്തുന്നതു് മേൽപറഞ്ഞ സുവർണ്ണമന്ദിരമാണു്. അവിടെയാണു് ഭൂതനാഥൻ ഭൂതഗണവുമായി അധിവസിച്ചു് ഭക്തന്മാരെ വീക്ഷണം ചെയ്തു് മുക്തിസോപാനത്തിലെത്തിക്കുന്നതു്.

*

## മഹിഷീമർദ്ദനവും ശാപമോക്ഷവും

സർവ്വലോകാധിപത്യം വഹിച്ചു് സ്വർഗ്ഗത്തിൽവസിച്ചിരുന്ന മഹിഷി സുന്ദരമഹിഷത്തോടു കൂടി ഭൂമിയിലുള്ള ഘോരവനങ്ങളിൽ കാമകേളികളും ചെയ്തു് നടക്കുമ്പോൾ അവളുടെ സംഘത്തിൽ പെട്ട അസുരന്മാർ മഹിഷിയെ തേടി വനത്തിലെത്തി അവളെക്കണ്ടു്:—അല്ലയോ ദേവി! ഭവതി സ്വർഗ്ഗത്തിൽ ഇന്ദ്രാസനത്തിലിരിക്കുമ്പോൾ ദുഷ്ടമാനസരായ ദേവഗണം ഭവതിയെ മോഹിപ്പിച്ചു് സ്വർഗ്ഗലോകം വിട്ടുപോകുന്നതിനായി ദേവന്മാർ സൃഷ്ടിച്ച സുന്ദരമഹിഷമാണു് ഇന്നു് ഭവതിയോടൊരുമിച്ചു് വിഹരി

കുന്നതു്. സ്വർഗ്ഗസിംഹാസനത്തിലിരുന്നു് സുഖിക്കേണ്ട തായ ഭവതി ഈ കാടുകളിൽ അങ്ങുമിങ്ങും അലഞ്ഞുതിരി യുന്നതു കാണുമ്പോഠം ഞങ്ങളുടെ ഹൃദയം പിളൎന്നു പോ കുന്നു. ദേവസിംഹാസനത്തിൽ ഇന്ദ്രൻ സുഖമായി വസി ക്കയും ദേവന്മാർ മദോന്മത്തരായി സ്വർഗ്ഗത്തിൽ തന്നെ വ സിക്കയും ചെയ്യുന്നു. അല്ലയോ തമ്പുരാട്ടീ! പാൽക്കടൽ മഥിച്ചു് അമൃതമെടുക്കുവാൻ ഞങ്ങളും ദേവന്മാരും ഒരു പോലെ പ്രയത്നിച്ചു. പക്ഷെ ഗുണം സിദ്ധിച്ചതു് ദേവ ന്മാർക്കാണു്. എന്നു മാത്രമല്ല ഞങ്ങഠംക്കു് എങ്ങുമൊരു സ്ഥാനവും തരാതെ ഞങ്ങളെ പാതാളത്തിലേക്ക് ഓട്ടി യോടിക്കുക കൂടിചെയ്തു. ഇനി ഞങ്ങളെന്തു ചെയ്യേണമെ ന്നറിയാതെ അന്ധന്മാരായി ത്തീൎന്നിരിക്കയാണു്. ദേവ ന്മാർ അമൃതപാനം ചെയ്തു് അതിശക്തന്മാരായിത്തീരു കനിമിത്തം ഞങ്ങഠംക്കവരോടു യുദ്ധം ചെയ്തു ജയിക്കുന്ന തിനും നിവൃത്തിയില്ലാതായിത്തീൎന്നു. ആകപ്പാടെ ദുർവ്വി ധിയെന്നേ പറയാനുള്ളൂ.

അസുരന്മാരുടെ സങ്കടവാർത്തകേട്ടു് കോപാക്രാന്തയാ യ മഹിഷി സുന്ദരമഹിഷത്തെ അപ്പോഠംതന്നെ ഉപേ ക്ഷിച്ചു് ബ്രഹ്മാവിനാൽ ദത്തമായിട്ടുള്ള വരങ്ങളെ ഓൎത്തു് അഹങ്കരിച്ചു് തന്നേപ്പോലുള്ള അനേകം മഹിഷികളേയും ദൈത്യസമൂഹത്തേയും നിമിഷനേരംകൊണ്ടു് ഉത്ഭവിപ്പി ച്ചു് സ്വർഗ്ഗലോകത്തെത്തി. സുന്ദരമഹിഷമാകട്ടെ തന്റെ ശരീരം ഉടനെ ഉപേക്ഷിച്ചു് കാരണത്തിൽ ലയിച്ചു.

ഇടിനാദംപോലെ അട്ടഹസിച്ചുംകൊണ്ടു് ദേവേന്ദ്ര സന്നിധിയിൽ ചെന്നു് ദേവേന്ദ്രനെ നോക്കി—ദേവേന്ദ്ര!

ദുഷ്ടമാനസനായ നീ എന്നെ വഞ്ചനകൊണ്ടകററി സ്വർഗ്ഗം കൈവശപ്പെടുത്തി സുഖമായി വസിക്കുന്നു. അതിന്റെ ഫലം ഞാനിപ്പോൾതന്നെ കാണിച്ചുതരാം. എന്റെ യോഗ്യതയും പരാക്രമങ്ങളും നീയ് മുൻപറഞ്ഞിട്ടുള്ളതല്ലേ? നിന്റെ അഹങ്കാരം തീക്കുവാൻവേണ്ടി വന്നിരിക്കുന്ന എന്നോട്ട് യുദ്ധത്തിന് തയ്യാറായി വന്നാലും! അല്ലെങ്കിൽ ഇപ്പോൾതന്നെ സ്വർഗ്ഗത്തെ ഉപേക്ഷിച്ച് പോകണം. മഹിഷിയുടെ നിർദ്ദേശം ദേവാദികൾ വകവെച്ചില്ല. കാരണം —ഏതുതരത്തിലുള്ള ആയുധങ്ങൾ പ്രയോഗിച്ചാലും അവൾക്ക് ഏൽക്കുകയില്ല എന്ന് ദേവന്മാർക്ക് നേരത്തെ അറിയാം. അതിനാൽ തങ്ങൾക്കുവേണ്ട വരത്തെ ആവശ്യപ്പെടുന്ന സമയം തന്നുകൊള്ളാമെന്ന ഹരിഹരപുത്രനായ താരകബ്രഹ്മമൂർത്തി പറഞ്ഞിട്ടുള്ളതുകൊണ്ട് അവർ അദ്ദേഹത്തെത്തന്നെ ഭക്തിപുരസ്സരം സ്തുതിച്ചു. ദേവന്മാരുടെ സ്തുതികേട്ട് തൃപ്തനായ ഭൂതനാഥസ്വാമി താമസമെന്യേ ദേവന്മാരുടെ സമീപം പ്രത്യക്ഷപ്പെട്ട്:— നിങ്ങൾക്ക് എന്തു വരമാണ് ഞാൻ തരേണ്ടത് എന്നു പറയുക!

ദേവകൾ സ്വാമിയുടെ ചോദ്യംകേട്ട് മൗനം അവലംബിച്ചു നിൽക്കുന്നതുകണ്ട് ഭൂതനാഥന് കാര്യം മനസ്സിലായി. മദാന്ധയായ മഹിഷിയുടെ അഹങ്കാരത്തെ നശിപ്പിച്ച് സ്വർഗ്ഗലോകത്തെ വീണ്ടെടുത്ത് ഞാൻ നിങ്ങൾക്കു തരുന്നുണ്ട്. വ്യസനിക്കരുത്. ഇനിയും ഇപ്രകാരമുള്ള സങ്കടാവസ്ഥകളിൽ ഞാൻ നിങ്ങൾക്കു രക്ഷ നൽകുന്നതായിരിക്കും. ഇങ്ങിനെ പ്രതിജ്ഞ ചെയ്തുകൊണ്ട് ശ്രീ ഭൂതനാഥൻ തന്റെ ഭൂതഗണത്തോടുകൂടി സ്വർഗ്ഗ

ലോകത്തിലെത്തി. ആയുധങ്ങളോടും ഭൂതഗണത്തോടും കൂടി ആവിർഭവിച്ചിരിക്കുന്ന ഭൂതനാഥനെക്കണ്ടു് മഹിഷി ത്രിലോകങ്ങളും ഞെട്ടുമാറു് ഒന്നട്ടഹസിച്ചുകൊണ്ടു് ഭൂതനാഥനോടടുത്തു. വീരശൂരപരാക്രമത്തോടുകൂടി അടുത്ത മഹിഷിയുടെ കൊമ്പിൽ ഭൂതനാഥൻ കടന്നുപിടിച്ചു് വട്ടം ചുഴററി ഭൂമിയിലേയ്ക്കെറിഞ്ഞു. അവൾ ചെന്നുവീണതു് അലസാനദിയുടെ തീരത്താണു്. അവൾ അവിടെനിന്നും എഴുന്നേല്ക്കുന്നതിനു മുൻപായിത്തന്നെ ഭൂതനാഥൻ അവിടെയെത്തി അവളുടെ പാർശ്വഭാഗത്തിൽ ചാടിവീണു നൃത്തംചെയ്തു. ഇതുകണ്ടു് അസുരഗണം ഭയവിഹ്വലരായി നാലുപാടും ഓടിയൊളിക്കുവാൻ തുടങ്ങി. ദാനവഗണത്തെ നശിപ്പിക്കുന്നതിനും ഭൂതനാഥൻ ഭൂതഗണത്തിനു് കല്പനകൊടുത്തു. ഉടനേ ഭൂതഗണം നിഷ്പ്രയാസം ദാനവന്മാരേയും നശിപ്പിച്ചു. മഹിഷിയുടെമേൽ നൃത്തം മുറുകിയപ്പോൾ ലോകം മുഴുവനും വിറക്കുവാൻ തുടങ്ങി. ഭൂമികുലുക്കമാണോ ? എന്നു് ഭൂതലവാസികൾ വിചാരിച്ചു. ആദിശേഷൻെറ ഫണങ്ങൾ തളരുവാൻ തുടങ്ങി. ബ്രഹ്മപുത്രനായ നാരദൻ നൃത്തത്തിനൊപ്പിച്ചു് തൻെറ വീണയിൽക്കൂടി സാമവേദത്തിലെ ഭക്തിഗാനങ്ങളെ പാടിരസിച്ചു. ഹരിഹരന്മാർനന്നു് തങ്ങളുടെ പുത്രൻെറ നൃത്തത്തെക്കണ്ടു സന്തുഷ്ടരായിനിന്നു. ദേവകൾ പുഷ്പവൃഷ്ടിചെയ്തു. മഹിഷിയാകട്ടെ; രക്തം ഛർദ്ദിച്ചു് ക്ഷീണിച്ചവശയായി.

* * *

ശാപവിമുക്തയായ മഹിഷിയുടെ സ്തുതി.

എൻെറ പാർശ്വഭാഗത്തിൽ കയറിനിന്നു് നൃത്തംച

യ്ക്കുന്ന ഈ ധീരപുരുഷൻ ആരാണ്? ശങ്കരനാരായണാംശമായിരിക്കും. അല്ലാതെ മററാക്കും സാദ്ധ്യമല്ല, തീൎച്ച തന്നെ. ആരായിരുന്നാലും പരമാത്ഥമറിയുന്നതിനുള്ള ബോധമെനിക്കുണ്ടാകുവാൻ ഭഗവാനേ! എന്നെ അനുഗ്രഹിക്കേണമേ! എന്നിങ്ങനെ അവൾ മനസാ പ്രാത്ഥിച്ചു. അപ്പോൾ അവൾക്ക് തത്വബോധമുണ്ടായി എന്നു മാത്രമല്ല ശങ്കരനാരായണാംശമായ താരകബ്രഹ്മമൂത്തിയേ സ്തുതിക്കുവാനും തുടങ്ങി.

സൎവ്വലോകങ്ങൾക്കും കാരണാത്മകനായി സംസാരസാഗരതീരം പ്രാപിക്കാനുള്ള വിശിഷ്ടനൌകയായിപ്പരിലസിക്കുന്ന ഏതൊരു ശക്തിയാണ് എന്റെശരീരത്തിൽ നൃത്തം വക്കുന്നതു്? ആ ശക്തിയെ ഞാൻ സാഷ്ടാംഗപ്രണാമം ചെയ്യുന്നു.

ഈശ്വരനിശ്ചയത്തെപ്പാലിക്കുവാനും എന്റെ ഗൎവ്വിനെ നശിപ്പിക്കുവാനും വേണ്ടി ഏതൊരു ശക്തി എന്റെ ശരീരത്തിൽ നിന്നു് നൃത്തം വെയ്ക്കുന്നുവോ ആ ശക്തിയെ ഞാൻ മനസാ സ്മരിക്കുന്നു. ദേവാദികളെ രക്ഷിക്കുന്നതിനും എനിക്കുണ്ടായ ശാപത്തെയൊഴിച്ചു മുക്തി നൽകുന്നതിനുമായി ഏതൊരു ദേവനാണ് എന്റെശരീരത്തിൽ നിന്നു് നൃത്തം വെയ്ക്കുന്നതു് ആ ദേവനെഞാൻ മനസാ സ്തുതിക്കുന്നു. ഭർത്തൃശാപമേററവളാണ് ഞാനെങ്കിലും എന്റെ പാൎശ്വഭാഗത്തിൽ നിന്നു് നൃത്തംചെയ്യുന്നതുപോലെ എന്റെ ചിത്താംബുജത്തിലും നൃത്തംവെക്കുവാൻ ആ ദേവന്റെ പാദപത്മങ്ങളിൽ ഞാൻ സങ്കല്പമാത്രൈകനിരതയായി ഭക്ത്യാദരവോടെ നമസ്കരിക്കുന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM

അധമ്മികളായ ദുഷ്ടന്മാരെ ധാമ്മികന്മാരാക്കിത്തീത്തു ആനന്ദത്തെ പ്രദാനം ചെയ്യുന്ന ധമ്മശാസ്താവേ! എൻെറ സവ്വാപരാധങ്ങളും ക്ഷമിച്ചു് എന്നെ അനുഗ്രഹിക്കുവാൻ കൃപയുണ്ടാകണമേ!

മഹർഷിയുടെ ഇപ്രകാരമുള്ള സ്തുതികളെക്കേട്ടു് ഭൂതനാഥൻ ഉടനെതന്നെ നൃത്തം അവസാനിപ്പിച്ചു് താഴെയിറങ്ങി തൃക്കരപല്ലവങ്ങളാൽ അവളുടെ ശരീരം സാവധാനം തലോടി.തൽസമയം അവളുടെ ശരീരത്തിൽനിന്നും തേജോരൂപിണിയായ ഒരു ദിവ്യസുന്ദരി മേലോട്ടുയൎന്നു് ദിവ്യമായ ഒരു വിമാനത്തിൽ അനേകം സുന്ദരീഗണങ്ങളുടെ അകമ്പടിയോടുകൂടി കാണുമാറായി. ദേവസ്ത്രീകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്ന ആ ദിവ്യസുന്ദരി ഭൂതനാഥസ്വാമിയോടായി ഭക്തവത്സല! നിൻതിരുവടിയുടെ കൃപാവൈശിഷ്ട്യത്താൽ ഇന്നു് ഞാൻ ശാപമുക്തയായി. ഇനി ഞാൻ അങ്ങയുടെ ശക്തിയായിത്തന്നെ വസിക്കുവാൻ ആഗ്രഹിക്കുന്നു. എന്നുണൎത്തിച്ചു.

*

## മഞ്ചമാതാസ്ഥാനം

ദിവ്യാംഗനയുടെ അപേക്ഷകേട്ട ശ്രീഭൂതനാഥൻ:- ഹേ! ദേവീ! ഭവതി എൻെറ ശക്തിതന്നെയെങ്കിലും എൻെറ ഈ യൊരവതാരകാലം മുഴുവൻ ബ്രഹ്മചാരിയായിത്തന്നെ വൎത്തിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഈ ജന്മം ഭവതി എൻെറ സഹോദരി എന്ന ഭാവനയിൽ മഞ്ചമാ

താവ് (മാളികപ്പുറത്തമ്മ) എന്ന നാമത്തോടുകൂടി ദേവന്മാരാൽ പൂജിക്കപ്പെടുന്നവളായി ഞാനിരിക്കുന്നതിനു് അല്പം ദൂരെ ഇടത്തുഭാഗത്തായി വാസമുറപ്പിച്ചാലും! ഭൂതനാഥന്റെ ഉപദേശപ്രകാരം മഞ്ചമാതാവായി അവിടെ സ്ഥാനമുറപ്പിച്ചു.

* * *

മണികണ്ഠനോടു ഹരിഹരന്മാരുടെ ഉപദേശം.

അനന്തരം ശങ്കരനാരായണന്മാർ ഭൂതനാഥനെ ആശ്ലേഷിച്ചുകൊണ്ടു്:—ഭൂതനാഥ! ദേവകാൎയ്യങ്ങളിൽ പ്രാധാന്യമേറിയ ഒരുകാൎയ്യം ഇന്നു് നീസാധിപ്പിച്ചു. ഇനിയും പലകാൎയ്യങ്ങൾ സാധിക്കുവാനുണ്ടു്. എന്നാലും ഇപ്പോൾ നിന്നെക്കാണാതെ പരിഭ്രാന്തനായിരിക്കുന്ന പന്തളം രാജനെ വേഗംചെന്നുകണ്ടു് സമാധാനിപ്പിക്കുക! അതുമാത്രം പോരാ, ആ രാജാവു് തത്വജ്ഞനാകുവാൻ തക്കവണ്ണമുള്ള ഉപദേശങ്ങളും കൊടുക്കണം.

പണ്ടു് ശബരി നിന്നെ സ്സുണാകാരേണ ഭജിച്ചിരുന്നെങ്കിലും ഇന്നു് അവൾ നിന്നെ നിൎഗ്ഗുണനായിക്കണക്കാക്കിയാണു് ഭജിക്കുന്നതു്. അവൾ തപസ്സുചെയ്യുന്നതു് നീലപൎവ്വതത്തിലിരുന്നാണു്. അതിനാൽ നീ അവൾക്കു് സായൂജ്യപദംകൊടുത്തു് അനുഗ്രഹിക്കണം. തൻനിമിത്തം ആ പൎവ്വതത്തിനു് ശബരിഗിരിയെന്ന നാമവും പ്രസിദ്ധമായിത്തീരും. എന്നുതന്നെയല്ല ആ ശബരി ഓരോരുത്തരുടേയും മനോമുകുരത്തിൽ പ്രതിഫലിച്ചു കാണുന്നതിനായി പന്തളരാജാവു് അവിടെ ഒരു ക്ഷേത്രം പണി

യിച്ച് നിന്നെ ശബരിഗിരീശ്വരനായി പ്രതിഷ്ഠിച്ച് പൂജിക്കയുംചെയ്യും. നീ ശബരിഗിരിക്ഷേത്രത്തിലും, പൊന്നമ്പലമേട്ടിലും, ഭക്തഹൃദയങ്ങളിലുമായി എപ്പോഴും പരിലസിക്കുകയുംവേണം. ആയതുകൊണ്ട് ദേവസുന്ദരിമാർ പെൺപുലികളായിട്ടും മററുദേവന്മാർ പുലിക്കുട്ടികളായിട്ടും നിന്നെ അനുഗമിക്കും. ഇന്ദ്രനെ ഒരു വൻപുലിയാക്കി അതിൻെറ പുറത്തുകയറി വേഗം പന്തളത്തേക്കു തിരിക്കുക! എന്നുപറഞ്ഞു ഭൂതനാഥനെ യാത്രയാക്കാൻ ഭാവിച്ചപ്പോൾ ബ്രഹ്മാവു് സന്തോഷത്തോടുകൂടി മണികണ്ഠനെ ആശ്ലേഷിച്ചു ശിരസ്സിൽ പലവുരു ചുംബിച്ചശേഷം ഭൂതനാഥനോട് പറഞ്ഞു.

**

### കല്ലിട്ടംകുന്ന്

ഹേ! കുമാര! മഹിഷിയുടെ ശരീരം അലസാനദിക്കക്കരെ ഇപ്പോൾ തന്നെ സ്ഥാപിക്കണം അപ്രകാരം ചെയ്യാതിരുന്നാൽ ഈ ഭയങ്കരശരീരം വിന്ധ്യനേപ്പോലെ വളൎന്നു സൂൎയ്യചന്ദ്രന്മാരുടെ ഗതിയെ തടസ്സപ്പെടുത്തും. അതുകൊണ്ടു് അതിനെ അവിടെ സ്ഥാപിച്ചു കല്ലുകൾകൊണ്ടിട്ട് നിറക്കണം. ക്രമേണ അവിടം കല്ലിട്ടംകുന്ന് എന്നു പേരുണ്ടായിത്തീരും. ഇപ്രകാരം ഉപദേശിച്ച് ത്രിമൂൎത്തികളും അവിടെ മറഞ്ഞു. വിധിയുടെ ഉപദേശപ്രകാരം മഹിഷീശരീരത്തെ അലസാനദിക്കക്കരെകിഴക്കുഭാഗത്തുകൊണ്ടിട്ട് കല്ലുകൾകൊണ്ടുമൂടി അവിടം ഒരു പ്രസ്ഥരഗിരിയാക്കിത്തീൎത്തു. അതത്രേ ഇന്നത്തേ കല്ലിട്ടംകുന്ന് എന്നുപറയുന്ന സ്ഥാനം.

അതിനുശേഷം ഭൂതനാഥൻ ഭൂതഗണത്തിൽ പ്രധാനിയായ വാപരനെ നോക്കി:—ഭവാൻ ഇവിടെ ഒരു പ്രസ്ഥരമുണ്ടാക്കി ഭൂതഗണത്തോടുകൂടി ഇവിടെ താമസിക്കണം. ഞാൻ പന്തളത്തേക്കുപോയി മടങ്ങിവരുന്നതുവരെ ദുഷ്ടമൃഗങ്ങൾ നമ്മുടെ ഭക്തന്മാരെ ഉപദ്രവിക്കാതെയിരിക്കാൻ ഭൂതഗണത്തോടുകൂടി വേട്ടയാടി ഗോഷ്ഠമുറപ്പിച്ചു ഭക്തന്മാരെ രക്ഷിച്ചുകൊള്ളണം. ഇങ്ങിനെയുള്ളകാര്യങ്ങൾ വാപരനെ ഏല്പിച്ചിട്ട് ഭൂതനാഥൻ പന്തളത്തേക്ക് പോകുവാൻ തയ്യാറായിനിന്നു.

**

മണികണ്ഠൻ പുലിപ്പുറത്തുകേറി പുലിക്കുട്ടികളുമായി പന്തളത്തേക്ക് പോകുന്നതു്.

ദേവനാഥനായ വൻപുലിയുടെ പുറത്തു് മണികണ്ഠൻ കയറി മററു ദേവന്മാരായ പുലിക്കുട്ടികളോടുംകൂടി പന്തളരാജ്യത്തേക്കുതിരിച്ചു. രാജധാനിയെ സമീപിക്കുംതോറും രാജ്യവാസികൾ പുലികളുടെ വരവിനെക്കണ്ടു് സംഭ്രമചിത്തരായിത്തുടങ്ങിയെന്നു മാത്രമല്ല ആത്തനാദത്തോടുകൂടി നാനാദിശി ഓടിഒളിക്കുകയും ഉന്നത വൃക്ഷാഗ്രങ്ങളെ ശരണം പ്രാപിക്കുകയും ചെയ്തുതുടങ്ങി. മണികണ്ഠൻ കാട്ടിലേക്കു പോയതു കാരണം കാട്ടിലുള്ള പുലികളെല്ലാം നാട്ടിലേക്കു വന്നല്ലോ, ദൈവമേ! നാട്ടുകാക്കുകൂടി സൈപരക്കേടായിത്തീന്നല്ലോ. എങ്ങോട്ടാണ് പോകേണ്ടതു്? എവിടെയാണ് ഒളിക്കേണ്ടതു്? എന്നും മററുമുള്ള ദയനീയസ്വരങ്ങൾ നാടാകെ മാറെറാലിക്കൊണ്ടു. ഒരു വലിയ

പുലിയുടെ പുറത്തു ചാപബാണങ്ങളോടുകൂടിയിരിക്കുന്ന മണികണ്ഠനേയും അനേകം പുലിക്കുട്ടികളേയും കണ്ടു് രാജാവു് കുറച്ചു സമയം നിശ്ചേഷ്ടനായിത്തീൎന്നു. മണികണ്ഠനാകട്ടെ; പുലിപ്പുറത്തുനിന്നും താഴെയിറങ്ങി രാജാവിനെ ഭക്ത്യാദരവോടെ സാഷ്ടാംഗം പ്രണമിച്ചശേഷം രാജാവിനോടു്:—പ്രഭോ! അവിടത്തെകൃപാവൈഭവത്താൽ ഞാൻ പോയ കാൎയ്യം സാധിച്ചു. ഇതാ! ഇവയെല്ലാം ഇഷ്ടംപോലെ പാൽതരുന്ന വൎഗ്ഗമാണു്. ഒന്നിനേപ്പോലും ഭയപ്പെടേണ്ട ആവശ്യമില്ല. ഞാൻ ഇവയുടെ അടുത്തില്ലെങ്കിൽ തന്നെ യഥേഷ്ടം കറക്കുവാൻ സാധിക്കും. ആവശ്യമുള്ള പാൽ കറന്നെടുത്തു് എത്രയും വേഗത്തിൽ അമ്മയുടെ സുഖക്കേടു് ശമിപ്പിക്കുക! ഇവരെ ഉടനേതന്നെ കാട്ടിലേക്കയക്കണം. ഇല്ലെങ്കിൽ അവ വിശന്നു മുറവിളികൂട്ടും. തീററി കൊടുക്കാൻ നമ്മളെക്കൊണ്ടു് സാദ്ധ്യമല്ല എന്നുണത്തിച്ചു.

***

## പന്തളേശൻെറ അപേക്ഷ

ലോകത്തിൽ ഒരുവനാലും സാധിക്കാത്ത ഒരു വൻ കാൎയ്യം സാധിച്ചുതിരിച്ചെത്തിയിരിക്കുന്ന മണികണ്ഠൻെറ മുഖപത്മത്തിൽതന്നെ ദൃഷ്ടികളുറപ്പിച്ചു ഭക്തിപരവശനായി നില്ക്കുന്ന രാജാവു് മണികണ്ഠനോടു്:—ഹേ! കരുണാകര! എന്നെ ഈ വിധം പരീക്ഷിക്കുന്നതു് സങ്കടമാണു്. അവിടന്നു് ആരെന്നുള്ളപരമാത്ഥം എന്നെ അറിയിച്ചനുഗ്രഹിക്കേണമേ! പുലിക്കൂട്ടത്തെ കൊണ്ടുവന്നു എന്നുള്ള കാ

 യ്യത്തെപ്പററി ഞാൻ അത്ഭുതപ്പെടുന്നില്ല. മന്ത്രതന്ത്രൌഷധാദികളാൽചിലക്ക് അതൊക്കെസാദ്ധ്യമാകുമെന്നു വിചാരിക്കാം. മന്ത്രതന്ത്രൌഷധങ്ങളാലൊന്നും ഒരിക്കലും സാദ്ധ്യമാകാത്തതും വർണ്ണിപ്പാൻ സാധിക്കാത്തതുമായ ഒരു തേജോവിശേഷം അവിടത്തെ മുഖപങ്കജത്തിൽ ഞാൻ കാണുന്നു. അങ്ങ് എൻെറ പുത്രനെന്നുള്ളഭാവം എന്നിൽ നിന്നു് അകന്നുപോയി. ഇപ്പോൾ സവ്വേശ്വരനാണെന്നുള്ള ഭാവമാണ് എന്നിൽ സ്ഥാനം പിടിച്ചിരിക്കുന്നതു്. അങ്ങ് പുലിപ്പാലിന്നായി പോയപ്പോൾ തന്നെ ഇവിടെ രോഗം ശമിച്ചു. പുലിപ്പാലിന്നു് ഇനി ആവശ്യമില്ല. അതുകൊണ്ടു് ഘണ്ടാരവം മുഴക്കി ഭയപ്പെടുത്തുന്ന ഈ ഘോരമൃഗങ്ങളെ വേഗം കാട്ടിലേക്കുതന്നെ അയക്കുവാൻ ദയവുണ്ടാകണം. മാത്രമല്ല — ഇതിൻെറയൊക്കെ പരമാത്ഥ രഹസ്യത്തെയും ഇവനെ ഗ്രഹിപ്പിച്ചു് കൃതാത്ഥനാകണമെന്നു അപേക്ഷിച്ചു.

*

### അഗസ്ത്യമഹഷിയുടെ ആഗമനം

ഭക്തിഭീത്യാദികളാൽ ചഞ്ചലഹൃദയനായിത്തീന്ന പന്തളേശൻ ഗൽഗദ സ്വരത്തോടുകൂടി ഇപ്രകാരം അപേക്ഷിച്ചുകൊണ്ടു വിനീതനായി വണങ്ങി നിൽക്കുമ്പോൾ അഗസ്ത്യമഹഷി അവിടെ വന്നുചേന്നു. ആ — മുനി ശ്രേഷ്ഠൻെറ വരവു് രാജാവിനു് അത്യധികം ആനന്ദത്തെ പ്രദാനം ചെയ്തു.

താപസശ്രേഷ്ഠനെ യഥോചിതം സൽക്കരിച്ചിരുത്തിയതിനുശേഷം രാജാവു് താപസനെനോക്കി:— മഹാമുനേ!

ഈ രാജ്യത്തിൻെറയും എൻെറയും ശ്രേയസ്സിന് കാരണഭൂതനായിത്തീൎന്ന ഈ മണികണ്ഠനെ ആരെന്നറിയുന്നതിനോ അവൻെറ സത്യാവസ്ഥകളെന്തെന്നറിയാനോ എനിക്കിതുവരെ സാധിച്ചിട്ടില്ല. അവൻ ഒരമാനുഷനെന്നാണ് ഞാനിപ്പോഠം മനസ്സിലാക്കുന്നതു്. അതുകൊണ്ടു് അവിടന്നു് എൻെറ സംശയനിവൃത്തി വരുത്തിത്തരുവാനപേക്ഷിക്കുന്നു.

രാജാവിൻെറ വിനീതാപേക്ഷയെക്കേട്ടു് അഗസ്ത്യമഹൎഷി മണികണ്ഠൻെറ സകലവൃത്താന്തങ്ങളും രാജാവിനെ വിസ്തരിച്ചു കേഠംപ്പിച്ചു. മണികണ്ഠവൃത്താന്തങ്ങഠം ഗ്രഹിച്ച രാജാവു് ഭക്തിശ്രദ്ധാ ബഹുമാനവിനയാന്വിതനായി മണികണ്ഠനെ സ്തുതിച്ചു തുടങ്ങി.

* * *

### രാജാവു് മണികണ്ഠനെ സ്തുതിക്കുന്നതു്

ഓങ്കാരപ്പൊരുളായും താരകബ്രഹ്മസ്വരൂപനായും ഭക്തരക്ഷകനായും മോഹിനീസുതനായും ഹരിഹരാത്മജനായും അവതരിച്ച വിശ്വമൂൎത്തേ! ശ്രീഭൂതനാഥ! നിന്തിരുവടിക്ക് ക്ഷമിക്കത്തക്കതല്ലാത്ത എന്തെങ്കിലും തെറ്റുകഠം ചെയ്തിട്ടുണ്ടെങ്കിൽ അവയെല്ലാം അവിടന്നു് ക്ഷമിച്ചു് എന്നെ അനുഗ്രഹിക്കുമാറാകണേ! ദുൎമ്മതിയായ സചിവൻ ചെയ്ത ദുഷ്കൎമ്മങ്ങളെ ഒരിക്കലും ക്ഷമിക്കുവാൻ വയ്യാത്തതു തന്നെയാണു്. കൂടാതെ കളങ്കമില്ലാത്ത എൻെറ ധൎമ്മപത്നിയെ കൂടി വഞ്ചനാപ്രയോഗത്തിനു് കൂട്ടു പിടിച്ച ആ മഹാപാപിയെ കഠിനമായ ശിക്ഷക്കു് വിധേയനാക്കാതിരിക്കുന്നതു് നിയമത്തിനു് വിപരീതമാണു്. പ

ക്ഷെ—അതു് നിന്തിരുവടിയുടെ കല്പനപോലെയാകട്ടെ യെന്നു വിചാരിക്കുകയും സമാധാനപ്പെടുകയും ചെയ്യുന്നു. ഇനിമേലിൽ മനോദോഷങ്ങളാകുന്ന മത്സരാദികളൊന്നും ഇവനെ ബാധിക്കാതിരിക്കണേ! സവ്വപ്രകാരേണയും ഇവ ൻെറ ജന്മം പരിശുദ്ധമായിത്തീരുവാൻ അനുഗ്രഹിക്കേണ മേ! ഭഗവാനേ! ആശ്രിതവത്സല! ഭക്തപരായണ! നിത്യ നിമ്മല! ധമ്മശാസ്താവേ! നമസ്കാരം! പരമാത്മസ്വരൂപ നായ അവിടത്തെ പാദപത്മങ്ങളിൽ സന്തതം നമസ്കാരം.

★

## പുലികളുടെ അന്തദ്ധാനവും മണികണ്ഠോപദേശവും

ഭക്തിപരവശനായി പന്തളേശൻ സ്തുതിച്ചുകൊണ്ടു നില്ക്കുമ്പോഠംതന്നെ അവിടെയുണ്ടായിരുന്ന പുലിക്കൂട്ട ത്തെ കാണാതായി. എങ്ങോട്ടാണു് അവ പോയതെന്നു പോലും ആക്കും മനസ്സിലാക്കാൻ സാധിച്ചില്ല. എല്ലാവ രും അത്ഭുതപരതന്ത്രരായി. അനന്തരം സച്ചിദാനന്ദസ്വ രൂപനായ ഭഗവാൻ പന്തളേശനെ ഗാഢാശ്ലേഷംചെയ്തു കൊണ്ടു്:—അല്ലയോ പുണ്യപുരുഷോത്തമ! ഞാൻ അങ്ങ യുടെകൂടെ ഇത്രയുംകാലം താമസിച്ചതുകൊണ്ടു് ദേവകാര്യ ങ്ങഠം ചിലതെല്ലാം സാധിച്ചു. മാനുഷികധമ്മമനുസരി ച്ചു അങ്ങയുടെ പുത്രനാണു് ഞാൻ. ആയതുകൊണ്ടു് അ ങ്ങയ്ക്കുവേണ്ടി എന്തുംചെയ്യാൻ ഞാൻ സന്നദ്ധനാണു്. അ ങ്ങയുടെ ആഗ്രഹങ്ങളെ നിറവേററിത്തരേണ്ടതു എൻെറ കടമയാണു്. എന്തുവരമാണു് ഞാൻ തരേണ്ടതു്? സംശ യമെന്യേ ആവശ്യപ്പെട്ടുകൊള്ളുക! മന്ത്രിയോ മാതാവോ

കററവാളികളല്ലാത്തതുകൊണ്ടു് അവർ ശിക്ഷാൎഹരല്ല. മ ണികണ്ഠന്റെ ഉപദേശത്താൽ രാജാവു് സമാധാനചിത്ത നായി മണികണ്ഠനെനോക്കി:—

ഭഗവാനേ! നിന്തിരുവടിയുടെ കാരുണ്യാമൃതം മാത്ര മാണു് ഇവനു് ആവശ്യം. അതിൽകവിഞ്ഞൊന്നും ഈ ജ ന്മത്തിൽ ആഗ്രഹിക്കുന്നില്ല. ജനനമരണാദ്യവസ്ഥകളിൽ നിന്നു് ഇവനെ മുക്തനാക്കി അങ്ങയുടെ തൃപ്പാദങ്ങളിൽ ഇവനേയും ലയിപ്പിക്കണമെന്നുമാത്രമേ കൂട്ടതലായി അപേ ക്ഷിക്കുന്നുള്ളു. ഈ പന്തളരാജവംശത്തെ സംരക്ഷണം ചെയ്തു നിന്തിരുവടിഇവിടെത്തന്നെ വാസമുറപ്പിക്കുന്നതു് ഈ വംശത്തിനും വിശിഷ്യ—ഭൂലോകവാസികൾക്കും ഏ റവുംവലിയ ഒരനുഗ്രഹമായിരിക്കും.

പന്തളരാജാവിന്റെ അപേക്ഷയെക്കേട്ടു് മണിക ണ്ഠൻ:—അല്ലയോ രാജശിഖാമണേ! ജനനമരണാദ്യവ സ്ഥയിൽനിന്നു് മുക്തനാകേണമെങ്കിൽ കൎമ്മനാശംവരുന്ന മതിയാകയുള്ളു. പൂൎവ്വജന്മത്തിൽ ഞാൻ ആഗ്രഹിച്ചതും എന്റെ വിശ്വരൂപം കാണിച്ചുതന്നതുമാണു്. അതുകൊ ണ്ടു് ഇനിയൊരുജന്മം അങ്ങേക്കുണ്ടാകയില്ല കൎമ്മനാശ ത്തിനുള്ള നിവൃത്തിമാൎഗ്ഗം പ്രാകൃതലോകത്തിനും അങ്ങ യ്ക്കും അറിയുവാൻവേണ്ടി ഈ മുനിപുംഗവൻ ഉപദേശി ക്കുന്നതാണു് എന്നുപറഞ്ഞു അഗസ്ത്യമഹാമുനിയെ ഒന്നു കടാക്ഷിച്ചു.

അഗസ്ത്യമുനി—ദേവാദിദേവനായ ഭഗവാനേ! ഈ രാജശ്രേഷ്ഠനു് അങ്ങ്തന്നെയാണു് ഉപദേശിക്കേണ്ടതു്. നിന്തിരുവടിചെയ്യുന്ന ആ തത്വോപദേശത്തിനു് "ശ്രുത

നാഥഗീത" എന്ന പ്രസിദ്ധിയും ഭക്തജനങ്ങൾക്കതു് ഒരു മഹത്തായ അനുഗ്രഹവുമായിത്തീരും. എന്നു് പറഞ്ഞു ആ തപോധനൻ അന്തർദ്ധാനംചെയ്തു.

അനന്തരം സത്തുക്കളും മോക്ഷാർത്ഥികളുമായി അവിടെയുണ്ടായിരുന്ന എല്ലാവരും മാദ്ധ്യാഹ്നകർമ്മങ്ങൾചെയ്തു. മണികണ്ഠനു് ദേവോചിതമായ വിശിഷ്ടഭോജ്യങ്ങൾ നിവേദിച്ചു് ബ്രാഹ്മണസത്തമരോടുകൂടി രാജാവു് ഭോജനാദികൾകഴിച്ചു് മണികണ്ഠനെ വിശിഷ്ടാസനത്തിലിരുത്തി മററുള്ളവരെല്ലാം വ്യാഘ്രചർമ്മത്തിലും,ആസനസ്ഥരായി.

* * *

രാജ്ഞിയുടേയും മന്ത്രിയുടേയും സങ്കടാവസ്ഥ

കാട്ടിൽ നിന്നു കിട്ടിയ കുട്ടിയുടെ വൈശിഷ്ട്യത്തെയോർത്തും തങ്ങൾചെയ്ത വഞ്ചതിപ്രയോഗങ്ങളുടെ കാഠിന്യത്തെയോർത്തും ഹൃദയമുരുക്കം ബാധിച്ച മന്ത്രിയും രാജ്ഞിയും ദുഃഖാർത്തരായി കണ്ണുനീർവാർത്തുതുടങ്ങി. കരുണാർദ്രചിത്തനായ മണികണ്ഠൻ ഇരുവരേയുംനോക്കി:-നിങ്ങൾ എന്തിനാണു് ദുഃഖിക്കുന്നതു്? എൻെറ നാശത്തിനായി നിങ്ങൾചെയ്ത പ്രയത്നം സഫലമാകാഞ്ഞതിനാലാണോ നിങ്ങൾ കരയുന്നതു്? നിങ്ങളുടെ നീചപ്രവൃത്തികൾ എനിക്കു് ചില ഗുണങ്ങൾക്കു് വഴിതെളിയിച്ചുതന്നു. അതിനാൽ നിങ്ങൾചെയ്തതുതെററല്ല. അതിൽകുററവുമില്ല ശിക്ഷാർഹരുമല്ല. മേലാൽ നിങ്ങളുടെഹൃദയങ്ങളിൽ ഇപ്രകാരമുള്ള ദുശ്ചിന്തകൾക്കു് ഒരിക്കലുംസ്ഥാനമുണ്ടാകയില്ല. നിങ്ങൾ ഇന്നുമുതൽ ഹൃദയ ശുദ്ധിയുള്ളവരായിത്തീരുന്നതാണു്. നിങ്ങൾക്കു് മംഗളംഭവിക്കട്ടെയെന്നനുഗ്രഹിച്ചു.

## ശ്രീഭൂതനാഥഗീത

അനന്തരം ശ്രീഭൂതനാഥൻ പന്തളരാജാവിനെ നോക്കി:—അല്ലയോ രാജേന്ദ്ര! ഒരുവൻ അവൻെറ ജന്മത്തിൽ ചെയ്യുന്ന ഓരോകർമ്മങ്ങളും ഫലേച്ഛക്രൂടാത്തവയായിരിക്കണം. സൽക്കർമ്മങ്ങളുമായിരിക്കണം. അങ്ങിനെ ചെയ്യുന്നവനമാത്രമേ ജന്മസാഫല്യം (സായൂജ്യപദം) സിദ്ധിക്കയുള്ളൂ. ആഹാരം കഴിക്കാതെ വിശപ്പു മാറണമെന്നു് ആഗ്രഹിച്ചതുകൊണ്ടു് ഫലമില്ല. ഫലേച്ഛയോടുക്രൂടി ചെയ്യുന്ന കർമ്മങ്ങൾക്കു് ഒരിക്കലും സായൂജ്യ പദവിയെ അഹിക്കുവാൻ ന്യായമില്ല. ജന്മകർമ്മങ്ങളെപ്പററി ചിന്തിച്ചാൽ പഞ്ചസാരയും അതിലടങ്ങിയിരിക്കുന്ന മധുരവും പോലെയാണു്. നിഷ്കാമകർമ്മങ്ങൾ എല്ലാം പരാത്ഥകർമ്മങ്ങളായിത്തീരും.

രാജാവു്:—ഭഗവാനേ! ബ്രഹ്മതത്വം അറിവാനും ബ്രഹ്മത്തിൽ ലയിപ്പാനും ആഗ്രഹിക്കുന്ന ഒരു ഭക്തനു് വേണ്ടുന്ന ജ്ഞാനം അവിടുന്നരുളിച്ചെയ്താലും!

ഭൂതനാഥൻ:—ആദിമദ്ധ്യാന്തരഹിതവും, സ്വയംപ്രകാശിക്കുന്നതും ചിൽഘനാനന്ദമയവും, സനാതനവും, നിർഗ്ഗുണവും, അരൂപവുമായ ഒരവസ്ഥയെയാണു് ബ്രഹ്മമായി പറയുന്നതു്. നാമ രൂപകാലദേശാവസ്ഥകളൊന്നും ബ്രഹ്മത്തോടു് ചേർത്തുപറയുവാൻ കഴിയുന്നതല്ല. അചിന്ത്യവും, അഗോചരവും, നിർഗ്ഗുണവും എന്നൊക്കെ ബ്രഹ്മമെന്ന വാക്കിനെപ്പററി ചിന്തിച്ചാൽ പറയുവാൻ കഴിയും. അതിനാൽ ബ്രഹ്മമല്ലാതെ മറെറാന്നും വേറിട്ടില്ലെന്നു പറ

യുന്നു. എന്നാൽ പിന്നെങ്ങിനെയാണു് നാനാത്വം കല്പിക്കുന്നതെന്നു ചോദിച്ചാൽ സ്വർണ്ണക്കട്ടികൊണ്ടു് ആഭരണങ്ങൾ മുതലായവ ഉണ്ടാക്കിയാലും അതു് സ്വർണ്ണമല്ലാതായിത്തീരുന്നില്ല. അതുകൊണ്ടുണ്ടാക്കിയ സാധനങ്ങൾക്കു് പേരു മാററം സംഭവിക്കുന്നു. വീണ്ടും അതിനെ ഉരുക്കിയാൽ സ്വർണ്ണം തന്നെ. അപ്രകാരം ബ്രഹ്മത്തിനു് മായയാൽ നാനാത്വമുണ്ടായെങ്കിലുംബ്രഹ്മഭാവം വിട്ടു പോകുന്നില്ല. എന്നാൽ — ഈ മായയെന്തെന്നും എങ്ങിനേയുള്ളതാണെന്നും കൂടി പറയാം. കർമ്മരൂപമായുള്ള ജീവൻ അതും അനാദിതന്നെ — അജ്ഞാനത്തിൽനിന്നും ജാതമാകുന്ന മായ ബ്രഹ്മത്തിൽ ചേർന്നും ചേരാതേയും സർവ്വഥാ വർത്തിച്ചു കൊണ്ടിരിക്കുന്നു. ബ്രഹ്മവും മായയും അനാദിയായിത്തന്നെ തീരുന്നെങ്കിലും ഒരിക്കലുംനാശമില്ലാത്തബ്രഹ്മത്തിൽ മായ ലയിക്കുകയും ചെയ്യുന്നു. അപ്പോഴാണു് അദ്വൈതഭാവം ഉണ്ടാകുന്നതു്. ബ്രഹ്മം മാത്രം ശാശ്വതം അതുതന്നെ അദ്വൈതം. രണ്ടായും പലതായും വിഭാവന ചെയ്യുമ്പോൾ അതു ദ്വൈതവുമായി. ദ്വൈതഭാവനയിൻ കൂടി ചിന്തിച്ചാൽ എല്ലാം ബ്രഹ്മാംശം തന്നെയെന്നും കല്പിക്കാം. ഞാനെന്നുംനീയെന്നും മററുള്ളവരെന്നും മററുമുള്ള അഹംഭാവത്തിനു് മായയെന്നുകല്പിക്കുന്നു. മ ൈ...ത്രസഖ്യാദ്യവസ്ഥകളെല്ലാം തന്നെ മായാരൂപങ്ങളാകുന്നു സർവ്വവും വികാരമില്ലാത്ത സ്വഭാവത്തോടുകൂടി ബ്രഹ്മത്തിൽ ചേരുകയും ചെയ്യുന്നു. എന്നാലും മായ ബ്രഹ്മത്തോടു ചേർന്നുനിൽക്കയില്ല. യാതൊരഴുക്കും നിറവും ബാധിക്കാത്ത നിർമ്മലമായ കണ്ണാടിയിൽ ഒരു ചുവന്ന പുഷ്പം

വയ്ക്കുന്നതായാൽ ആ കണ്ണാടിയും ചുവപ്പുവർണ്ണമായിത്തോന്നിക്കുന്നു. ആ-പൂവ്വെട്ടുത്തുമാററിയാൽ കണ്ണാടി വീണ്ടും നിർമ്മലമാകുന്നു. അതുപോലെ മായ ബ്രഹ്മത്തിൽ ചേൎന്നു നിന്നാലും ബ്രഹ്മത്തിൽ മായ പററുകയില്ലെന്നു മനസ്സിലാക്കണം. ഏററവും ചെറുതായ ഒരു ആലിൻ പഴത്തിൽ ഒട്ടേറെ വൃക്ഷങ്ങൾ അടങ്ങിയിരിക്കുന്നതുപോലെ മായയിലും അനേകം കർമ്മബീജങ്ങൾ നിറഞ്ഞിരിക്കുന്നു. അവയെല്ലാം നശിച്ചും ഉത്ഭവിച്ചും പൂൎവ്വജന്മവാസനയനുസരിച്ചു് പുലൎന്നു കൊണ്ടേയിരിക്കുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ പഞ്ചഭൂതങ്ങളോടുചേൎന്നു് ആ കർമ്മബീജങ്ങൾ ഉൽപതിക്കുന്നു. അപ്പോൾ മായയാൽ മൂടപ്പെട്ട ബ്രഹ്മം മായയാലാവൃതമായവിരാട്ടായിത്തീരുന്നു. ആ—വിരാട്രൂപൻ തന്നെയാണു് ഈ ഞാനെന്നു് ഭവാനറിഞ്ഞുകൊള്ളുക! അതോടുകൂടി ത്രിഗുണാത്മകമായ ത്രിമൂൎത്തികൾ എന്നിൽനിന്നു മുൽഭവിച്ചു. അവരാണു് ഈ ലോകങ്ങളെ മായാസഹായത്തോടുകൂടി സൃഷ്ടിച്ചു രക്ഷിച്ചു് സംഹരിക്കുന്നതു്. ഏതുവിധമാണു് ബ്രഹ്മവും മായയും ഒന്നിച്ചുചേരുന്നതു്? എന്നൊന്നും ചിന്തിച്ചു് ചിന്താമഗ്നനാകുന്നതു് ഏററവും വിഡ്ഢിത്തമാണു്. ഏററവും താഴ്ചയുള്ള ഒരു കിണററിൽ വീണുകിടക്കുന്ന ഒരാൾ ആ കിണററിൻെറ ഉല്പത്തിയേയും മററും ചിന്തിച്ചു് മുകളിൽ കയറുവാനുള്ള മാൎഗ്ഗത്തെ വിസ്മരിച്ചു് കിടക്കുന്നതുപോലെയാണതു്. അതുകൊണ്ടു് ബ്രഹ്മവും മായയും തമ്മിലുള്ള ബന്ധത്തെപ്പററി ചിന്തിച്ചു് കാലം കളയുന്നതിനേക്കാൾ നല്ലതു് ബ്രഹ്മത്തിൽ തന്നെ മനസ്സിനെ നിറുത്തുന്നതാണു്. ബ്രഹ്മതത്വം ശരി

ക്കമനസ്സിലാക്കുന്നതിനു് ശ്രദ്ധാനും ജ്ഞാനിയും നിഷ്ക്കാമിയുമായ ഒരു ഗുരുഭൂതൻെറ സഹായം അത്യാവശ്യമാണു് അങ്ങിനെയല്ലാതെ സ്വയം ബ്രഹ്മതത്വം മനസ്സിലാക്കി ത്തുടങ്ങിയാൽ രണ്ടുകുരുടന്മാരൊരുമിച്ചു് ആനയുടെ രൂപം മനസ്സിലാക്കിയതുപോലെയായിത്തീരും. എന്നിൽനിന്നു് ജാതമായ ഗുണത്രയങ്ങൾ എന്നിൽതന്നെ ലയിച്ചു കഴിഞ്ഞാൽ ഞാൻ ഗുണഹീനനായിത്തീരുന്നു. അടുത്ത സൃഷ്ടികാലം വരുമ്പോൾ ഞാൻ സഗുണനായും ഭവിക്കും. എന്നെ നിർഗ്ഗുണനായി ഭജിക്കുന്നവനു് ഞാൻ ആനന്ദചിന്മാത്രകനായിത്തീരും. സഗുണനായിട്ടാണു് ഭജിക്കുന്നതെങ്കിൽ അവനു് ഞാൻ സ്വർഗ്ഗാനുഭൂതിയരുളുന്നു.

സത്വരജസ്തമോഗുണങ്ങളാകുന്ന ത്രിഗുണങ്ങളിൽനിന്നാണു് പഞ്ചഭൂതങ്ങൾ ഉണ്ടായതു്. സത്വഗുണത്തിൽ നിന്നു് ശബ്ദത്തിൻെറ അധിഷ്ഠാനദേവതയായ ആകാശവും, ആകാശത്തിൽനിന്നു് ശബ്ദസ്പർശങ്ങളുടെ അധിഷ്ഠാനദേവതയായ വായുവും, വായുവിൽനിന്നു് ശബ്ദസ്പർശരൂപങ്ങളുടെ അധിഷ്ഠാനദേവതയായ അഗ്നിയും, അഗ്നിയിൽ നിന്നു് ശബ്ദസ്പർശരൂപരസങ്ങളുടെ അധിഷ്ഠാനദേവതയായ ജലവും ജലത്തിൽനിന്നു് ശബ്ദസ്പർശരൂപരസഗന്ധങ്ങളുടെ അധിഷ്ഠാനദേവതയായ ഭൂമിയും ഇങ്ങിനേയുള്ള പഞ്ചഭൂതങ്ങളിൽനിന്നു് ലോകവുമുണ്ടായി. ഈ പഞ്ചഭൂതങ്ങളിൽ ഓരോന്നിനും ഓരോഗുണങ്ങൾ ഏററക്കുറച്ചിലോടുകൂടിയാണു് സ്ഥിതിചെയ്യുന്നതു്. ആകാശത്തിൽ സത്വഗുണം അധികവും, രജസ്തമങ്ങൾ കുറവുമായിനില്ക്കുന്നു. വാ

യുവിൽ സത്വരജോഗുണങ്ങൾ തുല്യമായും, തമോഗുണം കുറവായുമിരിക്കുന്നു. അഗ്നിയിൽ പ്രകൃതി രജോഗുണവും സാത്വികതാമസങ്ങൾ കുറവായും, ജലത്തിൽസാത്വികം അധികമായും, രജസ്തമങ്ങൾ കുറഞ്ഞും, ഭൂമിയിൽ മൂന്നു ഗുണങ്ങളും തുല്യമായുമിരിക്കുന്നു. പഞ്ചഭൂതങ്ങളെ പഞ്ചീകരണം ചെയ്തു ശരീരമുണ്ടാകയും-സൃഷ്ടിവിശേഷം ഭവിക്കയും-കർമ്മാനുസാരം ജീവൻ അതിൽ പ്രവേശിക്കയും ചെയ്യുന്നു. സത്വഗുണാംശമായി ദേവന്മാർ ഉണ്ടാകുന്നു. സത്വരജങ്ങൾചേർന്ന് ഗന്ധർവ്വകിന്നരാദികൾ ഉണ്ടാകുന്നു. സത്വതമസ്സുകൾ ചേർന്ന് ഭൂതപിശാചാദികളുമുണ്ടാകുന്നു. ഇതിൽതന്നെ അണ്ഡജമായും, ക്ലിന്നജമായും, സ്വേദജമായും, യോനിജമായും, സൃഷ്ടിപ്രഭാവം പുലർന്നുവരുന്നു. പക്ഷികൾ, പാമ്പ്, ജലജന്തുക്കൾ മുതലായവ അണ്ഡജമായും അട്ട, പുഴു, ശലഭങ്ങൾ മുതലായവ ക്ലിന്നജങ്ങളായും വൃക്ഷാദികൾ സ്വേദജങ്ങളായും മനുഷ്യമൃഗാദികൾ യോനിജങ്ങളുമായിത്തീരുന്നു. ഇങ്ങിനെയുള്ള ജന്മങ്ങളിൽ ഉൽകൃഷ്ടസ്ഥാനം മനുഷ്യനാണ് കൊടുത്തിരിക്കുന്നതു്. ബ്രഹ്മത്തെ ചിന്തിക്കുന്നതിനും, ബ്രഹ്മത്തിൽ രമിക്കുന്നതിനും ബ്രഹ്മത്തിൽ ലയിക്കുന്നതിനും വേണ്ടുന്ന കർമ്മാധികാരിയായിനില്ക്കുന്നതു് മനുഷ്യനാണ്. മററുള്ളവക്ക് ഇതിനൊന്നിനും കഴിവില്ലാത്തതുകൊണ്ടു് മനുഷ്യജന്മത്തിനാണ് പ്രാധാന്യംകല്പിക്കുന്നതു്. ഇങ്ങിനെയുള്ള മനുഷ്യശരീരത്തിൽ തൊണ്ണൂററിയാറ് തത്വങ്ങൾ അടങ്ങിയിരിക്കുന്നു. ഈ തത്വങ്ങളിൽ മനസ്സ് ശുദ്ധസത്വഗുണത്തോടുകൂടിയതാണ്. ബന്ധമോക്ഷങ്ങൾക്ക് കാരണമായി നില്ക്കുന്ന

ത്തും മനസ്സുതന്നെയാണു്. വികാരജന്യമായതാണു് ബുദ്ധി അതു് രജസ്തമോയുക്തമായി മനസ്സിൽതന്നെ വസിക്കുന്നു. മനസ്സിനാകട്ടെ, ദോഷപരങ്ങളായ നിന്ദ്യകർമ്മങ്ങൾക്കു് ഒട്ടുംതന്നെ തൃപ്തിയില്ലാത്തതാണെങ്കിലും ബുദ്ധിയുടെ മോഹഭാവം കാരണമായിട്ടും മനസ്സിനു് ചിലപ്പോൾ ചില ദോഷങ്ങൾ സംഭവിക്കുന്നു. മനസ്സു് നന്മതിന്മകളെ തിരിച്ചറിഞ്ഞുകൊണ്ടു് ബുദ്ധിയുടെ പ്രേരണനിമിത്തം നിന്ദ്യകർമ്മങ്ങൾക്കു് വിധേയമായിത്തീരുന്നു അതുകൊണ്ടു് ബുദ്ധിയെ മനസ്സിന്റെ ശാസനയിൽ നിർത്തേണ്ടതാണു്. അപ്പോൾ ബുദ്ധി സൌഖ്യമായി സൽക്കർമ്മവശഗനായി വർത്തിക്കും. മനസ്സിനേയും, ബുദ്ധിയേയും വേർതിരിച്ചറിവാൻ സാധാരണക്കാരനു് സാദ്ധ്യമാകയില്ല. അഥവാ അങ്ങിനെ തിരിച്ചറിവാൻ ആക്കെങ്കിലും സാധിച്ചാൽ അവൻ സിദ്ധനായിയെന്നു പറയുന്നതിൽ തെററില്ല. മനസ്സു് എപ്പോഴും സ്വസ്ഥമായിരുന്നാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടായിരിക്കുമെങ്കിലും ബുദ്ധി മനസ്സിനെ എപ്പോഴും ചലിപ്പിച്ചുകൊണ്ടിരിക്കും. ബുദ്ധിക്കുണ്ടാകുന്നവികാരങ്ങൾ പൂർവ്വവാസനാപരമായിട്ടുള്ളതാണു്. അതിനാൽ സൽസ്വഭാവിയായിത്തീരാൻ ശ്രമിച്ചാൽ അതു സാദ്ധ്യമാകാത്തതല്ല. പരമാത്മ തത്വഗ്രഹണത്തിനു് ശ്രമിക്കാതെ വേദാന്തവും, തത്വജ്ഞാനവും പറഞ്ഞു മനുഷ്യർ ജീവിതത്തെ അലങ്കോലപ്പെടുത്തുന്നു. പാലും, വെള്ളവുംപോലെയാണു് മനസ്സും, ബുദ്ധിയും ഇണങ്ങുന്നതു്. പാലാകുന്ന മനസ്സിൽ വെള്ളമാകുന്ന ബുദ്ധിചേരുമ്പോൾ രണ്ടിനേയും വേർതിരിക്കുവാൻ പ്രയാസമായിത്തീരും.

വെള്ളംചേൻ പാലിനെ അടുപ്പിൽവെച്ചു വററിക്കുന്നതായാൽ വീണ്ടും നല്ലപാലായിത്തീരുന്നു. അങ്ങിനെയല്ലാതെ മററു വല്ലമരുന്നുകളും പ്രയോഗിച്ചു വേർതിരിക്കാമെന്നുവെച്ചാൽ രണ്ടും ചീത്തയായിത്തീരുമെന്നു മനസ്സിലാക്കണം. ഗുരുവിൻെറ ഉപദേശമാകുന്ന വിറകിനെ വേദശാസ്ത്രമാകുന്ന അഗ്നിയിലിട്ടു് കത്തിക്കണം. അഗ്നി ജ്വലിക്കുന്നതിനു് വിറകു് എപ്രകാരം ആവശ്യമായിത്തീരുന്നുവോ—അപ്രകാരം മനസ്സു ഗുരുവിങ്കൽനിന്നു് ശാസ്ത്രത്തെ ഗ്രഹിച്ചു് ഭക്തിയോടുകൂടി ഈശ്വരധ്യാനം തുടങ്ങിയാൽ അവനു്സൽഗതി താനേ വന്നുചേരുമെന്നുള്ളതിനു് സംശയമില്ല ഗുരുനാഥനില്ലാതെ വിദ്യാഭ്യാസം ചെയ്താൽ അതു് ജാരസംഗമംമൂലമുണ്ടായ ഗർഭംപോലെയായിത്തീരും.

രാജാവു്:— മഹാമതേ! ആചാര്യലക്ഷണമെന്തെന്നും ഈശ്വരഭക്തി വർദ്ധിക്കുവാനുള്ള മാർഗ്ഗമെന്തെന്നും ശാസ്ത്രമെന്നുപറയുന്നതെന്താണെന്നും മററും വിശദമായി അറിവാൻ ആഗ്രഹിക്കുന്നു.

ഭൂതനാഥൻ:—ഗുണാംബുധേ! ശിഷ്യന്മാരിൽനിന്നും ധനലാഭം (പ്രതിഫലം) ഒട്ടുംതന്നെ ആഗ്രഹിക്കാതെ അത്യാത്ഥമായി ശിഷ്യനെ സ്നേഹിച്ചു് അവനെ ജ്ഞാനിയാക്കിത്തീർക്കുവാൻ പരിശ്രമിക്കുന്ന വിജ്ഞാനിയേയാണു് സൽഗുരുവെന്നു പറയേണ്ടതു്. സംസാരസാഗരത്തെ കടക്കുന്നതിനായി പരമാത്ഥബുദ്ധിയോടും ത്യാഗബോധത്തോടും ആർദ്രഹൃദയത്തോടുംകൂടി എന്നെ ഭജിക്കുന്നവൻ തീർച്ചയായും എൻെറ പരമഭക്തനായിത്തീരും. കാമക്രോധാദിശത്രുക്കളെ ആട്ടിഒാടിക്കാനുള്ളഉത്തമമാർഗ്ഗങ്ങളെപ്ര

കാശിപ്പിക്കുന്നതുതന്നെയാണു് ശാസ്ത്രമെന്നു പറയുന്നതു്. ശിഷ്യന്മാൎക്കുണ്ടാകുന്ന ദുഃഖങ്ങളെ നശിപ്പിക്കുവാൻ ശ്രമിക്കുന്ന ഗുരുനാഥന്മാർ വളരെ കുറവായിരിക്കും. ശിഷ്യന്മാരിൽനിന്നും ധനലാഭത്തേയും കാൎയ്യലാഭത്തേയും ആഗ്രഹിച്ചു് ശിഷ്യന്മാരെ സ്വീകരിക്കുന്ന ഗുരുനാഥന്മാരാണു് കൂട്ടതലും കാണാൻസാധിക്കുന്നതു്. എന്നാൽ ആരാണു് എന്നെ നിഷ്കാമമായി ഭജിക്കുന്നതു് അവന്റെഞാൻ ഗുരുവായും, പരംപൊരുളായും തീൎന്നു അവനെ നിൎഗ്ഗുണനാക്കിത്തീൎക്കും. പിന്നീടു് അവനു ജനനമരണദുഃഖങ്ങൾ ഉണ്ടാകയുമില്ല.

രാജാവു്:— കൎമ്മങ്ങൾ എത്രവിധമുണ്ടെന്നും അവ നശിക്കുവാനുള്ള മാൎഗ്ഗമെന്തെന്നും അരുളിച്ചെയ്യണം.

ഭൂതനാഥൻ:—അതും പറഞ്ഞുതരാം. കൎമ്മങ്ങളെ പലവിധത്തിലായി ജ്ഞാനികൾ വിവരിക്കുന്നുണ്ടു്. എങ്കിലും അതിൽ പ്രാധാന്യമൎഹിക്കുന്ന കർമ്മങ്ങൾ രണ്ടു വിധത്തിലാണു്. സഞ്ചിതകൎമ്മമെന്നും പ്രാരബ്ധകൎമ്മമെന്നുമാണു് അവയെപ്പറയുന്നതു്. അതിൽ പ്രാരബ്ധകൎമ്മങ്ങൾ ആൎക്കും അനുഭവിക്കാതെ നിവൃത്തിയില്ല. പരമാത്മാവിൽ ചിത്തത്തെ നിലനിൎത്തുവാൻ കഴിയുന്നവനു് എല്ലാവിധ സഞ്ചിതകൎമ്മങ്ങളും നശിച്ചുപോകുന്നു. അങ്ങിനെ സാധിക്കാത്തവനു് സഞ്ചിതകൎമ്മങ്ങൾ-ഈ ജന്മംകൊണ്ടുതന്നെ നിത്യ നൈമിത്തികകൎമ്മങ്ങളിൽ കൂടിയും മററും-ആൎജ്ജിച്ചിട്ടുള്ള കൎമ്മങ്ങൾ—വൎദ്ധിച്ചു് വൎദ്ധിച്ചു് മററുജന്മങ്ങളിലേക്കു് അതു പ്രാരബ്ധമായിബ്ഭവിക്കും. ഈജന്മത്തിൽ ചെയ്തിട്ടുള്ള കൎമ്മങ്ങൾക്കു് സഞ്ചിതകൎമ്മമെന്നും, ആ-സഞ്ച

തകൎമ്മങ്ങളിൽ ഈ ജന്മംകൊണ്ടു് അനുഭവിച്ചതു കഴിച്ചു് മിച്ചം വരുന്ന കൎമ്മങ്ങൾ പ്രാരബ്ധമായിത്തീൎന്നു് പ്രാരബ്ധ കൎമ്മങ്ങളോടു് ചേരുന്നു. മനുഷ്യനു് മൂന്നുവിധ ശരീരങ്ങൾ ഭവിക്കുന്നുണ്ടു്. കാരണം, സൂക്ഷ്മം, സ്ഥൂലം എന്നിങ്ങനെയാണു്. ഇവയിൽ ഈ കാണുന്ന ശരീരമാണു് സ്ഥൂലശരീരം. നിദ്രക്കുശേഷമുണ്ടാകുന്ന അവസ്ഥകളെ വഹിക്കുന്നതു് സൂക്ഷ്മശരീരമാണു്. ഇളകിക്കൊണ്ടിരിക്കുന്ന ഹൃദയത്തിൽ സഞ്ചിതകൎമ്മങ്ങളോടു കൂടിയിരിക്കുന്നതാണു് കാരണശരീരം. പ്രാരബ്ധകൎമ്മം അവസാനിക്കുന്നതോടു കൂടി മരണം സംഭവിക്കുമ്പോൾ സ്ഥൂലദേഹം നശിച്ചു പോകുന്നു എങ്കിലും കാരണവുംസൂക്ഷ്മവും സ്ഥൂലശരീരത്തെ ഉപേക്ഷിച്ച ദേഹിയെ വിട്ടുപിരിയുകയില്ല. തന്നിമിത്തമാണു് വീണ്ടും ജന്മം ഉണ്ടാകുന്നതു്. സ്ഥൂലശരീരം നശിച്ചു് മരണം പ്രാപിച്ചശേഷം ആ ദേഹി—ബാഹ്യനേത്രങ്ങളാൽ ആൎക്കും തന്നെ കാണാൻ കഴിയാത്ത—ഒരു സ്ഥൂലശരീരത്തെ സ്വീകരിച്ചു് പുണ്യപാപങ്ങളുടെ സ്ഥിതിഗതികൾക്കനുസരിച്ചു് സ്വൎഗ്ഗത്തിലോ നരകത്തിലോ ചെന്നു ചേരുന്നു. കൎമ്മവാസനാരൂപമായ ജീവാത്മാവു് സ്വൎഗ്ഗമോ നരകമോ ഏതെങ്കിലും അനുഭവിച്ചു കഴിഞ്ഞതിനുശേഷം ആ സൂക്ഷ്മസ്ഥൂലശരീരം നശിച്ചു് പ്രാരബ്ധകൎമ്മങ്ങളോടുകൂടി ചന്ദ്രമണ്ഡലത്തിൽ നീഹാരത്തോടുചേൎന്നു്-അതു് ഭൂതലത്തിൽ പതിച്ചു് ഭോജ്യ വസ്തുക്കളായിത്തീൎന്നു് ഭൂതജാലങ്ങൾ ഭക്ഷിച്ചു് രക്തശുക്ലങ്ങളായിത്തീൎന്നു് വീണ്ടും ജന്മമെടുത്തു് കൎമ്മികളായിത്തീരുന്നു. കൎമ്മങ്ങൾ ചെയ്യുന്നു, മ

രിക്കുന്നു, വീണ്ടും ജനിക്കുന്നു, മരിക്കുന്നു, ഇങ്ങിനെ കർമ്മങ്ങളുടെ ഉച്ചനീചത്വങ്ങളനുസരിച്ച് — പാപപുണ്യങ്ങളനുസരിച്ച് — സൽക്കർമ്മങ്ങളാലും ദുഷ്കർമ്മങ്ങളാലും ഉച്ചനീചത്വങ്ങളായി ജന്മമെടുത്ത് — പ്രകൃതിയെപ്പുലർത്തുന്നു. അതു് സൂര്യകിരണങ്ങൾ സാഗരജലത്തെ നീരാവിയാക്കി ആകാശമാർഗ്ഗത്തിൽ മേഘജാലങ്ങളെ സൃഷ്ടിച്ച് അവ അങ്ങുമിങ്ങും വായുവിൻെറ പ്രേരണയാൽ ചുററിനടക്കുമ്പോൾ വീണ്ടും സൂര്യകിരണങ്ങൾ തട്ടി ജലരൂപമായി സമുദ്രത്തിൽതന്നെ ചെന്നു ചേരുന്നു എന്നപോലെയാണ്. ഇങ്ങിനെ ജന്തുസമൂഹം കർമ്മസമൂഹത്തെക്കൊണ്ടു് ജന്മമെടുക്കുകയും കർമ്മങ്ങളാൽ തന്നെ ജീവിതം പോക്കി വീണ്ടും സ്ഥൂലശരീരത്തെ വെടിഞ്ഞ് സൂക്ഷ്മരൂപമായി പിന്നേയും സ്ഥൂലശരീരത്തെ സ്വീകരിച്ച് ആ ദേഹി പുലർന്നു പോരുന്നു.

രാജാവ്: — നിന്തിരുവടി! ഈ ജന്മത്തിൽചെയ്ത കർമ്മങ്ങളുടെ ഫലങ്ങൾ പരലോകത്തിൽപോയി അനുഭവിച്ച് വീണ്ടും ജന്മമെടുക്കുന്നതായാൽ അവനു് വീണ്ടും സഞ്ചിതകർമ്മങ്ങളുണ്ടെന്നു പറയുന്നതു് എന്താണ്?

ഭൂതനാഥൻ: — അതിനും കാരണമുണ്ടു്. മനുഷ്യൻ ത്രിവിധകാരണങ്ങളാൽ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം അനുഭവിക്കാൻ പലജന്മങ്ങളെക്കൊണ്ടും ചിലപ്പോൾ സാധിച്ചില്ലെന്നുവരും. ഈ ജന്മത്തിൽചെയ്ത കർമ്മങ്ങളുടെ എത്രയും തുച്ഛമായ ഒരു ഭാഗം മാത്രമേ പ്രകൃതിനിയമമനുസരിച്ച് ഈ ജന്മത്തിൽ അനുഭവിക്കുന്നുള്ളു. ബാക്കിയു

ള്ള കർമ്മഫലങ്ങളെ പ്രാരബ്ധകർമ്മഫലങ്ങളായിട്ടാണ് പ്രകൃതി നിയമത്തിൽ കുറിച്ചിട്ടുള്ളത്. മററുള്ളകർമ്മങ്ങൾ ഈ ജന്മത്തിൽതന്നെ അനുഭവിച്ചുപോരുന്ന കർമ്മഫലങ്ങൾ സഞ്ചിതകർമ്മഫലമായും തീരുന്നു. എന്നാൽ ബ്രഹ്മത്തിൽ തന്നെ—ചിത്തത്തെ നിശ്ചലമാക്കിനിർത്തിയാൽ സഞ്ചിതമായ കർമ്മഫലങ്ങളെല്ലാം മാത്രമല്ല പ്രാരബ്ധകർമ്മഫലങ്ങളുംകൂടി നശിച്ചുപോകുന്നതാണ്. പിന്നീട് ആ ദേഹിക്ക് കർമ്മം ശേഷിപ്പായൊന്നുമില്ലാത്തതിനാൽ ജന്മമെടുക്കേണ്ടതായി വരികയില്ലെന്നു മാത്രമല്ല ആ ദേഹി ബ്രഹ്മത്തോടു ലയിക്കയും ചെയ്യുന്നു. അതിനാൽ സൽഭാവനാലോലനായി യോഗശീലനായി മനസ്സിനെ ബ്രഹ്മഭാവനയിൽതന്നെ നിലനിർത്തിപ്പോരുന്നതിന് ഏതൊരാളും ദേഹത്തെ വേണ്ടപോലെ രക്ഷിച്ചു സൂക്ഷിക്കണം. ദേഹത്തിനുവേണ്ട ആരോഗ്യവും ദൃഢതയുമില്ലെങ്കിൽ യോഗശീലനായി വർത്തിക്കുവാൻ സാദ്ധ്യമാകയില്ല. ജന്മസാഫല്യവും കൈവരികയില്ല. ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന ചതുർവിധ പുരുഷാർത്ഥങ്ങളെ സാധിപ്പിക്കുന്നതിനു ഈ ശരീരംകൊണ്ടേ സാദ്ധ്യമാകയുള്ളു. നശ്വരമായ ഈ ശരീരം എപ്പോഴെങ്കിലും നശിച്ചുപോകുന്നതാണ്. അതിനെ എന്തിനാണ് പോററിസൂക്ഷിക്കുന്നതെന്നു ആരുംതന്നെ വിചാരിച്ചുപോകരുത്. കർമ്മാധികാരിയായിനില്ക്കുന്ന ഈ സ്ഥൂലശരീരം ഉണ്ടെങ്കിൽമാത്രമേ ആർക്കും എന്തുംചെയ്യാൻ സാദ്ധ്യമാകയുള്ളൂ. ഭോഗങ്ങൾക്കു മാത്രമായിട്ടുള്ളതല്ല ഈ ശരീരമെന്നും തത്വവിചാരംചെയ്തു ജന്മമുക്തി കൈവരുത്തുവാനുള്ളതാണെന്നും, ഏതേതു കർമ്മങ്ങൾ ചെയ്തുകൊ

ങ്ങിരിക്കുമ്പോൾകൂടിയും ഓരോരുത്തരും ചിന്താവിഷയമാ ക്കേണ്ടതാണ്. ആദ്യമായി ബ്രഹ്മചിന്തനംചെയ്യാൻ അ ധികാരപ്പെട്ടവൻ വൈരാഗ്യത്തെ—ത്യാഗബുദ്ധിയെസ്വാ ധീനപ്പെടുത്തണം. ശമദമാദികളും ഗുരുസേവയും സമ്പാ ദിച്ചിട്ടുള്ളവനാണ് ബ്രഹ്മചിന്തനത്തിൽ-നിർഗ്ഗുണോപാ സനക്ക്അധികാരിയെന്നറിഞ്ഞിരിക്കേണ്ടതാണ്. അങ്ങി നെയുള്ളവൻ അഷ്ടരാഗങ്ങളാകുന്ന കാമക്രോധാദികളെ ജ യിച്ചിരിക്കയുംവേണം. ഇതിന്നെല്ലാം പ്രാപ്തിയും ശക്തി യും ഉണ്ടാകണമെങ്കിൽ എന്നിൽ പരംഭക്തിയുണ്ടായിരി ക്കണം. നിഷ്കളങ്കമായ ഭക്തിയില്ലാതെ എന്തുചെയ്താലും അഷ്ടരാഗങ്ങൾ വിട്ടുപോകയില്ല. എൻെറ അനുഗ്രഹ ത്തോടുകൂടി അഷ്ടരാഗങ്ങളെ സാവധാനത്തിലകററുവാൻ ശ്രമിച്ചാൽ അവ ദൂരത്താകുകയും അതിനുശേഷം എന്നെ പരബ്രഹ്മമാണെന്നു കരുതിയാൽ ഞാനും നീയും ഒന്നായി ത്തീരുകയും ദ്വൈതഭാവം വിട്ട് അദ്വൈതഭാവം സ്ഥി രീകരിക്കയും ആനന്ദസാഗരത്തിൽ വിഹരിക്കയും ചെ യ്യുമെന്നറിയണം. അങ്ങിനെയുള്ളവനു ആനന്ദം മാത്ര മേ ശേഷിപ്പുണ്ടാകയുള്ളൂ. ഇനിയും പറയാം കേൾക്കുക!

രണ്ടു വിധ പ്രത്യേക ഗുണങ്ങളോടുകൂടിയതാണ് എ ൻെറ ശക്തി അല്ലെങ്കിൽ മൂലപ്രകൃതി—ഈ മൂലപ്രകൃതി യെന്നു പറയുന്നത് എൻെറ ഇച്ഛയുടെ സ്വരൂപമാണ്. അതുകൊണ്ട് അതിനെ ഇച്ഛാപ്രകൃതിയെന്നും പറയുന്നു ണ്ട്. ആപ്രകൃതിയിൽ പ്രാധാന്യമുള്ള രണ്ടു ഗുണങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്. വിദ്യയെന്നും അവിദ്യയെന്നുമാണ് ആഗുണങ്ങളുടെ പേരുകൾ. അതിൽ വിദ്യയെന്നത് ജ്ഞാ

നസ്വരൂപിണിയാണ്. ബ്രഹ്മത്തോടു ചേരുന്നതിന് ഒരുവനെ ശക്തനാക്കിത്തീക്കുന്നതു് ആ വിദ്യാസ്വരൂപിണിയാണ്. സംസാരസാഗരത്തിലിട്ടു് വലപ്പിക്കുന്നതത്രേ അവിദ്യ. അവരംക്കാണ് മഹാമായയെന്നു ജ്ഞാനികറം പറയുന്നതു്. ലോകത്തിൽ സൂക്ഷ്മത്തെ മറച്ച് സ്ഥൂലത്തിലേക്കു് ആനയിപ്പിക്കുന്നതും ആ—അവിദ്യതന്നെയാണ്. അവിദ്യ ജനനമരണാദ്യവസ്ഥകളാൽ സംസാരത്തെ വളത്തുന്നു. പരിശുദ്ധമായ സാത്വിക ഗുണസേവിതയാണ് വിദ്യ. സംസാരകാരിണിയായ അവിദ്യ ബുദ്ധിയോട കൂട്ടുകെട്ടിനു് കൂടുതൽ ആഗ്രഹിച്ചു കൊണ്ടിരിക്കുന്നതു മൂലമാണ് വിദ്യാരൂപിണിയും മോക്ഷകാരിണിയുമായ വിദ്യയുടെ സഹകാരിത്വം കാംക്ഷിച്ചുവസിക്കുന്ന മനസ്സിൽ നിന്നും ബുദ്ധിയെ താഴ്ത്തിനിത്തണം എന്നുപറയുന്നതു്. ഇതാണ് ആദ്യമായി ശീലിക്കേണ്ടതും കരുതി പ്രവത്തിക്കേണ്ടതും. ഒരുവൻെറ മനസ്സ് ബ്രഹ്മത്തിൽ ഒട്ടിപ്പിടിച്ചാൽ പിന്നെ—ബ്രഹ്മാത്മഭാവം സിദ്ധിച്ചു കഴിഞ്ഞാൽ പിന്നെ അവനു്വിദ്യയോ അവിദ്യയോ ഒന്നുംതന്നെആശ്രയഭൂതമായിത്തീരുന്നില്ല. അവൻആത്മസ്വരൂപനായിത്തീന്നുകഴിഞ്ഞു. നിശ്ചയാത്മകമായമനസ്സ് ധൈയ്യം ഈശ്വരവിശ്വാസം, സന്തോഷശീലം, പരാത്ഥകമ്മങ്ങളിലൌത്സുക്യം നിഷ്കാമപ്രവണത, അഹിംസ, സത്യം, അക്രോധം, നിമ്മത്സരത്വം, സമഭാവന, എന്നിവ സാത്വികഗുണത്തെ ആശ്രയിക്കുന്നവയാണ്. സാത്വികഗുണപ്രധാനങ്ങളാണ്. അസൂയ, പരനിന്ദ, പരദ്രോഹം, മാത്സയ്യം, ദുരഭിമാനം അഹങ്കാരം ഇവയെല്ലാം രാജസഗുണലക്ഷണങ്ങളും അറി

വില്ലായ്മ, പകലുറക്കം, നല്ലകാൎയ്യങ്ങളോട്ടു് തെല്ലും അടുപ്പവും അറിവും ഇല്ലാതിരിക്കുക, അത്യാഗ്രഹം, നീചകൎമ്മവാസന, ചപലത മുതലായവ തമോഗുണസേവകരെന്നു മറിയണം.

ഉത്തമം, മദ്ധ്യമം, അധമം എന്നിങ്ങനെ മൂന്നുവിധത്തിലാണു് ഭക്തി. ഫലേച്ഛകൂടാതെ നിഷ്കാമമായി ഈശ്വരൻ സൎവ്വഗനെന്ന ബോധത്തോടുകൂടി ജീവജാലങ്ങളിൽ കരുണയുള്ളവനായി വൎത്തിക്കുക. കഴിവുപോലെ ഇതര ജീവികൾക്കു് പ്രത്യുപകാര കാംക്ഷ കൂടാതെ സഹായങ്ങൾ ചെയ്യുക, ഈശ്വരമാഹാത്മ്യങ്ങളെ വൎണ്ണിക്കുന്ന കഥകളെ ശ്രവിക്കുക, ഗൎവ്വില്ലാതെയും അഹങ്കാരമില്ലാതെയും ഈശ്വരഭക്തന്മാരെ ആദരിക്കുക, ഹൃദയ പത്മത്തിൽ ഈശ്വരനെ പ്രതിഷ്ഠിക്കുക. നിൻെറ ഹൃദയം എൻെറ വാസസ്ഥാനമാക്കുക. സത്യത്തെ കൃത്യമായിപ്പാലിക്കുക. വ്രതാനുഷ്ഠാനങ്ങളെ മുടക്കാതിരിക്കുക, അമിതഭാഷണങ്ങളുപേക്ഷിക്കുക. സുഖഭോഗാദികളിലുള്ളആഗ്രഹങ്ങളെ കുറയ്ക്കുക, എപ്പോഴും ഈശ്വരനാമങ്ങളെ ഉരുവിടുക, ജീവിതസന്ധാരണത്തിനു് അത്യന്താപേക്ഷിതമായ കൎമ്മങ്ങളെ സത്യത്തിനു പിഴവരാതെ അനുഷ്ഠിക്കുക ഇ പ്രകാരമുള്ള ലക്ഷണങ്ങളാണു് ഉത്തമഭക്തി സ്വരൂപമെന്നറിയണം. അങ്ങിനെയുള്ള ഭക്തിസംയുതരായവരെ സംസാരസാഗരത്തിൽനിന്നും കരക്കുകയറ്റുവാൻ ഒരു ഗുരുനാഥനെപ്പോലെ അവൻെറ ഹൃദയപത്മത്തിൽ വസിച്ചു് വേണ്ടുന്ന ഉപദേശങ്ങൾ കൊടുത്തു് ഞാൻ തന്നെയായിത്തീരുവാൻ വേണ്ടുന്ന തത്വമാൎഗ്ഗങ്ങളുപദേശിച്ചു് ജനനമരണാദ്യവസ്ഥകളില്ലാതെ ചിൽഘനാനന്ദത്തിൽ ഞാൻ ലയിപ്പിക്കുന്നതാണു്.

ധനാഗമമാർഗ്ഗത്തിന്നായാഗ്രഹിച്ചും പ്രയത്നിച്ചും പുത്രഭാര്യാദികുടുംബരക്ഷക്കും ഐശ്വര്യത്തിന്നു വേണ്ടിയും ഓരോവിധം തനിക്കും ലോകത്തിനും അഭിവൃദ്ധിയുണ്ടാകുവാനും ചിലർ എന്നെ ഭജിക്കുന്നു. അവർക്കതുകളെല്ലാം പ്രാരബ്ധകർമ്മങ്ങളവസാനിച്ചാൽ ആ ജന്മത്തിൽ തന്നെ സാധിക്കും. അല്ലെങ്കിൽ പുനർജ്ജന്മത്തിലെങ്കിലും സാധിക്കാതിരിക്കയില്ല. അങ്ങിനെയുള്ള ഭക്തികൊണ്ടു് ഏതെങ്കിലും ഒരു നല്ല ജന്മവും അവനു് സിദ്ധിക്കും.

തമോഗുണയുതന്മാരായ ചിലർ അന്യന്മാരുടെ നാശത്തിനും മററു നശീകരണങ്ങൾക്കുമായി എന്നെ ഭജിക്കുന്നു. അവർക്കതു സാധിച്ചെന്നും സാധിച്ചില്ലെന്നും വരാം. അതിന്നു വേറൊരു വ്യത്യാസം കൂടിയുണ്ടു്. ദോഷംഅനുഭവിക്കാൻ കർത്താവായ അവൻ സൽഗുണശീലനും ഭക്തനുമാണെങ്കിൽ പ്രാർത്ഥിച്ചവൻെറ പ്രാർത്ഥനാഫലം അവനെത്തന്നെ ബാധിച്ചു് അവൻ ദുഖിതനായിത്തീരും.

പരിശുദ്ധമായ നിഷ്ക്കാമഭക്തിയും കർമ്മവും ജനനമരണാദിദുഃഖങ്ങളെ നശിപ്പിക്കുന്നതാണു്. ഏതൊരു ഭക്തൻ നിഷ്ക്കാമമായി എനിക്കു് ഫലമോ, പുഷ്പങ്ങളോ, ഇലയോ, ജലമോ മാത്രമായിട്ടെങ്കിലും അർപ്പിക്കുന്നു, പരിശുദ്ധഹൃദയത്തോടെ ഭക്തിപൂർവ്വം എനിക്കു സമർപ്പിക്കുന്നു, ആ കാഴ്ച്ചദ്രവ്യങ്ങളെ ഞാൻസന്തോഷത്തോടെ സ്വീകരിക്കും. ഈ വിധത്തിൽ എന്നെ ആരാധിക്കുവാൻ ഏതു നിർദ്ധനനും സാധിക്കാവുന്നതാകയാൽ ഭക്തിയുണ്ടെങ്കിൽ ഭജിക്കാം, ആരാധിക്കാം. ഭക്തിയാകുന്ന അനശ്വരധനമാണു് എനിക്കു് ഏററവും പ്രിയം. സർവ്വൈശ്വര്യസമ്പ

ന്നനായ എനിക്കു് മററ സാധനങ്ങളൊന്നും ആവശ്യമി ല്ല. ഞാൻ സകല ജീവരാശികളേയും തുല്യമായി കരുതു ന്നവനാണു്. എനിക്ക ബന്ധുവും ശത്രുവും ഇല്ല. സൂൎയ്യ ബിംബം കണ്ണാടിയിൽ പ്രതിബിംബിക്കുന്നതുപോലെ മ ൺകട്ടയിൽ കാണുകയില്ല. അതുപോലെ നിൎമ്മലമായ അന്തക്കരണത്തിൽ ഈശ്വരപ്രഭാവം വിലസിക്കൊണ്ടി രിക്കും. ഏററവും നിന്ദ്യങ്ങളായ ആചാരങ്ങളോടുകൂടിയ വനാണെങ്കിൽതന്നെയും അവൻ മററൊന്നും ചിന്തിക്കാ തെ എന്നെ ഭജിക്കുന്നതായാൽ നല്ലവനായിത്തീരുമെന്നു ള്ളതിനു് സംശയമില്ല. അതിനുകാരണം അവൻെറ നി ശ്ചയം അത്രക്കു് വിലമതിച്ചതുകൊണ്ടുതന്നെ അജ്ഞാന ത്താൽ ചെയ്തുപോകുന്ന പാപങ്ങൾ പ്രായശ്ചിത്തത്താല കന്നുപോകും. പ്രായശ്ചിത്തം വിധിച്ചിട്ടില്ലാത്ത പാപ ങ്ങൾകൂടി ഭക്തികൊണ്ടു് നശിച്ചുപോകുന്നതാണു്. മനസ്സു റപ്പിച്ചു് എന്നിൽ ഭക്തിയുള്ളവനായിരിക്കുക. എന്നെ ആരാധിക്കുക. പരമമായ പ്രാപ്യസ്ഥാനം ഞാൻ തന്നെ യെന്നു കരുതി ചിത്തമാലിന്യമില്ലാത്ത അന്തക്കരണ ത്തോടുകൂടിത്തന്നെ ചിത്തത്തിൽ സുസ്ഥിരമാക്കിയാൽ അവൻ എന്നെത്തന്നെ പ്രാപിക്കും. അവനു് എന്നിൽ തന്നെ മനസ്സുറപ്പിക്കുവാൻ സാദ്ധ്യമാകാതെവന്നാൽ എ ന്നെ പ്രേമസ്വരൂപനായിക്കരുതി ഭക്തി വൎദ്ധിപ്പിക്കുക. അതിനും സാധിക്കാതെവന്നാൽ എന്നെ പൂജിക്കുവാനും എൻെറനാമങ്ങൾ ജപിക്കുവാനും മാഹാത്മ്യങ്ങളെ കേൾ ക്കുവാനും ശ്രമിക്കുക. അതിനും നിവൃത്തിയില്ലെങ്കിൽ എ നിക്കായി നമസ്കാരം ചെയ്യുക ഈവിധം ഭക്തിയോടെ

എന്നെ ഭജിച്ചാൽ അവൻ ജ്ഞാനിയായിത്തീൎന്നു് മോക്ഷാൎഹനായിഭവിക്കും.

രാജാവു്:-സൎവ്വേശ്വരനായ നിന്തിരുവടിയുടെ ജ്ഞാനമാൎഗ്ഗോപദേശത്താൽ ഞാൻ കൃതകൃത്യനും മോക്ഷാൎഹനുമായിത്തീൎന്നു.സച്ചിദാനന്ദസ്വരൂപനായ നിന്തിരുവടിക്കു നമസ്കാരം. അല്ലയോ ഭഗവാനേ! ബ്രഹ്മത്തിൽത്തന്നെ മനസ്സിനെ ഏകാഗ്രമായി നിൎത്തിയാൽ നിത്യവൃത്തിക്കുള്ള മാൎഗ്ഗങ്ങളെ എങ്ങിനെ അന്വേഷിക്കാൻ കഴിയും? ഈ സംശയവും കൂടി തീൎത്തുതരുവാൻ കൃപയുണ്ടാകണം.

ഭൂതനാഥൻ:— ആ—സംശയവും തീൎത്തുതരാം. കമ്പത്തിന്മേൽ കേറി അഭ്യാസികൾ കളിക്കുമ്പോൾ അവർ ആ—കമ്പത്തിൽ നിന്നു് താഴെ വീഴാതെ ഏകാഗ്രചിത്തരായി കളിക്കുന്നില്ലേ? കളികൾക്കു് വല്ലമാററവും സംഭവിക്കുന്നുണ്ടോ? അതുപോലെ നിശ്ചല ഹൃദയത്തോടെ ബ്രഹ്മത്തിനെ സ്വാധീനപ്പെടുത്തി വൎത്തിക്കുന്നവനു് മററു കാൎയ്യങ്ങളെ അന്വേഷിക്കാനോ ചെയ്യുവാനോ തടസ്സമുണ്ടാകയില്ല. പ്രസവിച്ചുവീണ പശുക്കുട്ടി സാവധാനം എഴുന്നേററു് പശുവിൻെറ അടുക്കൽ ചെന്നു് ശങ്കകൂടാതെ മുലകുടിച്ചു് തുഷ്ടിയടയുന്നു. പശുവിൻെറ അകിട്ടിലുള്ള മുലയിൽ പാലുണ്ടെന്നു് ആരെങ്കിലും ആ—കുട്ടിക്കു് ഉപദേശിച്ചുകൊടുത്തോ? ഇങ്ങിനെയുള്ള മായാ വിലാസത്തെ ഓരോന്നായി ചിന്തിച്ചുനോക്കിയാൽ അത്യത്ഭുത സാഗരത്തിൽ കിടന്നു് മുഴുകാത്തവരുണ്ടാകയില്ല. ഒരുവൻ മറെറാരുവനെ സ്നേഹിക്കുന്നുവെന്നു് പറയുന്നതു് ഒരിക്കലും വാസ്തവമല്ല. കാൎയ്യലാഭം പിന്നിൽ ഒളിഞ്ഞു നിന്നുകൊ

ണ്ടു് ഒരാൾ മറെറാരാളെ സ്നേഹിക്കുന്നതായഭിനയിക്കുക മാത്രമാണു് ചെയ്യുന്നതു്. ഒന്നു ചിന്തിക്കുക! ഭർത്താവിന്റെ ഹിതാനുവർത്തിയല്ലാത്ത ഭാര്യയെ യഥാർത്ഥമായി ഭർത്താവു് സ്നേഹിക്കുമോ? ലോകവ്യവഹാരത്തെ ആസ്പദമാക്കി സ്നേഹഭാവം നടിക്കുകമാത്രമാണ് അതെന്നു ചിന്തിക്കണം. ഒന്നുകൂടി പറയാം. സ്ത്രീകളുടെ കടാക്ഷ വിക്ഷേപണങ്ങളിൽപെട്ടു് എത്രയെത്ര ധീരയുവാക്കൾ അധഃപതിച്ചുപോകുന്നു. ഇതും ആ—മഹാമായയാകുന്ന അവിദ്യാസ്വരൂപിണിയുടെ ദുശ്ചേഷ്ടകളാലുണ്ടാകുന്നതല്ലേ?ഇങ്ങിനേ സംസാരമയങ്ങളെപ്പററി പ്രത്യേകം പ്രത്യേകം ചിന്തിച്ചാൽ ബുദ്ധിയുള്ളവനാണെങ്കിൽ വൈരാഗ്യം തനിയേ വന്നുചേരുന്നതാണു്.

രാജാവു്:— ഇനി വർണ്ണാശ്രമ ധർമ്മങ്ങളേയും കൂടി വിവരിച്ചു കല്പിക്കുവാൻ കൃപയുണ്ടാകണം.

ഭൂതനാഥൻ:— ആദിയിൽ വർണ്ണം ഒന്നുമാത്രമേയുണ്ടായിരുന്നുള്ളു. പിന്നീടു് കർമ്മങ്ങളാൽ അതു് നാലായിത്തീൎന്നു. അതിൽ സാത്വികഗുണം മൂർത്തീകരിച്ച ബ്രാഹ്മണൻ എന്റെ മുഖത്തിൽ നിന്നും, സാത്വികരാജസങ്ങൾ ചേൎന്ന ക്ഷത്രിയൻ എന്റെ ബാഹുക്കളിൽനിന്നും, സാത്വികരാജസതാമസങ്ങളോടുകൂടി വൈശ്യൻ എന്റെ ഊരുക്കളിൽ നിന്നും, രാജസതാമസങ്ങൾ ചേൎന്ന ശൂദ്രൻ എന്റെ പാദങ്ങളിൽ നിന്നും ജാതമായി. ഇങ്ങിനെയുള്ള നാലു വർണ്ണങ്ങൾ കൂടാതെ എന്റെ പൃഷ്ഠഭാഗത്തിൽ നിന്നു് തമോഗുണയുക്തരായ ചണ്ഡാലവർണ്ണവും ഉത്ഭവിച്ചു.

എന്നാൽ ഒടുവിൽ പറഞ്ഞ ചണ്ഡാലനും എന്നിൽ ഭക്തിയുണ്ടായിരുന്നാൽ അവനും വിപ്രത്വം കല്പിക്കാവുന്നതാണ്. നാലുവിധ ആശ്രമങ്ങളുണ്ടെങ്കിലും നാലിലുംവെച്ച് മാഹാത്മ്യവും ശ്രേഷ്ഠവുമായിട്ടുള്ളത് ഗൃഹസ്ഥാശ്രമമാണ്. ബ്രഹ്മചാരി,വാനപ്രസ്ഥൻ'സന്യാസി മുതലായവർ വിശന്നു വലഞ്ഞു സങ്കടപ്പെട്ടു കടന്നു ചെല്ലുമ്പോൾ ഗൃഹസ്ഥനാണ് അവരുടെ വിശപ്പടക്കുന്നത്. അതുപോലെതന്നെ എത്രയെത്ര ജീവികളെയാണ് ഗൃഹസ്ഥൻ രക്ഷിക്കുന്നത്? ബ്രഹ്മത്തിൽ സ്ഥിരചിത്തനായിത്തീരുന്നതിന് ആവശ്യമില്ലാതെ നാനാവിഷയങ്ങളെപ്പററി കൂടുതൽ ചിന്തിക്കുന്നതെന്തിന്? തത്വശാസ്ത്രഗ്രഹണത്തിനായി അധികം ബുദ്ധിമുട്ടിയാൽ അവൻ ഭ്രാന്തനായിത്തീരും. അതിനാൽ വേണ്ടുന്ന കാര്യങ്ങളെപ്പററി ചുരുക്കിപ്പറയുകയാണ് ചെയ്യുന്നത്. ഒന്നുകൂടിപ്പറയാം. യാതൊരു കർമ്മവും കാമ്യാർത്ഥമായി ചെയ്യാത്തവനായാലും കർമ്മവിമുഖനായിത്തീർന്നാലും ശുദ്ധിയില്ലാത്തമനസ്സോടുകൂടിയവന് നിശ്ചല ബ്രഹ്മത്തിൽ ചേരുന്നതിന് ഒരിക്കലും സാധിക്കയില്ല. അതിന്നു പിന്നേയും അനേക ജന്മങ്ങൾ നിഷ്കാമകർമ്മിയായി ചിത്തശുദ്ധിലഭിച്ചവനായി നിശ്ചലധ്യാനനിരതനായിത്തീരുമ്പോൾ ബ്രഹ്മത്തിൽ ചേരാൻ സാധിക്കുന്നതാണ്. എന്നാൽ-മനുഷ്യചിത്തവും ഭൂതലവും ഒരുപോലെയാണെന്നു ചിന്തിച്ചാലറിയാൻ സാധിക്കും. ഭൂമിയിൽ കൃഷിയൊന്നും ചെയ്യാതെ കിടന്നാൽ കാടും പടലും മുളച്ച് ആർക്കും പ്രവേശിക്കുവാൻ സാധിക്കാതാവുന്നതുപോലെ മനസ്സ് കർമ്മമൊന്നും ചെയ്യാതെയും ചിന്തിക്കാതെയും വർത്തി

കന്നേതായാൽ നിന്ദ്യങ്ങളായ പല പ്രവൃത്തികളിലും പെട്ടു് കഷ്ടപ്പെട്ടുകയും തന്നിമിത്തം ജന്മം നിഷ്ഫലമാകുകയും ചെയ്യും.

ഭൂതനാഥൻെറ ഇപ്രകാരമുള്ള ജ്ഞാനോപദേശങ്ങൾ കേട്ടു് ഭക്തിയാൽ ഹൃദയംതുടിച്ചു് നൃത്തമാടിക്കൊണ്ടു് രാജാവ് ഭൂതനാഥസ്വാമിയേനോക്കി—ഭഗവാനേ! നിന്തിരുവടിയുടെ കാരുണ്യാതിരേകത്താൽ ഇവൻ അറിയേണ്ടതെല്ലാം അറിഞ്ഞുകഴിഞ്ഞു. ഇവൻെറ സർവ്വദുഃഖങ്ങളും നീങ്ങി കൃതാർത്ഥനായിത്തീർന്നു എന്നുപറഞ്ഞുകൊണ്ടു ഭൂതനാഥൻെറ പാദാരവിന്ദങ്ങളിൽ നമസ്കരിച്ചതിന്നുശേഷം സർവ്വലോകേശ്വരനായ ഭഗവാനേ! നിന്തിരുവടി അരുളിച്ചെയ്ത ഈ "ശ്രീഭൂതനാഥഗീത" എന്ന തത്വശാസ്ത്രത്തെ ഭക്തിയോടുകൂടി നിത്യപാരായണം ചെയ്യുന്ന ഏതൊരു ഭക്തനും ഭഗവാൻെറ അനുഗ്രഹത്താൽ സംസാരമുക്തിയെ ലഭിക്കുന്നതിന്നു് സംഗതിവരണമേ യെന്നുകൂടി പ്രാർത്ഥിക്കുകയുംചെയ്തു.

*

## ഗീതാമാഹാത്മ്യം

ഓംകാരതത്വംപ്രണവാത്മകൻ വിളു
ശങ്കരനാരായണക്ൾപുത്രൻ
പങ്കജയോനിയും വാത്സല്യപൂരത്താൽ
തങ്കും പ്രമോദേന വാഴ്ത്തും പുരാൻ
ശ്രീ ഭൂതനാഥൻതാൻ പന്തളഭൂപന്നു്
ഗീതോപദേശമായ് [ചൊന്നതെല്ലാം
ഭക്തിയോടും കൂടി നിത്യം പഠിപ്പാന്നു്

മുക്തിമാർഗ്ഗംതേടി പോകവേണ്ട.
പുണ്യതീർത്ഥങ്ങളിൽ സ്നാനങ്ങൾ ചെയ്താലും
പുണ്യക്ഷേത്രങ്ങളെ ദർശിച്ചാലും
ഭൂമിയെച്ചുററി പ്രദക്ഷിണം ചെയ്താലും
നാമം സദാപി ജപിച്ചെന്നാലും
കിട്ടുന്ന പുണ്യത്തിൻ ന്യൂനമടങ്ങാത്ര
കിട്ടുമേ പുണ്യമതുതാൻ മോക്ഷം.
ആയതു സത്യമാണെന്നറിഞ്ഞീടണം
മായാബധിരന്മാരാണെന്നാലും
ഗീതയെ നിത്യവും പാഠമാക്കീടുക!
പൂതാശയനാം പരായ ഗുപ്തൻ
വീതസന്ദേഹം കടാക്ഷിച്ചു മോക്ഷത്തെ-
യേതും മടിക്കാതരുളുംന്യൂനം
ഹാ! ഹാ! ഹരിഹരനന്ദന! ശാസ്താവേ!
മോഹാബ്ധിയിലെന്നെ താഴ്ത്തീടാതെ
ബ്രഹ്മത്തിൽ മൽചിത്തം നിശ്ചലമാകേണം
ബ്രഹ്മാത്മഭാവമിങ്ങേകിടേണം
മുക്തിപ്രദനായ താരകബ്രഹ്മമായ്
സത്തചിത്താനന്ദ മൂർത്തിയായി
സാക്ഷാത് പരാത് പരനായ് ലസിക്കും ഗുരു
മോക്ഷദൻ സർവ്വഗൻ വിശ്വരൂപൻ
ഭൂതനാഥസ്വാമി തൻ പാദപത്മത്തിൽ
പ്രീതിയാർന്നീയിവൻ കുമ്പിടുന്നേൻ!

★

ശ്രീഭൂതനാഥനോട് രാജാവ് തൻെറ
ആഗ്രഹത്തെ ഉണർത്തിക്കുന്നത്.

ഭക്തന്മാരുടെ ദുഃഖങ്ങളകററി മുക്തിയരുളുവാനായി നിർഗ്ഗുണനായ ബ്രഹ്മം സഗുണനായി ശങ്കരനാരായണ സൂനു

വായി ആനന്ദസ്വരൂപനായി അവതരിച്ചു് പ്രകാശിക്കു ന്ന ചിന്മയാകാരനായ ഭഗവാനേ! ഇവനു് ഒരാഗ്രഹംകൂ ടിയുണ്ടു്. അതുപറയാം. വന്ദ്യശ്രീലാളിതനായി നി ന്തിരുവടി ഇവന്റെ ഈ വാസഗേഹത്തിൽ സുസ്ഥിരമാ യധിവാസം ചെയ്യണം. അതിന്നായി നിന്തിരുവടിക്കു് വാഴുവാൻതക്ക ഒരു ഉത്തമഗേഹം നിർമ്മിക്കേണ്ടതു് എ വിടെയാണെന്നുകൂടി അരുളിച്ചെയ്യണം.

ഭൂതനാഥൻ:—അഹോ ഭവാന്റെ ഭക്തിയുടെ പാ രമ്യംഓർത്തു് ഞാനതീവ തൃപ്തനായിത്തീന്നിരിക്കുന്നു. എ ന്നാൽ ഭവാന്റെ ആഗ്രഹപ്രകാരം എനിക്കധിവാസംചെ യ്യാനുള്ളതും അത്യന്തം തൃപ്തിയരുളുന്നതും സുഖവാസസ്ഥാ നമായതുമായ പ്രദേശം ഞാൻ പറഞ്ഞുതരാം. സംസാരമു ക്തിക്കായി ശബരി എന്ന താപസി എന്നെ നിർഗ്ഗുണാകാ രത്തിൽതന്നെ പരമജ്യോതിസ്സായി പരമാത്മസ്വരൂപമാ യി ആദ്യന്തരഹിതനായുള്ള എന്നെത്തന്നെ നിശ്ചലയാ യി തപസ്സുചെയ്യുന്നു. ഞാനും ആ ഭക്തയും ഒന്നായിത്തീ ന്നുകഴിഞ്ഞു. അവൾ തപസ്സുചെയ്യുന്നതു് പുണ്യമേറുന്ന പമ്പാനദിയുടെ വടക്കുകിഴക്കായി നീലപർവ്വതത്തിന്റെ വ ടക്കേതാഴ്വരയിലാണു്. അവിടെ എനിക്കായി ഒരു മ ഹൽ ക്ഷേത്രമുണ്ടാക്കി എന്നെ അതിൽ പ്രതിഷ്ഠിക്കുക! കിഴക്കോട്ടഭിമുഖനായി അധിവസിക്കുന്ന എന്റെ പൂർവ്വഭാ ഗത്തിൽ പതിനെട്ടു സോപാനങ്ങളുണ്ടായിരിക്കട്ടെ! അ ഞ്ചു് ഇന്ദ്രിയങ്ങളേയും, അഷ്ടരാഗങ്ങളേയും, ത്രിഗുണങ്ങളേ യും, വിദ്യാവിദ്യകളേയും അകററിയാൽ സാക്ഷാൽക്കരിക്കു ന്ന എന്നെ ഭക്തന്മാക്കു് ദർശിപ്പാൻ കഴിയുന്നതുപോലെ

KOTTAYAM PUBLIC LIBRARY
KOTTAYAM

പതിനെട്ടു സോപാനങ്ങൾ കയറിച്ചെന്നാൽ ആ ദിവ്യ ക്ഷേത്രാധിവാസനായ എന്നെ എൻ്റെ ഭക്തന്മാൎക്കു ദൎശിപ്പാൻ കഴിയും. അതിന്നുശേഷം എത്രയും പ്രസിദ്ധിയും മാഹാത്മ്യവുമേറുന്ന സാക്ഷാൽപരാശക്തിയാകുന്ന മഞ്ചാംബികക്കു എൻ്റെ ഇടത്തുഭാഗത്തായി ഒരുക്ഷേത്രവും, അതിന്നടുത്തായി എൻ്റെ സേവകനായ കടുരവന്നു ഒരുക്ഷേത്രവും നിൎമ്മിക്കണം. ഭക്തയായ ശബരി തപസ്സുചെയ്തു വാണിരുന്ന സ്ഥലമാകയാൽ ഈ സ്ഥാനത്തിന്നു ശബരിഗിരിയെന്നു നാമവും സിദ്ധമാകും. ആ ഭക്തയെ ആൎക്കും എന്നും സ്മരിക്കുന്നതിന്നുമിടയാകും. എൻ്റെ സംഗമം ഹേതുവായി വിശുദ്ധമായിത്തീൎന്ന പമ്പാനദി പരമപാവനമായ പുണ്യതീൎത്ഥമായിത്തീരുവാൻ സംഗതിയാകയുംചെയ്യും. കാശിയിൽ വിശ്വനാഥൻ അധിവസിക്കുന്നതും ശബരിഗിരിയിൽ ഞാൻ അധിവസിക്കുന്നതും ഒരേവിധ മാഹാത്മ്യവിശേഷത്തോടെയാണെന്നറിയുക! സാക്ഷാൽ പരാശക്തിയാകുന്ന അന്നപൂൎണ്ണേശ്വരിതന്നെയാണു മഞ്ചമാതാംബിക. ഉമാദേവി വാത്സല്യസമേതം ലാളിച്ചുസ്നേഹിക്കുന്നതായ ഭൈരവൻതന്നെയാണു എൻ്റെ സേവകനായ കടുരവനും. എൻ്റെ ഭൂതഗണങ്ങളിൽ ഉന്നതസ്ഥാനംവഹിക്കുന്ന വാവരേയും പൂജിക്കണം. അതുമല്ല ശബരിഗിരീശ്വരനായി അധിവസിക്കുന്ന എനിക്കായി ഒരു ഉത്സവം കൊണ്ടാടണം. ഈ ഉത്സവത്തിന്നു ഉത്തമന്മാരും ഭക്തന്മാരുമായ ബ്രാഹ്മണശ്രേഷ്ഠന്മാർ വേദങ്ങളുൽഘോഷിക്കണം. ഉത്സവകാലത്തു ഭൂതങ്ങൾക്കുവേണ്ടപോലെ ബലിയും നൽകണം. ഇവയെല്ലാം എനിക്കു ഏറ്റവും പ്രിയമായിട്ടുള്ള കൎമ്മങ്ങളാണു.

എന്നെ ദർശിപ്പാനായി് വരുന്ന ഭക്തന്മാരുടെ ക്രിയാമാർഗ്ഗങ്ങളേയും അല്പമായി പറയാം.

**

എൻെറ ഭക്തന്മാർ ആചരിക്കേണ്ടകാര്യങ്ങൾ.

*

ഈ ശബരീഗിരിയിൽ വന്നു് എന്നെ ദർശിച്ചു് ഭജിച്ചു് പോകുവാനാഗ്രഹിക്കുന്ന ഭക്തന്മാർ ആദ്യമായി എൻെറ ഭക്തോത്തമന്മാരിൽ ഒരാളെ ഭക്തിപുരസ്സരം വന്ദനം ചെയ്തു് ദക്ഷിണാദികൾ നൽകി ഗുരുവായി സ്വീകരിക്കണം. അതിനുശേഷം ഗുരുവിൻെറ അനുവാദത്തോടു കൂടി വ്രതദീക്ഷയെ കൈക്കൊണ്ടു് ബ്രഹ്മചര്യം സ്വീകരിച്ചു് (വ്രതദീക്ഷ ഒരു മണ്ഡലക്കാലം നാല്പത്തിയൊന്നു ദിവസം വേണ്ടതാണു്) ഒടുവിൽ ഗുരുവിനോടു കൂടിയോ അദ്ദേഹത്തിൻെറ അനുമതിയോടു കൂടിയോ യാത്രക്കാരംഭിക്കണം. പുലിപ്പാലിനു പോയപ്പോൾ ഭവാനെനിക്കു നൽകിയപോലെ ഒരു പൊക്കണം (ഇരുമുടി) ഉണ്ടാക്കി അതിൽ ഭക്ഷണാദി കാര്യങ്ങൾക്കുള്ളവയെല്ലാം സംഭരിച്ചു് കെട്ടി ശിരസാ വഹിച്ചു യാത്രയാകണം. യാത്രാമദ്ധ്യേയിലും അതിനുശേഷവും എൻെറ നാമങ്ങൾ ഉച്ചൈസ്തരം മുഴക്കിക്കൊണ്ടുതന്നെ നടന്നുകൊള്ളണം. കഴിയും വിധം എൻെറ ഭക്തന്മാരെയും സ്നേഹാദരവോടുകൂടി വന്ദിക്കയും പൂജിക്കയും വേണം. ഞാൻ കാട്ടിലേക്കു പോയപ്പോൾ കൊണ്ടുപോയതുപോലെ ദുഷ്ടജന്തുക്കളെ ആട്ടിയകററുന്നതിനെന്നു സങ്കല്പിച്ചു ചാപബാണങ്ങളും കൂടി കരുതണം. ഞാൻ മ

ഹിഷിയുടെ ശരീരത്തിൽ നൃത്തം വച്ചു കൊണ്ടു നിന്ന പ്പോറം ഒരു കാട്ടുപ്ലാവിൽ ചാരി കാളപ്പുറത്തിരുന്ന് ശംഭു ദേവൻ നൃത്തം കണ്ടു രസിച്ചിരുന്ന ആ—സ്ഥലത്തെ ഭക്തിപൂർവ്വം വണങ്ങി അവിടെ നിന്നും അലസാ (അഴുതാ) നദികടന്ന് കല്ലിടാം കുന്നിൽ കരിമലകയറിയിറ ങ്ങി പമ്പാതീരത്തുചെന്ന് അതിൽ

പാപാപഹാരി, ദുരിതാരി, തരംഗധാരി,
ശൈലപ്രചാരി, ഗിരിരാജഗുഹാവിദാരി,
ഝംകാര കാരി, ഹരിപാദരജോപഹാരി
ഗാംഗം പുനാതു സതതം ശുഭകാരി, വാരി,—

എന്നമന്ത്രം ഉച്ചരിച്ച് സ്നാനം ചെയ്തശേഷം പിതൃതർപ്പ ണവും ചെയ്ത്—പിണ്ഡദാനാദിക്രിയകളും ചെയ്ത്—പി തൃക്കളുടെ അനുഗ്രഹവും നേടി അന്നദാനാദികളാൽ എ ൻെറ ഭക്തന്മാരേയും പൂജിച്ച് സർവ്വപാപ വിമുക്തനായി സന്തുഷ്ടനായി ഗിരിയുഗ്മത്തെ വന്ദിച്ച് അതിൻെറ പാ ർശ്വങ്ങളിൽ ഉള്ള ഗത്തങ്ങളിൽ എൻെറ സേവകനായ ക ടുരവൻ തടഞ്ഞു നിർത്തീട്ടുള്ള ദുർദ്ദേവതകറംക്ക് കഴിവുപോ ലെ പൂജാദികറം ചെയ്ത് ശബരി തപസ്സു ചെയ്തിരുന്ന ശബരിപ്പീഠം ദർശനം ചെയ്തു വന്ദിക്കണം. അവിടെ നി ന്നും എൻെറ സന്നിധാനത്തിൽ വന്ന് തത്വങ്ങളാകുന്ന പ തിനെട്ടുപടികളും കയറി എന്നെ വന്ദിക്കണം. ഇത്രയും ചെയ്താൽ പിന്നെ ആ— ഭക്തക്കുണ്ടാകുന്ന സന്തോഷ ത്തെയും കൃതാർത്ഥതയേയും വർണ്ണിക്കുവാൻ സാദ്ധ്യമല്ല. ഇ തിൽപരം ഒരു പരമാനന്ദത്തിനുള്ള മാർഗ്ഗം മറെറന്താണ്?

എന്നു തോന്നിപ്പോകും. അതിനുശേഷം എൻെറ വാസസ്ഥാനത്തിനും പ്രദക്ഷിണം വച്ചു് ചെന്നു് മഞ്ചമാതാവായ സർവ്വേശ്വരിയെ (മാളികപ്പുറത്തമ്മയെ) വന്ദിച്ചു് നമസ്കരിച്ചശേഷം കടുരവനേയും വന്ദിക്കണം. ഋഷിമാരുടെ തപോബലത്താൽ നിർമ്മിച്ച സ്വർണ്ണമന്ദിരത്തിലധിവസിക്കുന്ന എനിക്കു് ദേവർഷിഗണം സ്വർന്നദിയാലഭിഷേകം ചെയ്തു് ആ അഭിഷേകതീർത്ഥം ഒഴുകിച്ചെന്നു വീഴുന്ന കുംഭദള തീർത്ഥത്തിൽ (ഉരൽക്കുഴിതീർത്ഥത്തിൽ) സ്നാനം ചെയ്തു് വീണ്ടും എന്നെ ദർശിച്ചു വന്ദനപൂജാദികൾ ഭക്തി പൂർവ്വം ചെയ്യണം. ഇത്രയൊക്കെ ചെയ്തു കൃതാർത്ഥനായി പോരുന്നതായാൽ അവൻെറ പ്രാർത്ഥനാഫലം സിദ്ധിച്ചുവെന്നുള്ളതിനും ധന്യത്വം പ്രാപിച്ചുവെന്നുള്ളതിനും സംശയമില്ല. ഈവിധം ഭക്തിയോടെ വാർഷികവ്രതത്തിൽ കൃത്യനിഷ്ഠാപരരായി വർത്തിക്കുന്നവർ മുക്തന്മാരായിത്തന്നെ തീരുന്നു. ഈ തത്വങ്ങൾ ശബരിഗിരീശ്വര ദർശനത്തിനു് ഒരുങ്ങുന്ന ഭക്തന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഇനി—അങ്ങയുടെ വംശജാതരായ രാജാക്കന്മാരെക്കൊണ്ടു് അവർ ഞാനാണെന്ന സങ്കല്പത്തോടെ വന്ദിച്ചു് പൂജിക്കുന്നതായാൽ എന്നെ പൂജിക്കുന്നതിനു് സമമായിത്തീരുമെന്നു മാത്രമല്ല ആ ഭക്തന്മാർ മുക്ത്യർഹന്മാരായിത്തീരുകയും ചെയ്യുന്നു. മകരസംക്രമത്തിനു തന്നെയാണു്. ശബരിഗിരി ദർശനത്തിനായി പോകേണ്ടതു്. അതു് ഏററവും പുണ്യപ്രദവുമാണു്. മകരസംക്രമത്തിനു് ശബരിഗിരിയിൽ എനിക്കു ചെയ്യുന്ന ഉത്സവ പൂജാദികളേക്കാൾ എത്രയും കൂടുതൽ ആഘോഷത്തോടെ ഋഷിമാരാൽ നിർമ്മിതമായ സുവ

ണ്ണമന്ദിരത്തിലും എനിക്കുവേണ്ടി ഉത്സവാദികൾ കൊണ്ടാടുന്നു. ഞാൻ ശ്രീരാമനായി അവതരിച്ച കാലം എന്നെ സഗുണോപാസനയാൽ ഭജിച്ചിരുന്ന ശബരിക്ക് അന്നു് സായൂജ്യപദത്തിന്നു് അർഹതയുണ്ടായിരുന്നില്ല. അതിനാലവൾ മറെറാരു ജന്മത്താൽ ഇന്നു് എന്നെ നിർഗ്ഗുണാകാരത്തിൽ ഏകാഗ്രമായി തപസ്സുചെയ്തധിവസിക്കുന്നു. അവൾക്കു് സായൂജ്യപദം നൽകുവാനായി ഞാൻ ഇപ്പോൾ തന്നെ പോകുകയാണു്. അവളുടെ ശരീരം ദഹിച്ച പുണ്യപ്രദമായ ഭസ്മം എന്റെ ഇടത്തുഭാഗത്തു് അങ്ങ് ശരം കൊണ്ടു കുഴിച്ച കുഴിയിലാക്കി, അതിന്നു് ഭസ്മവാഹിനിയെന്ന പ്രസിദ്ധനാമത്താൽ പരിശോഭിക്കയും ചെയ്യും. ഭാർഗ്ഗവരാമന്റെ അപേക്ഷപ്രകാരം ഞാൻ വിശേഷിച്ചും ഈ കേരളത്തെ കാത്തു രക്ഷിക്കുവാനായി പതിനെട്ടു പുരങ്ങളിലായി അധിവസിക്കും. അതിൽവെച്ചു് ഏററവും മാഹാത്മ്യമരുളുന്നതു് ഭവാനാൽ സ്ഥാപിതമാകുന്ന ശബരിഗിരിക്ഷേത്രത്തിനായിരിക്കും. ഈ ക്ഷേത്രങ്ങളൊന്നും കൂടാതെ എന്റെ ഭക്തന്മാർ നിർമ്മിക്കുന്ന ക്ഷേത്രങ്ങളിലും അവരുടെ നിർവ്യാജമായ പ്രാർത്ഥനയാൽ ഞാൻ ആവാസം ചെയ്യുന്നതാണു്. എന്നാൽ അതിശ്രദ്ധമായ ഒരു സംഗതി കൂടി ഭവാനോടു ഞാൻ പറയാം. ഓരോ ജീവാത്മാക്കളും അധിവാസം ചെയ്യുന്ന ശരീരം എന്റെ ക്ഷേത്രമെന്നും ആ ക്ഷേത്രത്തിൽ ദേഹിയെന്ന പ്രാപഞ്ചിക നാമത്താൽ അറിയപ്പെടുന്നതു് ഞാൻ എന്നുംഅറിക. തത്വപരങ്ങളായ പതിനെട്ടു പടികളും കടന്നാൽ ആർക്കും എന്നെ ദർശിപ്പാൻ സാധിക്കുന്നതാണു്. പൂജിക്കുന്നതിന്നു

വേണ്ടതായ പൂജാവിധികളെ അഗസ്ത്യമുനി അങ്ങയോടു പദേശിക്കുന്നതുമാണു്.

ഇവിടെ നിർമ്മിക്കുന്ന ക്ഷേത്രത്തിൽ പ്രതിഷ്ഠാദിവസം അഗസ്ത്യമുനി വരാതിരിക്കയില്ല. ഇതിനും പുറമേ— അങ്ങയെ ഞാൻ പിരിഞ്ഞുപോകുന്നു എന്നു് ചിന്തിച്ചു് ദുഃഖമുണ്ടാകരുതു്. ഞാൻ സർവ്വാന്തര്യാമിയാണു് എന്നുള്ളതിനും പുറമേ എപ്പോഴും ഭവാൻെറ ചിത്തസരോജത്തിലും ഗൃഹത്തിലും സുസ്ഥിരമായി സ്ഥിതിചെയ്യുമെന്നു അറിയാമല്ലൊ. അതുകൊണ്ടു ക്ലേശിക്കേണ്ടകാരണമുണ്ടാകയില്ല. ഇനി-എനിക്കു നിർമ്മിക്കുന്ന ക്ഷേത്രസ്ഥാനം ഞാൻ തന്നെ കാണിച്ചുതരാം. ഞാൻ ഇവിടെ നിന്നും ഒരു ശരമയക്കാം. അതു എവിടെ ചെന്നു തറയ്ക്കുന്നുവോ അവിടെയായിരിക്കണം എനിക്കു ക്ഷേത്രം പണിയേണ്ടതു്. ആ സ്ഥലം ഭവാനു് കണ്ടറിയുവാനായിട്ടുള്ള ദിവ്യ ദൃഷ്ടിയെ ഞാൻ തരുന്നു.

ഭഗവാൻ ശ്രീഭൂതനാഥൻ ഇപ്രകാരം രാജാവിനു ഉപദേശിച്ചിട്ടു് ഒരു ശരം തൊടുത്തുവിട്ടു. ആ ശരം ശബരീഗിരിയുടെ താഴ്‌വരയിലാണു് ചെന്നു വീണതു്. രാജാവിനു് ആ സ്ഥലം ദിവ്യ ദൃഷ്ടിയാൽ അറിയാൻ സാധിച്ചു അതിനുശേഷം ഭൂതനാഥൻ രാജാവിനെ നോക്കി—നാം തമ്മിലുണ്ടായ ഈ സംവാദങ്ങളെ ഗ്രഹിക്കുന്നവൻ എൻെറ അനുഗ്രഹം ഹേതുവായി ഭക്തനും മുക്തനുമായിത്തീരുമെന്നുള്ളതിനു സംശയമില്ല. ഇതു് എത്രയും പരമരഹസ്യവും സത്യവുമാണു്. എന്നുപറഞ്ഞു് രാജാവിനെ അനുഗ്രഹിച്ചു് സ്വാമി അവിടെ തിരോധാനം ചെയ്തു.

അനന്തരം രാജാവും സഭാവാസികളായ സജ്ജനങ്ങളും താപസബ്രാഹ്മണാദികളും താരക ബ്രഹ്മമൂർത്തിയായ ശ്രീ ഭൂതനാഥനെത്തന്നെ ധ്യാനിച്ച് ഓരോരുത്തരും യഥാസ്ഥാനങ്ങളെ പ്രാപിച്ചു.

★

## കർമ്മകാണ്ഡോപദേശം

സംസാരസാഗരമദ്ധ്യത്തിൽ കിടന്നു നീന്തിക്കുഴയുന്ന ഭക്തന്മാൎക്ക് അതിൽനിന്നും കരകേറുവാൻ ഒരു നൌകയെന്നപോലെ പ്രശോഭിക്കുന്ന ഒന്നായിട്ടാണു് ഈ ശബരിഗിരീശോപാഖ്യാനമെന്ന ഭൂതനാഥചരിതം എന്നു് മഹത്തുക്കൾ കല്പിക്കുന്നു. ഭഗവാൻ കാലദേശാവസ്ഥകൾക്കനുയോജ്യമായ വിധത്തിലാണു് അവതാരങ്ങൾ കൈക്കൊള്ളുന്നതു്. ധർമ്മത്തെ സ്ഥാപിച്ച് അധർമ്മത്തെയകററി സത്യധർമ്മാദികളെ സർവ്വത്രപ്രശോഭിപ്പിച്ചു്-എങ്ങും പ്രേമാമൃതം വർഷിച്ചു് സത്യസ്വരൂപത്തിൽ പ്രത്യക്ഷാനുഭൂതിയെ നൽകിവിനോദിക്കുകയാണു് അവതാരമാഹാത്മ്യമെന്നും എല്ലാവരുംഅറിഞ്ഞിട്ടുള്ളതുമായിരിക്കും. കലിയുഗാരംഭത്തോടുകൂടിയോ മറെറാ ആയിരിക്കും മഹിഷീമൎദ്ദനനെന്ന ഭാവത്തിൽ താരകബ്രഹ്മമാകുന്ന പൂൎണ്ണാവതാരംകൈക്കൊണ്ടതു് ഭഗവാൻ വിശ്വംഭരൻ ശ്രീഭൂതനാഥൻ എന്ന നാമത്തെ സ്വീകരിച്ചു് ഭക്തദാസനായി ഭക്തസംരക്ഷണം ചെയ്തും കർമ്മധർമ്മങ്ങളൊഴിച്ചുള്ള വേദാന്തശാസ്ത്രത്തെ പന്തളേശനുപദേശിച്ചു. രാജാവിനുപദേശിച്ച ആ വേദാന്തശാസ്ത്രത്തിനു് ഭൂതനാഥഗീത എന്ന പ്രസിദ്ധനാമവും സിദ്ധിച്ചു ലൌകികധർമ്മങ്ങളാകുന്ന കർമ്മകാണ്ഡത്തെ അഗസ്ത്യമഹ

B.C.E.O.

ഷിയേക്കൊണ്ടും രാജാവിനുപദേശിപ്പിച്ചു. എന്നാൽ ഈ വക ശാസ്ത്രങ്ങളൊന്നും ലോകവാസികൾക്കാകമാനംപഠിക്കവാനും രസിക്കവാനും ഗ്രഹിക്കവാനുംസംഗതിയാകും. ബ്രാഹ്മണൻ മുതൽ ചണ്ഡാലൻ വരെയുള്ള സകലജാതികൾക്കും ഈ ഉപദേശങ്ങൾ സ്വീകാൎയ്യമായിത്തീരുന്നതാണു്. ഈ കലിയുഗത്തിലുള്ള മനുഷ്യർ ദുഷ്കൎമ്മജാലങ്ങളാൽ മൂടപ്പെട്ടവരായാൽപോലും ശ്രീഭൂതനാഥാവതാരംകൊണ്ടു് അവർ ചിത്തശുദ്ധരായിത്തീൎന്നു മുക്തിയെ പ്രാപിക്കുകതന്നെചെയ്യും. ഇപ്രകാരം സൂതമാമുനി ശൌനകാദിമഹഷിമാരോടു പറഞ്ഞതുകേട്ടു് സന്തോഷസാഗരത്തിൽ ലയിച്ചിരുന്ന ശൌനകാദികൾ വീണ്ടും സൂതമാമുനിയോടു്:— അല്ലയോ സൂതമഹാമുനേ! ഭവാൻെറ വാക്‌വിലാസത്തോടു കൂടിയ ശ്രീഭൂതനാഥചരിതാമൃതം പാനംചെയ്തു എങ്കിലും ഞങ്ങൾക്കു് ഒട്ടുംതന്നെ തൃപ്തിയായില്ല. ശേഷം ഭാഗവും കൂടി വിസ്തരിച്ചു ഞങ്ങൾക്കു് പറഞ്ഞു തരണം. എന്നു പറഞ്ഞു. ശൌനകാദികളുടെ ആഗ്രഹം പൂൎത്തിയാക്കുന്നതിനു് സൂതൻ കഥാശേഷം പറയുവാൻ തുടങ്ങി.

ബ്രഹ്മസ്വരൂപനായ ശ്രീഭൂതനാഥൻ തിരോധാനം ചെയ്തശേഷം പന്തളേശനായ രാജശേഖരൻ ബ്രഹ്മചിന്തനം ചെയ്തു് ഏകാഗ്രമാനസനായിത്തീരുവാൻ പല വിധത്തിൽ പരിശ്രമംചെയ്തു ഏതെല്ലാം വിധത്തിൽ പരിശ്രമിച്ചിട്ടും ഏകാഗ്രമാക്കി ധ്യാനിക്കുവാനദ്ദേഹത്തിനു് സാധിച്ചില്ല. ഇങ്ങിനെയുള്ള പരിഭ്രാന്തിയാൽ രാജാവു് തൻെറ കൎത്തവ്യകൎമ്മങ്ങളിൽ പ്രാധാന്യമർഹിക്കു

ന്ന ക്ഷേത്രനിൎമ്മാണാദികൎമ്മങ്ങളെല്ലാം മറന്നു് അസ്ഥിരചിത്തനായി ക്ലേശിച്ചു കൊണ്ടിരുന്നു! ഇങ്ങിനെയിരിക്കുന്ന സമയത്തു് അഗസ്ത്യമാമുനി അവിടെ ആഗതനായി. രാജാവു് ഭക്തിപുരസ്സരം അൎഘ്യപാദ്യാദികളാൽ ആ താപസശ്രേഷ്ഠനെ സല്ക്കരിച്ചിരുത്തി കുശലപ്രശ്നങ്ങൾ ചെയ്ത അനന്തരം താപസൻ രാജാവിനോടു്:—ഞാൻ ഭൂതനാഥൻെറ ആജ്ഞപ്രകാരം ഭവാനുവേണ്ടുന്ന കൎമ്മധൎമ്മമാൎഗ്ഗങ്ങളെ ഉപദേശിക്കുവാനാണു് വന്നിരിക്കുന്നതു്. ഇപ്രകാരം അഗസ്ത്യൻ പറഞ്ഞതുകേട്ടപ്പോൾ ഭക്തിപരവശനായ രാജാവു് താപസോത്തമൻെറ പാദപത്മങ്ങളിൽ നമസ്കരിച്ചു ഗൽഗദസ്വരത്തോടെ പറഞ്ഞു. മഹാമുനേ! എൻെറ പുത്രനായ മണികണ്ഠൻ സച്ചിന്മയനും സൎവ്വേശ്വരനുമാണെങ്കിലും, പുത്രഭാവം എന്നിൽനിന്നകന്നുപോയിട്ടില്ല. എൻെറ ആ പ്രിയനന്ദനൻ ഇപ്പോൾ എവിടെയാണ്? എൻെറ ആ പൊന്നുണ്ണി എൻെറ കൂടെ താമസിക്കുന്ന കാലത്തു് ചിലപ്പോൾ പുത്രനായിട്ടും ചിലപ്പോൾ ഒരു ഉത്തമ സചിവനായിട്ടും, മററു ചിലപ്പോൾ ഒരു വിശ്വസ്ത ഭൃത്യനായിട്ടും എൻെറ ഭാവനയ്ക്കൊത്തവിധം സൎവ്വവും അറിഞ്ഞുപ്രവൎത്തിച്ചിരുന്നു ചിലപ്പോൾ അവൻ എൻെറ മടിയിൽ കയറിയിരുന്നു വിനോദിക്കും. ഇങ്ങിനെ ഓരോന്നായി ആ കുഞ്ഞിനെപ്പററിയുള്ള ഓരോ വിശേഷങ്ങളും വൎണ്ണിക്കാൻ തുടങ്ങിയാൽ അവസാനിക്കയില്ല. എൻെറ ആ പ്രിയകുമാരൻ എന്നെ വിട്ടുപിരിഞ്ഞുപോയതുമൂലം ഉണ്ടായിരിക്കുന്ന ദുഃഖത്തിനു ഒരു ശമനവും കിട്ടുന്നില്ല. എന്നിങ്ങനെ പറഞ്ഞു വിലപിക്കുന്ന രാ

ജാവിനെനോക്കി അഗസ്ത്യമഹർഷി:-ഹേ! രാജേന്ദ്ര! മുൻപു ദേവദേവനായ മണികണ്ഠൻ ഭവാനോട്ട് പറഞ്ഞ തത്വവാക്യാർത്ഥങ്ങളെല്ലാം അങ്ങ് മറന്നുപോയോ? എന്നാൽ കഷ്ടംതന്നെ; ശരീരമുള്ള കാലത്തോളം സംസാരകാരിണിയും അവിദ്യാസ്വരൂപിണിയുമായ മായ ഒരിക്കലും ഒഴിഞ്ഞുപോകയില്ല. ശരീരികൾക്ക് ആ മായയെ അകററിനിത്താൻ വളരെ പ്രയാസമാണ്. സർവ്വത്ര വ്യാപ്തസ്ഥൂലസൂക്ഷ്മനും നാമരൂപദേശ കാലാദ്യവസ്ഥകൾക്കതീതനും, അതൊന്നുംതന്നെ ഇല്ലാത്തവനുമാകുന്ന മണികണ്ഠൻ എന്നു ഭവാനറിഞ്ഞിരുന്നിട്ടും ആനന്ദമയനായി വസിക്കുന്നതിനു അങ്ങേയ്ക്കു കഴിയുന്നില്ലല്ലൊ? ഭവാൻപൂർവ്വജന്മങ്ങളിൽ ചെയ്തിട്ടുള്ള കർമ്മഫലങ്ങളുടെ അവശിഷ്ടം അല്പംകൂടിയുള്ളതുകൊണ്ടാണ് ഈ വിധം തോന്നുന്നതു്. ആഗ്രഹം അതിയായി ഉണ്ടായിരുന്നാലും അതിനെ സാധിക്കാൻ നിർവ്വാഹമില്ലാതായാൽ നിരാശനാകുവാനേ വഴിയുള്ളു. ഇങ്ങിനെയോരോന്നും സമാധാനത്തിന്നുവേണ്ടി രാജാവിനോടു പറഞ്ഞപ്പോൾ രാജാവ് തൊഴുതുകൊണ്ട്:- മഹാമതേ!പരാൽപരനായ താരകബ്രഹ്മം സ്വരൂപനായി സഗ്ഗുണനായി പ്രശോഭിച്ച് എൻെറ പുത്രനായി വാണിരുന്നതിൽ പരം മറെറന്താണ് എൻെറ ജീവന്മുക്തിക്കും കർമ്മനാശത്തിനും പാപശാന്തിക്കുമായി ചെയ്യേണ്ടതു്? സർവ്വാന്തര്യാമിയായി സർവ്വത്ര സാക്ഷിഭൂതനായ ഈശ്വരനെ ഭജിച്ചാൽ പാപജാലങ്ങളെല്ലാം നശിച്ചുപോകുമെന്നല്ലെ വേദശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതു്. അതിനെ വിശ്വസിക്കേണ്ടതുമല്ലെ?

അഗസ്ത്യൻ:—ഹേ! രാജൻ! ദേവന്മാരായാലും, മനു ഷ്യരായാലും പ്രാരബ്ധകർമ്മങ്ങളനുഭവിക്കാതിരിപ്പാൻ യാതൊരു നിവൃത്തിയുമില്ല. അങ്ങ് ഭൂതനാഥനെ മനുഷ്യനെന്നനിലയിലും പുത്രഭാവത്തിലുമാണ് കണ്ടുകൊണ്ടിരുന്നതു്. അതുപോലെ ഇവിടെയുള്ളവരെല്ലാം മനുഷ്യനായിട്ടുതന്നെ കരുതിയിരുന്നു. അവർക്കാർക്കുംതന്നെ മോക്ഷലാഭമുണ്ടായിട്ടില്ല. പരമാത്മസ്വരൂപനാണ് മണികണ്ഠനെന്ന് ഞാൻപറഞ്ഞതുകേട്ട് അങ്ങേക്ക് ബോദ്ധ്യംവന്നെങ്കിലും കർമ്മനാശത്തിന്നായി അങ്ങ് ഭഗവാനെ ഭജിച്ചില്ല. പിന്നെ എങ്ങിനേയാണ് കർമ്മഫലാവശിഷ്ടം അങ്ങയെ വിട്ടുപോകുന്നതു്? മണികണ്ഠൻ സച്ചിദാനന്ദാത്മകനായ ദേവദേവൻതന്നെയാണ് എന്നു വിശ്വസിച്ചിരുന്ന ആചാര്യൻ, ഭൂതനാഥൻ ഭവാനുചെയ്ത തത്വസാരങ്ങളെ ശ്രദ്ധിച്ചുകേട്ടതുമൂലം പരമജ്ഞാനിയായിത്തീർന്നിരിക്കുന്നു. തന്നെയല്ല, ആചാര്യൻ തൻെറ പുത്രൻെറ ബധിരത്വവും മൂകത്വവും തീർത്തു ജ്ഞാനിയായിത്തീരുവാൻ മണികണ്ഠൻ വിചാരിച്ചാൽ സാദ്ധ്യമാകുമെന്ന് വിശ്വസിച്ച് പറയുകനിമിത്തം കാര്യസാദ്ധ്യമുണ്ടായി. ഒരു ബാലനാണ് മണികണ്ഠൻ. അവൻ പുലിപ്പാൽകൊണ്ടുവരുവാൻ പ്രാപ്തനായതെങ്ങിനേ? ആകുന്നതെങ്ങിനേ? എന്നു് ഭവാനു് ശങ്കജനിക്കുകയാണു ചെയ്തതു്. ഇത്രത്തോളം വ്യത്യാസം ആചാര്യനും അങ്ങും തമ്മിലുണ്ടായി. ബ്രഹ്മസ്വരൂപനായ ഭഗവാൻ മുൻപ് ശ്രീരാമനായി അവതരിച്ചകാലത്തിൽ തൻെറ പുത്രനെന്നുകരുതി ദശരഥൻ ഓമനിച്ചും ലാളിച്ചും വളർത്തിയെങ്കിലും ദശരഥനുണ്ടായ ബ്രാഹ്മണശാപ

ത്തെ തടയുവാൻ കഴിഞ്ഞില്ല. നാനാവിധ യാഗാദികർമ്മ ങ്ങളും ചെയ്യുനിമിത്തം അദ്ദേഹം സ്വർഗ്ഗലോകം പ്രാപിച്ചു വെങ്കിലും പിണ്ഡദാനം സിദ്ധിച്ചതിനുശേഷമേ സത്യ ലോകം പ്രാപിക്കയുണ്ടായുള്ളു. ഭാർഗ്ഗവരാമനും, ശ്രീരാമനും ബലരാമനും, ശ്രീകൃഷ്ണനും മററും സർവ്വതീർത്ഥങ്ങളും തങ്ങളു ടെ പാദസങ്കേതമായിട്ടുള്ളവയാണെങ്കിലും അവർ പുണ്യ തീർത്ഥങ്ങളിൽചെന്നു മുക്തിക്കു കൊതിക്കുന്നവരേപ്പോലെ സ്നാനാദിപുണ്യകർമ്മങ്ങളെ ചെയ്കയുണ്ടായി. അതിനാൽ മോക്ഷാർത്ഥികളായവർ നിഷ്ക്കാമകർമ്മപ്രവീണരായി വി ശ്വാസത്താലും, ത്യാഗത്താലും, ഭാവനയാലും തങ്ങളുടെ മാ നസപത്മത്തിൽ ഈശ്വരനെ സ്വരൂപനാക്കിനിർത്തി മന സ്സുകൊണ്ടു് തന്നെ പൂജാവിധാനങ്ങളേയും ചെയ്തു ആ ചിൽ സ്വരൂപനെനിശ്ചലദ്ധ്യാനംചെയ്തു് ഭജിച്ചു ആരുതന്നെ യായാലും മാനസപുഷ്പത്താലർച്ചന ചെയ്തുകൊണ്ടിരുന്നാൽ അവൻ നിർഗ്ഗുണബ്രഹ്മത്തിൽ ചേരാതിരിക്കയില്ല.

അല്ലയോ ഭൂപതേ! ഇനി ശ്രീഭൂതനാഥനായിക്കൊ ണ്ടു് ഉദ്ദേശിച്ചിട്ടുള്ള ക്ഷേത്രം പണിചെയ്യുവാൻ ഉടനെ തയ്യാറായി പുറപ്പെടണം. ഭൂതനാഥൻ അയച്ചശരം കുത്തി നില്ക്കുന്ന സ്ഥലത്തു് പഞ്ചയജ്ഞങ്ങൾ നിഷ്ക്കാമ ബു ദ്ധ്യാ ചെയ്തു് ഭവാൻ കൃത്യനിർവഹണത്താൽ കൃതാർത്ഥനാ യി സൌഖ്യമായി വസിക്കുക! അങ്ങിനെ ഭൂതേശ ദ്ധ്യാന ത്തോടെ നിശ്ചലഹൃദയനായിരുന്നാൽ ക്രമേണ നിർഗ്ഗുണ ദ്ധ്യാനപരനായി ബ്രഹ്മപദം പ്രാപിക്കും.

ഗുരുപൂജ, പിതൃപൂജ, ദേവപൂജ, സൂര്യദേവപൂജ, ആത്മപൂജ, ഇങ്ങിനെയുള്ള പഞ്ചയജ്ഞങ്ങൾ കാലദേശാ

ദൃവസ്ഥയനുസരിച്ച് ഗൃഹസ്ഥാശ്രമികഠം നിത്യേന ചെയ്യേണ്ടതാണ്. നാലുവിധ ആശ്രമങ്ങളിൽവച്ച് പ്രാധാന്യമേറിയതു് ഗൃഹസ്ഥാശ്രമമാണ് എന്നു് ഭൂതനാഥൻതന്നെ അങ്ങേക്ക് ഉപദേശിച്ചിട്ടുണ്ടല്ലോ.

രാജാവ്:—അല്ലയോ താപസകുലപതേ! സൂര്യവംശാലങ്കാരഭൂതനായ ദശരഥരാജാവ് പിണ്ഡദാനം കിട്ടിയതിനു ശേഷമാണ് സത്യലോകം പ്രാപിച്ചതെന്നു് അങ്ങ് പറയുകയുണ്ടായി. ആ മഹത്തായ ചരിത്രം കേഠംപ്പാനാഗ്രഹിക്കുന്നു.

അഗസ്ത്യൻ:— ദശരഥാത്മജനായ ശ്രീരാമൻ രാവണാദികളെ നശിപ്പിച്ചിട്ട് സീതാസമേതം രാജ്യാഭിഷേകം ചെയ്തു് രാജ്യത്തിലെങ്ങും ധർമ്മലോപം വരുത്താതെ രാജ്യം ഭരിച്ച് സൌഖ്യമായി വാഴുന്ന കാലത്തു് തൻെറ മാതാക്കളോടും സഹോദരങ്ങളോടും സീതയോടും കൂടി അനേകം പുണ്യക്ഷേത്രങ്ങളും പുണ്യമേറിയ മററു സ്ഥാനങ്ങളും ദർശിച്ച് അനേകം പുണ്യതീർത്ഥങ്ങളിൽ മുഴുകിയും കൃതാർത്ഥരായി യാത്രചെയ്തു. അങ്ങിനെ അവർ പിതൃക്കഠം നേരിട്ട്‌വന്നു് ആമപിണ്ഡം വാങ്ങി അനുഭവിക്കുന്ന പുണ്യസ്ഥലമായ "ഗയാ"യെന്ന പുണ്യതീർത്ഥക്കരയിൽ ചെന്നുചേന്നു. തീർത്ഥപാദന്മാരായ ശ്രീരാമാദികഠം ഫൽഗുന നദീതീരത്തുള്ള വടവൃക്ഷവും വിഷ്ണുപാദവും കണ്ടുവന്ദിച്ചു. ആസമയം സീതാദേവി പുഷ്പിണിയായി അശുദ്ധി പ്രാപിക്കുക നിമിത്തം ഒന്നും തൊടാതെ മാറിനിന്നെങ്കിലും ശ്രീരാമചന്ദ്രൻ മാതാക്കളോടും സഹോദരന്മാരോടും കൂടി താതനായ

ദശരഥനായി ആമ പിണ്ഡം വച്ചെങ്കിലും ആ മുഹൂത്ത ത്തിൽ തന്നെ സീതാദേവിയും ധമ്മ കമ്മമെന്നു കരുതി ഫൽഗുന നദീതീരത്തിൽ ചെന്നു് മണ്ണുകൊണ്ടു് ദശരഥ ന് പിണ്ഡം വക്കുക നിമിത്തം ശ്രീരാമൻ വച്ചതായ ആ മപിണ്ഡം ദശരഥൻ നേരിട്ടുവന്നു് സ്വീകരിക്കുകയുണ്ടാ യില്ല. എന്നാൽ പല രാജാക്കളും അവരുടെ പിതൃക്കാ ക്കു് ചെയ്യുപിണ്ഡങ്ങാം അവരവരുടെ പിതൃക്കാം നേരിട്ടു വന്നു് സ്വീകരിക്കയും ചെയ്യുകൊണ്ടിരിക്കുന്നു. ഈ അ വസരത്തിൽ ശ്രീരാമനു് നാണക്കേട്ടും തന്നിമിത്തമുണ്ടായ കോപവും കൊണ്ടു് മതിമറന്നു് നേത്രങ്ങാം ചുവപ്പിച്ചു മാതാവിനോടു പറഞ്ഞു. അമ്മയുടെ ഏതോ അപരാധ ങ്ങാംകൊണ്ടാണു് അച്ഛൻ നേരിട്ടു് വന്നു് പിണ്ഡം സ്വീ കരിക്കാത്തതു്. അതുകൊണ്ടു് എനിക്കും ലക്ഷ്മണനും അ ച്ഛനില്ലാതായിത്തീന്ന. വലിയ കഷ്ടവും അപമാനവുമാ യി. മററുള്ളവരുടെ പിണ്ഡം അവരുടെ പിതൃക്കാം നേ രിട്ടുവന്നു് സ്വീകരിക്കുന്നതു കണ്ടില്ലേ? എന്നിങ്ങനെ ശ്രീ രാമൻ പറഞ്ഞതുകേട്ടു് കൌസല്യാദേവി വേപഥുഗാത്രയാ യി മകനോടു പറഞ്ഞു.

ഞാൻ, എൻെറ ഭത്താവും നിങ്ങളുടെ പിതാവുമായ ഭൂപാലനെയൊഴിച്ചു് അന്യപുരുഷനെ സ്വപ്നത്തിൽപോ ലും മനസ്സാനിനച്ചിട്ടില്ലെന്നു് സൂയ്യചന്ദ്രാദികളാകുന്ന വ്യോ മചാരികളെ സാക്ഷിപ്പെടുത്തി സത്യം ചെയ്യുന്നു.

മാതാവു് സത്യംചെയ്തു പറഞ്ഞതുകേട്ടു് രാമചന്ദ്രൻ വേഗം ഹനുമാനെ മനസ്സിൽ ചിന്തിച്ചു. അപ്പോറം ഹ

നുമാൻ അവിടെയെത്തി ശ്രീരാമപാദപത്മങ്ങളിൽ സാഷ്ടാംഗം വന്ദിച്ചുകൊണ്ടു്—എന്തിനുവേണ്ടി ഭഗവാൻ ഇവനെ ചിന്തിച്ചതെന്നറിവാനാഗ്രഹിക്കുന്നു. ഭക്തപ്രിയനായ നിന്തിരുവടിയുടെ കാരുണ്യമുണ്ടെങ്കിൽ ഇവനു സാദ്ധ്യമാകാത്തതു് ഈ ത്രിലോകങ്ങളിൽ യാതൊന്നും ഇല്ലതന്നെ. ഇവൻ എന്തു ചെയ്യണമെന്നു് ഉടനേ ആജ്ഞാപിച്ചാലും.

ശ്രീരാമൻ:—അല്ലയോ മാരുതപുത്രാ! ഭവാൻ എവിടെച്ചെന്നെങ്കിലും എൻെറ അച്ഛനെ കഴിയുന്നതുംവേഗം ഇവിടെ കൊണ്ടുവരണം എന്നു പറഞ്ഞു.

ശ്രീരാമൻെറ ആഗ്രഹനിവൃത്തിക്കായി ഹനുമാൻ ശ്രീരാമനെ വണങ്ങി തൻെറ ദിവ്യചക്ഷുസ്സിനാൽ ദശരഥൻ ഇരിക്കുന്ന സ്ഥാനം മനസ്സിലാക്കി മേഘമാർഗ്ഗത്തിൽ ക്കൂടി കുതിച്ചു് പാഞ്ഞു് സത്യലോകത്തിൽ ബ്രഹ്മാവിനോടൊരുമിച്ചു് രത്നസിംഹാസനത്തിൽ ഇരിക്കുന്ന ദശരഥനെ വിധിയുടെ അനുമതിയോടുകൂടി തോളിലിരുത്തി അതിവേഗം കൊണ്ടുവന്നു് ശ്രീരാമൻെറ മുമ്പിൽ വെച്ചു വണങ്ങിനിന്നു. ആ ശ്രീരാമനാകട്ടെ; തൻെറ പിതാവിനെക്കണ്ടു് സന്തോഷത്തോടും ഭക്ത്യാദരവോടുംകൂടി താതപാദങ്ങളിൽ വീണു് നമസ്കരിച്ചു. അപ്പോൾ ദശരഥൻ ശ്രീരാമനെ നോക്കി:—

താരകബ്രഹ്മമൂർത്തിയായ ഭവാൻെറ മായയിൽ മയങ്ങാത്തവർ ലോകത്തിലാരും തന്നെയില്ല. എന്നാൽ ഞാനാകട്ടെ! ഭവാനെ എൻെറ പുത്രനായി ഭാവിച്ചും സ്നേഹി

ച്ചും തത്വചിന്തനമൊന്നും കൂടാതെ പുത്രവാത്സല്യത്തോടെ വളൎത്തുകയാണു് ചെയ്തതു്. അതുകൊണ്ടു് എൻെറ ജന്മസംസാരദുഃഖം അവസാനിച്ചിട്ടില്ല. അതു വളരെ കഷ്ടമായിപ്പോയി. ശരീരികളായിട്ടുള്ള ദേഹികാംക്കു് മോഹം അല്ലെങ്കിൽ മായാബന്ധം ഉണ്ടാകാതിരിപ്പാൻ വളരെ പ്രയാസമാണു്. അല്ലയോ കരുണാനിധിയായ ഭഗവാനേ! ഇനി ഇവനു് സംസാരസമുദ്രത്തിൽ പെട്ടു വലയുവാൻ സംഗതിവരുത്താതിരിക്കേണമേ! ഭവാൻ എനിക്കു വച്ച ആമപിണ്ഡം ഞാൻ നേരിട്ടു് വന്നു് കയ്യേല്ക്കാതിരിപ്പാനുള്ള കാരണം ഭവാനുതന്നെ അറിയാമല്ലൊ. എന്നാലും ഈ ജനങ്ങളെല്ലാം ഗ്രഹിക്കുവാൻ വേണ്ടി ഞാൻ പറയാം. ഭഗവാൻെറ ശക്തിയായി പ്രകൃതിമാതാവായി സവ്വേശ്വരിയായിട്ടുള്ള സീതാദേവി മാനുഷസ്ത്രീയായി അവതരിച്ചു ലസിച്ചുകൊണ്ടിരിക്കുന്നു. അവാം ഇന്നു് പുഷ്പിണിയാണു്. എങ്കിലും അവളുടെ തൃക്കരങ്ങളാൽ മണ്ണുകൊണ്ടു് എനിക്കു് വേണ്ടി പിണ്ഡംവയ്ക്കുക നിമിത്തം ഞാൻ സ്വൎഗ്ഗത്തിൽ നിന്നും സത്യലോകത്തിൽ ചെന്നുചേൎന്നു. അതിനും പുറമേ, പതിവ്രതാശിരോമണിയായ കൌസല്യാദേവിക്കു് ആരും യാതൊരു ദോഷങ്ങളും കല്പിച്ചു പോകരുതു്. ഇങ്ങിനെ ദശരഥൻ പറഞ്ഞതു് കേട്ടു് എല്ലാവരും അത്ഭുതപ്പെട്ടു. മേലിൽ യാതൊരു പിതൃക്കളും നേരിട്ടു് വന്നു് ആമപിണ്ഡം ഭുജിക്കാതിരിപ്പാൻ ശ്രീരാമൻ ഒരു ശാപവും കൊടുത്തു. അക്കാലം മുതൽ ഗയയിൽ ശ്രാദ്ധമൂട്ടിയാൽ (പിണ്ഡം വച്ചാൽ) പിതൃക്കാം നേരിട്ടു വരാതെ മറഞ്ഞു നിന്നു് ഭുജിച്ചു് ബ്രഹ്മപദം പ്രാപിക്കുകയാണു്

ചെയ്യുന്നതു്. ഈ ഗയയ്ക്കു് തുല്യമായ പുണ്യതീൎത്ഥമാണു് ഈ പമ്പാനദിയെന്നു് അങ്ങു് മനസ്സിലാക്കണം. ഭാരതത്തിലുള്ള സകല പുണ്യതീൎത്ഥങ്ങളേയും തന്നാൽ പ്രതിഷ്ഠിതമായ കേരളത്തിൽ കൊണ്ടു വന്നു് കേരളത്തിനു് പുണ്യഭൂമിയെന്ന നാമം സുസ്ഥിരമായിത്തീരുവാൻ ഭാൎഗ്ഗവരാമൻ ശംഭുദേവനെ തപസ്സുചെയ്തു് ശംഭുവിന്റെ ആജ്ഞയോടുകൂടി സകലപുണ്യതീൎത്ഥങ്ങളേയും ഒന്നാക്കിച്ചേൎത്ത ഒരു മഹാപുണ്യതീൎത്ഥമാണു് ഈ പമ്പാനദി. അതിനാലാണു് ശബരിഗിരീശദൎശനത്തിനായി പോകുന്നവർ മുക്തന്മാരായിതിരിച്ചു പോകുന്നു എന്നു പറയുന്നതു്.

*

## പൂജാവിധാനം

★

രാജാവു്:—അല്ലയോ ജ്ഞാനനിധേ! ഭൂതനാഥനായിക്കൊണ്ടുള്ള പൂജാവിധികളെന്തെല്ലാമാണെന്നുകൂടി പറഞ്ഞുതരുവാൻ ദയവുണ്ടാകണം.

അഗസ്ത്യൻ:—അതും പറയാം. പണ്ടു് ഹേഹയരാജവംശത്തിൽ കൃതവീൎയ്യൻ എന്ന രാജാവിന്റെ പുത്രനായി അൎജ്ജുനൻ എന്നപേരായ ഒരു രാജാവു് ദത്താത്രേയനെന്ന ഗുരുവിനോടു് ഭക്ത്യാദരവോടുകൂടി:—അല്ലയോ സൽഗുരുവേ! ഇവന്റെ മനസ്സു് പരിശുദ്ധമായിത്തീരുവാൻ ഏതൊരു ദേവനെയാണു് പൂജിക്കേണ്ടതു്? എന്നുള്ള സംശയം തീൎത്തുതരണം എന്നു് അൎജ്ജുനൻ (കാൎത്തവീൎയ്യാൎജ്ജു

നൻ) ദത്താത്രേയനോടപേക്ഷിച്ചപ്പോൾ ദത്താത്രേയൻ രാജാവിനെനോക്കി:—ഹേ! രാജൻ! ഭവാൻ ഭാഗ്യവാന്മാരിൽവച്ച് ഏററവും വലിയ ഭാഗ്യവാനാണ്. ചിത്തശുദ്ധിയുണ്ടാകണമെന്നാണല്ലോ ഭവാന് ആഗ്രഹംജനിക്കുന്നതു്? ഇതിൽ കൂടുതലായ ഒരു ഭാഗ്യംസിദ്ധിക്കാൻ മററെന്താണുള്ളതു്? മായാവിലാസംകൊണ്ടു് ഏകബ്രഹ്മത്തിൽ നിന്നാണ് സവ്വലോകങ്ങളും, സവ്വജീവജാലങ്ങളുമുണ്ടാകുന്നതു്. നല്ലതു്, ചീത്ത, ചെറുതു്, വലുതു്, മാഹാത്മ്യമേറിയതു്, മാഹാത്മ്യംകുറഞ്ഞതു് എന്നൊന്നും തരംതിരിക്കാനില്ല. ഓരോരോ ദേവന്മാരെ പ്രത്യേകം പ്രത്യേകമായി പൂജിക്കുവാനോ ഭജിക്കുവാനോ സാദ്ധ്യമാകയില്ല. ദേവന്മാരാദിയായവരെല്ലാംകൂടിച്ചേന്നതാണ് താരകബ്രഹ്മമെന്ന് കല്പിക്കുന്നതു്. തന്നുടെ ഭക്തന്മാരെ യാതൊരുവിധ ദുഃഖങ്ങൾക്കും ഇടയാക്കാതെ രക്ഷചെയ്യുന്നവൻ എന്നാണ് താരകശബ്ദത്തിൽനിന്നും മനസ്സിലാക്കേണ്ടതു്. ഇത്രത്തോളം മാഹാത്മ്യമേറിയ താരകബ്രഹ്മത്തെ ഭജിക്കുന്ന ഏതൊരുവനും സത്യത്തിൽകൂടിയുള്ള ഏതൊരാഗ്രഹവും സാധിക്കുന്നതാണ്. എല്ലാററിനും സമത്ഥനായ ഭവാൻ യുദ്ധം ചെയ്തു മരിക്കുമെന്നല്ലേ ഞാൻ വരംതന്നിട്ടുള്ളതു്?എന്നാൽ അതു് സമീപിച്ചുകഴിഞ്ഞു. അങ്ങ് പരശുരാമനാൽ കൊല്ലപ്പെടും, ആ പരശുരാമൻ എൻെറ മററൊരു ജന്മമായിരിക്കും. അതിനുമുൻപായി താരക ബ്രഹ്മത്തെ മനസ്സിലുറപ്പിക്കുക! കൈലാസവാസിയായ ശങ്കരൻ ദക്ഷിണാമൂത്തിയെന്നഭിമാനത്തോടെയിരുന്നു് താരകബ്രഹ്മോപദേശംതൻെറ ശിഷ്യന്മാക്കേകുന്നു. എന്നാൽ ആ താ

രകബ്രഹ്മത്തെ ഏതുവിധം പൂജിക്കണമെന്നു് ഞാൻ പറഞ്ഞുതരാം. ഭക്തന്മാർ രണ്ടുവിധമാണ് പൂജചെയ്യുന്നതു് ഭഗവാൻ തന്റെ ഹൃദയപത്മത്തിൽതന്നെയാണു് ആവാസംചെയ്യുന്നതു് എന്നുചിന്തിച്ചു് മാനസപൂജചെയ്യുന്നതിനു് "നിർമ്മമേതി" എന്നാണു് പറയുന്നതു്. താൻ ഭഗവാന്റെ ദാസനാണു് എന്നു്ഭാവിച്ചും വിചാരിച്ചും ചെയ്യുന്ന ബാഹ്യപൂജക്കു് "മമേതി"എന്നും പറയുന്നു. ആദ്യം മമേതിയെന്ന ബാഹ്യപൂജ നിഷ്കാമമായിച്ചെയ്യണം. അതിനുശേഷം അതു മാനസപൂജയായി പരിണമിക്കും. ബ്രാഹ്മണൻമുതൽ ചണ്ഡാലൻവരെയുള്ള എല്ലാവക്കും ഈ പൂജക്കു് അധികാരമുള്ളതാണു്. എന്നാലും ഓരോവർണ്ണങ്ങാംക്കും ഓരോവിധത്തിൽ പൂജിക്കുവാൻ ധർമ്മകർത്താക്കാം വിധിച്ചിട്ടുണ്ടു്. വൈദികമന്ത്രങ്ങാംകൊണ്ടു് ബ്രാഹ്മണനും, ബ്രാഹ്മണോപദേശമനുസരിച്ചു് ക്ഷത്രിയനും, വൈദികകർമ്മങ്ങളെ താന്ത്രികമായി വൈശ്യനും, താന്ത്രികമായ മന്ത്രങ്ങളേക്കൊണ്ടു് മററുള്ളവരും സമാധാനബുദ്ധിയോടെ പൂജചെയ്യണം. എന്നാൽ തന്ത്രങ്ങളെല്ലാം ഒരുപോലെയാണു്. മന്ത്രങ്ങാംക്കുമാത്രമേ അല്പം വ്യത്യാസമുണ്ടാകയുള്ളു. ഉപനയനാദികർമ്മങ്ങളില്ലാത്തവക്കു് വേദാധികാരമുണ്ടാകുന്നതല്ല. ഗുരുഭൂതനിൽനിന്നു് ഉപനയനാദികർമ്മങ്ങാം സിദ്ധിക്കുന്നവനുമാത്രമേ വേദോച്ചാരണത്തിനു് അർഹതയുള്ളു. താന്ത്രികപൂജ ഭക്തിയോടുകൂടിച്ചെയ്താൽ മുക്തിക്കു് അതു് കാരണമായിത്തീരുന്നതാണു്. ഭക്തിഹീനന്മാക്കു് ഏതുവിധം പൂജാദികർമ്മങ്ങാംചെയ്താലും അതൊന്നും മോക്ഷകാരണമായിത്തീരുന്നതല്ല. എന്നാൽ ഒ

രുവൻ ആദ്യമായി ആചാൎയ്യനിൽനിന്നും (ഏതുജാതിയിൽ പെട്ടവനായാലും) പൂജാകൎമ്മങ്ങളെ ഗ്രഹിച്ചു് പൂജാവിധി തെററിക്കാതെ കൎമ്മംചെയ്യുന്നതായാൽ അവൻ പൂജാൎഹനാണു്. പ്രഭാതത്തിൽ മൂന്നേമുക്കാൽനാഴിക രാവുള്ളപ്പോഠം എഴുന്നേററിരുന്നു് തങ്ങളുടെ മാനസപത്മത്തിൽ ആചാൎയ്യനെ പ്രതിഷ്ഠചെയ്തു് അന്നുതാൻചെയ്യുന്ന കൎമ്മങ്ങളെല്ലാം മംഗളമായി പരിണമിക്കുന്നതിനു് ഈശ്വരപ്രാൎത്ഥനയുംചെയ്തു് എഴുന്നേററു് നിത്യകൎമ്മങ്ങളെല്ലാം കഴിച്ചു് ചിത്തശുദ്ധിയോടെ കുടുംബകാൎയ്യങ്ങഠം വീഴ്ചകൂടാതെ ചെയ്യുവാൻ വിശ്വസ്ഥരായവരെ ചുമതലപ്പെടുത്തി പൂജ ചെയ്വാൻ ഇരിക്കണം. സൂൎയ്യനുദിച്ചാൽ ആദ്യത്തെയാമം സാത്വികഗുണങ്ങളാലും, രണ്ടാമത്തെയാമം രാജസഗുണങ്ങളാലും അതിനുശേഷം തമോഗുണങ്ങളാലും (മേൽപറഞ്ഞപോലെ രാത്രികാലവും) ആപോഹിഷ്ഠാദിമന്ത്രങ്ങഠം ജപിച്ചു് ജലപ്രക്ഷാളനംചെയ്തു് സ്നാനംചെയ്തു് ഭസ്മരുദ്രാക്ഷാദികഠംധരിച്ചു് സന്ധ്യാവന്ദനംചെയ്യണം. അതല്ലെങ്കിൽ വംശപാരമ്പൎയ്യമനുസരിച്ചതേതോ അതുചെയ്തുകൊള്ളണം പിന്നീടു് ഗുരുവിൻെറ ഉപദേശമനുസരിച്ചു് ഒന്നുംപിഴക്കാതെ ധ്യാനനിഷ്ഠനായി പൂജാദികൎമ്മങ്ങഠം ചെയ്യണം. ഒടുവിൽ താരകബ്രഹ്മസഹസ്രനാമങ്ങഠം ചൊല്ലി സൎവ്വവും ബ്രഹ്മത്തിൽ സമൎപ്പിച്ചു് നിഷ്ക്കാമകൎമ്മപ്രവീണതയോടെ സൽകൎമ്മങ്ങഠംചെയ്തു ആനന്ദചിത്തനായി വൎത്തിക്കുക. ഇങ്ങിനെയാണു് ദത്താത്രേയൻ കാൎത്തവീൎയ്യാൎജ്ജുനനു് ഉപദേശിച്ചതു്. അതുപോ

ലെതന്നെ കാത്തവീര്യാജ്ജുനൻ അനുഷ്ഠാനതല്പരനായി വ ത്തിച്ചു് കൈവല്യം പ്രാപിക്കയുംചെയ്തു.

ഹേ! രാജേന്ദ്ര! ഇനി താമസം വിനാ ക്ഷേത്ര നിമ്മാണത്തിനു പുറപ്പെടുക! ഭഗവാൻെറ ഗുരുഭൂത നായ കോലാപുരാധീശനായ ആചായ്യൻ തന്നെ താരക ബ്രഹ്മമൂത്തി പ്രതിഷ്ഠക്കു് പ്രാപ്തിയുള്ള മഹാത്മാവാണു്. അങ്ങേക്കു് വേണ്ട സകല ഉപദേശങ്ങളും ശ്രീഭൂതനാഥൻ അരുളിച്ചെയ്തിട്ടുണ്ടല്ലോ! അതുകൊണ്ടു്—ഉടനേ ശി ല്പികളോടും പരിവാരത്തോടും കൂടിപ്പോകുക! എല്ലാം മംഗ ളമായിപ്പരിണമിക്കും ലഘുവായ പൂജാവിധിയേയും കേട്ടു കൊള്ളുക!

*

## ലഘുപൂജാവിധി

ബ്രാഹ്മണർ ദേവദേവനായ ഭൂതേശനെ പാലിനാലും ക്ഷത്രിയൻ നെയ്യിനാലും, വൈശ്യൻ തേനിനാലും ശൂദ്രാ ദികൾ അവരവരനുഭവിക്കുന്ന ഭോജ്യവസ്തുക്കളാലും പൂജി ക്കണം. ഈ കലി കാലത്തിൽ വേണ്ടുന്ന പൂജാവിധിയാ ണിതു്. ദാരിദ്ര്യത്താൽ വലയുന്ന ഒരു ഭക്തനാണെങ്കിലോ അവൻ ഭക്ത്യാദര പുരസ്സരം പത്രപുഷ്പജാലാദികൾ കൊ ണ്ടും ആർദ്രചിത്തത്തോടും ഫലകാംക്ഷകൂടാതെ ഭഗവാനെ പൂജിച്ചാൽ അവൻെറനിർദ്ധനത്വം നീങ്ങി ധനികനായി ത്തീന്നു് ദാനധമ്മാദികൾക്കു അധികാരിയായിത്തീരും. ഭ ക്തിയുള്ളവൻ എങ്ങിനെ പൂജിച്ചാലും ഭഗവാൻ അതെ ല്ലാം സ്വീകരിച്ചു തൃപ്തനായി അവനെ അനുഗ്രഹിക്കും.

പൂജാദ്രവ്യങ്ങളിലല്ല ഭഗവാൻ ശ്രദ്ധിക്കുന്നതു്. പിന്നെ യോ? ഭക്തിയിലാണു്. അഹംകാരത്തോടു കൂടിയ ഒരുവൻ പൂജാസാധനങ്ങൾ എത്രത്തോളം സംഭരിച്ചു പൂജിച്ചാലും അവൻ ഭഗവാന്റെ അനുഗ്രഹത്തിനു് പാത്രമായിത്തീരു കയില്ല. ശരിയായ ഒരു ഭക്തന്റെ കർമ്മങ്ങളൊന്നും കാമ്യാ ൎത്ഥമാകയില്ല. വേറെ ചില ഭക്തന്മാർ ഭക്തിയോടു കൂടി അനവധി സൽക്കർമ്മങ്ങൾ ചെയ്യും. അതു് ഫലകാംക്ഷ യോടു കൂടിയായിരിക്കും. അവന്റെ ആഗ്രഹങ്ങൾ നിറ വേറുന്നതുവരെ ഒരു പക്ഷെ അവൻ സൽകർമ്മങ്ങൾ ചെ യ്യുന്നവരും. എന്നാൽ അങ്ങിനെയുള്ളവൻ സ്വർഗ്ഗാനുഭൂ തി അനുഭവിക്കും. പക്ഷെ മുക്തനായിത്തീരുകയില്ല സ്വ ൎഗ്ഗാനുഭൂതി ശാശ്വതമല്ലെന്നും കൈവല്യപ്രാപ്തിയാണു് ശാ ശ്വതമായിട്ടുള്ളതെന്നും അതുതന്നെയാണു് പരമാനന്ദനി ലയനമെന്നും ഭക്തന്മാരറിഞ്ഞു സേവിക്കേണ്ടതാണു്. അ പ്രകാരം പന്തളേശനെ ഉപദേശിച്ചു് അഗസ്ത്യമാമുനി അ ന്തൎദ്ധാനം ചെയ്തു.

**

### ക്ഷേത്രനിർമ്മാണത്തിനുള്ളയാത്ര

അഗസ്ത്യോപദേശത്തെ സ്വീകരിച്ചു് രാജാവു് ശ്രീ ഭൂതനാഥനെ ഭക്ത്യാദരവോടെ പൂജിച്ചു് ആനന്ദാംബുധി യിലാറാടി ദിവ്യബ്രാഹ്മണരുടെ പാദക്ഷാളനം ചെയ്തു് ആ ദിവ്യതീൎത്ഥത്തെ സ്വീകരിച്ചു് അവൎക്കു് അന്നദാനം വസ്ത്രദാനം, ഗോദാനം, അൎത്ഥദാനം, ഭൂദാനം മുതലായവ യഥാവിധി ചെയ്തു ഭൂതേശഭക്തന്മാരിലത്യുത്തമനായ ആചാ

ൎയ്യപാദങ്ങളേയും വന്ദിച്ചു് ശില്പികളോടും സൈന്യങ്ങളോടും മന്ത്രിമുഖ്യന്മാരോടും ബ്രാഹ്മണപ്രവരന്മാരോടും ആചാൎയ്യനോടുംകൂടി ഇരുമുടിക്കെട്ടുകളുമേന്തി ശ്രീഭൂതനാഥനാമങ്ങളോടെ ഭൂതനാഥന്നു് ക്ഷേത്രനിൎമ്മാണത്തിനായി പുറപ്പെട്ടു. യാത്രാരംഭവേളയിൽ ശുഭശകുനങ്ങളും കണ്ടുകൊണ്ടു്. രാജാവു് സന്തുഷ്ടമാനസനായി നടന്നു. എല്ലാവരും മഹിഷീമാരികാവനത്തിൽ ചെന്നുചേൻ്നു. അവിടെ രാജാജ്ഞയാ ശില്പികൾ ദേശമദ്ധ്യേ വാവൎക്കു് ഒരു ക്ഷേത്രം പണിയിച്ചു് അതിൽ വാപരനെ ചാപബാണ സമേതം പ്രതിഷ്ഠിച്ചു. ആൎത്താതഭക്തന്മാരെ കാത്തുരക്ഷിക്കണമെന്നുള്ള സങ്കല്പത്തോടുകൂടിയാണു് പ്രതിഷ്ഠ നിൎവ്വഹിച്ചതു്. അതിനുശേഷം ക്ഷേത്രത്തിൽ പൂജാദികൎമ്മങ്ങൾക്കുവേണ്ടുന്ന ഏൎപ്പാടുകളും ചെയ്തു് രാജാവു് സൈന്യ സമേതം അലസാ നദിയും കടന്നു് സൎവ്വപാപസംഹാരിയായ പമ്പാനദിയിൽ ചെന്നു സ്നാനാദിനിത്യകൎമ്മങ്ങളും കഴിച്ചു പുണ്യപ്രദീപമായി പ്രശോഭിക്കുന്ന ശബരിപീഠത്തിൽ ചെന്നു് സായംകാലസന്ധ്യയും വന്ദിച്ചു ശബരിയെന്ന പുണ്യവതിയെ ഭക്തിയോടെ ധ്യാനിച്ചു് എല്ലാവരും കൂടി ഭൂതനാഥനെ പുഷ്പഫലാദികൾ കൊണ്ടു് പൂജാദികൎമ്മങ്ങളും നടത്തി ഫലമൂലാദികളും ഭക്ഷിച്ചു് നിദ്രക്കാരംഭിച്ചു.

* * *

## ശ്രീഭൂതനാഥദൎശനവും ക്ഷുരികായുധലാഭവും

എല്ലാവരും നിദ്രാധീനരായെങ്കിലും രാജാവിന്നു് പലവിധ ചിന്തകളാലും, വിശേഷിച്ചു് ക്ഷേത്രകാൎയ്യങ്ങളെ

പ്പററിയുള്ള ചിന്തകളാലും, ഭഗവൽ മാഹാത്മ്യങ്ങളെപ്പററിയോത്തും നിദ്രക്കധീനനാകാതെയിരുന്നു. ആ-സമയം അവിടെ ഒരു പുരുഷൻ വന്നു്-രാജാവിനോട്:—ഭക്തോത്തമനായ നരപതേ! ഞാൻ പൊന്നമ്പലവാസനായ ഭൂതനാഥൻെറ ആജ്ഞയനുസരിച്ചു് വന്ന വാഹരനാണു്. ഭാഗ്യവാരിധിയായ അങ്ങയെ അവിടെ കൊണ്ടു ചെല്ലണമെന്നാണു് അദ്ദേഹം കല്പിച്ചിരിക്കുന്നതു്. അതുകൊണ്ടു് ഇവിടെ കിടക്കുന്നവർ ഉണരുന്നതിനുമുൻപേ നമുക്കു പോയി വരാം. ഭൂതേശൻെറ ചാപബാണങ്ങൾ കാത്തുകിടക്കുന്നഇവക്കു് യാതൊരു കഷ്ടതകളും സംഭവിക്കയില്ല. എന്നു പറഞ്ഞു രാജാവിനെ എഴുന്നേല്പിച്ചു് ഇരുവരുംകൂടി ഭൂതനാഥ സന്നിധിയിലെത്തിച്ചേന്നു.

അത്യുന്നതമായി, നവരത്നനിമ്മിതമായ സ്വവണ്ണ മന്ദിരത്തിൽ ദിവ്യതാപസ ഗണപരിസേവിതനായി ദേവഗന്ധവ്വാദികളാൽ പൂജിതനായി പരിലസിക്കുന്ന ദിവ്യമൂത്തിയുടെ സന്നിധാനത്തിൽ പന്തളരാജാവു് കണ്ട കാഴ്ചകളെപ്പററി വണ്ണിപ്പാനസാദ്ധ്യമാണു്. താപത്രയാദി ദുഃഖങ്ങളില്ലാത്തതായി പ്രശോഭിക്കുന്ന ആ മന്ദിരത്തിനു് നാലുവേദങ്ങളും ആറുശാസ്ത്രങ്ങളും കാത്തുനില്ക്കുന്നതായിട്ടാണു് രാജാവ് കണ്ടതു്. സത്യധമ്മാദികൾ ഗോരൂപമവലംബിച്ചു് ഗോപുരപാലകന്മാരായി കാത്തുനില്ക്കുന്നതും, ബ്രഹ്മചയ്യവ്രതരായ ഭക്തജനങ്ങളും മന്ദിരകവാടത്തിൽ കാത്തുനില്ക്കുന്നതും രാജാവ് കാണുകയുണ്ടായി. ആ ദ്വാരപാലന്മാരുടെ അനുവാദം കൂടാതെ സന്നിധാനത്തിൽ ആക്കും ചെല്ലുവാൻ സാധിക്കയില്ല. ഈ മന്ദിരത്തിൻെറ നാലു പ

റവും നവരത്നഖചിതങ്ങളായ സാലങ്ങൾ അനേകം നില്പു ണ്ടു്. അവ ഭക്തന്മാൎക്കു മാത്രമേ കാണുവാൻകഴികയുള്ളു. അതിന്റെ കിഴക്കഭാഗത്തു കൂടി ചെന്നാൽ ഭൂതനാഥനെ ദൎശനം ചെയ്യാൻ സാധിക്കും. ചിത്തശുദ്ധി, ഈശ്വരവി ശ്വാസം, ക്ഷമ, ഭൂതാനുകമ്പ, മനോധൈൎയ്യം, ഭക്തി, സ ന്തോഷം, ഇന്ദ്രിയനിഗ്രഹം, ബ്രഹ്മചൎയ്യം ഇവയാണു് നവ ധൎമ്മങ്ങളെന്നു പറയുന്നതു്. എന്നാൽ ഇവയുടെ കൂടെ ജ്ഞാനവും ചേരണമെന്നു തത്വജ്ഞാനികൾ വിധിക്കുന്നു ജ്ഞാനവൈരാഗ്യങ്ങൾ ഈ നവധൎമ്മങ്ങളിൽപെട്ടു് നിൽ ക്കുന്നുണ്ടെന്നു് വിശ്വസിക്കണം. ജ്വലിച്ചു നില്ക്കുന്ന അ ഗ്നിപ്രഭപോലെ തേജസ്സോടുകൂടിയതാണു് ആ-സുവൎണ്ണമ ന്ദിരം. അവിടേക്കു് വാപരൻ രാജാവിന്റെ കയ്യും പിടി ച്ചു കൊണ്ടുപോയി ഭൂതേശസന്നിധിയിലാക്കി. അത്യന്തം ശോഭായമാനമായി മനോഹരമായ ആ സിംഹാസനത്തി നു് പതിനെട്ടു് പടികളുള്ളതും രാജാവു് കണ്ടു. ഒരു ച ക്രവൎത്തിയുടെ പ്രതാപത്തിനുതുല്യമായിട്ടാണു് ഭൂതേശൻ ആ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നതു്. ശ്വേ താതപത്രം പ്രശോഭിച്ചു കാണുന്നതിൽ കീഴിലായി സുവ ൎണ്ണദണ്ഡങ്ങളാൽ തേജോമയമായിലസിക്കുന്ന ചാമരങ്ങളും ആലവട്ടങ്ങളും കൊണ്ടു് ദേവകൾ ശുശ്രൂഷാതല്പരരായി ഭ ക്തിപരവശഗാത്രരായി നില്ക്കുന്നതു കാണാം.

ഇങ്ങിനെ ആ ദിവ്യരത്നസിംഹാസനത്തിൽ വാഴുന്ന ഭൂതേശനെ ഭക്തചിത്തനായ രാജാവു് കണ്ടു് അത്യാനന്ദാം ബുധിയിലാറാടി ആ താരകബ്രഹ്മമൂൎത്തിയുടെ പാദപങ്കേ രുഹങ്ങളിൽ സാഷ്ടാംഗം പ്രണാമം ചെയ്തു്-ഭൂതനാഥാഷ്ടാ

ക്ഷരീമന്ത്രം ജപിച്ച് ഭയഭക്തിയോടെ നില്ക്കുന്ന രാജാവ് താരകബ്രഹ്മത്തെത്തന്നെ നോക്കി സ്തുതിച്ചു തുടങ്ങി.

സർവലോകങ്ങൾക്കും നാഥനായി ചേതനാചേതനങ്ങൾക്ക് ആധാരമായി പ്രശോഭിക്കുന്ന താരകബ്രഹ്മമൂർത്തേ! കാണുന്നതും കേൾക്കുന്നതുമെല്ലാം തന്നെ ഭഗവാനാകുന്നു. സർവവും ഭഗവാൻ തന്നെയായിരുന്നിട്ടും ഭഗവന്മായയാൽ പലതായി തോന്നിക്കുന്നു. വിദ്വാന്മാരായ മഹത്തുക്കൾ കൂടി നിസ്സാരങ്ങളായ ലൌകിക വിഷയങ്ങളിൽ പോലും ശാശ്വത ഭാവനയെ അഭിനയിച്ചു കൊണ്ടു് ഉത്സാഹഭരിതരായി വർത്തിക്കുന്നു. ഭഗവൽ കൃപയെന്യേ ചിത്തത്തിന്നു് സത്യാസത്യങ്ങളെ കുറിച്ചുള്ള തിരിച്ചറിവ് ഉണ്ടാകുമോ? ഒരിക്കലുമില്ല. മാതാവിന്നു് കുഞ്ഞിനോടു് സ്നേഹമില്ലാതിരുന്നാൽ അമ്മയുടെ മുല കുടിപ്പാൻ കുഞ്ഞിന് സാധിക്കുമോ? രാജാവ് എത്ര സമർത്ഥനും നീതിജ്ഞനുമാണെങ്കിലും രാജാവിന്ന് ഹിതകാരിയല്ലാത്ത ഒരുവനെ രാജപ്രതിനിധിയാക്കുവാൻ ശ്രമിക്കുമോ? ഭഗവാനേ! ഭഗവന്മായയിൽ മുഴുകാത്തവർ ഈ ത്രിലോകങ്ങളിലാരുണ്ടു്? ഹരിഹരാത്മജനായ ഭൂതേശ! നമസ്കാരം. സർവാന്തര്യാമിയായി എങ്ങും പരിലസിക്കുന്ന ചൈതന്യ മൂർത്തേ! നമസ്കാരം! അജ്ഞാനനാശകനും വിജ്ഞാനദായകനും സർവഗനുമായ നിന്തിരുവടിക്കു നമസ്കാരം! അധർമ്മത്തെ ആട്ടിയകററി ധർമ്മസംസ്ഥാപനം ചെയ്‌വാൻ അവതരിച്ച പരിശുദ്ധാത്മാവും സച്ചിദാനന്ദാത്മകനും മായാമയനുമായ നിന്തിരുവടിക്ക് നമസ്കരം! അഗതിയായ ഇവന്നു് സംസാരമുക്തിയരുളി രക്ഷിക്കാനായിക്കൊണ്ടു് ഇവൻ ഭക്തി പുര

സ്സുരം നമസ്കാരം ചെയ്യുന്നു. അഖിലാണ്ഡകോടി ബ്രഹ്മാണ്ഡനായകനായി മഹിഷീമർദ്ദനനായി ശബരീമോക്ഷതല്ലരനമായി മാതാവും പിതാവും രക്ഷിതാവുമായി നിലകൊള്ളുന്ന നിന്തിരുവടിക്കു് നമസ്കാരം! മൂൎത്തിത്രയങ്ങൾക്കുമാധാരമായി വിളങ്ങുന്ന പ്രണവസ്വരൂപനായിക്കൊണ്ടു് നമസ്കാരം! ഓങ്കാരതത്വപ്പൊരുളായ നിന്തിരുവടിക്കു നമസ്കാരം! നമസ്കാരം!! നമസ്കാരം!!!

ഇങ്ങിനെ പലവിധത്തിൽ വൎണ്ണിച്ചുസ്തുതിച്ചു കൊണ്ടു് നില്ക്കുന്ന രാജാവിനെപ്പിടിച്ചാലിംഗനം ചെയ്തുകൊണ്ടു് ഭൂതനാഥൻ:—അല്ലയോ ഗുണാംബുധേ! ഭവാനു് സൎവ്വമംഗളം ഭവിക്കട്ടെ! ഞാൻ ഭവാൻെറ ഗൃഹത്തിൽ താമസിക്കുമ്പോൾ എൻെറ ഗുരുനാഥൻ — ഭവാൻ സൎവ്വലോകചക്രവർത്തിയായിത്തീരട്ടെ! എന്നു് എനിക്കു് അനുഗ്രഹബുദ്ധ്യാ വരം നൽകുകയുണ്ടായി. ആ — ആചാൎയ്യൻെറ അനുഗ്രഹത്തെ സഫലമാക്കി തീൎക്കുവാൻ വേണ്ടിത്തന്നെയാണു് ഞാൻ ഈ സുവൎണ്ണമന്ദിരത്തിൽ വസിക്കുവാൻ ഒരുങ്ങിയതു്. ഭക്തബന്ധത്തോടെ ചിന്മുദ്രാകാരമായി എന്നെ ചിന്തിക്കുകയാണു് വേണ്ടതു്. മഷിനോട്ടത്തിൽ സമൎത്ഥനായ ഒരാൾ അവിടെ വന്നു് പറയുന്നപോലെ എൻെറ വിഗ്രഹം നിൎമ്മിച്ചു പ്രതിഷ്ഠിക്കുന്നതായാൽ എൻെറ സാന്നിദ്ധ്യം അതിൽ വേണ്ടപോലെ ഉണ്ടായിരിക്കും. പരമാൎത്ഥത്തിൽ ഞാൻ സൎവ്വവ്യാപിയാണെങ്കിലും ലൌകിക നിയമപ്രകാരം പറയുകയാണു ചെയ്തതു്. ഏതേതുമഹത്ജനങ്ങളാണു് തത്വമസ്യാദി മഹാവാക്യങ്ങളെ ചിന്തനം ചെയ്തു വൎത്തിക്കുന്നു അവരുടെ ഹൃദയ സരോജങ്ങളിൽ ഞാൻ എന്നും അധിവസിച്ചു കൊണ്ടിരിക്കുന്നു. എ

ന്നാൽ ഒന്നുകൂടിപ്പറയട്ടെ! ബാഹ്യദൃഷ്ടിക്ക് മനോഹരമായിക്കാണ്മാൻ കഴിയുന്ന ക്ഷേത്രം എൻെറ ശരീരമായും, ക്ഷേത്രാന്തർഭാഗത്തിൽ ഇരിക്കുന്ന വിഗ്രഹം ജീവനായും പ്രാകൃത ജനങ്ങൾക്ക് ബോധമുണ്ടാകുവാനായി മാതൃകാപരമായി പണിചെയ്യിക്കണം. ദേഹദേഹികളടങ്ങിയ ഒരു വ്യക്തിയായിക്കരുതുന്നവർ ബാഹ്യശരീരമാകുന്ന ഒരു വാസഗേഹം എനിക്കായി കൽപ്പിക്കേണ്ടതാണ്. അതിനാൽ പുണ്യാത്മാവായ ഭവാൻ ഒട്ടും താമസിയാതെ ലോകോപകാരത്തിനായി ക്ഷേത്രനിർമ്മാണം നടത്തുക! എൻെറ ഈ ആയുധം (ചുരിക) ഞാൻ ഭവാനു തരുന്നു. അതിനെക്കൊണ്ട് ചില കാര്യസാദ്ധ്യങ്ങളുണ്ടാകും. അതെല്ലാം കഴിഞ്ഞ് അതിനെ ഭക്തിശ്രദ്ധാസമന്വിതം സൂക്ഷിക്കുക! എൻെറ ശരീരാത്ഥമായിട്ടുള്ള വാപരനും ഞാനും ഒന്നെന്നു ചിന്തിച്ചാൽ മതി. മററകാര്യങ്ങൾ എല്ലാം ഞാൻ മുൻപ് പറഞ്ഞിട്ടുള്ളത് ഓർമ്മിക്കുക! എന്നു പറഞ്ഞ് ഭൂതനാഥൻ ചുരികായുധത്തെ രാജാവിനു കൊടുത്ത് യാത്രയാക്കി.

*

വാപരൻെറ സഹായത്തോടുകൂടി രാജാവ് വീണ്ടും യഥാസ്ഥാനത്തെ പ്രാപിച്ചു. ഈ സംഭവങ്ങൾ ആ വാളുമൊഴികെ മററാരുമറിഞ്ഞിട്ടില്ല. ഇങ്ങിനെ അന്നത്തെ രാത്രി കഴിഞ്ഞു പിറേറദിവസം പ്രഭാതത്തിൽ ഭൂസുരമാമുനിമാരോടുംകൂടി രാജാവ് പ്രഭാതവന്ദനം കഴിച്ച് സർവേശ്വരനായ ഭൂതനാഥനെ വിധിയാംവണ്ണം പൂജിച്ചു. അതിനുശേഷം വേദജ്ഞോത്തമന്മാരായ ബ്രാഹ്മണരോടുകൂടി

ആഹാരാദികഠം കഴിച്ച് സംതൃപ്തരായി വിശ്രമിച്ചു. അ
നും ദിനകൃത്യങ്ങഠംക്ക വിഘ്നംവരുത്താതെ സുഖമായി നി
ദ്രക്കാരംഭിച്ചു. രാജാവാകട്ടെ; നിദ്രക്ക് വശഗനാകാതെ
താരകബ്രഹ്മമൂത്തിയെത്തന്നെ ധ്യാനിച്ചുകൊണ്ടിരുന്നു. അ
ങ്ങിനെയിരിക്കമ്പോഠം സ്വഗ്ഗാധിപനായി ബാഹ്യസുഖ
വിഷയാദികളിൽ ലീനനായി ആശക്കും നിരാശക്കും അ
ത്യാശക്കും വശംവദനായി കാമോപഭോഗങ്ങഠംകൊണ്ടും തൃ
പ്തിവരാതെ ചിന്താവശഗനായ ദേവേന്ദ്രന് ചില ദുഷ്ടവി
ചാരങ്ങഠംതോന്നി. ഹാ! ഹാ! ഈപന്തളരാജാവ് സ
ർവ്വേശ്വരനായ താരകബ്രഹ്മമൂത്തിയെ ചിത്തത്തിൽ പ്രതി
ഷ്ഠിച്ച് ഏകാഗ്രമാനസനായി ഭജിച്ചുകൊണ്ടിരിക്കുന്നതാ
യാൽ എനിക്ക സിദ്ധിച്ചിട്ടുള്ള സകല ഐശ്വയ്യങ്ങളും
സ്ഥാനമാനങ്ങളും രാജാവിനായി ഭൂതനാഥൻ നല്കാതിരി
ക്കയില്ല. ഭൂതനാഥൻ ദയാപൂണ്ണനാണ്. അങ്ങിനെ സം
ഭവിച്ചാൽ ഞാൻ സ്വഗ്ഗം വിട്ട് പോകേണ്ടതായിവരും.
എനിക്കണ്ടാകുന്ന സന്താപങ്ങളിൽനിന്നും മോചനം നൽ
കി എന്നെ രക്ഷിക്കുന്ന ത്രിമൂത്തികഠം കൂടിയും രാജാവി
നെ അനുഗ്രഹിച്ച് കൊണ്ടിരിക്കും. അതിനാൽ ഈ സ
മയത്ത് ഞാൻ അടങ്ങിയിരിക്കുന്നതു് ശരിയല്ല മുളയിൽ
തന്നെ കഴുത്തുനുള്ളിയില്ലെങ്കിൽ മേൽ പല നാശങ്ങളും
സംഭവിക്കും. അങ്ങിനെ ചെയ്യില്ലെങ്കിൽ നാളത്തെ ഇ
ന്ദ്രൻ രാജാവായിത്തീരും.

ഇപ്രകാരം ചിന്തിച്ച് ദേവേന്ദ്രൻ രാജാവിനോട്ട്
അധമ്മമായി യുദ്ധം ചെയ്യുന്നതിനും യുദ്ധത്തിൽ വധിക്കു
ന്നതിനും തീച്ചപ്പെടുത്തിവജ്രായുധവുമെടുത്തു ഒരു കാട്ടാള

ന്റെ വേഷത്തിൽ ആ—രാത്രിതന്നെ രാജാവിന്റെ വാസസ്ഥാനം പ്രാപിച്ചു് രാജാവിനെ നോക്കി.

* * *

ദേവേന്ദ്രനും രാജാവും തമ്മിലുള്ള യുദ്ധം

അരേ! നരാധമ! ഈ മഹാരണ്യത്തിന്നധിപതിയായ എന്നെ അഗണ്യകോടിയിൽതള്ളി എത്രയുംതുച്ഛമായസൈന്യങ്ങളോടുംകൂടി ഈവനാന്തരത്തിൽ വന്നുചേർന്നിട്ടുള്ള നീ ആരാണു്? എന്റെ രാജ്യലക്ഷ്മി വിളയാടിക്കൊണ്ടിരിക്കുന്നതും മാഹാത്മ്യമരുളുന്നതുമായ ഈ അരണ്യപ്രദേശത്തുനിന്നും കല്ലും മരങ്ങളും വെട്ടിയെടുക്കാൻ നിനക്കു് അധികാരം തന്നതു് ആരാണു്? ആരായാലും—അവരെയെല്ലാം ഇപ്പോൾ തന്നെ ഞാൻ നശിപ്പിച്ചു കളയും. അതിനാൽ ജീവനിൽ കൊതിയുണ്ടെങ്കിൽ വേഗം എല്ലാവരും ഇവിടെനിന്നും പൊയ്ക്കൊള്ളണം. അറിവില്ലാതെ ചെയ്ത തെററിന്നു് ഞാൻ മാപ്പു തന്നിരിക്കുന്നു. ശാന്തശീലനും തത്വജ്ഞനുമായ രാജാവു് കാട്ടാളന്റെ ക്രൂരവാക്യങ്ങൾ കേട്ടു് കോപാക്രാന്തനായി:—എടാ! ദുഷ്ടാ! നിന്നെ ഞാൻ ഇപ്പോൾ തന്നെ കൊന്നുകളയും. മദോന്മത്തനായിട്ടാണു് നീ പറയുന്നതെങ്കിൽ നിനക്കു ഞാൻ അഭയം തരുന്നുണ്ടു്. എന്നു രാജാവു് പറഞ്ഞതുകേട്ടു്:—കാട്ടാളൻ രാജാവിനോടു് യുദ്ധത്തിനടുത്തു. രാജാവു് കാട്ടാളന്റെ മേൽ ശരവർഷം ചെയ്തു. അവയെല്ലാം വജ്രായുധത്താൽ കാട്ടാളൻ തടുത്തു. രാജാവിന്റെ നേക്കു് വജ്രായുധമയപ്പാൻ ഭാവിച്ചപ്പോൾ, വജ്രായുധത്തെ തടുക്കാൻ രാജാവിനാൽ

സാദ്ധ്യമല്ലെന്നു കണ്ടു്- ഭൂതേശാനുഗ്രഹത്തോടുകൂടി സിദ്ധി
ച്ച ക്ഷുരികായുധത്തെ രാജാവു് ദേവേന്ദ്രൻെറ നേക്കയച്ചു.
കത്തുന്ന തീ പോലെ ദേവേന്ദ്രൻെറ നേക്കു പാഞ്ഞുചെല്ലു
ന്ന ക്ഷുരികായുധത്തെക്കണ്ടു്—അത്ഭുതപ്പെട്ടുക മാത്രമല്ല
ഭയവിഹ്വലനായി സുരേന്ദ്രൻ അവിടെനിന്നും ഓടി. പി
ന്നാലെ ക്ഷുരികായുധവും പാഞ്ഞുതുടങ്ങി. എവിടെപോ
യി ആരെ അഭയം പ്രാപിക്കണമെന്നറിയാതെ ദേവേന്ദ്രൻ
പരിഭ്രമിക്കയും വ്യസനിക്കയും ചെയ്തു. ഗത്യന്തരമില്ലാ
തെ ഓടിക്കിതച്ചു് പൊന്നമ്പലവാസനായ ശ്രീഭൂതനാഥ
നെത്തന്നെ അഭയം പ്രാപിച്ചു് പാദപത്മങ്ങളിൽവീണു്
അപേക്ഷിച്ചു. അതുവരെ പാഞ്ഞുകൊണ്ടിരുന്ന ക്ഷുരി
കായുധം മറവിലൊരിടത്തു് ഒതുങ്ങിനോക്കിക്കൊണ്ടുനിന്നു
ഭൂതനാഥൻ ദേവേന്ദ്രൻെറ ദുരവസ്ഥയെക്കണ്ടു്- മന്ദഹാ
സത്തോടെ ദേവേന്ദ്രനോടു്:—

വജ്രപാണേ! ഞാൻ രാജാവിനു് കൊടുത്തതാണു്
ആ ക്ഷുരികായുധം. രാജാവു് സതചിത്തനും ബ്രഹ്മ
ജ്ഞനുമാണു്. അധമ്മമെന്തെന്നറിയാത്ത ധമ്മിഷ്ഠനുംസ
ത്യസന്ധനും സംസാരബന്ധമൊഴിഞ്ഞവനുമാണു്. പ്രാ
കൃതലോകത്തിൽ പ്രാകൃതന്മാക്കു് കഴിയുന്ന സൽബോധമുള്ള
വാകുവാനുള്ള ആദശ്ശത്തെ മുൻനിത്തി കമ്മംചെയ്യുന്നവനു
മാണു്. വാസ്തവത്തിൽ രാജാവും ഞാനും ഇന്നു് രണ്ടല്ല.
ലോകാനുഗ്രഹത്തിനായി പഴയനിലയിൽവത്തിച്ചുകൊണ്ടു്
ഇനിയും ചിലകമ്മങ്ങൾക്കൊന്നും ശത്രുഭയം വന്നുചേരാതി
രിപ്പാൻക്ഷുരികായുധംഞാൻ രാജാവിനു കൊടുത്തതാണു്.
എനിക്കിനി അതിനെസംബന്ധിച്ചു് യാതൊരവകാശവുമി

ല്ല. അതുകൊണ്ടു് ഭവാന്നു് അഭയം വേണമെന്നാഗ്രഹമു ണ്ടെങ്കിൽ തൽക്ഷണം രാജാവിനെ ചെന്നു വന്ദിച്ചാലും! ഭവാൻെറ സ്വർഗ്ഗവും സ്വർഗ്ഗലോകഭോഗാദിസൌഖ്യങ്ങളും രാജാവിനു് കാററിൽ പാറിക്കൊണ്ടിരിക്കുന്ന പഞ്ഞിക്കു തുല്യമാണു്. അത്ര നിസ്സാരമാണു്. ഭവാൻ കാമഭോഗാ ദിസുഖങ്ങളിലും നാനാവിധ വികാരവിചാരങ്ങളിലും ലീന നായി വർത്തിക്കുന്നുവെങ്കിൽ—രാജാവു് ആനന്ദസാഗരത്തി ലാറാടി ആനന്ദാമൃതമാസ്വദിച്ചു അചഞ്ചല പ്രാഭവത്തോ ടെ വർത്തിക്കുന്നു. അതിനാൽ കൃപാവാരിധിയായ രാജാ വിനെ ചെന്നുകണ്ടു് അഭയത്തിന്നു് അപേക്ഷിച്ചാലും.

ഭൂതനാഥൻെറ ഉപദേശപ്രകാരം ഇന്ദ്രൻ വീണ്ടും അ വിടെനിന്നുംഓടി പന്തളരാജൻെറ സമീപമെത്തി അദ്ദേ ഹത്തിൻെറ പാദാന്തികത്തിൽ വീണു അഭയം തരുവാന ഭ്യർത്ഥിച്ചു.

* * *

പന്തളരാജാവു് ഇന്ദ്രനു് അഭയം കൊടുക്കുന്നതു്

ശാന്തനും, ഗംഭീരനും, വിക്രമനും സർവ്വവുമൊന്നായി ക്കാണുന്നവനും നിർമ്മത്സരചിത്തനുമായ രാജാവു ക്ഷണ ത്തിൽ ഇന്ദ്രനു് അഭയംകൊടുത്തു. ക്ഷുരികായുധവും അ തോടെ രാജാവിൻെറ കൈവശം വന്നുചേന്നു.

പറഞ്ഞുതീർപ്പാൻ സാദ്ധ്യമാകാത്ത അപമാനത്തെ ചുമന്നുകൊണ്ടു് ദേവേന്ദ്രൻ രാജാവിനോടു്:—മഹാനുഭാവ നായ രാജശിഖാമണെ! ഞാൻ സ്വർല്ലോകാധിപനായ ഇ ന്ദ്രനാണു്. ഭവാൻെറ വീര്യശൌര്യാദികളെയും ഭൂതേശ

കാരുണ്യത്താൽ അങ്ങയ്ക്കു് സിദ്ധിച്ച വിശേഷാന്തരങ്ങളാ യ പ്രാഭവ വിശേഷങ്ങളേയും പരീക്ഷിക്കുന്നതിനായിട്ടാ ണു് ഞാൻ കാട്ടാളവേഷമെടുത്തു് വന്നു് ഭവാനോടു് യുദ്ധ ത്തിനു് നേരിട്ടതു്. എന്നു പറഞ്ഞയുടനെ രാജാവു് ദേ വേന്ദ്രനെ വന്ദിച്ചുകൊണ്ടു പറഞ്ഞു.

അമാനുഷനും മഹൽപുരുഷനുമായ ഭവാൻ അല്പന്മാ രും നിസ്സാരന്മാരുമായി ജീവിക്കുന്ന മനുഷ്യരോടു് ഇങ്ങി നെയൊക്കെ തുടങ്ങുന്നതു് വളരെ സാഹസമാണു് എന്നു പറയുന്നതു് ഒരിക്കലും തെററായിവരുകയില്ല. അങ്ങ് എന്തുചെയ്താലും തെററാണെന്നുകല്പിക്കുവാൻ സവ്വേശ്വര നുമാത്രമേ അധികാരമുള്ളു. അതിനാൽ ഭവാനിപ്പോഴും എന്നോടു പരാജയപ്പെട്ടു എന്നു് ആക്ഷേപംതന്നെ പറയുവാ നും ഭവാനുതന്നെ ചിന്തിപ്പാനും യാതൊരവകാശവുമില്ല. ഇങ്ങിനെ നിരഹങ്കാരനായ രാജാവു് പറഞ്ഞതുകേട്ടു് ല ജ്ജയും, വിനയവുംകലന്നമട്ടിൽ ഇന്ദ്രൻ:—രാജമൌലേ! സ ൎവ്വവും മംഗളമായിത്തീരട്ടെ! ശ്രീഭൂതനാഥനു് തീൎക്കുവാൻ ഉദ്ദേശിക്കുന്ന ആലയം തച്ചുശാസ്ത്രവിദഗ്ദ്ധനായ വിശ്വക ൎമ്മാവു് ഭംഗിയാക്കിത്തരുന്നതിനു് ഇവിടെ വരുന്നതാണു്. സാധാരണശില്പിയേപ്പോലെ വിശ്വകൎമ്മാവും വേണ്ടുന്ന തൊക്കെ ചെയ്യുന്നതുമാണു്. എന്നുപറഞ്ഞു ദേവേന്ദ്രൻ യാത്രയായി.

**

ക്ഷേത്രനിൎമ്മാണം

ഇത്രയൊക്കെകഴിഞ്ഞതോടുകൂടി സൂൎയ്യഭഗവാൻ ശ്രീ ഭൂതനാഥന്റെ ക്ഷേത്രനിൎമ്മാണം കാണുന്നതിനായിട്ടെന്ന

പോലെ കിഴക്കുഭാഗത്തുനിന്നു് ഉയൻനോക്കുവാൻതുടങ്ങി. അന്നത്തെ ദിനം സുദിനമാണെന്നു തോന്നിക്കുന്നമട്ടിൽ-വനവാസികളായ മാൻ, മ്ലാവു്, മുയൽ മുതലായ സാധുമൃഗങ്ങൾ അങ്ങിങ്ങായിനിന്നു് ശംഖനാദം മുഴക്കുന്നപോലെ ശബ്ദിച്ചുകൊണ്ടിരുന്നു. മന്ദമാരുതനും സാവധാനം വീശിക്കൊണ്ടിരുന്നു ഖഗവൃന്ദം ശ്രീഭൂതനാഥനെ സ്തുതിക്കുകയാണോ എന്നുതോന്നുമാറു് ചിലച്ചുകൊണ്ടിരുന്നു. താപസവൃന്ദം ജലാശയങ്ങളിൽനിന്നു് ഭക്തചിത്തരായി വേദധ്വനികൾ മുഴക്കിക്കൊണ്ടിരുന്നു. ഇരുളടഞ്ഞു് തമോമയമായിരുന്ന ഭൂതലമാകെ സൂര്യപ്രഭയാൽ പ്രകാശിച്ചുതുടങ്ങി. ഇങ്ങിനെയുള്ള സുമംഗളവേളയിൽ രാജാവു് ആചാര്യനോടും, വേദജ്ഞരായ ഭൂസുരന്മാരോടുംകൂടി സ്നാനാദിനിത്യകർമ്മങ്ങളുംകഴിച്ചു് ആനന്ദചിത്തരായി ക്ഷേത്രപ്രതിഷ്ഠക്കായി പുറപ്പെട്ടു. ആചാര്യൻ സന്മുഹൂർത്തം നോക്കിയറിഞ്ഞു. ഒട്ടധികം ഉത്തമബ്രാഹ്മണർക്കു് ഇഷ്ടദാനങ്ങളെ ചെയ്തു. അവർ മംഗളാരവം മുഴക്കി. ആകാശത്തിൽനിന്നു് ദേവവൃന്ദം പുഷ്പവർഷംതുടങ്ങി.

ശില്പവേലക്കാരും വന്നുനിരന്നു. മററാക്കും കണ്ടുതിരിച്ചറിവാൻ കഴിയാത്ത ഒരു പുതുശില്പിയെ ആചാര്യൻ കണ്ടു് രാജാവിനു് കാണിച്ചുകൊടുത്തു. അതു് ദേവശില്പിയായ വിശ്വകർമ്മാവായിരുന്നു. ദേവശില്പിയാണെന്നറിഞ്ഞയുടനേ രാജാവു് ശില്പിയെ യഥോചിതം ആദരിച്ചു ഉടനേ ശരം കുത്തി നിൽക്കുന്നതിനു് സമീപമായി വിശ്വകർമ്മാവു് ക്ഷേത്രത്തിനുള്ള സ്ഥാനം നിശ്ചയിച്ചു അതിനോടു ചേൻ്ന്നു് രാജാവു് ക്ഷുരികായുധത്തേയും ഭദ്രമായി സ്ഥാപിച്ചു.

## ഭാര്ഗ്ഗവരാമന്റെ ആഗമനവും മഷിനോട്ടവും

കേരളക്ഷേത്ര പ്രതിഷ്ഠകനായ പരശുരാമനും ഒരു മഷിനോട്ടക്കാരന്റെ വേഷത്തിൽ തൽസമയം അവിടെയെത്തി. അഗസ്ത്യമഹർഷിയുമുണ്ടായിരുന്നു. മഷിനോട്ടക്കാരനെ ആചാര്യനും അഗസ്ത്യമഹർഷിയും കൂടി രാജാവിനു് പരിചയപ്പെടുത്തി രാജാവു് പരശുരാമനെ ഭക്ത്യാദരവോടെ വന്ദിച്ചു് സ്തുതിച്ചു. അനന്തരം ഭൂതനാഥവിഗ്രഹം പ്രതിഷ്ഠിക്കേണ്ടതായ സ്ഥലം മഷിയിൽ നോക്കി കാണിച്ചുകൊടുത്തു. ആസ്ഥലത്തു് അല്പം കീഴ്പോട്ടു നോക്കിയപ്പോൾ അനേകം ക്ഷുരികകൾ; കണക്കില്ലാത്ത ചാപബാണങ്ങൾ;ക്ഷേത്രം കത്തി നശിച്ചതിന്റെ അവശിഷ്ടങ്ങൾ മുതലായവ ധാരാളം കാണുവാൻ ഇടയായി. കീഴോട്ടു് നോക്കുന്തോറും ഭൂതനാഥ സ്മരണയെ വളർത്തുന്ന അനേകം പ്രാചീന വസ്തുക്കളും കണ്ടുകൊണ്ടിരുന്നു. ഈ അത്ഭുതകരമായ കാഴ്ചകൾ കണ്ടു് രാജാവു് ഇതിനുള്ള കാരണമെന്തെന്നു് പരശുരാമനോടു് ചോദിച്ചു. അപ്പോൾപരശുരാമൻ താരകബ്രഹ്മമൂർത്തിയായഭൂതനാഥന്റെ അവതാരം ഓരോ ചതുര്യുഗം കൂടുമ്പോഴും ഉണ്ടാകുന്നതാണു്. അതിന്റെ തെളിവുകളാണു് ഈ കണ്ടതെല്ലാമെന്നു രാജാവിനേ അറിയിച്ചു. രാജാവു് ആനന്ദാശ്രുക്കളാൽ ഭൂതനാഥനെ സ്തുതിച്ചു.

* * *

## ക്ഷേത്രസ്ഥാനനിർണ്ണയം

രാജാവു് ക്ഷുരികായുധം സ്ഥാപിച്ചതിനുമേൽ ഭാഗ

ത്തായി ക്ഷേത്രസ്ഥാപനകർമ്മം നിർവഹിച്ചു. തദനന്തരം ശുഭാശുഭങ്ങളറിവാൻ ആചാര്യൻ ഒരു പുഷ്പമിട്ട് ലക്ഷണം നോക്കിയപ്പോൾ അഗ്നികോണിലേക്കാണ് പുഷ്പം തിരിഞ്ഞുവീണതു്. മന്ത്രേശ്വര മുഖനായി രാജാവിനോടു്:—ഈ ക്ഷേത്രത്തിന് എപ്പോഴെന്നു നിശ്ചയിച്ചുകൂടാ അഗ്നിബാധയുണ്ടാകുമെന്ന് പറഞ്ഞു. എന്നാൽ അതിനുള്ള നിവൃത്തി മാർഗ്ഗമെന്തെന്നു ചിന്തിച്ചു കൊണ്ടിരുന്നപ്പോൾ ഒരശരീരിയുണ്ടായി.

*

### അശരീരിവാക്യം

ഈ കലികാലത്തിൽ അധർമ്മംവർദ്ധിച്ച് പലപ്പോഴായി ബാധിക്കുന്ന അശുദ്ധിയെ അകററിക്കളയുവാൻ അഗ്നിബാധ അത്യാവശ്യമാണ്. അതുകൊണ്ടു് അതിന്നു നിവൃത്തിമാർഗ്ഗംകാണുവാൻ നോക്കേണ്ടതില്ല. ആക്ഷം അതിനെപ്പററി വ്യസനവും നിരാശയുംവേണ്ട. ഇത്രയുംകേട്ടപ്പോൾ രാജാവു് സമാധാനചിത്തനായി ക്ഷേത്രംപണിയുന്നതിനു കല്പനകൊടുത്തു.

വൃശ്ചികമാസം ഒന്നാംതിയ്യതി ക്ഷേത്രത്തിൻെറ ശിലാസ്ഥാപനകർമ്മം നടത്തി. അതിനുശേഷം ചതുരാകൃതിയിൽ മണ്ണുകൊണ്ടു് പടുത്തുയർത്തി അതിൻെറ മദ്ധ്യത്തിലായിക്ഷ.രികായുധംസ്ഥാപിച്ചതിൻെറമേൽഭാഗത്തു ക്ഷേത്രം പണികഴിപ്പിച്ചു. പതിനെട്ടുപടികൾ കേറിച്ചെല്ലുമ്പോൾ സ്വാമിയെ ദർശിപ്പാൻ തക്കവിധത്തിലാണു് ക്ഷേത്രം നിർമ്മിച്ചിട്ടുള്ളതു്. ക്ഷേത്രത്തിൻെറ ഇടത്തുഭാഗത്തായി മാളികപ്പുറത്തമ്മക്കും, അതിനടുത്തായി കടുരവന്നും

കാരോക്ഷേത്രങ്ങളും പണിയിച്ചു. ഇവയ്ക്കു പുറമേ രാജാവിന്നും, താപസബ്രാഹ്മണാദികൾക്കും താമസിക്കുന്നതിനുള്ള സ്ഥാനവും അവിടെ അടുത്തായിത്തന്നെ നിർമ്മിച്ചു.

* * *

KOTTAYAM PUBLIC LIBRARY

## വിഗ്രഹനിർമ്മാണവും പ്രതിഷ്ഠയും

പ്രതിഷ്ഠചെയ്യാനുള്ള വിഗ്രഹം ഏതുപ്രകാരം വേണമെന്ന് രാജാവ് ഭാർഗ്ഗവരാമനോടു ചോദിച്ചപ്പോൾ അദ്ദേഹം ഭഗവാന്റെ പ്രാചീനവിഗ്രഹങ്ങളെമഷിനോട്ടത്തിൽ കണ്ടറിഞ്ഞു. ചിന്മുദ്രയോടുകൂടി ഭട്ടബന്ധംചെയ്ത് കാൽമുട്ടിൽ കരപങ്കജം വച്ചുകൊണ്ടിരിക്കുന്ന ആകൃതിയിലാണു കണ്ടതു്. അതുപ്രകാരം വിശ്വകർമ്മാവ് വിഗ്രഹം നിർമ്മിച്ചു. അപ്രകാരം മഞ്ചമാതാവിന്റേയും, കടുരവന്റേയും വിഗ്രഹങ്ങളുംനിർമ്മിച്ചു.

അഗസ്ത്യനേയും ആചാര്യനേയും സാക്ഷിയാക്കി ശ്രീപരശുരാമൻ ഭൂതനാഥനെ പ്രതിഷ്ഠിച്ചു. അതുപോലെ തന്നെ ആചാര്യൻ ഭാർഗ്ഗവരാമനേയും, അഗസ്ത്യനേയും സാക്ഷിയാക്കി മഞ്ചമാതാവിനേയും, പരശുരാമനേയും ആചാര്യനേയും സാക്ഷിയാക്കി അഗസ്ത്യൻ കടുരവനേയും പ്രതിഷ്ഠിച്ചു.

പ്രതിഷ്ഠാവേളയിൽ വേദശാസ്ത്രപടുക്കളായ ബ്രാഹ്മണർ വേദങ്ങളുൽഘോഷിച്ചു. ദേവാദികൾ ദുന്ദുഭിനാദത്താലും, പുഷ്പവൃഷ്ടിയാലും, നൃത്തഗീതാദികളാലും ദേവദേവനായ ശ്രീഭൂതനാഥനെ സ്തുതിച്ചു. രാജാവ് ബ്രാഹ്മണാദികൾക്കും, സാധുക്കൾക്കും യഥാവിധി ദാനധർമ്മങ്ങൾചെയ്തു

സന്തുഷ്ടനായി സ്വാമിയെ സ്തുതിച്ചു. അനന്തരം പരശു രാമൻ രാജാവിനോട്:—

ഇന്നുമുതൽ (മകരം ഒന്നാംതിയ്യതിമുതൽ) ഏഴുദിവസത്തെ മഹോത്സവം അതിഃകമമായി നടത്തണം. സാധുക്കൾക്ക് അന്നദാനവും യഥാവിധി നടത്തണം. ഭൂതങ്ങളെ തൃപ്തിപ്പെടുത്താൻ ഭൂതബലിയും ചെയ്തുകൊള്ളണം. ഇപ്രകാരം കൊല്ലംതോറും ചെയ്യേണ്ടതാണ്. ഇതിന്നും പുറമേ; എല്ലാമാസങ്ങളിലും സംക്രമം മുതൽ ഏഴുദിവസം പൂജാദി നിത്യ ചടങ്ങുകളും ചെയ്യണം. കൂടാതെ പൂജാവിധികളെപ്പററിയും പരശുരാമൻ രാജാവിനെ ധരിപ്പിച്ചു. പരശുരാമൻെറ നിദ്ദേശപ്രകാരം സകലകമ്മങ്ങളും നടത്തുവാൻ വേണ്ട ഏപ്പാടുകൾ ചെയ്തു.

നിത്യവും വിളക്കു വയ്ക്കുന്നതിന് ഇവിടെ രണ്ടു ഭൂതങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. സ്വാമി ഭക്തന്മാർ ഇവിടെ വന്ന് ഭജിച്ച് പോകേണ്ട സമ്പ്രദായങ്ങളെല്ലാം സ്വാമിതന്നെ ഭവാനോട് പറഞ്ഞിട്ടുള്ളതാണ്. സച്ചിന്മയനായ സ്വാമിയുടെ ഉപദേശങ്ങളെല്ലാം അനുസരിക്കുന്നതായാൽ സകല ആഗ്രഹങ്ങളും സാധിച്ച് സംസാര മുക്തിയും ബ്രഹ്മസായൂജ്യവും അങ്ങയ്ക്കു സിദ്ധിക്കുന്നതാണ് അങ്ങേക്ക് സവ്വവിധ മംഗളങ്ങളുമുണ്ടാകട്ടെ! എന്നു പറഞ്ഞ് ആശീർവദിച്ചു പരശുരാമൻ അന്തർദ്ധാനം ചെയ്തു.

അനന്തരം അഗസ്ത്യമഹർഷി സഹസ്രനാമം ഉരുക്കഴിച്ച് പുഷ്പാച്ചനകൾ ചെയ്തു സ്വാമിയെ പ്രസാദിപ്പിച്ച് രാജാവിനു വേണ്ട അനുഗ്രഹങ്ങളേയും കൊടുത്ത് ആ മുനി

പുംഗവനും യാത്രയായി. രാജാവു് ആചാര്യനോടുംകൂടി ശ്രീഭൂതനാഥനെ ഭജിച്ചു് കുറച്ചുകാലം അവിടെത്തന്നെ വസിച്ചു. പതിവായി രാജാവു് ഭസ്മക്കുളത്തിൽ സ്നാനം ചെയ്തു് ഉത്തമമായ പമ്പാതീർത്ഥവും കുംഭദളതീർത്ഥവും കൊണ്ടു സ്വാമിക്കു് അഭിഷേകംചെയ്തും അർച്ചനാദികഠം ചെയ്തും ആനന്ദിച്ചു കൊണ്ടിരുന്നു.

ഇങ്ങിനെ രാജാവു് അവിടെ വസിക്കുന്ന സന്ദർഭത്തിൽ ഒരശരീരിയുണ്ടായി. ഹേ! പുണ്യാത്മാവേ! ഇനിഭവാനു് അവിദ്യാസ്വരൂപിണിയായ മായയുടെ ബന്ധമുണ്ടാകയില്ല. സർവ്വദാ സംതൃപ്തനായി ഭവിച്ചാലും! ഭവാൻെറ വംശജന്മാരായ രാജാക്കന്മാരെല്ലാവരും എൻെറഅംശജാതന്മാരായിരിക്കുമെന്നു് മുൻപുതന്നെ ഭവാനോടു പറഞ്ഞിട്ടുള്ളതാണു്. അവർ വിദ്വാന്മാരായും തത്വചിന്തകന്മാരായും പരിശുദ്ധഹൃദയന്മാരുമായി ഭവിക്കും. അവരെ എന്നെ പൂജിക്കുന്നതുപോലെ പൂജിച്ചാദരിച്ചാൽ ആ ഭക്തൻ ഭക്തോത്തമനായിത്തീരും. ഭക്തന്മാരുടെ പ്രീതിക്കു വേണ്ടി എൻെറ വിഗ്രഹം സുവർണ്ണമാല്യാദികളാലലംകരിക്കണം. ഭക്തചിത്തത്തെ കുളിപ്പിക്കുന്നതിനു വേണ്ടിയാണു് അങ്ങിനെ ചെയ്യണമെന്നു പറയുന്നതു്. അതുപോലെ ചിദ്രൂപിണിയാകുന്ന മഞ്ചമാതാവിനേയും അലങ്കരിച്ചു പൂജാദികർമ്മങ്ങഠം ചെയ്യണം. ഭവാൻ എന്നെ പൂജിച്ചു് ഭജിക്കുന്നതുപോലെ ആചാര്യനേയും പൂജിച്ചുകൊള്ളണം. ഭവാനു് സർവ്വദാ സർവ്വത്ര മംഗളമുണ്ടാകും.

ഇപ്രകാരമുള്ള അശരീരിവാക്യംകേട്ടു് ആ രാജാവു് മതിമറന്നു് ഭവാനെത്തന്നെ നിശ്ചലചിത്തനായി ഭജിച്ചു

കൊണ്ടിരുന്നു. കുറച്ചു ദിവസങ്ങൾക്കുശേഷം ആചാര്യനോടു്:—ഗുരോ! ഇവൻ ഇനി എന്താണു് ചെയ്യേണ്ടതു് ഗുരുവാക്യശ്രവണത്താൽ ബ്രഹ്മസാക്ഷാൽക്കാരത്തെ സമീക്ഷണംചെയ്തു ആത്മാവിനെ അറിഞ്ഞും അതിൽ രമിച്ചും കൊണ്ടു് ജീവസന്ധാരണം ചെയ്യുന്ന ഇവനു് ഇപ്പോൾ യാതൊരു ദുഃഖവുമില്ല മററു ചിന്തകളുമില്ലാതായി. ഭവാന്റെ അനുഗ്രഹം ലഭിക്കണമെന്നുള്ള ആഗ്രഹം മാത്രം നിലനില്ക്കുന്നു. രാജാവിന്റെ ആഗ്രഹമറിഞ്ഞു് ആചാര്യൻ അനന്തരകാര്യങ്ങളെപ്പററിച്ചിന്തിച്ചുകൊണ്ടു് രാജാവിനോടു്:—നമ്മൾ ഇവിടെ വന്നിട്ടു് വളരെ നാളുകൾ കഴിഞ്ഞു. നമ്മുടെകൂടെ വന്നിട്ടുള്ളവർ കുടുംബാംഗങ്ങളെപ്പിരിഞ്ഞും മററു വിധത്തിലും എത്രത്തോളം ക്ലേശിക്കുന്നുണ്ടാവും? അതുകൊണ്ടു ഇനി താമസിക്കുന്നതു് ശരിയല്ല. ഉടൻ പുറപ്പെടണം അവരെ കൂടുതൽ ക്ലേശിപ്പിക്കുന്നതു് സ്വാമിക്കു ഇഷ്ടപ്പെടുകയില്ല. അതുകൊണ്ടു് കഴിയുന്നതും വേഗം യാത്രക്കു തയ്യാറാകണം. നാം ഇങ്ങോട്ടു പോന്നതു് അലസാനദി കടന്നാണു്. അങ്ങോട്ടു് പമ്പാനദി കടന്നു് പോകാം. അങ്ങിനെ പോയാൽ വഴിയും കുറഞ്ഞുകിട്ടും എന്നു പറഞ്ഞു.

* * *

### രാജാവു് പരിവാരസമേതം പന്തളത്തേക്കു് പുറപ്പെടുന്നതു്.

ഗുരുവിന്റെ ആജ്ഞയെ സ്വീകരിച്ചു് രാജാവു് ശ്രീഭൂതനാഥനെ നമസ്കരിച്ചു് ഗുരുവിനോടും മന്ത്രിമുഖ്യന്മാ

രോടും മററു പരിവാരങ്ങളോടും കൂടി എഴുപ്പമാർഗ്ഗത്തിൽ കൂടി പുറപ്പെട്ടു് പന്തളരാജധാനിയിൽ എത്തിച്ചേൎന്നു രാജാവും പരിവാരങ്ങളും വന്നതുകണ്ടു് പൌരാവലി ആഘോഷപൂൎവ്വം എതിരേററു. രാജാവു് കൊട്ടാരത്തിൽ പ്രവേശിച്ചു് ഭാൎയ്യയേയും കണ്ടു് കുശലങ്ങൾ പറഞ്ഞു് കൃതൃബോധത്തോടെ ബ്രാഹ്മണൎക്കു് വേണ്ടപോലെ ദാനധൎമ്മാദികൾചെയ്തു് അവരെ സന്തോഷിപ്പിച്ചു യാത്രയാക്കി. ശില്പികളേയും, സൈന്യങ്ങളേയും അപ്രകാരം സന്തോഷപ്പെടുത്തി അയച്ചു. അനന്തരം ആചാൎയ്യൻെറ നിയോഗപ്രകാരം പുത്രനെ രാജ്യാഭിഷേകംചെയ്തു് രാജാവാക്കി സിംഹാസനത്തിലിരുത്തി. സത്യധൎമ്മാദികളനുസരിച്ചു് പ്രജകളെ രക്ഷിച്ചു് അമ്മയേയും വേണ്ടുംവിധം ഹിതമറിഞ്ഞു ശുശ്രൂഷിച്ചു് ബ്രാഹ്മണരെപൂജിച്ചും, ദാനധൎമ്മാദികൾ നല്കിയും, അവരുടെ അനുഗ്രഹാശിസ്സുകൾക്കു പാത്രീഭൂതനായി വസിക്കുക! വേദശാസ്ത്രങ്ങളെ ആദരിച്ചു് സാധുസേവ, ഭൂതാനുകമ്പ മുതലായ സദ്വൃത്തികളിൽതല്പരനായി "ജീവകാരുണ്യം" എന്ന പഞ്ചാക്ഷരത്തെ സൎവ്വഥാ ആദരിച്ചു പൂജ്യനായിത്തീരുക! ഇങ്ങിനെ ഓരോ ഉപദേശങ്ങൾ മകനുകൊടുത്തു് അനുഗ്രഹിച്ചു് രാജാവു് ആചാൎയ്യനോടു കൂടി പമ്പാനദീതടം തപോവനമാക്കി തപസ്സുചെയ്തു ബ്രഹ്മാനന്ദത്തിൽ ലയിച്ചു. ഓം ശ്രീഭൂതനാഥപരമാത്മനേ നമഃ

*

### ശ്രീഭൂതനാഥഭജനമാഹാത്മ്യം

അഖിലാണ്ഡകോടി ബ്രഹ്മാണ്ഡ നായകനായി ശബരിഗിരിയിൽ അധിവസിക്കുന്ന ശ്രീഭൂതനാഥസ്വാമി

യെ ഭക്തിയോടു കൂടി ചെന്നു കണ്ടു് വന്ദിച്ചു പോരുന്നവർ ഭാഗ്യവാന്മാരും പുണ്യാത്മാക്കളുമാണെന്നും അങ്ങിനെ ചെയ്യാത്തവർ നിർഭാഗ്യവാന്മാരും പാപാത്മാക്കളുമാണെന്നും വിജ്ഞാനികൾ പ്രവചിക്കുന്നതു കേൾക്കാം. ഏതായാലും സംസാര സമുദ്രത്തിൽ കിടന്നു വലയുന്നവർക്കു് ഈ യാത്രയും ഭജനവും ദർശനവും ഏററവും ആനന്ദത്തേയും സമാധാനത്തേയും ഭക്തിയേയും വളർത്തുന്ന കൂട്ടുകാരായിത്തീരുമെന്നുള്ളതിനു് രണ്ടുപക്ഷമില്ല.

ഈ ഭൂതനാഥചരിതം ഭക്തിയോടു കൂടി ഏതൊരുത്തൻ നിത്യവും പഠിക്കുകയോ കേൾക്കുകയോ ചിന്തിക്കുകയോ ചെയ്യുന്നു അവനു് സർവാഭീഷ്ടങ്ങളും സാധിച്ചു് ശ്രീഭൂതനാഥ പാദാരവിന്ദങ്ങളിൽ ലയിക്കാം ഈ കലിയുഗത്തിൽ കൈവല്യപ്രാപ്തി ക്ഷിപ്രസാദ്ധ്യമായിത്തീരണമെങ്കിൽ ശ്രീഭൂതനാഥനെത്തന്നെ ഭജിക്കണം. നിത്യവും ഭക്തിയോടെ ശ്രീഭൂതനാഥനെ ഭജിച്ചും സ്മരിച്ചും നിഷ്കാമകർമ്മങ്ങളെ അനുഷ്ഠിച്ചും ജീവിക്കുന്നവൻ ഭാഗ്യശാലിയായിത്തീരും. അവൻ ഒടുവിൽനിർഗ്ഗുണബ്രഹ്മത്തിൽ ചേരുന്നതിനു് അർഹനായിത്തീരും സംശയമില്ല.

ഓം ശ്രീഭൂതനാഥായ നമഃ

ശുഭം ഭവതു

❋

## ശബരിഗിരിവാസനായ

# അയ്യപ്പസ്വാമിയെപ്പററി

★

പല ഐതിഹ്യങ്ങളുമുള്ളതിൽ ഒന്നു് സ്വാമിഭക്ത
ന്മാരായ സഹൃദയരുടെ അറിവിനായി ഇ
വിടെ ചേർത്തുകൊള്ളുന്നു.

---

അയ്യപ്പസ്വാമിയെപ്പററി എത്രയെത്രകഥകളാണു് നമുക്കു് പഠിക്കുവാൻ വേണ്ടി വിദ്വാന്മാർ ഇന്നു് ലോകത്തിൽ പ്രചരിപ്പിച്ചിരിക്കുന്നതു് എന്നുള്ളതിന്റെ കണക്കെടുക്കാൻ വളരെ പ്രയാസമാണു്.

അയ്യപ്പൻ ഹരിഹരപുത്രനാണു് എന്നും, മോഹിനീ സുതനാണെന്നും, മഹിഷീമർദ്ദനനാണെന്നും, പന്തളരാജാവിന്റെ സേവകനാണെന്നും, അല്ല—പുത്രനാണെന്നും ഇങ്ങിനെ പലവിധത്തിലുള്ള കഥകളിൽക്കൂടി നാം മനസ്സിലാക്കിക്കഴിഞ്ഞു. ഈ പേരുകളെല്ലാം ഇന്നും പ്രചാരത്തിലിരിക്കുന്നുമുണ്ടു്. അത്തരം കഥകളെല്ലാം എങ്ങിനെയിരുന്നാലും ഒരു കാര്യം നാം ഓർമ്മിച്ചിരിക്കേണ്ടതു് എന്തെന്നാൽ—പന്തളം, പൂഞ്ഞാർ, മുതലായ രാജവംശങ്ങൾ ഉണ്ടാകുന്നതിനു മുൻപുതന്നെ ശബരിമലയിൽ അയ്യപ്പൻ അധിവസിച്ചിരുന്നുവെന്നുള്ളതു് രാമായണത്തിൽ പറയുന്ന ശബരിക്കു് മോക്ഷം കൊടുത്തതു് ഏതു് അയ്യപ്പനാണോ ഏതു് ശാസ്താവാണോ ആ-അയ്യപ്പനും ശാസ്താവുമാണു് ഇന്നു് ശബരിമലയിൽ അധിവസിക്കുന്നതും.

പരശുരാമൻ കേരളത്തിന്റെ രക്ഷക്കും ഐശ്വര്യത്തിനുമായി സഹ്യാദ്രിയുടെ പശ്ചിമതീരങ്ങളിൽ പല സ്ഥാനങ്ങളിലായി ധർമ്മശാസ്താവിനെ (അയ്യപ്പനെ) പ്രതിഷ്ഠിച്ചിട്ടുണ്ടെന്നാണ് പഴമക്കാരായ അയ്യപ്പഭക്തന്മാർ പറയുന്നതു്.

താരക ബ്രഹ്മസ്വരൂപിയായ അയ്യപ്പൻ അധർമ്മത്തെ നശിപ്പിച്ച് ധർമ്മത്തെ വളർത്തുന്ന കർമ്മയോഗിയും ധീരനുമായതുകൊണ്ടായിരിക്കണം പരശുരാമൻ അയ്യപ്പനെത്തന്നെ കേരളത്തിൽ പലയിടത്തുമായി പ്രതിഷ്ഠിക്കുന്നതിനു് കാരണമായതു്.

ധർമ്മശാസ്താവിന്റെ ആവാസസ്ഥാനമായി പുരാണങ്ങൾ ഘോഷിക്കുന്നതു ശരുധാദ്രിയെയാണ്. ഇപ്രകാരം ശാസ്താവ് പലയിടത്തും സ്ഥാനമുറപ്പിച്ചിട്ടുണ്ടെങ്കിലും ഏററവും പ്രാധാന്യം ശബരിമലക്കുതന്നെയാണെന്നു പറയേണ്ടിയിരിക്കുന്നു.

അയ്യപ്പൻ ദുഷ്ടനിഗ്രഹത്തിനായി മനുഷ്യരൂപം കൈക്കൊണ്ടു് പന്തളരാജധാനിയിൽ താമസിക്കുകയും ഉദ്ദേശസാദ്ധ്യം വന്നതോടുകൂടി ശബരിമലയിൽത്തന്നെ സ്ഥിരവാസമുറപ്പിക്കുകയും ചെയ്തുവെന്നാണ് ഒരൈതിഹ്യമുള്ളതു്. അതിനെപ്പററിയാണു് ചുരുക്കമായി ഇവിടെ പറയാനുദ്ദേശിക്കുന്നതു്.

*

## ഉദയനനും നാട്ടുവാഴികളും

പുരാതനകാലത്തു് ശബരിമലയുടെ അയൽപ്രദേശങ്ങൾ പല നാട്ടുവാഴികളുടേയും അധീനതയിലായിരുന്ന

ഒരു കാലമുണ്ടായിരുന്നു. അന്നത്തെ നാട്ടുവാഴികളുടെ മുൻനിരയിൽ നിന്നിരുന്നവർ പൂഞ്ഞാറും പന്തളവുമായിരുന്നു അന്നത്തെ നാട്ടുവാഴികൾ രാജ്യത്തെ വിപുലപ്പെടുത്തുന്നതിനും അതുപോലെ മററാരോടും പടവെട്ടുന്നതിനും സമർത്ഥന്മാരായിരുന്നതിനാൽ മിക്കവാറും പോരാടിക്കൊണ്ടു തന്നെയാണു് കാലം പോക്കിയിരുന്നതു്. ഇവരുടെ കലഹം മൂലം അക്രമികൾക്കും നാട്ടിൽ സ്ഥാനം ലഭിച്ചുതുടങ്ങി അക്രമികളുടെ സഹായം നാട്ടുവാഴികൾക്കു് ആവശ്യമായിത്തീരുകയാലാണു് രാജ്യത്തു് അവൎക്കു് സ്ഥാനംകിട്ടുന്നതിനുമിടയായതു്. തന്മൂലം ആക്രമികൾക്കും കൊള്ളക്കാൎക്കും ശബരിമലയുടെ പരിസരപ്രദേശം ഒരു പ്രധാനസങ്കേതമായി — ത്തീൎന്നു. ഈ അക്രമികൾക്കു് ആരേയും എന്തും ചെയ്യുന്നതിനു് ധൈൎയ്യവും അവസരവും ലഭിച്ചുകൊണ്ടിരുന്നു. അങ്ങിനെ നിർബ്ബാധം വളൎന്നുവന്ന ഒരു സംഘത്തിൻെറ തലവനായിരുന്നു ഉദയനൻ. ആ — ഉദയനൻ വലിയ കാലതാമസം കൂടാതെ കരിമലയിൽ ഒരു ഗംഭീരകോട്ട നിൎമ്മിച്ചു് അവിടെ തൻെറ അനുചരന്മാരോടു കൂടി താവളമടിച്ചു.

കരിമലക്കോട്ടയിൽ സ്ഥിരവാസമുറപ്പിച്ചുകൊണ്ടു് ഉദയനൻ തൻെറ അക്രമപ്രവൃത്തികൾ തുടൎന്നു നടത്തിക്കൊണ്ടിരുന്നു. കൊള്ളിവെയ്പും കൊള്ളയടിയും കൊണ്ടു് ആ — അക്രമി നാട്ടുകാരെ ഭയപ്പെടുത്തി യെന്നുമാത്രമല്ല ആളും അൎത്ഥവും നേടിത്തുടങ്ങി. ധനശേഷിയും കായ്യശേഷിയുംകൈവന്നതോടെ അനുയായികളും വൎദ്ധിച്ചു. ഉദയനന

പ്പോലുള്ള അക്രമികൾ വളൎന്നതു് നാട്ടുവാഴികളുടെ യോജിപ്പില്ലായ്മയിൽ നിന്നാണു്. അതുകൊണ്ടു് നാട്ടുവാഴികളുടെ ശക്തിയും കൂടി തസ്കരസംഘം അമൎത്തിത്തുടങ്ങി. കരിമലക്കോട്ടയ്ക്കധിപനായ ഉദയനൻ ക്രമേണ തന്റെശക്തിവളൎത്തുകയും അനുയായികളെ ആയോധനവിദ്യയിൽഅതിസമൎത്ഥന്മാരുമാക്കിത്തീൎക്കുകയും ചെയ്തു. അനുചരന്മാർ വൎദ്ധിച്ചപ്പോൾ അവരെ രണ്ടുമൂന്നു സംഘങ്ങളായി തിരിച്ചു് രണ്ടു ഭാഗങ്ങൾക്കു് രണ്ടു കോട്ടകൾ കൂടി നിൎമ്മിച്ചു് ഓരോ സംഘത്തെയും ഓരോകോട്ടയിലാക്കി. ആ-കോട്ടകൾക്കു് ഇഞ്ചിപ്പാറക്കോട്ടയെന്നും തലപ്പാറക്കോട്ടയെന്നും പേരുകൾ നിശ്ചയിച്ചു. ഇഞ്ചിപ്പാറക്കോട്ടയുടെ നാഥനായി പുതുശ്ശേരിമല്ലനേയും തലപ്പാറക്കോട്ടയുടെ നാഥനായി മുണ്ടനേയും നിയമിച്ചു. ഇങ്ങിനെ നാട്ടുവാഴികളുടെ ശക്തിയെ അടിച്ചമൎത്തുന്നതിനും കൊള്ളയടിക്കുന്നതിനും മററുമായി ഉദയനൻ തന്റെ വകയായ മൂന്നുകോട്ടകളിലുംയുദ്ധവിദഗ്ദ്ധരായ അഭ്യാസികളെ പാൎപ്പിച്ചു് ശക്തിസമ്പന്നനായിത്തീൎന്നു എന്നുമാത്രമല്ല—ഇനി എന്നെ ജയിക്കുവാൻ ആരുമില്ലെന്നും അഹങ്കരിച്ചു.

ശക്തിയും വേണ്ടത്രധനവും സമ്പാദിച്ച ഉദയനൻ ഇടപ്രഭുക്കരെ ഉപദ്രവിച്ചുകൊണ്ടിരുന്ന സമ്പ്രദായം നിരത്തി രാജകുടുംബങ്ങളിലേക്കു പ്രവേശിച്ചു തുടങ്ങി. സഹ്യാദ്രിയുടെ കിഴക്കൻ പ്രദേശങ്ങളിലുംകൂടി ഉദയനന്റെആക്രമണം വ്യാപിച്ചു തുടങ്ങി. ഉദയനന്റെ ആക്രമണ ശക്തിയെ ഭയന്നു് ജനങ്ങൾ നാട്ടുവിട്ടു പോകുവാനും സന്ന

ഖരായി. നാട്ടുവാഴികളം തന്നെ. ഉദയനനെ പേടിച്ചു് വിറച്ചുതുടങ്ങി. അന്നു് അല്പമെങ്കിലും തന്റേറടത്തോടുകൂടി നിന്നിരുന്നതു് പന്തളം രാജാവായിരുന്നു. അതിനാൽ പന്തളം കൊട്ടാരത്തിൽ പലപ്പോഴും ഉദയനൻ ആക്രമിച്ചുകൊണ്ടിരുന്നു. പക്ഷെ—ഉദയനന്റെ ആക്രമശക്തിക്കു് പന്തളരാജ കുടുംബം കീഴടങ്ങിയില്ല. പന്തളം രാജവംശത്തിന്റെ പരദേവത അയ്യപ്പനായതുകൊണ്ടായിരിക്കണം പന്തളം കൊട്ടാരത്തിനു് രക്ഷകിട്ടിയതു്. ഉദയനനും ഈ രഹസ്യം മനസ്സിലാക്കി. എന്റെ ശക്തി ഇവിടെ പററാത്തതു് അയ്യപ്പന്റെ വിളയാട്ടം ഇവിടെ ഉള്ളതുകൊണ്ടാണു് എന്നു്. അതിനാൽ ഉദയനൻ വേഗം ശബരി മലയിലേക്കു കുതിച്ചു. എന്തിനു്? ആ നീചൻ ക്ഷേത്രം ഇടിച്ചു തകൎത്തു നാമാവശേഷമാക്കിയെന്നുമാത്രമല്ല ശാന്തിക്കാരന്റെ കഴുത്തുപോലും അറുത്തു് വിഗ്രഹത്തിൽ രക്താഭിഷേകം ചെയ്തു.

ക്ഷേത്രത്തെ തകൎക്കുകയും ശാന്തിക്കാരന്റെ കഴുത്തറക്കുകയുംചെയ്ത ഉദയനന്റെ ഘോരവും നീചവുമായ വാൎത്ത നാട്ടുകാരെ ഭയചകിതരാക്കി. അവനോടു് പകരം ചോദിക്കാൻ പന്തളംരാജാവിനുപോലും അപ്പോൾ ശക്തിയുണ്ടായിരുന്നില്ല. പക്ഷേ—ഒരു ബ്രാഹ്മണകുമാരൻ ഉദയനനോടു് പകരംചോദിക്കണമെന്നു മനസ്സിൽ പ്രതിജ്ഞചെയ്തുകൊണ്ടു ഇറങ്ങി പന്തളംരാജധാനിയിലെത്തി തമ്പുരാന്റെ അനുഗ്രഹവുംവാങ്ങി പൊന്നമ്പലമേട്ടിലേക്കതിരിച്ചു. ഘോരവനത്തിലെ ഹിംസ്രജന്തുക്കളോ ദുൎഗ്ഗമവീ

ഥികളോ ആ—ബ്രാഹ്മണയുവാവിൻെറ യാത്രക്കു തടസ്സം വരുത്തിയില്ല. സകല ദുർഘടസന്ധികളേയും തരണംചെയ്തു ആ ധീരയുവാവ് പൊന്നമ്പലമേട്ടിൽ എത്തിച്ചേൎന്നു. അവിടെ ഉത്തമമായ ഒരു സ്ഥാനംകണ്ടുപിടിച്ചു് തപസ്സുചെയ്യുന്നതിന്നാരംഭിച്ചു. ആരാണീ ബ്രാഹ്മണയുവാവ്? ആരെയാണു് ധ്യാനിച്ചു തപസ്സുചെയ്യുവാനാരംഭിച്ചതു് എന്നുകൂടി നമുക്കറിയേണ്ടതല്ലേ?

ശബരിമലയിലെ ശാന്തിക്കാരനായ (ഉദയനൻെറ ആയുധത്തിന്നിരയായിത്തീൎന്ന)നമ്പൂതിരിയുടെ ഏകപുത്രനായ ശങ്കരനാണു് പൊന്നമ്പലവാസനായ അയ്യപ്പനെ ധ്യാനിച്ചു് തപസ്സുതുടങ്ങിയിരിക്കുന്നതു്.

ക്ഷേത്രം തകൎത്തതിനുശേഷം പലതവണയും ഉദയനൻ പന്തളരാജധാനിയിലെത്തി കൊള്ളയടിക്കുവാൻ പരിശ്രമിച്ചുവെങ്കിലും അപ്പോഴൊക്കെ ശ്രമം വിഫലമാകുകയാണു് ചെയ്തതു്. നോക്കണേ! അയ്യപ്പൻെറ കരുണയും അനുഗ്രഹവും.

പലപ്രാവശ്യം പരിശ്രമിച്ചിട്ടും ഫലപ്പെടാതെ നിരാശനായിത്തീൎന്ന ഉദയനൻ കോപാക്രാന്തനായി ഒരുദിവസം കൊട്ടാരത്തിൽനിന്നും ഒരു കൊച്ചുതമ്പുരാട്ടിയെ അപഹരിച്ചു് തൻെറ കോട്ടയ്ക്കകത്തു് രഹസ്യമായി താമസിപ്പിച്ചു. മററാരുമറിയാതെ ഉദയനൻ നടത്തിയ ഈ രഹസ്യപ്രവൃത്തി എങ്ങിനേയോ പൊന്നമ്പലമേട്ടിൽ തപസ്സുചെയ്തുകൊണ്ടിരിക്കുന്ന ബ്രാഹ്മണയുവാവിനു് ജ്ഞാനക്കണ്ണാൽ കാണുവാൻ സാധിച്ചു. ധൎമ്മശാസ്താവിൻെറ അനു

ഗ്രഹമല്ലേ? ഈ പ്രവൃത്തിയെ ബ്രാഹ്മണയുവാവിനു് കാണാൻ ഇടവരുത്തിയതു് അതേ! സംശയമില്ല.

ജ്ഞാനദൃഷ്ടിയാൽ വിവരംധരിച്ച ബ്രാഹ്മണയുവാവു് തൽക്ഷണം കരിമലക്കോട്ടയിൽ എത്തിച്ചേർന്നു. കൊള്ളക്കാരൻെറ പിടിയിൽ അകപ്പെട്ടിരിക്കുന്ന രാജകുമാരിയെ എങ്ങിനെയെങ്കിലും രക്ഷിച്ചേടുക്കണമെന്നുള്ളതായിരുന്നു ബ്രാഹ്മണയുവാവിൻെറ അപ്പോഴത്തെ പ്രധാനോദ്ദേശം. അതിനാൽ അല്പമായ കള്ളത്തരത്തിലേപ്പെടുന്നതിനും യുവാവു് മടിച്ചില്ല.

താൻ പന്തളത്തുകാരനാണെന്നും അടുത്തകാലത്തു് രാജകൊട്ടാരത്തിൽ നടന്നതായ ഒരു മോഷണകാര്യത്തെ പ്പററിയന്വേഷിച്ചതിൽ രാജാവു് തന്നെയാണു് സംശയിക്കുന്നതെന്നും അതുകൊണ്ടു് അവിടെനിന്നാൽ പലനാശങ്ങളും സംഭവിക്കുമെന്നുംകരുതി അവിടെനിന്നും ഒളിച്ചോടിപ്പോന്നിരിക്കയാണെന്നും, അതിനാൽ തനിക്കു് അഭയം തരണമെന്നും മററും വളരെ ഭയത്തോടും വിനയത്തോടും ബ്രാഹ്മണയുവാവു് ഉദയനനെ അറിയിച്ചു. ഉദയനനാകട്ടെ തൻെറ സംഘത്തിലേക്കു് ഒരാളേക്കൂടി കിട്ടിയല്ലോ എന്നുവിചാരിച്ചു് ഉടനെ ബ്രാഹ്മണനെ സംഘത്തിലെ ഒരംഗമായിച്ചേർത്തു തന്നോടൊപ്പം താമസിപ്പിച്ചു.

ഏതാനുംദിവസത്തെ താമസംകൊണ്ടു് ബ്രാഹ്മണൻ അവിടത്തെ രഹസ്യ സങ്കേതങ്ങളെല്ലാം മനസ്സിലാക്കിയെന്നുമാത്രമല്ല-രാജകുമാരിയെ സൂക്ഷിച്ചിരിക്കുന്ന സ്ഥാനവും കണ്ടുപിടിച്ചു.

ബ്രാഹ്മണയുവാവും രാജകുമാരിയും നേരത്തേതന്നെ തമ്മിൽ കണ്ടുപരിചയമുണ്ടായിരുന്നതിനാൽ അവക്ക് അവിടെനിന്നും രക്ഷപ്പെടുന്നതിന് വലിയ ബുദ്ധിമുട്ടൊന്നുമുണ്ടായില്ല. ഒരുദിവസം അർദ്ധരാത്രി ആരുംഅറിയാതെ ബ്രാഹ്മണൻ രാജകുമാരിയേയുംകൊണ്ട് പൊന്നമ്പലമേട്ടിലേക്ക് പോയി_യെങ്കിലും താമസമെന്യേ അവർ വിധിയാംവണ്ണം വിവാഹിതരായിത്തീരുകയും പൊന്നമ്പലമേട്ടിൽതന്നെ താമസിക്കുകയുംചെയ്തു. തന്നെ ആപത്തിൽനിന്നും രക്ഷിച്ച ബ്രാഹ്മണയുവാവിനെ രാജകുമാരി ഭർത്താവായി സ്വീകരിച്ചതു് തെററായിത്തീരുമോ?

*

## അയ്യപ്പൻെറ ജനനം

ദൈവനിശ്ചയത്താലും, പ്രേമവൈചിത്ര്യത്താലും വിവാഹിതരായി സുഖജീവിതം നയിച്ചുകൊണ്ടിരുന്ന ആ ദമ്പതികൾക്ക് താമസംവിനാ ദിവ്യലക്ഷണങ്ങൾതികഞ്ഞ ഒരു സുന്ദരകുമാരൻ ജനിച്ചു. ആ—കുമാരനാണ് അയ്യപ്പൻ. ഈ ദിവ്യകുമാരനാണ് താതനായ ബ്രാഹ്മണൻെറ പ്രതിജ്ഞയെ നിറവേററുന്നതിന് സന്നദ്ധനായതു്.

മകനെ എല്ലാവിദ്യകളും അഭ്യസിപ്പിച്ചു. വിശേഷിച്ചു് ആയോധനമുറകളും വേണ്ടവിധം പഠിപ്പിച്ചു. ഏന്തിനും മതിയാകത്തക്കവിധം വീരശൂരപരാക്രമങ്ങൾ ആ ബാലനിൽ ദിനംദിനം തെളിഞ്ഞു കണ്ടുതുടങ്ങി.

*

## അയ്യപ്പനെ പന്തളത്തേക്കയക്കുന്നു.

അയ്യപ്പനെ ഇനിയും ഇവിടെത്തന്നെ താമസിപ്പിക്ക

ന്നതു് ഉചിതമല്ലെന്നും അവനെ പന്തളത്തേക്കുതന്നെ അയച്ചു് പോരാത്തതായ വിദ്യകളെല്ലാം അവിടംകൊണ്ടു പൂത്തിയാക്കട്ടെ; എന്നുമുള്ള വിചാരത്തോടുകൂടി പിതാവായ ബ്രാഹ്മണൻ നിശ്ചയിച്ചു. മകനെ ചരിത്രമെല്ലാം പറഞ്ഞുമനസ്സിലാക്കി. അതുകൊണ്ടു്ഉദയനനേയും അവൻെറ അനുചരന്മാരേയും നശിപ്പിച്ചു് നമ്മുടെനാട്ടിൽ ക്ഷേമം വളത്തണം. അതിനു് ശക്തനാകുന്നതു് നീയാണു്. എന്നു് അനുഗ്രഹിച്ചു് മകനെ പന്തളത്തേക്കു യാത്രയാക്കി. പോകുന്നതിനു് അയ്യപ്പനും വളരെ സന്തോഷമായിരുന്നു. കാരണം പന്തളരാജധാനി തൻെറ ഭവനമാണെന്നും, പന്തളരാജാവു് തൻെറ അമ്മാവനാണെന്നും അച്ഛൻ പറഞ്ഞു മനസ്സിലാക്കിയതുകൊണ്ടു്.

അച്ഛൻെറ അനുമതിയോടും അനുഗ്രഹത്തോടും പുറപ്പെട്ട അയ്യപ്പൻ പന്തളരാജധാനിയിലെത്തി പിതാവിൻെറ ഉപദേശം രാജാവിനെ അറിയിച്ചു. സന്തോഷാശ്രുക്കളൊൽ അയ്യപ്പനെ പന്തളരാജാവായ മാതുലൻആശ്ലേഷിച്ചു. ഉദയനൻ അപഹരിച്ചുകൊണ്ടുപോയ തൻെറ സഹോദരി മരിച്ചിരിക്കുമെന്നാണു് രാജാവു് കരുതിയിരുന്നതു്. പരദേവതയുടെ അനുഗ്രഹം കൊണ്ടു് ഇപ്പോഴും ജീവിച്ചുതന്നെ യിരിക്കുന്നുണ്ടെന്നറിഞ്ഞ രാജാവിൻെറ സന്തോഷം എത്രത്തോളമുണ്ടെന്നു് പറഞ്ഞറിയിക്കത്തക്കതല്ല. മരുമകൻെറ ആഗമനം രാജാവിനെ (അമ്മാവനെ) ആനന്ദാംബുധിയിലാറാടിക്കുകതന്നെ ചെയ്തു.

മരുമകനെ പന്തളക്കളരിയിൽ തന്നെ പഠിപ്പിച്ചു് ആയോധനനിപുണനാക്കിത്തീത്തു.

വിദ്യാഭ്യാസം പൂൎത്തിയായതോടുകൂടി അയ്യപ്പൻ ഒരു യുവധീരനായിത്തീൎന്നു. എന്നു മാത്രമല്ല പിതാവിൻെറ പ്രതിജ്ഞാവാചകം അയ്യപ്പൻെറ ഹൃദയത്തിൽ തെളിഞ്ഞുവന്നുതുടങ്ങി. അതിനാൽ ദുഷ്ടനും അക്രമിയുമായ ഉദയനനെ ഏതെങ്കിലും വിധത്തിൽ നിഗ്രഹിച്ച് ശബരിമലയിൽ വീണ്ടും ക്ഷേത്രം പണിയിച്ച് പ്രതിഷ്ഠനടത്തണമെന്നുള്ള വൈരാഗ്യം ദിനംദിനം വൎദ്ധിച്ചു തുടങ്ങി. അതിന്നായി നാട്ടിൻപുറത്തുള്ള ആയോധനാഭ്യാസികളെയെല്ലാം സംഘടിപ്പിച്ചു ഒരു സൈന്യമാക്കി രൂപീകരിക്കണമെന്നു നിശ്ചയിച്ച് അയ്യപ്പൻ അമ്മാവൻെറ അനുവാദത്തിന്നായി കാത്തുനിന്നു.

മരുമകൻെറ പുറപ്പാട് നല്ലതിനുതന്നെയാണു്. ഇവനെങ്കിലും നമ്മുടെ നാടിനെ രക്ഷിക്കട്ടെ യെന്നുമനസാ പ്രാൎത്ഥിച്ചുകൊണ്ടു് അനുവാദം കൊടുത്തു.

അമ്മാവൻെറ അനുഗ്രഹത്തോടുകൂടിയ അനുവാദപ്രകാരം അയ്യപ്പൻ കേരളത്തിലുള്ള എല്ലാ കളരികളിലും നടന്നു ഓരോ സ്ഥാനങ്ങളിലുമുണ്ടായിരുന്ന അഭ്യാസികളെ സംഘടിപ്പിച്ചു തുടങ്ങി.

ഇങ്ങിനെ പുറക്കാട്ട് കായംകുളം മുതലായ സ്ഥലങ്ങളിൽ നടന്ന് അയ്യപ്പൻ സൈന്യങ്ങളെ ശേഖരിച്ചു കൊണ്ടിരിക്കുന്ന അവസരത്തിലാണു് വാവരെപ്പററി കേൾക്കുവാനിടയായതു്. അറബിരാജ്യക്കാരനായ വാവർ കേരളത്തിൻെറ പശ്ചിമതീരങ്ങളിൽ സഞ്ചരിച്ച് നാട്ടുകാരെ പല വിധത്തിലും ഉപദ്രവിച്ചുകൊണ്ടിരുന്ന അവസരത്തിലാ

ന്റെ അയ്യപ്പൻ സൈന്യശേഖരണത്തിന് ഇറങ്ങിയതും. വാവരുടെ ഉപദ്രവങ്ങളെപ്പററി മനസ്സിലാക്കിയഅയ്യപ്പൻ ആദ്യമായി ആ അക്രമിയെത്തന്നെ അമർച്ചവരുത്തണമെന്ന തീച്ച്പ്പെടുത്തി പുറക്കാട്ട് വച്ച് വാവരോട് എതിരിട്ടു. അയ്യപ്പനും വാവരും ഒരു നല്ല യുദ്ധംചെയ്യുവെങ്കിലും വാവര് പരാജിതനായി പരിണമിച്ചു. തോൽവി എന്തെന്നു മനസ്സിലാക്കാൻ അവസരം ലഭിക്കാത്ത വാവര് പരാജയത്തെ വകവെച്ചില്ല.

പരാജിതനായ വാവര് അയ്യപ്പന്റെ വ്യക്തിമാഹാത്മ്യത്തെ അഭിനന്ദിച്ചു. അയ്യപ്പനിൽ എന്തോ ഒരു ദിവ്യചൈതന്യം കളിയാടുന്നതായി വാവക്ക് തോന്നി. തന്മൂലം ആ ദിവ്യ പുരുഷന്റെ സേവകനായിത്തീരുവാൻ വാവര് വളരെ ആഗ്രഹിച്ചു.—എന്നു മാത്രമല്ല വാവര് നേരിട്ടുതന്നെ അയ്യപ്പനോട്ട് ആഗ്രഹ മുണത്തിച്ചു.

അയ്യപ്പനാകട്ടെ; ധീരനായ ആ—വാവരുടെ സേവനം സ്വീകരിക്കുവാൻ തയ്യാറായി.

* * *

## അയ്യപ്പനും വാവരും

പ്രിയപ്പെട്ടവാവരെ! താങ്കൾ തൽക്കാലം എരുമേലിയിൽ താമസിക്കണം. എന്റെ സൈന്യങ്ങൾ (വില്ലാളികൾ)അവിടെ വന്നെത്തുന്നതാണ്. അപ്പോൾ അവക്ക് ആവശ്യമുള്ള ശരക്കോലുകൾ താങ്കൾ ശരിപ്പെടുത്തിക്കൊടുക്കണം. അതിനായിട്ടുള്ള ചുമതല ഞാൻ താങ്കൾക്കുതന്നിരിക്കുന്നു. എന്നു പറഞ്ഞ് അയ്യപ്പൻ വാവരെ എരുമേലിയിലേക്കു അയച്ചു. അതിനു ശേഷം അയ്യ

പ്പൻ തണ്ണീർമുക്കത്തേക്കു തിരിച്ചു. അഭ്യാസികൾക്ക് ഏറ്റവും പരിചയവും ബഹുമാനവും ചീരപ്പൻചിറ കളരിയോടായിരുന്നു. അതുകൊണ്ടാണ് അയ്യപ്പൻ തണ്ണീർമുക്കത്തേക്കു തിരിച്ചതു്. ചീരപ്പൻചിറ ചേന്നവാശാൻ്റെ ശിഷ്യപ്പെടാത്ത അഭ്യാസികളേക്കൊണ്ടു് യാതൊരു പ്രയോജനവുമില്ലെന്നാണ് അന്നത്തെ നാട്ടുകാരുടെ ധാരണ. അതുകൊണ്ടു് അയ്യപ്പൻ ചേന്നവാശാനേയും ചെന്നുകണ്ടു എന്നു മാത്രമല്ല—അയ്യപ്പനും ചേന്നവാശാനും തമ്മിൽ തമാശക്കായി ചില ചില്ലറ അടവുകൾ പ്രയോഗിച്ചു നോക്കുകയും ചെയ്തു. അയ്യപ്പൻ്റെ യുവത്വവും മെയ്യൊതുക്കവും അഭ്യാസപാടവവും ആശാനെ അത്യധികം സന്തോഷിപ്പിച്ചു. അതിനാൽ അയ്യപ്പനുവേണ്ടി എന്തുസഹായം ചെയ്വാനും ചേന്നവാശാൻ സന്നദ്ധനായി.

ചേന്നവാശാൻ്റെ സന്നദ്ധതയിൽ അയ്യപ്പൻ സന്തുഷ്ടനായി ചേന്നവാശാനോടു്:—ആശാൻ ശിഷ്യഗണങ്ങളോടു കൂടി ഇന്നദിവസം എരുമേലിൽ എത്തണമെന്നു് പറഞ്ഞുകൊണ്ടു് അയ്യപ്പൻ പന്തളത്തേക്കുതിരിച്ചു.

അയ്യപ്പൻ പന്തളത്തെത്തിയ ഉടനെ അവിടെയും പരിസരങ്ങളിലുമുള്ള അഭ്യാസികളേയും സംഘടിപ്പിച്ച് ആ സംഘത്തെ പന്തളം വഴി കാട്ടിലേക്കയച്ചു. എന്തിനു്? ഇഞ്ചിപ്പാറക്കോട്ടയും തലപ്പാറക്കോട്ടയും തകർത്തു് മല്ലനേയും മുണ്ടനേയും വധിക്കുന്നതിനു്. ഇങ്ങിനെ ചെയ്യണമെന്നാണു് സംഘത്തിനു് കല്പന കൊടുത്തിരുന്നതു്.

പന്തളത്തു നിന്നുള്ള സൈന്യം പോയതിന്ന ശേഷം അയ്യപ്പൻ നേരെ എരുമേലിയിലേക്കാണ് പോയത്. അതിനുമുൻപായി എന്തിനും തയ്യാറായിട്ടാണ് വന്നിരിക്കുന്നതു് എന്നുള്ളഭാവത്തിൽ ചേന്നവാശാനും ശിഷ്യഗണങ്ങളും എരുമേലിയിലെത്തി താവളമടിച്ചിരുന്നു. തന്നെയല്ല അവർക്കു വേണ്ടതായ ശരക്കോലുകളെല്ലാം വാവരും ശരിപ്പെടുത്തിക്കഴിഞ്ഞിരുന്നു.

എരുമേലിൽ നിന്നു് അയ്യപ്പൻേറയും വാവരുടേയും നേതൃത്വത്തിൽ കാട്ടിലേക്കു് മററാരു സംഘം പുറപ്പെട്ടു പന്തളം വഴി വന്ന സൈന്യവും അയ്യപ്പൻെറ നേതൃത്വത്തിൽ പോയ സൈന്യവും തമ്മിൽ വഴിമദ്ധ്യേ ഒന്നിച്ചുചേന്നു. ഇഞ്ചിപ്പാറ മല്ലനേയും തലപ്പാറ മുണ്ടനേയും കാലപുരിക്കയച്ചുകൊണ്ടാണ് പന്തളസൈന്യം അവിടെയെത്തിയിരിക്കുന്നതു്. അനന്തരം ഇരു സംഘങ്ങളും ഒരുമിച്ചു കരിമലക്കോട്ടയിലേക്കു തിരിച്ചു. ഈ പട അവിടെ ചെല്ലേണ്ടതായ താമസമേ ഉണ്ടായിരുന്നുള്ളു ഉദയനൻെറ കോട്ടക്കു് നാശം വരുവാനും, ഉദയനൻ കാലപുരിക്കു പോകുവാനും.

**

## പ്രതിഷ്ഠാകർമ്മ നിർവ്വഹണം

ശത്രു സംഹാരം വരുത്തിയതോടു കൂടി അയ്യപ്പൻെറ അടുത്ത ചിന്തമുഴുവനും ശബരിഗിരിയിലേക്കു തിരിഞ്ഞു. അക്രമികളാൽ തകർക്കപ്പെട്ട ക്ഷേത്രം പുതുക്കിപ്പണിയണം വീണ്ടും പ്രതിഷ്ഠനടത്തണം. ഇതായിരുന്നു അയ്യപ്പൻെറ

ചിന്തകൾ. അയ്യപ്പനും അനുയായികളും ഉടനേ ശബരിമലയിലേക്കു തിരിച്ചു. അതിനുമുൻപായി ഉദയനൻെറയും കൂട്ടുകാരുടേയും നാശവാർത്തകാട്ടുതീപോലെപടൎന്നു പിടിച്ചു കഴിഞ്ഞു. രാജാവും പരിവാരങ്ങളും അയ്യപ്പനെ അന്വേഷിച്ച് ശബരിമലയിൽ എത്തിച്ചേൎന്നു. അയ്യപ്പൻ ശേഷം കാൎയ്യങ്ങളെപ്പററി അമ്മാവനുമായി ആലോചിച്ചു. മകരസംക്രമത്തിനു് ശാസ്താവിൻെറ പ്രതിഷ്ഠാകൎമ്മം നടത്തണമെന്നായിരുന്നു ഇരുവരുടേയും തീരുമാനം. അതുപോലെ ക്ഷേത്രം പണി ആരംഭിച്ചു. പ്രതിഷ്ഠക്കു പഞ്ചലോഹനിൎമ്മിതമായ ഒരു വിഗ്രഹവും തയ്യാറായി.

★

## പ്രതിഷ്ഠ നടത്തുന്നതു് ആരാണ്

ഇത്രയെല്ലാം നടന്നു കഴിഞ്ഞപ്പോൾ ഇനി പ്രതിഷ്ഠ നടത്തേണ്ടതു് ആരാണ് അയ്യപ്പ! എന്നു് അമ്മാവൻ ചോദിച്ചു. പ്രതിഷ്ഠാസമയത്തു് അതിനു തക്ക ആളും എത്തിക്കൊള്ളുമെന്നു അയ്യപ്പൻ രാജാവിനെ സമാധാനപ്പെടുത്തി.

എല്ലാം തയ്യാറായി. ഇനി പ്രതിഷ്ഠനടത്തിയാൽ മതി. പ്രതിഷ്ഠ നടത്തുന്നതിനുള്ള ആൾ ഇതുവരെ എത്തിയിട്ടില്ല രാജാവു് പരിഭ്രാന്തനായി. പരിഭ്രമിക്കേണ്ട! ഇപ്പോൾ വരും. ഇതാ വന്നിരിക്കുന്നു. ആരും വരവു കണ്ടില്ല. എവിടെ നിന്നാണവർ വന്നതെന്നു് ആൎക്കും മനസ്സിലായില്ല. തേജസ്വികളായ ഒരു യോഗിയും ഒരു യോഗിനിയുമുണ്ടു്. അതിശയംതന്നെ. ക്രട

തൽ കാലത്തെ പരിചയമുള്ളവരെപ്പോലെ അയ്യപ്പൻ അവരോടു സംസാരിച്ചു. അയ്യപ്പൻ ശാസ്താവിൻെറ വിഗ്രഹമെടുത്തു യോഗിയുടെ കയ്യിൽ കൊടുത്തു. മന്ത്രോച്ചാരണങ്ങളോടുകൂടി യോഗി പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചു. കാണികൾ ആ ദിവ്യകർമ്മം കാണുന്നതിന് അത്യുത്സാഹത്തോടെ ശരണം വിളിമുഴക്കിക്കൊണ്ടിരുന്നു. അവിചാരിതമായി സംഭവിച്ചതാണ് ആ—ഇടിയും മിന്നലും. ആർക്കും കുറച്ചുസമയത്തേക്ക് ഒന്നുംതന്നെ കാണാൻ സാധിച്ചില്ല. അല്പം കഴിഞ്ഞു കണ്ണിന് കാഴ്ച ലഭിച്ചപ്പോൾ എന്താണ് അവിടെ കാണുവാൻ സാധിച്ചതു്? വിഗ്രഹം മാത്രം. യോഗിയും യോഗിനിയും ഇടിയും മിന്നലിനുമിടയിൽ കൂടി എങ്ങോ ഗമിച്ചു എന്നാൽ അയ്യപ്പനോ? അദ്ദേഹത്തേയും കാണുന്നില്ല അത്ഭുതം തന്നെ. ഇവർ മൂവരും എവിടെക്കുപോയി? വാസ്തവത്തിൽ അവരെങ്ങും പോയിട്ടില്ല. മൂവരും ആ ദിവ്യവിഗ്രഹത്തിൽ ലയിച്ചു കഴിഞ്ഞിരുന്നു.

സ്വാമിയേ ശരണമയ്യപ്പ!
ശരണം തരണേ ശരണമയ്യപ്പ'
അഭയം തരണേ! ശരണമയ്യപ്പ!

(ഓം ശാന്തി!)

## അഖിലരും വായിച്ചറിയേണ്ടും

# സ്തോത്രഗ്രന്ഥങ്ങൾ.

—**—

| | | |
|---|---|---|
| 1. സുബ്രഹ്മണ്യസ്തോത്രകദംബം (പൂജാവിധിസഹിതം) | 0 | 62 |
| 2. സുബ്രഹ്മണ്യകീർത്തനങ്ങൾ | 0 | 25 |
| 3 സുബ്രഹ്മണ്യസ്തുതി | 0 | 25 |
| 4 ശ്രീ ഭൂതനാഥചരിതാമൃതം സമ്പൂർണ്ണചരിത്രം അടങ്ങിയത് | 1 | 50 |
| 5. അയ്യപ്പസന്ധ്യാനാമം | 0 | 25 |
| 6. അയ്യപ്പസ്തവമഞ്ജരി | 0 | 25 |
| 7. ശരണമയ്യപ്പ | 0 | 19 |
| 8 ശ്രീ കാപ്പാട്ടൂർ ദേവസേവാമൃതം | 0 | 19 |
| 9. ശ്രീ കൊട്ടിയൂർ ക്ഷേത്രമാഹാത്മ്യം | 0 | 50 |
| 10. കൊടുങ്ങല്ലൂർ ബിംബമാഹാത്മ്യം | 0 | 50 |
| 11. ഗുരുവായൂർ ബിംബമാഹാത്മ്യം | 0 | 75 |
| അയ്യപ്പൻപാട്ടുകൾ (1-ം 2-ം ഭാഗങ്ങൾ) | 2 | 50 |
| അയ്യപ്പൻപാട്ടുകൾ (ഒന്നാംഭാഗം) | 1 | 25 |
| ,, (രണ്ടാംഭാഗം) | 1 | 50 |

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

പ്രസിദ്ധീകരണം:

**ശാന്താ ബുക്ക് സ്റ്റാൾ,**

പടിഞ്ഞാറെ നട ** ഗുരുവായൂർ.


മാതാപിതാ പ്രസ്സ് ഗുരുവായൂർ.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M 294.5 Acc. No. 77778

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 26 AUG 2019 | | |
| 16 NOV 2019 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M 294.5 77778
GOV-S

ഗോവിന്ദ മേനോൻ

ശബരിഗിരിവാസിൻ

KOTTAYAM PUBLIC LIBRARY

Call No M 294.5 Acc. No 77778

Author ഗോവിന്ദ മേനോൻ

Title ശബരിഗിരിവാസൻ

Indic Digital Archive Foundation

gpura.org